
# കാനോനിക പഠനങ്ങൾ

## റവ. ഡോ. തോമസ് കുഴിനാപ്പുറത്തിന്റെ പ്രബന്ധ സമാഹാരം




എഡിറ്റർ
**ഫാ. ഡോ. കോശി പുന്നമൂട്ടിൽ**

www.malankaralibrary.com

# കാനോനിക പഠനങ്ങൾ

## റവ. ഡോ. തോമസ് കുഴിനാപ്പുറത്തിന്റെ
## തെരഞ്ഞെടുക്കപ്പെട്ട പ്രബന്ധങ്ങളുടെ സമാഹാരം

www.malankaralibrary.com

www.malankaralibrary.com

# കാനോനിക പഠനങ്ങൾ

റവ. ഡോ. തോമസ് കുഴിനാപ്പുറത്തിന്റെ
തെരഞ്ഞെടുക്കപ്പെട്ട പ്രബന്ധങ്ങളുടെ സമാഹാരം

എഡിറ്റർ
**ഫാ. ഡോ. കോശി പുന്നമൂട്ടിൽ**

CARMEL INTERNATIONAL PUBLISHING HOUSE
TRIVANDRUM, KERALA, INDIA – 695 014
2024

www.malankaralibrary.com

**KANONIKA PATHANANGAL**
*Fr. Thomas Kuzhinapurathinte*
*Theranjedutha Prabandhangal*
(Malayalam)

Editor
Fr. Dr. Koshy Punnamoottil

First CIPH Edition
January 2024

Published and Distributed by
Carmel International Publishing House
Cotton Hill, Trivandrum-695 014
Ph: 0471-2327253
e-mail: carmelpublication@ciph.in

ciph impressions, Trivandrum

Cover Design
Manoj S.

© Author

Price
₹ 180.00

ISBN 978-93-90096-81-7

All rights reserved including the rights of reproduction in whole or in part of any form

CIPH No. 618 January 2024

www.malankaralibrary.com

## ഉള്ളടക്കം

**അനുഗ്രഹാശംസ**...........................................................**7**
- ബസേലിയോസ് കർദ്ദിനാൾ ക്ലീമീസ് കാതോലിക്കാ ബാവ

**അവതാരിക**...........................................................**9**
- ആർച്ച്ബിഷപ്പ് തോമസ് മാർ കൂറിലോസ്

**ഒരു അല്മായ അവലോകനം**...........................................................**11**
- സെബാസ്റ്റ്യൻ തൈശ്ശേരി

1. സഭാനിയമങ്ങൾ സാർവത്രിക രക്ഷയിലേക്കുള്ള ചൂണ്ടുപലകകൾ ........................... 19
2. ദൈവശാസ്ത്ര-നിയമ പാരസ്പര്യം: ഓയ്ർസിയൻ ചിന്തകൾ ........................... 24
3. പൗരസ്ത്യസഭകളുടെ കാനോനസംഹിത(CCEO)യുടെ രക്ഷാകരസ്വഭാവം ........................... 30
4. പൗരസ്ത്യസഭകളുടെ കാനോനസംഹിതയിലെ ദിവ്യകാരുണ്യദർശനം ........................... 39
5. ഇടവക ഒരു കാനോനിക വീക്ഷണം ........................... 48
6. ശ്രേഷ്ഠാചാര്യ ശുശ്രൂഷ പൗരസ്ത്യ കാനോനസംഹിതയിൽ ........................... 57
7. പൗരോഹിത്യം പൗരസ്ത്യ കാനോനസംഹിതയിൽ .......... 67
8. സന്യാസം ഒരു കാനോനികവീക്ഷണം ........................... 74
9. അല്മായ പങ്കാളിത്തം സഭയിൽ........................... 84

www.malankaralibrary.com

10. വിശ്വാസികളും വിവാഹ വിളിച്ചുചൊല്ലുകളും ........................ 93

11. മലങ്കര സുറിയാനി കത്തോലിക്കാസഭയുടെ
അനന്യവ്യക്തിത്വം.................................................................102

12. എക്യുമെനിസം:
സിറോ-മലങ്കര കത്തോലിക്കാവീക്ഷണം.................................112

Index of Canons Referred in the Book.....................................................126

www.malankaralibrary.com

The Syro-Malankara Catholic Church

RESIDENCE & COMMUNICATION:
MAJOR ARCHBISHOP'S HOUSE
PATTOM, TRIVANDRUM-695 004
KERALA, INDIA

✠BASELIOS CARDINAL CLEEMIS
MAJOR ARCHBISHOP-CATHOLICOS

Office Tel: + 91-471-2541642, 2541643, 2540446
Fax: +91 471 2541635, E-mail: catholicostvm@gmail.com
Personal Tel - 91-471-2533644, 2541331
Fax: +91 471 2533688, E-mail: baseliscleemis@gmail.com

## അനുഗ്രഹാശംസ

"കാനോനിക പഠനങ്ങൾ" എന്ന ലഘുഗ്രന്ഥത്തിലൂടെ, സഭാനിയമങ്ങളെക്കുറിച്ച് ഒരു നവദർശനം ഉരുത്തിരിയുന്നു എന്ന് പറയുന്നതിൽ സന്തോഷമുണ്ട്. സാധാരണഗതിയിൽ നിയമത്തെ ഒരു നിബന്ധനയായി കാണുന്നിടത്ത്, സഭാനിയമത്തിന് ഒരു രക്ഷാകരമായ അർത്ഥം കൂടിയുണ്ടെന്ന് സ്ഥാപിക്കുകയാണ് ബഹു. തോമസ് കുഴിനാപ്പുറത്തച്ചൻ ഈ ഗ്രന്ഥത്തിലൂടെ. വിശുദ്ധ തോമസ് അക്വിനാസ് നിയമത്തിന് നൽകിയ നിർവ്വചനത്തിനുപോലും ഒരു നവഭാഷ്യം ചമയ്ക്കപ്പെടുകയാണിവിടെ. രക്ഷയുടെ കൂദാശയായ സഭയിലെ നിയമങ്ങൾ വിശ്വാസികളെ രക്ഷയിലേക്ക് നയിക്കുവാൻ സഹായിക്കുന്നില്ലെങ്കിൽ അവ സഭാനിയമങ്ങളായിരിക്കുകയില്ലെന്നു ബഹുമാനപ്പെട്ട അച്ചൻ സ്ഥാപിച്ചു.

മലങ്കര സുറിയാനി കത്തോലിക്കാസഭയെ സംബന്ധിച്ചിടത്തോളം, നമ്മുടെ പ്രത്യേക നിയമങ്ങൾ പ്രഖ്യാപിക്കപ്പെട്ടു കഴിഞ്ഞിരിക്കുന്ന സാഹചര്യത്തിൽ, ഈ നിയമദർശനം നമ്മുടെ സഭാത്മകജീവിതത്തെ മെച്ചപ്പെടുത്തുന്നതിന് ഏറെ സഹായകരമാകും എന്നതിൽ ഏറെ സന്തോഷമുണ്ട്. നമ്മുടെ പ്രത്യേക നിയമങ്ങളുടെ ക്രോഡീകരണത്തിൽ ബഹു. തോമസ് കുഴിനാപ്പുറത്തച്ചന്റെ ബുദ്ധിവൈഭവവും ചിന്തകളും ഏറെ പ്രയോജനപ്പെട്ടു എന്ന് സാക്ഷ്യപ്പെടുത്തുവാൻ ഈ അവസരം ഞാൻ ഉപയോഗിക്കുക

www.malankaralibrary.com



യാണ്. ബഹു. അച്ചന്റെ ഡോക്ടറൽ തീസ്സിസായ 'രക്ഷാനിയമം' (Salvific Law) എന്ന ഗ്രന്ഥം ഇതിനോടകം തന്നെ അന്തർദ്ദേശീയ ശ്രദ്ധ പിടിച്ചുപറ്റിയിട്ടുണ്ട്. ഇനിയും ധാരാളം രചനകളിലൂടെ നമ്മുടെ സഭാത്മകജീവിതത്തെ ബലപ്പെടുത്തുന്നതിനും സജീവസാക്ഷ്യം വഹിക്കുന്നതിനും ബഹുമാനപ്പെട്ട അച്ചന് കഴിയട്ടെ എന്ന് ആശം സിക്കുന്നു. ഈ ലേഖനങ്ങൾ സമാഹരിക്കുന്നതിന് പ്രത്യേക താത്പ ര്യമെടുത്ത ബഹു. കോശി പുന്നമൂട്ടിലച്ചനെയും പ്രത്യേകം അഭി നന്ദിക്കുന്നു. ഗ്രന്ഥത്തിന് പ്രചുരപ്രചാരം നേരുന്നതോടൊപ്പം അനു വാചകർക്ക് സർവ്വ ദൈവാനുഗ്രഹങ്ങളും ആശംസിക്കുന്നു.

+ Baselios cleemis

**✠ ബസേലിയോസ് ക്ലീമീസ്**
മലങ്കര സുറിയാനി കത്തോലിക്കാസഭയുടെ
മേജർ ആർച്ചുബിഷപ്പ്-കാതോലിക്കോസ്
തിരുവനന്തപുരം മേജർ ആർച്ചുബിഷപ്പ്

www.malankaralibrary.com

# അവതാരിക

പ്രിയ ബഹു. കുഴിനാപ്പുറത്തച്ചൻ എഴുതിയ "കാനോനിക പഠനങ്ങൾ" എന്ന പുസ്തകത്തിന് അവതാരിക എഴുതുന്നതിന് അതിയായ സന്തോഷമുണ്ട്. പലപ്പോഴും നിയമങ്ങളും ചിട്ടകളും ഒഴിവാക്കുന്നതിനാണ് പൊതുവെ താത്പര്യം എന്ന്, ജീവിതശൈലികൾ നമ്മെ ഓർമ്മിപ്പിക്കുന്നു. ഒരു രാഷ്ട്രത്തിന്റെ, സമൂഹത്തിന്റെ വളർച്ചയ്ക്കും സുസ്ഥിതിക്കും അത്യാവശ്യഘടകമാണ് നിയമങ്ങൾ. ബോധപൂർവ്വമോ അല്ലാതെയോ നിയമങ്ങൾ സൗകര്യപൂർവ്വം വിസ്മരിക്കുകയോ, സാധിക്കുന്നിടത്തെല്ലാം അവയെ സ്വന്തം താല്പര്യങ്ങൾക്കുവേണ്ടി മറികടക്കാൻ ശ്രമിക്കുകയോ ചെയ്യുന്ന ഒരു പ്രവണത വർദ്ധിച്ചുവരുന്നു. നമ്മുടെ നാട്ടിൽ നിയമങ്ങൾ ഇല്ലായെന്നതല്ല മറിച്ച്, നിയമങ്ങൾ അനുസരിക്കുന്നതിന്റെ മാനസിക പക്വതയെക്കുറിച്ചുള്ള അറിവിന്റെ അഭാവമോ, അലംഭാവമോ ആണ് നിലനിൽക്കുന്നത് എന്നതാണ് സത്യം. നിയമം ഉണ്ടാക്കുന്നവർ തന്നെ, അവയെ മറക്കുകയോ അവഗണിക്കുകയോ ചെയ്യുമ്പോൾ, നിയമം ബലഹീനരായവർക്കും സ്വാധീനമില്ലാത്തവർക്കും മാത്രമാണെന്നുവരും. നിയമം അതിൽതന്നെ ചൂഷണം ചെയ്യുന്നതിനുള്ള മാർഗമായി ഇവിടെ പരിണമിക്കുന്നു.

നിയമത്തിന്റെ ഉദ്ദേശ്യം മറ്റുള്ളവരെ ആദരിക്കുക എന്നതാണ്. ഞാൻ നിയമം അനുസരിക്കുമ്പോൾ മറ്റുള്ളവരുടെ അവകാശങ്ങൾ മാനിക്കുകയാണ്. ഇന്ന് നമ്മുടെ സമൂഹം അഴിമതിയും സ്വജനപക്ഷപാതവും കൊണ്ടു മലീമസമായിരിക്കുന്ന സാഹചര്യത്തിൽ, നിയമം പാലിക്കപ്പെടേണ്ടതിന്റെ അത്യാവശ്യം നമ്മെ ശക്തമായി ബോധ്യപ്പെടുത്തുന്നു. ഒരു ജനാധിപത്യ വ്യവസ്ഥിതിയിൽ പക്വത ഉണ്ടാവുന്നത് അതിലെ പൗരന്മാർ വ്യത്യാസമില്ലാതെ നിയമം പാലിക്കുമ്പോഴാണ്. നിയമം അവഗണിക്കപ്പെടുമ്പോൾ സ്വജനപക്ഷപാ

www.malankaralibrary.com



തവും മനസ്സിൽ ശക്തിയും പ്രബലപ്പെടും. പൊതുജീവിതം അതുവഴി താറുമാറാകും.

സഭയിൽ നിയമങ്ങളുടെ ഉദ്ദേശ്യം ആത്മാക്കളുടെ രക്ഷയാണ്. ആത്മാക്കളുടെ രക്ഷയ്ക്കുതകുംവിധം സഭയിലെ പൊതുജീവിതവും വ്യക്തിജീവിതവും ചിട്ടപ്പെടുത്തുക എന്നതാണ് സഭാനിയമങ്ങൾവഴി ലക്ഷ്യമാക്കുന്നത്. തന്മൂലം സഭാനിയമങ്ങൾ മനസ്സാക്ഷിയോടുള്ള ആഹ്വാനങ്ങളാണ്.

ബഹു. കുഴിനാപ്പുറത്തച്ചൻ കാനൻ നിയമത്തിൽ വളരെ അവഗാഹമുള്ള വ്യക്തിയാണ്. തന്റെ അറിവ് മറ്റുള്ളവരുമായി പങ്കുവയ്ക്കുന്നതിന് അദ്ദേഹം ശ്രദ്ധിക്കുക മാത്രമല്ല; അവരെ അപ്രകാരം ബോധവത്ക്കരിക്കാനും താത്പര്യമെടുക്കുന്നുവെന്നത് ശ്രദ്ധേയമാണ്. അതിന്റെ ഭാഗമായി വിവിധ ഘട്ടങ്ങളിൽ എഴുതിയ ചിന്തോദ്ദീപകവും കൃത്യതയുള്ള വിശകലനത്തോടുകൂടിയതുമായ ലേഖനങ്ങളുടെ സമാഹരണമാണീ ചെറുഗ്രന്ഥം. സാധാരണക്കാരുടെ ആവശ്യങ്ങൾ, സംശയങ്ങൾ എന്നിവ മനസ്സിലാക്കി അവയ്ക്കുത്തരം എന്ന നിലയിലാണ് ഈ ചെറുഗ്രന്ഥം തയ്യാറാക്കിയിരിക്കുന്നത്. അച്ചന്റെ സഭാനിയമങ്ങളിലെ പാണ്ഡിത്യം നമ്മുടെ സഭയ്ക്ക് മുതൽക്കൂട്ടായി ഭവിക്കട്ടെയെന്നും അതോടൊപ്പം വായനക്കാർക്ക് സഭാനിയമങ്ങൾ പഠിക്കാനും വിശകലനം ചെയ്യാനുമുള്ള കഴിവ് വർദ്ധിക്കട്ടെയെന്നും പ്രാർത്ഥിച്ചുകൊണ്ടു ഈ ഗ്രന്ഥത്തിന് പ്രചുരപ്രചാരം ആശംസിക്കുന്നു.

**✠ തോമസ് മാർ കൂറിലോസ്**
മെത്രാപ്പോലീത്തൻ ആർച്ച്ബിഷപ്പ്
തിരുവല്ല അതിരൂപത

www.malankaralibrary.com

# ഒരു അല്മായ അവലോകനം
## സെബാസ്റ്റ്യൻ തൈശേരി

ബഹുമാനപ്പെട്ട തോമസ് കുഴിനാപ്പുറത്തച്ചൻ എഴുതിയ 'കാനോനിക പഠനങ്ങൾ' വായിക്കാൻ സംഗതിയായത് ഒരു മഹാഭാഗ്യമായി കരുതുന്നു. യഥാർത്ഥത്തിൽ നിയമം എന്താണെന്നും നിയമം എന്തിനാണെന്നും സഭയിൽ നിയമങ്ങളുടെ പ്രസക്തി എന്താണെന്നും ശരിക്കും മനസ്സിലാക്കണമെങ്കിൽ ഈ ഗ്രന്ഥം വായിക്കുക തന്നെ വേണം. നിയമങ്ങളിൽനിന്നും നിയന്ത്രണങ്ങളിൽ നിന്നും ഒഴിഞ്ഞുമാറാനോ അവയെ ധിക്കരിക്കാനോ ഉള്ള പ്രവണത കൂടിക്കൂടിവരുന്ന ഒരു കാലഘട്ടത്തിലാണല്ലോ നാം ജീവിക്കുന്നത്. അതുകൊണ്ടാണല്ലോ പുരോഹിതരുടെ സാന്നിധ്യമോ അപ്പസ്തോലിക പിന്തുടർച്ചയോ ഇല്ലാത്ത കൂട്ടായ്മകളിലേക്ക് അശിക്ഷിതരായ ജനങ്ങൾ പാഞ്ഞടുക്കുന്നത്. യഥാർത്ഥത്തിൽ നിയമം അനുസരിക്കുക വഴി നാം ചെയ്യുന്നത് മറ്റുള്ളവരുടെ അവകാശങ്ങളെ അംഗീകരിക്കുകയും ആദരിക്കുകയും മാനിക്കുകയുമാണ്. ഈ പശ്ചാത്തലത്തിൽ സഭാനിയമങ്ങൾ എന്താണ് എന്തിനാണ് എന്നതിനെപ്പറ്റി ഗഹനമായ ഒരു അന്വേഷണവും ആഴത്തിലുള്ള പഠനവും നടത്തുകയാണ് ബഹുമാനപ്പെട്ട കുഴിനാപ്പുറത്തച്ചൻ ഈ ഗ്രന്ഥരചന വഴി ചെയ്തിരിക്കുന്നത്.

പന്ത്രണ്ട് ശീർഷകങ്ങളിൽ പന്ത്രണ്ട് അധ്യായങ്ങളിലൂടെയാണ് ഈ പുസ്തകം എഴുതപ്പെട്ടിരിക്കുന്നത്. സഭ എന്ന് പറഞ്ഞാൽ ദൈവജനം എന്നാണർത്ഥം. ഈ ദൈവജനസമൂഹത്തെ വിശ്വാസത്തിൽ സംരക്ഷിക്കാനും പരിശീലിപ്പിക്കാനും പരിപാലിക്കാനുമായി ചമച്ചിട്ടുള്ള രക്ഷാകവചമാണ് സഭാനിയമങ്ങൾ. അത് രക്ഷയിലേക്കുള്ള ചൂണ്ടുപലകയാണ്. നിത്യരക്ഷ എല്ലാ ദൈവമക്കൾക്കും അവകാശപ്പെട്ടതാണ്. അത് എല്ലാവർക്കും ലഭ്യമാകണം. അതാണ് ദൈവഹിതം. അത് യാഥാർഥ്യമാക്കാൻ വേണ്ടിയാണ് ദൈവം മനുഷ്യനായി അവതരിച്ച്, ഇഹലോകത്തിൽ ജീവിച്ച്, കുരിശുമരണം

www.malankaralibrary.com



കൈവരിച്ച്, ഉത്ഥാനം ചെയ്തത്. തദ്വാരാ, സാർവത്രിക രക്ഷ മനുഷ്യകുലത്തിന് അനുഭവവേദ്യമായി തീരുന്നു. ഈ തുടരനുഭവം ലോകാവസാനം വരെ ആവശ്യമാണ്. അതിനുവേണ്ടി സ്ഥാപിതമായതാണ് സഭയും സഭാനിയമങ്ങളും. ദൈവജനമെന്നനിലയ്ക്ക് സഭയുടെ അസ്തിത്വത്തിനും നിലനില്പിനും ഇത് അത്യന്താപേക്ഷിതമാണ്.

സഭാനിയമങ്ങൾ സഭയുടെ മക്കളിലേക്ക് മാത്രം നാം പരിമിതപ്പെടുത്തരുത്. അത്, നമുക്ക് ചുറ്റും ജീവിക്കുന്ന നാനാജാതിമതസ്ഥരുടെയും കുചേലകുബേര ഭേദമില്ലാതെ മാനവരാശിയുടെ മുഴുവൻ നന്മയ്ക്കും അഭിവൃദ്ധിക്കും സുസ്ഥിതിക്കും വേണ്ടി പ്രയോജനപ്പെടുത്തണം. അതാണ് ദൈവഹിതം. അപ്പോൾ മാത്രമേ 'അങ്ങയുടെ രാജ്യം വരേണമേ; അങ്ങയുടെ തിരുമനസ്സ് സ്വർഗ്ഗത്തിലെപ്പോലെ ഭൂമിയിലും വരേണമേ' എന്ന കർത്തൃപ്രാർത്ഥന യാഥാർത്ഥ്യമാകൂ.

ദൈവശാസ്ത്രവും നിയമവും തമ്മിലുള്ള പാരസ്പര്യം ഈ പുസ്തകത്തിലെ മറ്റൊരു ചർച്ചാവിഷയമാണ്. ദൈവത്തെക്കുറിച്ചും അവിടുത്തെ ചിത്തവൃത്തികളെക്കുറിച്ചും മനുഷ്യൻ സമ്പാദിക്കുന്ന ജ്ഞാനത്തിന്റെ ആകെത്തുകയാണ് ദൈവശാസ്ത്രം. സഭ ഒരു സജീവ സമൂഹമാണ്. അതുകൊണ്ട്, അതിന് വളർച്ചയും വികാസവുമുണ്ട്. ഈ വളർച്ചയ്ക്കും വികാസത്തിനും അനുസരിച്ച് കൂടുതൽ ജ്ഞാനവും മൂല്യങ്ങളും ആവശ്യമാണ്. ഇതൊരു പരിണാമപ്രക്രിയയാണ്. അതുകൊണ്ടുതന്നെ നിയമവും ദൈവശാസ്ത്രവും പരസ്പരം ബന്ധപ്പെട്ടിരിക്കുന്നു.

ബഹു. തോമസച്ചന്റെ ഡോക്ടറൽ ഗവേഷണത്തിന്റെ സംഗ്രഹവും ഈ പുസ്തകത്തിന്റെ ഭാഗമാണ്. ഗവേഷണ കണ്ടെത്തലുകളായി ഏഴുകാര്യങ്ങൾ അവതരിപ്പിക്കപ്പെടുന്നു. പൗരസ്ത്യ കാനോന സംഹിതയുടെ രക്ഷാകര സ്വഭാവം, ഈ സംഹിതയ്ക്ക് വിശുദ്ധഗ്രന്ഥത്തോടും പാരമ്പര്യങ്ങളോടുമുള്ള ബന്ധം, വി. കുർബാനയെക്കുറിച്ചുള്ള പഠനവും വ്യാഖ്യാനവും, ആരാധനക്രമ സംബന്ധമായ നടപടി ക്രമങ്ങൾ തുടങ്ങിയവയാണ് പ്രഥമവും പ്രധാനവുമായ നിഗമനങ്ങൾ. അജപാലനപരവും നീതിന്യായപരവുമായ ശ്രേഷ്ഠകൃത്യങ്ങൾ നിർവഹിക്കുന്നവർക്ക്, ആത്മാക്കളുടെ രക്ഷയെക്കുറിച്ച് ഉണ്ടായിരിക്കേണ്ട ഉത്തരവാദിത്തബോധവും, അനുരഞ്ജന കൂദാ

www.malankaralibrary.com



ശയുടെ കാർമ്മികർക്ക്, തങ്ങൾ ദൈവത്തിന്റെ അനന്തമായ കരുണയുടെ പ്രദായകരാണെന്നുള്ള ബോധ്യവും ഉണ്ടായിരിക്കണമെന്നുള്ള ഉദ്ബോധനമാണ് തുടർന്നുള്ള ഗവേഷണ നിഗമനങ്ങൾ.

തുടർന്ന് വരുന്ന ലേഖനങ്ങളെല്ലാം തന്നെ പ്രൗഢവും പഠനപരവുമായ വിഷയങ്ങളാണെങ്കിൽ തന്നെയും ഒരു സാധാരണ സഭാവിശ്വാസിയെ സംബന്ധിച്ചിടത്തോളം ഗൗരവപൂർവ്വമായി പരിഗണിക്കപ്പെടേണ്ട ഒന്നാണ് 'വിശ്വാസികളും വിളിച്ചുചൊല്ലുകളും' എന്ന ലേഖനം. ഇത് വിവാഹത്തിന്റെ പവിത്രത എങ്ങനെ സംരക്ഷിക്കപ്പെടാം, ദമ്പതികളുടെ ക്ഷേമം എങ്ങനെ ഉറപ്പാക്കാം എന്ന് വിശദീകരിക്കുന്നു. വിവാഹത്തിനുള്ള കാനോനിക തടസങ്ങൾ എന്തൊക്കെയാണ് എന്നുള്ളത് ഒരു സാധാരണ സാഭാംഗത്തിന് ഇന്നും അജ്ഞാതമാണ്. ഈ അജ്ഞത വിവാഹാനന്തരം ചിലർക്കെങ്കിലും ചില പാളിച്ചകൾക്ക് കാരണമായിട്ടുണ്ട്. ഇതൊഴിവാക്കുന്നതിനായി യുക്തമായ വേദികളിൽ ഈ പ്രബന്ധം ചർച്ചചെയ്യപ്പെടുകയും പഠനവിഷയമാക്കുകയും ചെയ്യുന്നത് കുടുംബഭദ്രതയ്ക്ക് ഉപകാരപ്രദമായിരിക്കും.

അവസാനമായി പറഞ്ഞുകൊള്ളട്ടെ ഇമ്മാതിരിയുള്ള ദൈവശാസ്ത്ര പ്രബന്ധങ്ങൾ മെത്രാന്മാരോ വൈദികരോ മറ്റുള്ളവരോ മാത്രം അറിഞ്ഞിരിക്കേണ്ട കാര്യമല്ല. ഇത് എല്ലാ സാധാരണ ജനങ്ങൾക്കും അനുഭവവേദ്യമാകണം. കാരണം ഇത് ജീവിതസ്പർശിയാണ്.

www.malankaralibrary.com

# ആമുഖം

ദൈവശാസ്ത്രമേഖലയിലും സെക്കുലർ മേഖലയിലും ഒരുപോലെ അനുവാചകരുടെയും ശ്രോതാക്കളുടെയും മനസ്സുകളിലേക്ക്, സർഗ്ഗാത്മചിന്തകളുടെ അഗ്നിസ്ഫുലിംഗങ്ങൾ വിതറുവാൻ ബഹു. തോമസ് കുഴിനാപ്പുറത്തച്ചന് ചുരുങ്ങിയ കാലയളവിനുള്ളിൽ സാധിച്ചുവെന്നത് ചെറിയ കാര്യമല്ല. ഇതിന് ഉപോദ്ബലകമായി നേട്ടങ്ങളുടെ ഒരു നിരതന്നെ ചൂണ്ടിക്കാട്ടാനാവും: ഇരുപത്തിരണ്ടാം വയസ്സിൽ രചിച്ച പ്രബന്ധം കേരള സർവ്വകലാശാല പാഠ്യപദ്ധതിയിലുൾപ്പെടുത്തുകയും പ്രീഡിഗ്രി വാർഷിക പരീക്ഷയിൽ പ്രസ്തുത പാഠത്തിൽനിന്നും ഉപന്യാസ ചോദ്യമുണ്ടാവുകയും ചെയ്തു; ഇരുപത്തിയേഴാം വയസ്സിൽ തിരുവനന്തപുരം അതിഭദ്രാസനത്തിന്റെ ചാൻസിലറായി നിയമിക്കപ്പെടുകയും നിയമാവലികൾ ക്രോഡീകരിക്കുന്നതിൽ നിർണ്ണായക പങ്കുവഹിക്കുകയും ചെയ്തു; കേവലം ഒരുവർഷത്തെ ഗവേഷണം കൊണ്ടുതന്നെ ഡോക്ടറൽ പ്രബന്ധം പൂർത്തിയാക്കി. ദൈവത്തിന്റെ അനന്തമായ കൃപയും കാരുണ്യവും മാനുഷികപരിമിതികളിലൂടെ പ്രവർത്തിച്ചു എന്നാണച്ചന്റെ ഭാഷ്യം. ഇവയെക്കുറിച്ചൊക്കെ പങ്കുവയ്ക്കുമ്പോൾ ദൈവപരിപാലനയ്ക്കുമുമ്പിൽ അച്ചൻ നമ്രശിരസ്കനാകുമെങ്കിലും, താണ്ടിയപാതകളിലെ കല്ലുകളും മുള്ളുകളും കുരിശുകളും അത്ര നിസ്സാരങ്ങളായിരുന്നില്ല. ക്രൂശിക്കപ്പെടുന്നവനു മാത്രമേ ഉയിർത്തെഴുന്നേൽക്കാനവകാശമുള്ളൂ എന്ന അച്ചന്റെ തത്ത്വചിന്ത ഇവിടെ ഒരു പ്രായോഗിക സാക്ഷ്യമായി ഭവിക്കുന്നു.

ഈ പശ്ചാത്തലത്തിൽ വേണം ബഹു. തോമസ് കുഴിനാപ്പുറത്തച്ചന്റെ ചിന്തകൾ വായിക്കപ്പെടുകയും വ്യാഖ്യാനിക്കപ്പെടുകയും ചെയ്യേണ്ടത്. സഭാനിയമത്തിന് രക്ഷാകരമായ ഒരു അർത്ഥമുണ്ടെന്ന് സ്ഥാപിക്കുമ്പോൾ, അതിലൂടെ സഭാജീവിതത്തിന് ഒരു നൂതന പാത

www.malankaralibrary.com



വെട്ടിത്തുറക്കുകയാണ് അച്ചൻ. ഈ ചിന്താതരംഗം അന്തർദ്ദേശീയതലങ്ങളിൽ തന്നെ ചില ചലനങ്ങളുളവാക്കി എന്നു പറയുമ്പോൾ അത് മലങ്കര സുറിയാനി കത്തോലിക്കാ സഭയ്ക്ക് അഭിമാനത്തിന് വക നൽകുന്ന ഒരു വസ്തുതയാണ്.

കാനൻനിയമ പരിജ്ഞാനം കൂടുതൽ ജനകീയമാക്കുക എന്ന ലക്ഷ്യമാണ് ഈ ഗ്രന്ഥനിർമ്മിതിക്കു പിന്നിൽ ആത്യന്തികമായുള്ളത്. പലപ്പോഴായി രചിക്കപ്പെട്ട ഈ പ്രബന്ധങ്ങൾ വിഷയക്രമമനുസരിച്ച് സമാഹരിക്കുവാൻ പരമാവധി ശ്രമിച്ചിട്ടുണ്ട്. സഭയിലെ എല്ലാ നല്ല സർഗ്ഗാത്മക ചിന്തകളെയും അകമഴിഞ്ഞ് പ്രോത്സാഹിപ്പിക്കുന്ന മലങ്കര സുറിയാനി കത്തോലിക്കാസഭയുടെ തലവനും പിതാവുമായ അത്യഭിവന്ദ്യ കാതോലിക്കാബാവാ തിരുമനസ്സിന് ഹൃദയം നിറഞ്ഞ നന്ദി. സഭയുടെ സിനഡൽ സെക്രട്ടറി അഭിവന്ദ്യ തോമസ് മാർ കൂറിലോസ് തിരുമനസ്സുകൊണ്ട് നൽകിയ അവതാരികയ്ക്കും കൃതജ്ഞതയർപ്പിക്കുന്നു. ഈ പുസ്തകത്തെക്കുറിച്ച് ഒരു അല്മായ നിരീക്ഷണം നടത്തിയ പ്രശസ്ത നോവലിസ്റ്റും അല്മായ പ്രമുഖനുമായ ശ്രീ. സെബാസ്റ്റ്യൻ തൈശ്ശേരിക്കും ഹൃദയംനിറഞ്ഞ നന്ദി. ഈ പുസ്തകപ്രസിദ്ധീകരണത്തിൽ സഹകരിച്ച കാർമ്മൽ ഇന്റർനാഷണൽ പബ്ലിഷിംഗ് ഹൗസിന്റെ ഡയറക്ടർ ഫാ. ജെയിംസ് ആലക്കുഴി ഒസിഡിയെയും സഹപ്രവർത്തകരേയും നന്ദിയോടെ സ്മരിക്കുന്നു. ഇതിന്റെ മുദ്രണം ഭംഗിയായി നിർവഹിച്ച തിരുവനന്തപുരം സെന്റ് ജോസഫ്സ് പ്രസ്സിനോടും ഡയറക്ടർ ഫാ. മാത്യൂ തെക്കേൽ ഒസിഡിയോടും കൃതജ്ഞത അർപ്പിച്ചുകൊണ്ട്, അനുവാചക സമക്ഷം സവിനയം ഈ കൃതി സമർപ്പിച്ചുകൊള്ളുന്നു.


പട്ടം
ഡിസംബർ 25, 2023

**ഫാ. കോശി പുന്നമൂട്ടിൽ**
എഡിറ്റർ

www.malankaralibrary.com

# റവ. ഡോ. തോമസ് കുഴിനാപ്പുറത്ത്

## ജീവിതരേഖ



**1969** ഏപ്രിൽ 5ന് പത്തനംതിട്ട ജില്ലയിൽ ഓമല്ലൂരിൽ കുഴിനാപ്പുറത്ത് ജോൺ തോമസിന്റെയും അന്നമ്മ ജോണിന്റെയും ഇളയമകനായി ജനിച്ചു. ഓമല്ലൂർ ആര്യഭാരതി ഹൈസ്കൂളിൽനിന്നും സ്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കി, 1984-ൽ തിരുവനന്തപുരം സെന്റ് അലോഷ്യസ് സെമിനാരിയിൽ ചേർന്ന് വൈദികപരിശീലനം ആരംഭിച്ചു. മലങ്കര മേജർ സെമിനാരി, ആലുവാ പൊന്തിഫിക്കൽ സെമിനാരി എന്നിവിടങ്ങളിലായി വൈദികപരിശീലനം പൂർത്തിയാക്കി, 1994 ഡിസംബർ 26 ന് 25-ാം വയസ്സിൽ വൈദികനായി. വൈദികപരിശീലനകാലത്തു തന്നെ 'മതവും ചിന്തയും' എന്ന ദൈവശാസ്ത്ര ദാർശനിക ദ്വൈമാസികയുടെ സ്റ്റ്യുഡന്റ് ചീഫ് എഡിറ്ററായി പ്രവർത്തിച്ചു. ഇക്കാലയളവിൽ 22-ാമത്തെ വയസ്സിൽ രചിച്ച ഒരു പ്രബന്ധം കേരള സർവ്വകലാശാല പ്രീഡിഗ്രി പാഠ്യപദ്ധതിയിലേക്ക് തെരഞ്ഞെടുത്തു. വൈദികനായി പിരപ്പിൻകോട് കുഷ്ഠരോഗാശുപത്രിയിലും ചോഴിയക്കോടും സമീപപ്രദേശങ്ങളിലുമുള്ള ഇടവകകളിലും ശുശ്രൂഷ ചെയ്തു. ചോഴിയക്കോട് ഇടവക വികാരിയായിരിക്കെ 1995-ൽ ആറ്റിങ്ങൽ മലങ്കര-സുറിയാനി കത്തോലിക്കാ

www.malankaralibrary.com



ഇടവകയ്ക്ക് തുടക്കം കുറിച്ചു. 1996-ൽ 27-ാം വയസ്സിൽ തിരുവനന്തപുരം അതിഭദ്രാസനത്തിന്റെ ചാൻസിലറായി നിയമിക്കപ്പെട്ടു. തിരുവനന്തപുരം അതിഭദ്രാസനത്തിലെ 'ഇടവക പൊതുഭരണനിബന്ധനകൾ,' പാസ്റ്ററൽ കൗൺസിൽ, പ്രസ്ബിറ്ററൽ കൗൺസിൽ എന്നിവയുടെ നിയമാവലികൾ തുടങ്ങിയവ ക്രോഡീകരിക്കുന്നതിൽ നിർണ്ണായക പങ്കുവഹിച്ചു. ഇക്കാലയളവിൽ 'ദൈവജനം' എന്ന ദൈവശാസ്ത്രഗ്രന്ഥം പ്രസിദ്ധീകരിച്ചു. 1998-ൽ റോമിലെ പൊന്തിഫിക്കൽ ഓറിയന്റൽ ഇൻസ്റ്റിറ്റ്യൂട്ടിൽ കാനൻ നിയമത്തിൽ ഉപരിപഠനത്തിനായി ചേർന്നു. രണ്ടുവർഷത്തെ ലൈസെൻഷ്യേറ്റ് പഠനത്തിനുശേഷം, കേവലം ഒരുവർഷത്തെ ഗവേഷണം കൊണ്ടുതന്നെ ഡോക്ടറൽ പ്രബന്ധം പൂർത്തിയാക്കി. റോമിലെ പഠനകാലത്ത് മലങ്കര-സുറിയാനി കത്തോലിക്കാ സഭയുടെ ചരിത്രത്തിൽ നിർണ്ണായക സ്വാധീനം ചെലുത്തിയ 'മഹാജൂബിലി'യാഘോഷത്തിൽ, മലങ്കര-സുറിയാനി കത്തോലിക്കാസഭയുടെ ഔദ്യോഗിക പ്രതിനിധിയായി ആഘോഷങ്ങൾക്ക് നേതൃത്വം നൽകി. ഇക്കാലയളവിൽ ഇറ്റലിയിലെ മൊന്തേക്യോ എമിലിയായിൽ ബഥനിമഠം സ്ഥാപിച്ചുകൊണ്ട്, ഇറ്റലിയിൽ ആദ്യത്തെ മലങ്കര-സുറിയാനി കത്തോലിക്കാ സമൂഹത്തിന് രൂപം നൽകി. ഇറ്റലിയിലെ റേജിയോ എമിലിയാ ബിഷപ്പ്സ് ഹൗസ്, ബിബിയാനോ എന്നിവിടങ്ങളിൽ ബഥനി സന്യാസിനീ സമൂഹത്തിന്റെ ഭവനങ്ങൾ സ്ഥാപിക്കുന്നതിന് നേതൃത്വം നൽകി. 2001-ൽ നാട്ടിൽ തിരിച്ചെത്തി കാരയ്ക്കാടും സമീപപ്രദേശങ്ങളിലുമുള്ള അഞ്ച് ഇടവകകളുടെ വികാരിയായി ചുമതലയേറ്റു. ചെറുവാരക്കോണം, വന്യക്കോട് എന്നീ ഇടവകകളുടെയും വികാരിയായി ശുശ്രൂഷ ചെയ്തു. 2008-ൽ 'രക്ഷാനിയമം' (*Salvific Law*) എന്ന ഡോക്ടറൽ പ്രബന്ധം പ്രസിദ്ധീകരിച്ചു. കാൻസർ രോഗികൾക്ക് ആശ്വാസമരുളുന്ന ഗുഡ്സമരിറ്റൻ ഹോം, സെന്റ് മേരീസ് പ്രിന്റിംഗ് ഇൻസ്റ്റിറ്റ്യൂട്ട് എന്നിവയുടെ ഡയറക്ടറായി സേവനം അനുഷ്ഠിച്ചു. ബാർട്ടൺഹിൽ, കാട്ടുവിള ഇടവകകളുടെ വികാരിയുമായിരുന്നു. ഒപ്പം മലങ്കര-സുറിയാനി കത്തോലിക്കാസഭാ ഓർഡിനറി ട്രിബ്യൂണൽ ജഡ്ജി, മലങ്കര മേജർ സെമിനാരി പ്രൊഫസ്സർ എന്നീ നിലകളിൽ പ്രവർത്തിച്ചിരുന്നു. ഇപ്പോൾ തിരുവനന്തപുരം മേജർ അതിരൂപതയുടെ ദൈവശാസ്ത്ര പ്രസിദ്ധീകരണ കമ്മീഷൻ സെക്രട്ടറിയായി സേവനം അനുഷ്ഠിച്ചുവരു

www.malankaralibrary.com



ന്നു. 2011-2022 കാലയളവിൽ തിരുവനന്തപുരം മേജർ അതിരൂപതയുടെ ജുഡീഷ്യൽ വികാരിയായി പ്രവർത്തിച്ച് 201 കേസുകളിൽ തീർപ്പ് കൽപിച്ചു. മലങ്കര-സുറിയാനി കത്തോലിക്കാസഭയുടെ പ്രത്യേക നിയമനിർമ്മാണ കമ്മീഷനിൽ അംഗമായിരുന്നുകൊണ്ട് അവയുടെ ക്രോഡീകരണത്തിൽ നിസ്തുലമായ പങ്കുവഹിച്ചു. പാറശ്ശാല ഭദ്രാസനത്തിലെ പാമാംകോട്, പൊറ്റയിൽ, പൂഴിക്കുന്ന്, പാപ്പനംകോട് എന്നീ ഇടവകകളുടെ വികാരിയായും ശുശ്രൂഷ ചെയ്തു. ഇപ്പോൾ അമ്പലക്കര ഇടവകയുടെ വികാരിയായി സേവനമനുഷ്ഠിക്കുന്നു. ഒപ്പം, മലങ്കര സുറിയാനി കത്തോലിക്കാസഭയുടെ ഓർഡിനറി ട്രിബ്യൂണൽ വൈസ് പ്രസിഡന്റ് എന്ന നിലയിലും പ്രവർത്തിച്ചുവരുന്നു.

www.malankaralibrary.com

# 1

# സഭാനിയമങ്ങൾ സാർവത്രിക രക്ഷയിലേക്കുള്ള ചൂണ്ടുപലകകൾ

***രക്ഷയുടെ കൂദാശയാണ് സഭ. ആയതിനാൽ സഭയുടെ നിയമങ്ങൾ രക്ഷയിലേക്ക് നയിക്കുന്ന ചൂണ്ടുപലകകളാകാതെ മറ്റൊന്നാകാൻ നിവൃത്തിയില്ല. അവ അങ്ങനെയാകുന്നില്ലെങ്കിൽ അവ സഭാനിയമങ്ങളായിരിക്കുകയില്ല.***



**ഭൂ**മിയിൽ രക്ഷയുടെ കൂദാശയാണ് സഭ. അതായത്, സഭ ഭൂമിയിലെ മാനവരാശിയെ മുഴുവൻ രക്ഷയിലേക്കു നയിക്കുന്നതിനു വേണ്ടി ദൈവം സ്ഥാപിച്ചിരിക്കുന്ന സാമൂഹിക യാഥാർത്ഥ്യമാണ്. മനുഷ്യൻ അവന്റെ സ്വഭാവത്തിന്റെ പരിമിതികളാൽ സ്വയം സൃഷ്ടിക്കുന്ന വേലിക്കെട്ടുകൾക്കപ്പുറത്തേക്ക് നയിക്കപ്പെടുന്ന, തികച്ചും ദൈവികമായ അവസ്ഥയാണ് രക്ഷ. മറ്റൊരുവിധത്തിൽ പറഞ്ഞാൽ മാനുഷികപരിമിതികൾ അതിജീവിച്ച്, ദൈവവുമായി ഒന്നുചേരുന്ന ഒരു ദൈവിക സംയോഗയാഥാർത്ഥ്യമാണ് രക്ഷ. ഈ രക്ഷയുടെ കൂദാശയാണ് സഭയെങ്കിൽ സഭയുടെ നിയമങ്ങൾ രക്ഷയിലേക്ക് നയിക്കുന്ന ചൂണ്ടുപലകകളാകാതെ മറ്റൊന്നാകാൻ നിവൃത്തിയില്ല. ഈ വസ്തുതയുടെ വിശദീകരണം തേടുകയാണ് ഈ ലേഖനത്തിൽ.

www.malankaralibrary.com



## സാർവത്രിക രക്ഷ ഒരു വിശദീകരണം

സഭാപിതാവായ ജസ്റ്റിൻ ഇപ്രകാരം വിശദീകരിക്കുന്നു. "യേശു ക്രിസ്തുവിൽ വിശ്വസിക്കുകയും തങ്ങൾ ചെയ്തിട്ടുള്ള പാപങ്ങളെക്കുറിച്ച് അനുതപിക്കുകയും ചെയ്യുന്ന പുറജാതികൾക്കും ഇസ്രായേലിലെ പൂർവ്വപിതാക്കന്മാർക്കും പ്രവാചകന്മാർക്കും യാക്കോബിന്റെ സന്തതിപരമ്പരകൾക്കും തുല്യമായ രക്ഷ ലഭ്യമാകുന്നു. ഇതിനാൽ അവർ സാബത്താചരിക്കണമെന്നോ, പരിഛേദനകർമ്മം നിർവ്വഹിക്കണമെന്നോ, യഹൂദന്മാരുടെ തിരുന്നാളുകൾ ആചരിക്കണമെന്നോ നിർബന്ധമില്ല." സാർവത്രിക രക്ഷയെക്കുറിച്ച് ആദിമസഭയ്ക്കുണ്ടായിരുന്ന കാഴ്ചപ്പാടാണ് സഭാപിതാവിന്റെ ഈ വാക്കുകളിലൂടെ വെളിവാക്കപ്പെടുന്നത്. രക്ഷ എല്ലാ ദൈവമക്കൾക്കും ലഭ്യമാക്കപ്പെടണമെന്നതായിരുന്നു ദൈവത്തിന്റെ തിരുമനസ്സ്. ഇത് യാഥാർത്ഥ്യമാക്കുവാൻ വേണ്ടിയാണ്, ദൈവം മനുഷ്യനായി അവതരിക്കുകയും തന്റെ ഇഹലോകജീവിതത്തിലൂടെയും ഉത്ഥാനത്തിലൂടെയും ഈ സാർവത്രിക രക്ഷ മനുഷ്യന് അനുഭവവേദ്യമാക്കുകയും ചെയ്തത്. ദൈവം ദാനമായി നൽകുന്ന തന്റെ കൃപാവരം വഴി, ഈ രക്ഷയിലേക്കുള്ള യാത്ര മനുഷ്യന് സുസാധ്യമാകുന്നു. ഈ രക്ഷയുടെ തുടരനുഭവം സാധ്യമാക്കുന്നതിനുവേണ്ടിയാണ്, രക്ഷയുടെ കൂദാശയായ സഭ ക്രിസ്തുവിനാൽ സ്ഥാപിതമായത്.

## സഭ രക്ഷയുടെ കൂദാശ

ദൈവത്തിന്റെ കൃപയുടെ സഹായത്താലാണ് മനുഷ്യൻ രക്ഷയിലേക്ക് നയിക്കപ്പെടുന്നതെന്ന് നാം ചിന്തിച്ചുവല്ലോ. ഈ ദൈവകൃപ മനുഷ്യന്റെ ജീവിതാവസ്ഥകൾക്കനുസൃതമായി അവനിലേക്ക് സംവേദനം ചെയ്യപ്പെടുന്നതിനായി, ദൈവം സ്ഥാപിച്ച രക്ഷയുടെ കൂദാശയാണ് സഭ. അതായത് മനുഷ്യൻ ഒരു സാമൂഹികജീവിയായിരിക്കെ അവന്റെ രക്ഷ കരഗതമാകുന്നത് ദൈവത്താൽ സ്ഥാപിതമായ, സാമൂഹിക യാഥാർത്ഥ്യമായ സഭയിലൂടെയാണ്. ഈ രക്ഷയിലേക്ക് മനുഷ്യമക്കളെ നയിക്കുന്നതിനാവശ്യമായ കൃപാവരം, മനുഷ്യജീവിതത്തിന്റെ വിവിധ അവസ്ഥകൾക്കനുസൃതമായി നൽകുന്നതിനായി, സഭയിൽ കൂദാശകൾ ദൈവത്താൽ സ്ഥാപിതമായി. ഈ കൂദാശകൾ മനുഷ്യമക്കൾക്കുവേണ്ടി പരികർമ്മം ചെയ്യുന്നതി

www.malankaralibrary.com



നായി ദൈവം സഭയിൽ പൗരോഹിത്യം സ്ഥാപിച്ചു. സഭയിലെ പൗരോഹിത്യത്തിന്റെയും ബാക്കിയെല്ലാ ഘടനാവ്യവസ്ഥിതികളുടെയും ലക്ഷ്യം സാർവത്രിക രക്ഷയല്ലാതെ മറ്റൊന്നല്ല.

## സഭാ നിയമങ്ങളുടെ ആവശ്യകത

ഇരുപതാം നൂറ്റാണ്ടിലെ ദൈവശാസ്ത്രജ്ഞരിൽ അഗ്രഗണ്യനായ കാൾറാനർ ഇപ്രകാരം എഴുതിയിട്ടുണ്ട്. "ഒരു സമൂഹമെന്ന നിലയിലും, വിശ്വാസികളുടെ കൂട്ടായ്മ എന്ന നിലയിലും, ക്രിസ്തുവിനെയും അവിടുത്തെ വചനത്തെയും കൃപയേയും പ്രതിനിധീകരിക്കുന്ന സാമൂഹിക അസ്തിത്വം എന്ന നിലയിലും സഭയ്ക്ക് ഒരു ഹൈരാർക്കിക്കൽ ഘടന ആവശ്യമാണ്. ഒരു വിശുദ്ധനിയമവും ശുശ്രൂഷകളുടെ വിഭജനവും, അതുപോലെ തന്നെ അംഗങ്ങളായ വ്യക്തികളുടെ അവകാശങ്ങളെക്കുറിച്ചുള്ള ശരിയായ അവബോധവും കൂടാതെ, ദൈവജനമെന്ന നിലയ്ക്കുള്ള സഭയുടെ അസ്തിത്വത്തിന് നിലനിൽപ്പുണ്ടാവില്ല." ഏതൊരു സാമൂഹിക വ്യവസ്ഥിതിയുടെയും സ്ഥായിയായ നിലനിൽപ്പിനും പ്രവർത്തനങ്ങൾക്കും ഒരു നിയമസംവിധാനം അത്യന്താപേക്ഷിതമാണ്. ഒരു സാമൂഹിക അസ്തിത്വം എന്ന നിലയിൽ സഭയ്ക്കും ഈ പൊതുതത്വത്തിൽ നിന്നും വിഭിന്നമായി നിലകൊള്ളാനാവില്ല, സഭയിലും നിയമങ്ങൾ ആവശ്യമാണ്.

## സഭാനിയമങ്ങൾ രക്ഷയിലേക്കുള്ള ചൂണ്ടുപലകകൾ

രക്ഷയുടെ കൂദാശയായ സഭയിലെ നിയമങ്ങളും മറ്റ് ഘടനാസംവിധാനങ്ങളും രക്ഷയിലേക്കുള്ള ചൂണ്ടുപലകകൾ ആയിരിക്കണം. രണ്ടാംവത്തിക്കാൻ സൂനഹദോസ് പഠിപ്പിക്കുന്നു: "ക്രിസ്തുവിന്റെ മനുഷ്യസ്വഭാവം എങ്ങനെ അവിഭക്തമായി വചനമായ ദൈവത്തോട് ചേർന്നിരുന്ന് രക്ഷയുടെ സജീവമായ അവയവമായി പ്രവർത്തിച്ചുവോ അതുപോലെ, സഭയുടെ എല്ലാ ദൃശ്യഘടനാസംവിധാനങ്ങളും ക്രിസ്തുവിന്റെ ആത്മാവോടുചേർന്നു നിന്നുകൊണ്ട് ക്രിസ്തുശരീരമായ സഭയുടെ കെട്ടുപണിയിൽ പങ്കാളിത്തം വഹിക്കണം" (LG, 8). സഭയുടെ കെട്ടുപണിയിൽ പങ്കാളിത്തം വഹിക്കണം എന്നു പറയുമ്പോൾ ദൈവജനത്തിന്റെ രക്ഷയിലേക്കുള്ള മുന്നേറ്റത്തിൽ അവരെ സഹായിക്കുക എന്നാണർത്ഥം. ഇത് ആധ്യാത്മികവും ഭൗതികവുമായ രക്ഷയിലേക്കും വിരൽചൂണ്ടുന്നു. രക്ഷ

www.malankaralibrary.com



പരലോകത്തിൽ സാക്ഷാത്കരിക്കപ്പെടുന്ന ഒരു ദൈവികാവസ്ഥ മാത്രമല്ല. അതിന് ഐഹികജീവിതത്തിന്റെ സുസ്ഥിതി എന്ന അർത്ഥം കൂടി കർത്താവായ യേശു കൽപിച്ചു തന്നിട്ടുണ്ട്. വിശക്കുന്നവന് ഭക്ഷണവും അറിവില്ലാത്തവന് ജ്ഞാനവും രോഗാതുരനായവന് സൗഖ്യവുമൊക്കെയായി ഈ ഐഹിക സുസ്ഥിതി, കർത്താവായ യേശുക്രിസ്തുവിലൂടെ മാനവകുലത്തിന് നൽകപ്പെട്ടു. അങ്ങനെ മനുഷ്യന്റെ രക്ഷ ഈ ലോകജീവിതത്തിൽ തന്നെ ആരംഭിച്ച്, പരലോകത്തിൽ ദൈവവുമായുള്ള സംയോഗത്തിൽ പൂർണ്ണമായി സാക്ഷാത്കരിക്കപ്പെടുന്നുവെന്ന് യേശു സ്ഥാപിക്കുകയായിരുന്നു. മാനവകുലത്തിന്റെ രക്ഷ ഇപ്രകാരം വ്യാഖ്യാനിക്കപ്പെടുമ്പോൾ സഭയിലെ നിയമങ്ങൾക്ക് തദനുസൃതമായ വ്യാഖ്യാനങ്ങൾ നൽകപ്പെടേണ്ടതുണ്ട്. അവ മനുഷ്യന്റെ സുസ്ഥിതിയും ക്ഷേമവും ഉറപ്പുവരുത്തുന്ന നിബന്ധനകൾ കൂടിയാകണം. 'ആത്മാക്കളുടെ രക്ഷയാണ് അത്യുന്നത നിയമം' എന്ന് സഭാനിയമസംഹിതയിൽ പറയുമ്പോൾ മനുഷ്യന്റെ ഈ സുസ്ഥിതിയും ക്ഷേമവും കൂടി സഭാനിയമ നിർമ്മാതാക്കൾ അർത്ഥമാക്കുന്നുണ്ട്.

## സിറോ മലങ്കര കത്തോലിക്കാസഭയുടെ പ്രത്യേക നിയമങ്ങൾ

സിറോ മലങ്കര കത്തോലിക്കാസഭയുടെ പ്രത്യേക നിയമങ്ങൾ (Code of Particular Canons of the Syro-Malankara Catholic Church-CPCSMCC) ക്രോഡീകരിക്കപ്പെട്ടിരിക്കുന്ന ഒരു കാലഘട്ടമാണല്ലോ ഇത്. നമ്മുടെ സഭയെ സംബന്ധിച്ചിടത്തോളം ഭാരതത്തിലെ ഒരു കത്തോലിക്കാ സ്വയാധികാരസഭ എന്ന നിലയിൽ 'ആത്മാക്കളുടെ രക്ഷ' എന്നത് ഈ സഭാംഗങ്ങളായ വിശ്വാസികളുടെ രക്ഷ എന്നു മാത്രമല്ല അർത്ഥമാക്കുന്നത്. വിവിധ മത-സാംസ്കാരിക-സഭാസമൂഹങ്ങളുടെ മധ്യേ ജീവിക്കുന്ന ഒരു ദൈവജനസമൂഹമാണ് സിറോ-മലങ്കര കത്തോലിക്കാസഭ. ചരിത്രപരവും സാമൂഹികവും സാംസ്കാരികവുമായ ഈ പശ്ചാത്തലത്തിൽനിന്നും വേറിട്ടുള്ള ഒരു ആത്മരക്ഷയെക്കുറിച്ച് ഈ സഭയ്ക്ക് ചിന്തിക്കാനാവില്ല. തന്മൂലം ഈ സഭയുടെ നിയമങ്ങൾ രൂപപ്പെടുത്തുമ്പോൾ ഈ പ്രത്യേക പശ്ചാത്തലവും ഉത്തരവാദിത്തവും കൂടി കണക്കിലെടുക്കപ്പെടേണ്ടതുണ്ട്.

www.malankaralibrary.com



നമുക്കു ചുറ്റും ജീവിക്കുന്ന ഹൈന്ദവന്റെയും മുസൽമാന്റെയും അതുപോലെതന്നെ ഓർത്തഡോക്സ് സഭാവിശ്വാസിയുടെയും മാർത്തോമ്മാസഭാ വിശ്വാസിയുടെയുമൊക്കെ ആത്മാവിന്റെ രക്ഷയിൽ നമുക്കുള്ള ഉത്തരവാദിത്തം കൂടി പരിഗണിക്കപ്പെടേണ്ടിയിരിക്കുന്നു. ഇവിടെ പ്രത്യേകം ഓർക്കേണ്ട ഒരു വസ്തുതയുണ്ട്. ആത്മാവിന്റെ രക്ഷ എന്നതുകൊണ്ട് മനുഷ്യന്റെ ഭൗതിക ആവശ്യങ്ങളും അവന്റെ സുസ്ഥിതിയും അവഗണിക്കപ്പെടുന്നു എന്നർത്ഥമില്ല. ആത്മാവ്, മനുഷ്യാസ്തിത്വത്തെ മുഴുവൻ ചൂഴ്ന്നുനിൽക്കുന്ന ഒരു യാഥാർത്ഥ്യമാണ്. ദൈവജനത്തിന്റെ ഇത്തരത്തിലുള്ള ആത്മരക്ഷ ആയിരിക്കണം നമ്മുടെ പ്രത്യേക സഭാനിയമങ്ങൾ ലക്ഷ്യം വയ്ക്കേണ്ടത്.

## ഉപസംഹാരം

ഒരു സാമൂഹിക യാഥാർത്ഥ്യമെന്ന നിലയിൽ സഭയ്ക്ക് നിയമങ്ങൾ ആവശ്യമാണ്. രക്ഷയുടെ കൂദാശയായ സഭയിലെ നിയമങ്ങൾ സാർവത്രികരക്ഷയിലേക്കുള്ള ചൂണ്ടുപലകകളാകേണ്ടതുണ്ട്. ഈ സാർവത്രിക രക്ഷ, വിശാലമനുഷ്യ സമൂഹത്തിന്റെ സുസ്ഥിതി ലക്ഷ്യംവയ്ക്കുന്നതോടൊപ്പം, എല്ലാ സാമൂഹിക വിഭാഗീയതയെയും അതിജീവിക്കുകയും വേണം. നമ്മുടെ നിയമനിർമ്മാണത്തിലും നിയമ വ്യാഖ്യാനത്തിലും ഈ നിയമദർശനമാണ് നിറഞ്ഞുനിൽക്കേണ്ടത്.

www.malankaralibrary.com

# 2

# ദൈവശാസ്ത്ര – നിയമ പാരസ്പര്യം: ഓയ്ർസിയൻ ചിന്തകൾ

***സഭാനിയമത്തിന്റെ അന്തരാത്മാവു തേടിച്ചെല്ലുമ്പോൾ, മനുഷ്യരക്ഷ യ്ക്കുവേണ്ടിയുള്ള അഭിവാഞ്ഛ യായിരുന്നു നിയമനിർമ്മാണത്തിനു പിന്നിൽ എന്നു കണ്ടെത്താനാവും. ഈ രക്ഷാദർശനം കണ്ടെത്തുകയും ഇതിന്റെ അടിസ്ഥാനത്തിൽ നിയമ ങ്ങൾ മനസ്സിലാക്കപ്പെടുകയും വ്യാ ഖ്യാനിക്കപ്പെടുകയും ചെയ്യുകയാ ണാവശ്യം.***



“മൃഗത്തിന് ഒന്നും ചെയ്യാനില്ലെങ്കിൽ അത് ഉറങ്ങും; എന്നാൽ മനുഷ്യന് ഒന്നും ചെയ്യാനില്ലെങ്കിൽ അവൻ ചോദ്യങ്ങളുന്നയിച്ചു കൊണ്ടിരിക്കും”—പ്രശസ്ത ദാർശനികനായ ബർണാർഡ് ലോണെർഗന്റേതാണീ വാക്കുകൾ (*Insight: A Study of Human Understanding*). സ്ഥാപിതമായ എന്തൊന്നിന്റെയും പിന്നാലെ, കാര്യകാരണവിചാരങ്ങൾ തേടുക മനുഷ്യന് സ്വാഭാവികമാണ്. നിയമത്തെ സംബന്ധിച്ചും മനുഷ്യന്റെ പ്രതികരണം ഇപ്രകാരം തന്നെയാണ്. നിയമസംഹിതകളുടെ അന്തർധാരകളായി വർത്തിക്കുന്ന തത്വങ്ങളെയും ശാസ്ത്രങ്ങളെയും മനുഷ്യൻ അന്വേഷിക്കും. സഭാനിയമങ്ങൾക്ക് അവലംബമായ ദൈവശാസ്ത്രതത്ത്വങ്ങൾക്കുവേണ്ടിയുള്ള അന്വേഷണം ഇക്കാലയളവിൽ ഏറെ ശ്രദ്ധ പിടിച്ചുപറ്റിയ ഒരു പഠനശാഖയാണ്.

www.malankaralibrary.com



നിയമവും ദൈവശാസ്ത്രവും തമ്മിലുള്ള ബന്ധത്തെക്കുറിച്ച് നടന്നിട്ടുള്ള ആനുകാലിക പഠനങ്ങളിൽ ഏറെ ശ്രദ്ധേയമായത്, ലാഡിസ്ലാസ് ഓയ്ർസി(Ladislas Örsy)യുടേതാണ്. 1921 ൽ ഹംഗറിയിൽ ജനിച്ച അദ്ദേഹം 1951 ൽ ഈശോസഭാവൈദികനായി. തുടർന്ന് റോമിലെ ഗ്രിഗോറിയൻ സർവ്വകലാശാലയിൽനിന്നും കാനൻനിയമത്തിൽ ഡോക്ടറേറ്റ് കരസ്ഥമാക്കി. പിന്നീടുണ്ടായ അവിശ്രാന്ത ചിന്താസപര്യയുടെ പരിണതഫലമായി പ്രസിദ്ധീകരിച്ച രചനകളുടെ സംഖ്യ 300ൽ കവിയും. ഇവയിലധികവും നിയമത്തിലെ ദൈവശാസ്ത്രത്തിനും തത്ത്വശാസ്ത്രത്തിനുംവേണ്ടിയുള്ള അന്വേഷണമായിരുന്നു എന്നുപറയാം. ദൈവശാസ്ത്രവും നിയമവും തമ്മിലുള്ള ബന്ധത്തെക്കുറിച്ച് ഓയ്ർസി പങ്കുവയ്ക്കുന്ന ഏതാനും ചിന്തകളാണ് ഈ ലേഖനത്തിന്റെ പ്രതിപാദ്യവിഷയം.

## നിർവ്വചനങ്ങൾ

ദൈവത്തെക്കുറിച്ചും അവിടുത്തെ ചിത്തവൃത്തികളെക്കുറിച്ചും മനുഷ്യൻ സമ്പാദിക്കുന്ന ജ്ഞാനത്തിന്റെ ആകെത്തുകയെ ദൈവശാസ്ത്രമെന്ന് നിർവ്വചിക്കാമെന്നാണ് ഓയ്ർസിയുടെ ചിന്ത. ഈ ജ്ഞാനത്തിന് രണ്ട് ഘടകങ്ങളുണ്ട്. 1. ദൈവദാനം—ദൈവം തന്റെ സ്വയം വെളിപ്പെടുത്തൽ വഴി നൽകുന്ന ജ്ഞാനത്തെ മനുഷ്യൻ സർവ്വാത്മനാ സ്വീകരിക്കുകയാണ് ചെയ്യുക. 2. യുക്തിപരമായ പരിശ്രമം—വെളിപ്പെടുത്തൽ വഴി ലഭിച്ച അറിവിനെ മനുഷ്യൻ തന്റെ ബൗദ്ധികഘടകങ്ങളുടെ സഹായത്തോടെ, യുക്തിപരമായി മനസ്സിലാക്കാൻ പരിശ്രമിക്കുന്നു. ഇതാണ് യഥാർത്ഥത്തിൽ ദൈവശാസ്ത്രത്തിൽ സംഭവിക്കുക.

കാനൻ നിയമത്തെ ഓയ്ർസി നിർവ്വചിക്കുന്നതിപ്രകാരമാണ്. നിയമനിർമ്മാതാക്കളുടെ തീരുമാനങ്ങളെ പ്രതിനിധാനം ചെയ്യുന്നവയും, അനുസരിക്കുവാൻ ചുമതലയുള്ളവരുടെമേൽ ബന്ധപ്പെട്ട അധികാരികളാൽ ആധികാരികമായി ഭരമേൽപ്പിക്കപ്പെട്ടിട്ടുള്ളവയുമായ നിബന്ധനകളുടെ സംഹിതയാണത്. സമൂഹത്തിന്റെ പൊതുവായ നന്മയെക്കുറിച്ച് അറിവും ബോധ്യവും ഉള്ളവരും ഉത്തരവാദപ്പെട്ടവരും യോഗ്യതയുള്ളവരുമായ അധികാരികൾ, പൊതുവായ

www.malankaralibrary.com



നന്മയെ മുന്നിൽകണ്ടുകൊണ്ട് പ്രസിദ്ധപ്പെടുത്തുന്ന നിബന്ധനകളെ നിയമമെന്നു പറയാം.

## പരിണാമപ്രക്രിയ

സഭ ഒരു സജീവസമൂഹമാണ്. തന്മൂലം തുടർച്ചയായ വളർച്ചയും വികസനവും അതിന്റെ സ്വഭാവമാണ്. സഭയിൽ കുടികൊള്ളുന്ന ആന്തരിക ജീവാത്മകഘടകമാണ് ഇതിന് പ്രചോദനകേന്ദ്രമായി വർത്തിക്കുന്നത്. അതിനാൽ കൂടുതൽ ജ്ഞാനസമ്പാദനത്തിനും മൂല്യങ്ങൾ സമാർജ്ജിക്കുന്നതിനും സഭ ശ്രമിക്കുന്നത് സ്വാഭാവികമാണുതാനും. അറിവിൽനിന്നും തദനുസൃതമായ തീരുമാനത്തിലേക്കുള്ള ഒരു പരിണാമപ്രക്രിയ ഇവിടെ കണ്ടെത്താനാകും. ഒരു സമൂഹമെന്ന നിലയിൽ, ദൈവികജ്ഞാനസമ്പാദനം നടത്തേണ്ടതും, ഈ ജ്ഞാനത്തിനനുസൃതമായി സഭാജീവിതം കെട്ടിപ്പടുക്കേണ്ടതും ദൈവജനത്തിന്റെ ആവശ്യവുമാണ്. ഇതിനു തക്കതായ മാധ്യമങ്ങൾക്കു സഭ രൂപം നൽകുന്നു. ദൈവശാസ്ത്രസത്യങ്ങളിൽനിന്നും സഭാനിയമങ്ങളുടെ രൂപവത്കരണത്തിലേക്കുള്ള പരിണാമപ്രക്രിയ ഇവിടെ കണ്ടെത്താനാകും.

വിശ്വാസത്തെ ബോധ്യതലത്തിലേക്കുയർത്താൻ ശ്രമിക്കുമ്പോഴാണ് ദൈവശാസ്ത്രം സൃഷ്ടിക്കപ്പെടുക. വിശ്വാസത്തിനും ബോധ്യങ്ങൾക്കും അനുസൃതമായി, തീരുമാനങ്ങളെടുക്കുവാൻ പരിശ്രമിക്കുമ്പോൾ സഭാനിയമം രൂപപ്പെടുന്നു. ഇത് മനുഷ്യനിലെ വ്യത്യസ്ത മാനസികഘടകങ്ങളുടെ അടിസ്ഥാനത്തിൽ കുറച്ചുകൂടി വ്യക്തമാക്കാം. മാനുഷിക പരിജ്ഞാന(knowledge)വും ഇച്ഛാശക്തി(will)യും വ്യത്യസ്ത ഘടകങ്ങളാണല്ലോ. ഇവയ്ക്ക് സ്വതന്ത്രമായി നിലനിൽക്കുവാനും സാധിക്കും. പക്ഷേ, ഈ സ്ഥിതിവിശേഷം ഒരു അത്യാഹിതത്തിലേക്ക് നയിച്ചെന്നും വരാം. അറിവിനു വിപരീതമായതോ, അറിവില്ലായ്മയോടു കൂടിയതോ ആയ പ്രവൃത്തികൾ മൂലമുണ്ടാകുന്ന അപകടങ്ങളാണ് ഇവിടെ വിവക്ഷിക്കപ്പെടുക. ഇത്തരം പ്രവൃത്തികൾ എപ്പോഴും ആപത്കരങ്ങളാകണമെന്ന് നിർബന്ധമില്ല. എന്നാൽ അറിവും പ്രവൃത്തിയും തമ്മിലുള്ള സാധർമ്യത്തിലാണ് സുരക്ഷിതത്വത്തെക്കുറിച്ചുള്ള ഉറപ്പുലഭിക്കുക. ഇതുപോലെ, വ്യതിരിക്തത നിലനിർത്തിക്കൊണ്ടുള്ള ആരോഗ്യകരമായ പാരസ്പര്യം—അതാണ് ദൈവശാസ്ത്ര-നിയമബന്ധത്തിലുണ്ടാകേണ്ടത്.

www.malankaralibrary.com



## ഭാഷയും സ്വഭാവവും

നിർദ്ദേശാത്മക(Indicative)ഭാഷയാണ് ദൈവശാസ്ത്രത്തിന്റേത്. എന്നാൽ നിബന്ധനാത്മക (Imperative)ഭാഷയാണ് നിയമത്തിന്റേത്. ആയിരിക്കുന്നവ(What it is)യെക്കുറിച്ച് ദൈവശാസ്ത്രം വിശകലനം ചെയ്യുമ്പോൾ ആയിരിക്കേണ്ടവ(What ought to be)യെക്കുറിച്ച് പ്രതിപാദിക്കുവാനാണ് നിയമം പരിശ്രമിക്കുക. ചരിത്രത്തിലെ ദൈവിക പ്രവർത്തനങ്ങളെക്കുറിച്ചും അതിനോട് മനുഷ്യൻ പുലർത്തുന്ന പ്രതികരണങ്ങളെക്കുറിച്ചും പഠിക്കുകയാണ് ദൈവശാസ്ത്രം. ഈ പഠനത്തിനൊടുവിൽ മനുഷ്യന് അനുസരിക്കുവാൻ ബാധ്യതയുള്ള കൽപനകളൊന്നും ദൈവശാസ്ത്രം പുറപ്പെടുവിക്കുന്നില്ല. എന്നാൽ നിയമമാകട്ടെ വിശ്വാസത്തെയും ബോധ്യങ്ങളെയും അടിസ്ഥാനമാക്കി, ബന്ധപ്പെട്ടവർക്ക് അനുസരിക്കുവാൻ ബാധ്യതയുള്ള ഉത്തരവാണ്. അനന്തരഫലമായ പ്രവൃത്തി അത് ആവശ്യപ്പെടുന്നുണ്ടുതാനും.

## മതേതര സംസ്കാരങ്ങളും നിയമസംവിധാനങ്ങളും

മനുഷ്യന്റെ ജീവിത സാഹചര്യങ്ങൾക്കും സാമൂഹിക-സാംസ്കാരിക പശ്ചാത്തലങ്ങൾക്കും അനുസൃതമായി ദൈവിക വെളിപാടുകൾ വ്യാഖ്യാനിക്കപ്പെടേണ്ടതുണ്ട്. തന്മൂലം മധ്യകാലത്തുണ്ടായിരുന്ന ദാർശനിക-സാംസ്കാരിക സംവിധാനങ്ങളാണ് സ്കൊളാസ്റ്റിക് ദൈവശാസ്ത്രത്തിന്റെ ചട്ടക്കൂടായി വർത്തിച്ചതെന്നു പറയാം. എന്നാൽ മധ്യകാല സഭയിലെ നിയമനിർമ്മാതാക്കളാകട്ടെ, നിയമത്തെ ജീവിതബന്ധിയാക്കുന്നതിനുപയോഗിച്ചത്, അന്ന് നിലവിലിരുന്ന റോമൻ നിയമസംവിധാനങ്ങളെയാണ്. ജസ്റ്റീനിയൻ ചക്രവർത്തിയുടെ നിയമസംഹിതകൾ പോലെയുള്ള മതേതര നിയമത്തിന്റെ ചട്ടക്കൂടുകളിൽ, സഭാനിയമത്തിന്റെ ഉള്ളടക്കം തീരുകയാണ് ചെയ്തിട്ടുള്ളത്. ഇന്നും സഭാനിയമത്തിന്റെ രൂപഭാവങ്ങളിൽ ഈ സംവിധാനങ്ങളുടെ പ്രസരണം ഏറെയുണ്ട്.

## അപരിമേയ ചക്രവാളങ്ങളും നിശ്ചിതമേഖലയും

ദൈവിക വെളിപാടുകളുടെ പിൻബലത്തോടെ, അതിർത്തികളില്ലാതെ പടർന്നുകയറുവാൻ മനുഷ്യമനസ്സിനവസരമുണ്ട്, ദൈവശാസ്ത്രമേഖലയിൽ. സ്രഷ്ടാവിനെയും സൃഷ്ടിയെയും മനുഷ്യൻ ചർച്ചാവിഷയമാക്കുന്നു, ഇവിടെ. കാലത്തിന്റെ ആദ്യവിച്ഛേദം മുതൽ

www.malankaralibrary.com



ചിന്തകൻ ഇന്നായിരിക്കുന്ന നിമിഷംവരെ മാത്രമല്ല ഭാവിയുടെ മണിക്കൂറുകളെ വിവേചിക്കുവാനും പര്യവേക്ഷണം നടത്തുവാനും ദൈവശാസ്ത്രജ്ഞനാകും. ദൈവശാസ്ത്രപഠനത്തിലും വ്യാഖ്യാനത്തിലും അപരിമേയമേഖലകളുടെ വാതിലുകളാണ് തുറക്കപ്പെട്ടിട്ടുള്ളത്. വെളിപ്പെടുത്തപ്പെട്ട സത്യങ്ങളെയും അവയുടെ അടിസ്ഥാനത്തിൽ മനുഷ്യൻ നടത്തിയിട്ടുള്ള ചിന്താവ്യാപാരങ്ങളെയും കുറിച്ചുള്ള പഠനത്തിനും ഗവേഷണത്തിനും വിശാലമായ സാധ്യതകളിന്നുണ്ട്. ദൈവശാസ്ത്രസത്യങ്ങളുടെയും അവയുടെ വ്യാഖ്യാനങ്ങളുടെയും അർത്ഥങ്ങളും അർത്ഥാന്തരങ്ങളും ആരായാൻ അവസരമുണ്ടിവിടെ.

എന്നാൽ നിയമജ്ഞനാകട്ടെ, സ്ഥാപിതനിയമങ്ങളുടെ ചുറ്റുപാടുകളിൽ ഒതുങ്ങിക്കൂടുകയേ നിവൃത്തിയുള്ളൂ. നിയമവ്യാഖ്യാനരംഗത്തും ഈ പരിമിതിയുണ്ട്. നിയമവ്യാഖ്യാനത്തിൽ, നിയമനിർമ്മാണത്തിനുപിന്നിലെ ഉദ്ദേശ്യലക്ഷ്യങ്ങൾ മനസ്സിലാക്കി വിശകലനം ചെയ്യാൻ മാത്രമേ സാധിക്കുകയുള്ളൂ. നിയമത്തിലെ വാക്കുകളിലൂടെ, നിയമനിർമ്മാതാവ് ഉദ്ദേശിച്ചിട്ടുള്ള അർത്ഥം മാത്രമേ വ്യാഖ്യാനിക്കപ്പെടാൻ പാടുള്ളൂ; നിയമത്തിലെ വാക്കുകൾക്കാരോപിക്കാവുന്ന എല്ലാ അർത്ഥാന്തരങ്ങളും നിയമവ്യാഖ്യാനത്തിൽ പാടുള്ളതല്ല. ദൈവശാസ്ത്രത്തിനുള്ള വ്യാഖ്യാനപദ്ധതികൾ നിയമവ്യാഖ്യാനത്തിനുപയോഗിച്ചാൽ, നിയമബദ്ധസമൂഹത്തിന്റെ ജീവിതം, അവതാളങ്ങളുടെയും അനിശ്ചിതത്വത്തിന്റെയും സങ്കരമായി മാറാൻ കാലവിളംബമേറെ വേണ്ടിവരില്ല.

## ആന്തരിക ഐക്യം

സഭയുടെ അന്തരാത്മാവാകുന്ന ഒരേ ഉറവിടത്തിൽ നിന്നും ആവിർഭവിക്കുന്നു എന്നതിനാൽതന്നെ ദൈവശാസ്ത്രവും സഭാനിയമവും തമ്മിൽ ഒരു ആന്തരിക ഐക്യം നിലനിൽക്കുന്നു. ഈ ഐക്യം ഒരുതരം പരസ്പരാശ്രയത്വത്തിലേക്കും വിരൽചൂണ്ടുന്നു. ശരിയായ പ്രവൃത്തിയുടെ അന്തരാത്മാവ് അറിവാണല്ലോ. സഭാനിയമത്തിന്റെ ആധികാരികതയ്ക്ക്, അതിന് ദൈവശാസ്ത്രവുമായുള്ള ആന്തരികവും ബാഹ്യവുമായ ആശ്രയത്വം അനിവാര്യമാണ്. ദൈവിക വെളിപാടുകളെക്കുറിച്ചുള്ള അവബോധം സഭാ തീരുമാനങ്ങളെയും നിയമങ്ങളെയും സ്വാധീനിക്കുകയും നിയന്ത്രിക്കുകയും ചെയ്യേണ്ടതുണ്ട്.

www.malankaralibrary.com



## ദൈവശാസ്ത്രത്തിനു നിയമത്തെ വിധിക്കാനാവുമോ?

ആവശ്യമെന്നു കണ്ടാല്‍, നിയമത്തെ വിലയിരുത്തുവാനും നിയമസാധുതയെക്കുറിച്ച് വിധി കല്‍പിക്കുവാനും ദൈവശാസ്ത്രത്തിനു കഴിയും. ഇവിടെ 'ആവശ്യമായ അളവുവരെ മാത്രം' എന്ന പ്രയോഗം അടിവരയിട്ടു സ്ഥാപിക്കുന്നുണ്ട്. വിശുദ്ധ കുര്‍ബാന, രോഗികളുടെ തൈലാഭിഷേകം, വിവാഹം തുടങ്ങിയ കൂദാശകളെ സംബന്ധിച്ച നിയമങ്ങളില്‍ സംഭവിച്ച പരിണാമം ഉദാഹരണങ്ങളാണ്. ഇങ്ങനെ ചിന്തിക്കുമ്പോള്‍ നിയമത്തിന്റെ ആത്മസാക്ഷിയായി നില്‍ക്കുന്ന ദൈവശാസ്ത്രത്തെ കണ്ടെത്താനാവും. ഇതുപോലെ മനുഷ്യന്റെ വ്യക്തിപരമായ ഘടകങ്ങളെയും സാമൂഹിക ജീവിതത്തെയും സംബന്ധിക്കുന്ന തീരുമാനങ്ങള്‍ കൈക്കൊള്ളുമ്പോള്‍, മനശ്ശാസ്ത്രത്തിനും മനോരോഗചികിത്സാശാസ്ത്രത്തിനും സാമൂഹികശാസ്ത്രത്തിനുമൊക്കെ നിയമനിര്‍മ്മാണത്തെ സഹായിക്കാനാവും എന്ന പക്ഷക്കാരനാണ് ഓയ്ര്‍സി.

## അന്തരാത്മാവു തേടി


സഭാനിയമത്തിന്റെ അന്തരാത്മാവു തേടിച്ചെല്ലുമ്പോള്‍, മനുഷ്യരക്ഷയ്ക്കുവേണ്ടിയുള്ള അഭിവാഞ്ഛയായിരുന്നു നിയമനിര്‍മ്മാണത്തിനു പിന്നില്‍ എന്നു കണ്ടെത്താനാവും. ഈ രക്ഷാദര്‍ശനം കണ്ടെത്തുകയും ഇതിന്റെ അടിസ്ഥാനത്തില്‍ നിയമങ്ങള്‍ മനസ്സിലാക്കപ്പെടുകയും വ്യാഖ്യാനിക്കപ്പെടുകയും ചെയ്യുകയാണാവശ്യം. നിയമംവഴി, ബന്ധനത്തിന്റെ കൂച്ചുവിലങ്ങുകളാണ് മനുഷ്യകരങ്ങളില്‍ അണിയിക്കപ്പെടുന്നത് എന്ന ചിന്ത, നിയമത്തിന്റെ അന്തരാത്മാവിനുവേണ്ടിയുള്ള അന്വേഷണത്തില്‍ സംഭവിക്കുന്ന അപജയത്തില്‍ നിന്നും ആവിര്‍ഭവിക്കുന്നതാണ്. മനുഷ്യരക്ഷയ്ക്കുവേണ്ടിയുള്ള തീക്ഷ്ണതയും ഇതിനു സഹായകമായി മൂല്യാധിഷ്ഠിതമായ ഒരു സഭാസമൂഹത്തെ കെട്ടിപ്പടുക്കുന്നതിനുള്ള അഭിവാഞ്ഛയുമാണ്, സഭയില്‍ നിയമങ്ങള്‍ രൂപപ്പെടുന്നതിന് പിന്നിലുള്ളത്. ഈ ചിന്ത ഇന്നും സഭയിലെ നിയമനിര്‍മ്മാതാക്കളെയും വ്യാഖ്യാതാക്കളെയും ഒരുപോലെ സ്വാധീനിക്കട്ടെ. ഇത്തരമൊരു നിയമദര്‍ശനം സഭയുടെ ഘടനാത്മകതയ്ക്കുള്ളിലേക്ക് ക്രമാനുഗതമായി സന്നിവേശിപ്പിക്കുമ്പോള്‍, ദൈവജനത്തിന് വാഗ്ദാനം ചെയ്യപ്പെട്ട രക്ഷ അതിനുള്ളില്‍ അനുഭവവേദ്യമാകും.

www.malankaralibrary.com

# 3

# പൗരസ്ത്യസഭകളുടെ കാനോനസംഹിതയുടെ രക്ഷാകര സ്വഭാവം

***സമൂഹജീവിതത്തിന് സ്ഥിരത നൽകേണ്ട നിബന്ധനകളാണ് നിയമമെങ്കിലും സമൂഹം വളരുന്നതനുസരിച്ച് അവയ്ക്കും പരിണാമം സംഭവിക്കേണ്ടതുണ്ട്. സമൂഹത്തിന്റെ പൊതുനന്മയാണ് ഏതു നിയമത്തിന്റെയും അടിസ്ഥാനം. ഈ പൊതുനന്മയായിരിക്കണം നിയമനിർമ്മാണത്തിന്റെയും അടിസ്ഥാനം. സഭയിൽ ഈ പൊതുനന്മ മാനവരാശിയുടെ മുഴുവൻ രക്ഷയല്ലാതെ മറ്റൊന്നല്ല.***




*(2009 ഏപ്രിൽ 23 ന് റോമിലെ പൊന്തിഫിക്കൽ ഓറിയന്റൽ ഇൻസ്റ്റിറ്റ്യൂട്ടിൽ ഇറ്റാലിയൻ ഭാഷയിൽ അവതരിപ്പിച്ച ഡോക്ടറൽ പ്രബന്ധസംഗ്രഹത്തിന്റെ മലയാള പരിഭാഷ. ഈ പ്രബന്ധത്തിന്റെ പൂർണ്ണരൂപം 'Salvific Law' എന്ന ശീർഷകത്തിൽ ആംഗ്ലേയഭാഷയിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്)*

**എ**ല്ലാ നിയമങ്ങളും അവ ബാധിക്കുന്ന സമൂഹത്തിന്റെ പൊതുനന്മയ്ക്കുവേണ്ടിയാണ് നിർമ്മിക്കപ്പെട്ടിരിക്കുന്നത്. സഭയുടെ നിയമമെന്ന നിലയിൽ കാനൻ നിയമത്തിന്റെ ലക്ഷ്യവും ക്രൈസ്തവ വിശ്വാസികളുടെ പൊതു നന്മയല്ലാതെ മറ്റൊന്നല്ല. പൗരസ്ത്യസഭകളുടെ കാനോനസംഹിത പ്രസിദ്ധീകരിച്ചുകൊണ്ട് പരിശുദ്ധപി

www.malankaralibrary.com



താവ് ജോൺപോൾ രണ്ടാമൻ മാർപാപ്പ ഇപ്രകാരം പ്രസ്താവിച്ചു. "ഇവിടെ പ്രഖ്യാപിക്കപ്പെടുന്ന ഈ കാനോനകളിലെ നിബന്ധനകൾ, സഭാമക്കളുടെ നന്മയ്ക്കായി ഉപകരിക്കപ്പെടണമെന്ന് നാം ഉദ്ബോധിപ്പിക്കുന്നു." ആത്മാക്കളെക്കുറിച്ചുള്ള കരുതൽ, സഭാനിയമത്തിന്റെ പ്രഥമവും പ്രധാനവുമായ ലക്ഷ്യമാണെന്ന് പരിശുദ്ധപിതാവ് ഊന്നിപ്പറയുന്നു. ആത്മാക്കളെക്കുറിച്ചുള്ള ഈ കരുതൽ ആത്മാക്കളുടെ രക്ഷയിലേക്കാണ് വിരൽചൂണ്ടുന്നത്. തന്മൂലം സഭയുടെ നിയമസംഹിതകൾക്ക് അടിസ്ഥാനപരമായി ഒരു രക്ഷാകരസ്വഭാവം ഉണ്ടായിരിക്കണം. ഈ പ്രബന്ധത്തിൽ താഴെപ്പറയുന്ന ചോദ്യങ്ങൾക്ക് ഉത്തരമാരായുകയാണ്.

1. പൗരസ്ത്യസഭകളുടെ കാനോനസംഹിതയിൽ ഒരു രക്ഷാകരസ്വഭാവമുണ്ടോ?
2. ഉണ്ടെങ്കിൽ അത് കാനോനസംഹിതയിൽ എങ്ങനെ പ്രകടമായിരിക്കുന്നു?
3. സഭാനിയമത്തിന്റെ ഈ രക്ഷാകര സ്വഭാവം സഭയുടെ അസ്തിത്വത്തെ മെച്ചപ്പെടുത്തുന്നതിന് എങ്ങനെ ഉപകരിക്കും?

## പ്രബന്ധത്തിന്റെ ലക്ഷ്യം

സഭാനിയമത്തെ, പൗരസ്ത്യസഭകളുടെ കാനോനസംഹിതയുടെ അടിസ്ഥാനത്തിൽ, രക്ഷാശാസ്ത്രപര(Soteriologically)മായി പഠിക്കാനുള്ള പരിശ്രമമാണ് ഈ പ്രബന്ധം. പൗരസ്ത്യസഭകളുടെ കാനോനസംഹിതയുടെ രക്ഷാകരസ്വഭാവം സ്പഷ്ടവും അസ്പഷ്ടവുമായ തലങ്ങളിൽ ചർച്ചചെയ്യപ്പെടുന്നു.

## പഠനരീതി

ഈ പ്രബന്ധത്തിൽ സ്വീകരിച്ചിരിക്കുന്ന പഠനരീതി നയാമികവും ദൈവശാസ്ത്രപര(Juridico-Theological)വുമാണ്. ഈ പഠനത്തിലുടനീളം ഇതുമായി ബന്ധപ്പെട്ട നൈയമികസംജ്ഞകളെ കൂലംകഷമായി വിശകലനവിധേയമാക്കുന്നു. ഒപ്പം അവയുടെ ദൈവശാസ്ത്ര അർത്ഥതലങ്ങൾ വിശദമായി പഠിക്കുകയും ചെയ്യുന്നു. പൗരസ്ത്യസഭകളുടെ കാനോനസംഹിതയിലെ നൂറിൽപ്പരം കാനോനകളെക്കുറിച്ച് ഈ പഠനം ചർച്ചചെയ്യുന്നുണ്ട്. അതോടൊപ്പം

www.malankaralibrary.com



ലത്തീൻ കാനോനസംഹിതയിലെ സമാന നിയമങ്ങളെക്കുറിച്ചും പ്രബന്ധം പഠിക്കുന്നു. വേദപുസ്തകപരവും ദൈവശാസ്ത്രപര വുമായ പഠനങ്ങളും ഇതിനായി ഉപയോഗപ്പെടുത്തിയിട്ടുണ്ട്. മാർപാ പ്പമാർ പുറപ്പെടുവിച്ചിട്ടുള്ള ആനുകാലിക നിയമങ്ങൾ, വിവിധ റോമൻ കാര്യാലയങ്ങളുടെ പ്രബോധനങ്ങൾ എന്നിവയും ഈ പഠ നത്തിൽ ഉപയോഗിച്ചിട്ടുണ്ട്. ഒപ്പം സീറോ-മലങ്കര കത്തോലിക്കാസഭ യുടെ പരിശുദ്ധ കുർബാനയെയും സഭാനിയമത്തെയും കുറിച്ചുള്ള ഉൾക്കാഴ്ചകളും ഈ പഠനത്തിന്റെ ഭാഗമായിരിക്കുന്നു.

## പ്രബന്ധത്തിന്റെ ഉള്ളടക്കം

ഒന്നാം അധ്യായത്തിൽ രക്ഷയെക്കുറിച്ചും നിയമത്തെക്കുറിച്ചും വേദപുസ്തകത്തിലും സഭാപിതാക്കന്മാരുടെ ഗ്രന്ഥങ്ങളിലും ആധു നികദൈവശാസ്ത്രജ്ഞന്മാരുടെ കാഴ്ചപ്പാടുകളിലും സഭാനിയമ ങ്ങളെക്കുറിച്ചുള്ള പഠനങ്ങളിലും എങ്ങനെ ചർച്ചചെയ്യപ്പെട്ടിരി ക്കുന്നു എന്ന് പരിശോധിക്കുകയാണ്. പഴയനിയമത്തിലും പുതി യനിയമത്തിലും രക്ഷയെക്കുറിച്ച്, ചില നിയമപരവും നീതിന്യായ പരവുമായ പശ്ചാത്തലങ്ങളിൽ ചർച്ചചെയ്യപ്പെടുന്നുണ്ട്. ഈജി പ്തിൽ നിന്നുമുള്ള പുറപ്പാടാണ് പഴയനിയമത്തിലെ രക്ഷയുടെ അടിസ്ഥാനം. ഇസ്രായേൽ ജനതയുടെ വിശ്വാസത്തിന്റെ അന്ത സ്സത്ത ഈ രക്ഷാനുഭവമാണ്. ഇസ്രായേലിന്റെ പ്രഥമ നിയമദാതാ വായ മോശ എല്ലാറ്റിലുമുപരി ഒരു വിമോചന നേതാവായിരുന്നു എന്നത് ഏറ്റവും ശ്രദ്ധേയമാണ്. പുറപ്പാടിലൂടെ ലഭിക്കുന്ന രക്ഷാനു ഭവമാണ്, തുടർന്നു സംഭവിക്കുന്ന നിയമദാനത്തിലേക്ക് ഇസ്രാ യേലിനെ നയിക്കുന്നത്. പത്തുകൽപനകൾ നൽകുന്നതിന് തൊട്ടു മുമ്പ് ദൈവം മോശയോട് അരുളിച്ചെയ്യുന്നു, “അടിമത്തത്തിന്റെ ഭവനമായ ഈജിപ്തിൽനിന്ന് പുറത്തുകൊണ്ടുവന്ന ഞാനാണ് നിന്റെ ദൈവമായ കർത്താവ്” (പുറ 20:2).

പുതിയ നിയമത്തിൽ മാനവരാശിയെ ആകമാനം ബാധിക്കുന്ന ഒരു അനുഭവമായി രക്ഷ മാറുന്നു. ഈ രക്ഷയുടെ അടിസ്ഥാന നിയമം ദൈവസ്നേഹവും പരസ്നേഹവുമാണെന്ന് സ്ഥാപിക്കപ്പെ ടുന്നു. പുതിയ നിയമത്തിലെ രക്ഷ മനുഷ്യന്റെ ആത്മീയനന്മ മാത്ര മല്ല ലക്ഷ്യംവയ്ക്കുന്നത്. മറിച്ച്, അവന്റെ ശാരീരികവും ഭൗതികവു മായ ക്ഷേമത്തിലും കരുതൽ പ്രകടമാക്കുന്നു. മനുഷ്യന്റെ സർവ്വ

www.malankaralibrary.com



ക്ഷേമവും ലാക്കാക്കിയാണ് സ്നേഹമെന്ന അടിസ്ഥാനനിയമം പുതിയനിയമത്തിൽ സ്ഥാപിക്കപ്പെട്ടിരിക്കുന്നത്. ഈ പശ്ചാത്തലത്തിൽവേണം പുതിയ നിയമത്തിലെ രോഗശാന്തി വിവരണങ്ങളെയും അത്ഭുതപ്രവർത്തനങ്ങളെയും പഠനവിധേയമാക്കേണ്ടത്.

സഭയിലെ അപ്പസ്തോലിക പിൻതുടർച്ചയുടെ ആത്യന്തിക ലക്ഷ്യം സുവിശേഷം പ്രസംഗിക്കുകയും മാനവരാശിയെ മുഴുവൻ ക്രിസ്തുവിന്റെ രക്ഷയിലേക്ക് നയിക്കുകയുമാണ്. രണ്ടാം വത്തിക്കാൻ സൂനഹദോസിന്റെ പ്രബോധനമനുസരിച്ച് സഭയുടെ എല്ലാ ദൃശ്യഘടനകളുടെയും ലക്ഷ്യം മാനവരാശിയെ മുഴുവൻ യേശുക്രിസ്തുവിൽ ഏകീഭവിപ്പിക്കുക എന്നതാണ്. "സംഘടിതമായ ഒരു ഹയരാർക്കിയോടു കൂടിയതാണ് സഭ. അതേസമയം ക്രിസ്തുവിന്റെ മൗതികശരീരവുമാണത്; ദൃശ്യവും അദൃശ്യവുമായ സഭ ഭൗതികമെങ്കിലും സ്വർഗ്ഗീയദാനങ്ങളാൽ പരിപുഷ്ടയാണ്. എന്നാൽ സഭയുടെ ഈ രണ്ടു വശങ്ങൾ രണ്ടു വ്യത്യസ്ത യാഥാർത്ഥ്യങ്ങളാണെന്ന് നാം ധരിച്ചുകൂടാ. പ്രത്യുത, ദൈവികവും മാനുഷികവുമായ ഘടകങ്ങൾ സമ്യക്കായി ഉൾക്കൊള്ളുന്ന ഒരു സങ്കീർണ്ണ യാഥാർത്ഥ്യത്തിനാണ് അവ രൂപംകൊടുക്കുന്നത്" (LG, 8). തന്മൂലം ദൃശ്യസഭയുടെ അസ്തിത്വത്തിന്റെ ആകമാനലക്ഷ്യം തീർച്ചയായും രക്ഷാകരമാണ്. ഇവിടെ സഭയുടെ ദൃശ്യഘടനയുടെ മുഴുവൻ പ്രത്യേകിച്ച് സഭയുടെ നിയമത്തിന്റെ രക്ഷാകരസ്വഭാവം നമുക്ക് കാണാൻ കഴിയുന്നു.

സഭാനിയമത്തെ രക്ഷാശാസ്ത്രത്തിന്റെ പശ്ചാത്തലത്തിൽ പഠിക്കാനാണ് നാം പരിശ്രമിക്കുക. ഒരു സമൂഹത്തിന്റെ ക്ഷേമം ഉറപ്പാക്കുന്നതിനുവേണ്ടി നിർമ്മിക്കപ്പെട്ടിട്ടുള്ള നിയമങ്ങൾ, അവയുടെ സ്വഭാവത്താൽ സങ്കീർണ്ണങ്ങളാണ്. സമൂഹജീവിതത്തിന് സ്ഥിരത നൽകേണ്ട നിബന്ധനകളാണ് നിയമങ്ങളെങ്കിലും, അവയ്ക്കും സമൂഹം വളരുന്നതിനനുസരിച്ച് പരിണാമം സംഭവിക്കേണ്ടതുണ്ട്. സമൂഹത്തിന്റെ പൊതുനന്മയാണ് ഏത് നിയമത്തിന്റെയും അടിസ്ഥാനമെന്ന് നാം കണ്ടുകഴിഞ്ഞു. എന്നാൽ അൽപംകൂടി മുമ്പോട്ടുപോയി, ഈ പൊതുനന്മയായിരിക്കണം നിയമനിർമ്മാണത്തിന്റെയും അടിസ്ഥാനമെന്ന് നാം മനസ്സിലാക്കേണ്ടിയിരിക്കുന്നു. സഭയിൽ ഈ പൊതുനന്മ മാനവരാശിയുടെ മുഴുവൻ രക്ഷയല്ലാതെ മറ്റൊന്നല്ല.

www.malankaralibrary.com



രണ്ടാം അധ്യായത്തിൽ പൗരസ്ത്യസഭകളുടെ, കാനോനസംഹിതയുടെ ദൈവശാസ്ത്രവും ചരിത്രവും പഠനവിധേയമാക്കുന്നു. 1990 ഒക്ടോബർ 18 ന് 'പരിശുദ്ധ കാനോനകൾ' എന്ന അപ്പസ്തോലിക പ്രമാണരേഖവഴി പ്രസിദ്ധപ്പെടുത്തി, 1991 ഒക്ടോബർ 1 ന് പ്രാബല്യത്തിൽവന്ന ഈ സംഹിതയുടെ ആവിർഭാവം സഭാജീവിതത്തിലെ ഒരു ചരിത്രസംഭവമായിരുന്നു. ഈ കാനോനസംഹിത പുരാതനമായ കാനോനിക ഉറവിടങ്ങളോട് വിശ്വസ്തത പുലർത്തിക്കൊണ്ട് പൗരസ്ത്യസഭാജീവിതത്തെ, സാർവത്രികസഭയുടെ ഐക്യത്തിലും സർവ്വശക്തനായ ദൈവത്തിന്റെ അനന്തപരിപാലനയിലും രൂപകൽപന ചെയ്യുകയായിരുന്നു. സഭാകൂട്ടായ്മയുടെ ചിന്താപദ്ധതിയിലൂടെ സാർവത്രികസഭയിലെ 'സ്നേഹത്തിന്റെ വാഹന'മായി പൗരസ്ത്യസഭകളുടെ കാനോനസംഹിത പരിണമിച്ചു.

മൂന്നാം അധ്യായത്തിൽ പൗരസ്ത്യകാനോനസംഹിതയുടെ സ്പഷ്ടമായ രക്ഷാകരസ്വഭാവമാണ് ചർച്ചചെയ്യപ്പെടുന്നത്. ഇവിടെ വിശുദ്ധ കുർബാനയെക്കുറിച്ചുള്ള ഈ കാനോനസംഹിതയുടെ ആധ്യാത്മികത, രക്ഷ (*Salus*), ആത്മാക്കളുടെ രക്ഷ (*Salus Animarum*), കാനോനിക ധർമ്മം (*Cononical Equity*) എന്നീ സംജ്ഞകളുടെ ഉപയോഗം പഠനവിധേയമാക്കുന്നു. പൗരസ്ത്യകാനോനസംഹിതയുടെ പൊതു ആധ്യാത്മികത വിശുദ്ധ കുർബാനയുടെ ആധ്യാത്മികതയിൽ കേന്ദ്രീകരിച്ചിരിക്കുന്നു എന്ന് കണ്ടെത്താൻ കഴിയും. പരിശുദ്ധ കുർബാനയുടെ സൗഖ്യദായകസ്വഭാവവും ആത്മാവിന്റെ പരിശുദ്ധിയാണ് വിശുദ്ധ കുർബാനയുടെ ആത്യന്തികലക്ഷ്യമെന്ന വസ്തുതയും പൗരസ്ത്യ കാനോനസംഹിതയുടെ രക്ഷാകരസ്വഭാവം വെളിവാക്കുന്ന രണ്ട് ഘടകങ്ങളാണെന്ന് ഈ അധ്യായത്തിൽ സ്ഥാപിക്കപ്പെടുന്നു.

ഈ കാനോനസംഹിത ഏറെ പ്രാധാന്യത്തോടെ ഉപയോഗിച്ചിരിക്കുന്ന രണ്ട് സംജ്ഞകളാണ്, 'രക്ഷ'യും 'ആത്മാക്കളുടെ രക്ഷ'യും. ഈ സംജ്ഞകൾ അവ ഉപയോഗിക്കപ്പെട്ടിരിക്കുന്ന പ്രത്യേക കാനോനിക പശ്ചാത്തലത്തിന്റെ അടിസ്ഥാനത്തിലാണ് പഠനവിധേയമാക്കിയിട്ടുള്ളത്. ഈ അന്വേഷണത്തിലൂടെ നാം മനസ്സിലാക്കി, വിശുദ്ധഗ്രന്ഥത്തിലും സഭയുടെ പാരമ്പര്യത്തിലും ഉപയോഗിക്കപ്പെട്ടിട്ടുള്ള അതേ അർത്ഥത്തിൽ തന്നെയാണ് പൗരസ്ത്യ

www.malankaralibrary.com



കാനോനസംഹിതയിലും 'രക്ഷ' എന്ന പദം ഉപയോഗിക്കപ്പെട്ടിട്ടുള്ളത് എന്ന്. രക്ഷയെന്ന രഹസ്യത്തെ പ്രഘോഷിക്കുവാൻ ഓരോ ക്രൈസ്തവവിശ്വാസിക്കുമുള്ള ഉത്തരവാദിത്തത്തെ കാനോനസംഹിത ഉയർത്തിപ്പിടിക്കുന്നു. "എല്ലാ കാലങ്ങളിലും ലോകത്തെമ്പാടുമുള്ള സകലജനങ്ങൾക്കും രക്ഷയുടെ ദൈവികസന്ദേശം കൂടുതൽ കൂടുതലായി എത്തിക്കുന്നതിനുവേണ്ടി പ്രവർത്തിക്കുവാൻ എല്ലാ ക്രൈസ്തവവിശ്വാസികൾക്കും അവകാശവും കടമയും ഉണ്ട്" (CCEO. 14). സർവ്വ പ്രപഞ്ചത്തിന്റെയും ആത്യന്തിക ലക്ഷ്യം രക്ഷയാണെന്നും കാനോനസംഹിത സ്ഥിരീകരിക്കുന്നു.

"വചനപ്രഘോഷകൻ മാനുഷിക വിജ്ഞാനത്തിന്റേതായ വാക്കുകളും ഗഹനമായ പ്രമേയങ്ങളും മാറ്റിവെച്ച് വഴിയും സത്യവും ജീവനുമായ ക്രിസ്തുവിന്റെ സമ്പൂർണ്ണരഹസ്യം ക്രിസ്തീയ വിശ്വാസികളോട് പ്രഘോഷിക്കണം. ഭൗതികവസ്തുക്കളും മാനുഷിക സ്ഥാപനങ്ങളും സ്രഷ്ടാവായ ദൈവത്തിന്റെ പദ്ധതിയിൽ മാനവ രക്ഷാർത്ഥം ക്രമവത്കരിക്കപ്പെട്ടവയാണെന്നും, ക്രിസ്തുവിന്റെ ഗാത്രനിർമ്മിതിയിൽ അവയ്ക്ക് ചെറുതല്ലാത്ത സംഭാവന നൽകുവാൻ സാധിക്കുമെന്നും അവർ കാണിച്ചുകൊടുക്കണം" (CCEO. 616 §1). അതുപോലെ തന്നെ ആത്മാക്കളുടെ രക്ഷയിലുള്ള അതീവ താത്പര്യം, പൗരസ്ത്യ കാനോനസംഹിത നീതിന്യായപരവും അജപാലനപരവുമായ വിവിധ പശ്ചാത്തലങ്ങളിൽ പ്രകടമാക്കുന്നുണ്ട്. "നിയമത്തെയും നിയമാനുസൃതമായ ആചാരങ്ങളെയും കൃത്യമായി പാലിച്ചുകൊണ്ടും, നീതിയും ധർമ്മവും കണക്കിലെടുത്തുകൊണ്ടും, ആത്മാക്കളുടെ രക്ഷയ്ക്കും പൊതുനന്മയ്ക്കും ഏറ്റവും മെച്ചപ്പെട്ട മാർഗം മനസ്സിൽ സൂക്ഷിച്ചുകൊണ്ടുമായിരിക്കണം ഒരാൾ കൽപന (Decree) പുറപ്പെടുവിക്കേണ്ടത്" (CCEO. 1519 §1). കാനോനിക ധർമ്മം (Canonical Equity) ആണ് രക്ഷാകര സ്വഭാവത്തോടുകൂടി പൗരസ്ത്യകാനോനസംഹിതയിൽ ഉപയോഗിക്കപ്പെട്ടിട്ടുള്ള മറ്റൊരു സംജ്ഞ. "നിയമാനുസൃതമായ അധികാരിയാൽ വിചാരണയ്ക്കായി വിളിക്കപ്പെടുന്നപക്ഷം, നിയമത്തിന്റെ അനുശാസനകൾക്ക് അനുസൃതമായും കാനോനികധർമ്മം പാലിച്ചുകൊണ്ടും വിധിക്കപ്പെടുവാൻ ക്രൈസ്തവ വിശ്വാസികൾക്കവകാശമുണ്ട്" (CCEO. 24 §2). കാനോനികധർമ്മമെന്ന തത്ത്വം പൗരസ്ത്യകാനോനസംഹിതയിൽ നീതി ഉറപ്പാക്കുന്നതിനും ആത്മാക്കളുടെ രക്ഷ സാധിക്കുന്നതിനും

www.malankaralibrary.com



വേണ്ടിയാണ് ഉപയോഗിക്കപ്പെട്ടിട്ടുള്ളത്. ഈ കാനോനകളിലെല്ലാം തന്നെ പൗരസ്ത്യ കാനോനസംഹിത സ്പഷ്ടമായ ഒരു രക്ഷാകര സ്വഭാവം പ്രകടമാക്കുന്നു.

നാലാം അധ്യായത്തിൽ പൗരസ്ത്യ കാനോനസംഹിതയുടെ അസ്പഷ്ടമായ (implicit) രക്ഷാകര സ്വഭാവത്തെക്കുറിച്ചാണ് ചർച്ച ചെയ്യുക. ഇതിനായി ശിക്ഷാനിയമങ്ങളുടെ സൗഖ്യദായക സ്വഭാവം, അനുരഞ്ജനകൂദാശയുടെ രക്ഷാകരഭാവം, ആനുകൂല്യങ്ങൾ(privileges), ഒഴിവാക്കലുകൾ (dispensations), ഒഴിവുകൾ (exceptions), തിരുത്തപ്പെടലുകൾ(sanation) തുടങ്ങിയ കാനോനിക യാഥാർത്ഥ്യങ്ങളെക്കുറിച്ച് പഠിക്കുകയും ചെയ്യുന്നു. "വഴി തെറ്റിപ്പോയ ആടുകളെ തിരികെ കൊണ്ടുവരുവാൻ ദൈവം എല്ലാവിധ മാർഗങ്ങളും ഉപയോഗിക്കുന്നു. അതിനാൽ അഴിക്കുവാനും ബന്ധിക്കുവാനും ദൈവത്തിൽനിന്ന് അധികാരം ലഭിച്ചിട്ടുള്ളവർ, കുറ്റംചെയ്തിട്ടുള്ളവരുടെ രോഗാവസ്ഥയെ ക്ഷമയിലും പ്രബോധനത്തിലും ഒരിക്കലും വീഴ്ചവരുത്താതെതന്നെ, തിരുത്തലും ശാസനയും അപേക്ഷയും വഴി, വേണ്ടരീതിയിൽ ചികിത്സിക്കേണ്ടതാണ്. കുറ്റംവഴി ഉണ്ടായ മുറിവുകൾ സുഖപ്പെടുത്തുവാനും അങ്ങനെ, കുറ്റംചെയ്തവർ നിരാശയിൽ നിപതിക്കുന്നതും ജീവിതത്തിൽ മാറ്റം വരുത്താതെ തെറ്റിൽ ഉറച്ചുനിൽക്കുന്നതും നിയമത്തോട് അവജ്ഞ കാണിക്കുന്നതും ഒഴിവാക്കുവാനുമായി, അവർ ശിക്ഷകൾ പോലും ചുമത്തേണ്ടതാണ്" (CCEO. 1401). ഇവിടെ ശിക്ഷയുടെ ഉദ്ദേശ്യം കുറ്റവാളിയുടെ സ്വഭാവതിരുത്തലും തിരിച്ചുവരവുമാണെന്ന് വ്യക്തമാവുന്നു. "നിയമത്തിൽ മറ്റൊരു ശിക്ഷ വ്യവസ്ഥ ചെയ്യാത്തപക്ഷം, പൗരസ്ത്യസഭകളുടെ പുരാതന പാരമ്പര്യങ്ങൾക്കനുസരിച്ച് നിശ്ചിത പ്രാർത്ഥനകൾ, തീർത്ഥാടനം, പ്രത്യേക ഉപവാസം, ദാനധർമ്മം, ധ്യാനം തുടങ്ങിയ ഗൗരവമാർന്ന പുണ്യപ്രവൃത്തികളോ ഭക്താഭ്യാസങ്ങളോ, ഉപവിപ്രവർത്തനങ്ങളോ ആവശ്യപ്പെടുന്ന ശിക്ഷകൾ ചുമത്താവുന്നതാണ്" (CCEO. 1426 §1). ഇവയെല്ലാം ഒരു രക്ഷാകരസ്വഭാവം അത്ര വ്യക്തമല്ലാത്ത നിലയിൽ പൗരസ്ത്യ കാനോനസംഹിതയിൽ വെളിവാക്കുന്നുണ്ട്.

## ഗവേഷണനിഗമനങ്ങൾ

ഈ ഗവേഷണം, സഭയുടെ അസ്തിത്വത്തെ മെച്ചപ്പെടുത്തുന്ന തരത്തിൽ താഴെപ്പറയുന്ന നിഗമനങ്ങളിൽ എത്തിച്ചേരുന്നു.

www.malankaralibrary.com



1. പൗരസ്ത്യസഭകളുടെ കാനോനസംഹിതയ്ക്ക് ഒരു രക്ഷാകരസ്വഭാവമുണ്ട്. തന്മൂലം ഈ സംഹിതയിലെ കാനോനകൾ പഠിക്കേണ്ടതും മനസ്സിലാക്കേണ്ടതും ഈ പശ്ചാത്തലത്തിലായിരിക്കണം.
2. ഈ നിയമസംഹിതയിൽ വിശുദ്ധഗ്രന്ഥത്തിലെ ചില സംജ്ഞകൾ അതേ അർത്ഥത്തിൽ തന്നെ ഉപയോഗിച്ചിട്ടുണ്ട്. തന്മൂലം ഈ സംഹിത കേവലം നിബന്ധനകളുടെ ഒരു സമാഹാരം മാത്രമല്ല. അതുകൊണ്ട് വിശുദ്ധഗ്രന്ഥത്തിന്റെയും പാരമ്പര്യത്തിന്റെയും പശ്ചാത്തലത്തിൽ വേണം ഈ സംഹിത വിലയിരുത്തപ്പെടേണ്ടത്.
3. വിശുദ്ധ കുർബാനയെക്കുറിച്ചുള്ള കാനോനകൾ അവയുടെ രക്ഷാകരസ്വഭാവം മനസ്സിലാക്കി വ്യാഖ്യാനിക്കപ്പെടേണ്ടതുണ്ട്.
4. ആരാധനക്രമത്തെ സംബന്ധിക്കുന്ന ചർച്ചകളും തർക്കങ്ങളും ഇതിനെക്കുറിച്ചുള്ള കാനോനകളുടെ അടിസ്ഥാനരക്ഷാകര സ്വഭാവം മനസ്സിലാക്കി പരിഹരിക്കപ്പെടേണ്ടതുണ്ട്.
5. സഭയുടെ അജപാലനപരവും നീതിന്യായപരവുമായ ശുശ്രൂഷകൾ നിർവ്വഹിക്കുന്നവർക്ക്, ആത്മാക്കളുടെ രക്ഷയെക്കുറിച്ച് പ്രത്യേക കരുതലുണ്ടായിരിക്കണം.
6. അനുരഞ്ജന കൂദാശയുടെ കാർമ്മികർക്ക് തങ്ങൾ ദൈവത്തിന്റെ അനന്തമായ കരുണ പ്രദാനം ചെയ്യുന്നവരാണെന്ന ബോധ്യം എപ്പോഴും ഉണ്ടായിരിക്കണം.
7. ശിക്ഷാനിയമങ്ങൾ വ്യാഖ്യാനിക്കപ്പെടുമ്പോൾ അവയുടെ ആത്യന്തികലക്ഷ്യം കുറ്റംചെയ്തവരുടെ മാനസ്സാന്തരമാണെന്ന് വ്യാഖ്യാതാക്കൾ കരുതേണ്ടതാണ്.

## ഉപസംഹാരം

ഈ ഗവേഷണം കാനൻ നിയമത്തെക്കുറിച്ചുള്ള ഒരു പുതിയ കാഴ്ചപ്പാടിലേക്ക് നമ്മെ നയിക്കുന്നു. സാധാരണ ഗതിയിൽ കാനൻ നിയമത്തിന്റെ നിർവ്വചനത്തിൽ താഴെപ്പറയുന്ന ഘടകങ്ങളുണ്ടാവും: വിശ്വാസത്താൽ പ്രകാശിതവും യുക്തിഭദ്രവുമായ ഒരുകൂട്ടം നിയമങ്ങളുടെ സംഹിതയാണിത്; സഭാസമൂഹത്തിൽ ക്രമവും ചിട്ടയും സ്ഥാപിക്കുന്നതിനുവേണ്ടി അവ നിർമ്മിക്കപ്പെട്ടിരിക്കുന്നു; സഭാ

www.malankaralibrary.com



സമൂഹത്തിന്റെ സംരക്ഷണത്തിനായി ചുമതലപ്പെട്ടവർ അവ നിർമ്മിക്കുകയും പ്രഖ്യാപിക്കുകയും ചെയ്യുന്നു; പൊതുനന്മയാണ് അവയുടെ ലക്ഷ്യം; തന്മൂലം നിയമങ്ങളിലൂടെ കടമകളും ഉത്തരവാദിത്തങ്ങളും സഭാവിശ്വാസികളുടെമേൽ ഭരമേൽപിക്കപ്പെടുന്നു. എന്നാൽ ഈ പഠനത്തിൽ കുറച്ചുകൂടെ മെച്ചപ്പെട്ട ഒരു കാനോനിക നിയമാവബോധം സംലഭ്യമാകുന്നു. ആദിമസഭാസമൂഹത്തിൽ നിലനിന്നിരുന്നതും എല്ലാ മനുഷ്യനിർമ്മിത നിയമങ്ങൾക്കതീതവും ദൈവശാസ്ത്രത്തിലടിസ്ഥാനപ്പെടുത്തിയിട്ടുള്ളതുമായ ഒരു പരസ്പര പ്രതിബദ്ധതയിലേക്ക് അത് വിരൽചൂണ്ടുന്നു. ക്രിസ്തുവിന്റെ സഭയിലെ എല്ലാ അംഗങ്ങളെയും ഒരുമിപ്പിക്കുന്ന ആന്തരികവും ആധ്യാത്മികവുമായ ഒരു നയ്യാമികശക്തി ഉണ്ടായിരുന്നു എന്ന വസ്തുത ഇവിടെ സ്ഥാപിക്കപ്പെടുന്നു.

കത്തോലിക്കാസഭയിൽ നിയമം സ്നേഹത്തിന്റെ ഒരു മാർഗ്ഗം കൂടിയാണ്. രക്ഷയുടെ കൂദാശയായ സഭയിലെ നിയമങ്ങൾ രക്ഷാകരരഹസ്യത്തിലേക്കുള്ള ചൂണ്ടുപലകകളായിരിക്കണം എന്ന വസ്തുത ഇവിടെ അടിവരയിട്ടു പരാമർശിക്കപ്പെടുന്നു. ഏതെങ്കിലും സഭാനിയമം ഈ ഉദാത്തലക്ഷ്യത്തിൽനിന്നും വഴിമാറി ചരിക്കുന്നുണ്ടെങ്കിൽ, അത് സഭാനിയമം ആയിരിക്കുകയില്ല. ഈ സത്യം സ്ഥാപിക്കുന്നതിനുവേണ്ടി പൗരസ്ത്യ കാനോനസംഹിതയിലെ ഏതാനും നിയമങ്ങൾ നാം പഠനവിധേയമാക്കുകയായിരുന്നു. പൗരസ്ത്യ കാനോനസംഹിതയ്ക്ക് സ്പഷ്ടവും അസ്പഷ്ടവുമായ രക്ഷാകര സ്വഭാവമുണ്ടെന്ന് നാം കണ്ടെത്തുകയും ചെയ്തു.

യേശുക്രിസ്തു സർവ്വപ്രപഞ്ചത്തിനുമായി പ്രദാനം ചെയ്ത നിത്യരക്ഷയിലേക്ക് നയിക്കുന്ന ഉപകരണങ്ങളാണ് സഭാനിയമങ്ങൾ. ആത്യന്തികമായ ദൈവസംസർഗ്ഗത്തിലേക്ക് മനുഷ്യനെ നയിക്കുക എന്ന ഉദാത്തലക്ഷ്യമാണ് സഭാനിയമങ്ങൾക്ക് പരമപ്രധാനമായി നിർവ്വഹിക്കുവാനുള്ളത്. നിയമങ്ങളെക്കുറിച്ചുള്ള സഭാപ്രബോധനങ്ങളിൽ എന്നും നിഴലിച്ചിരിക്കുന്നത് ഈ തത്വമായിരുന്നു. അതിനാൽ തന്നെ, സഭ തന്റെ നിയമസംഹിതകളിൽ ഈ തത്വം വളരെ ശക്തമായി സന്നിവേശിപ്പിച്ചിരിക്കുന്നു. "ആത്മാക്കളുടെ രക്ഷയാണ് അത്യുന്നത നിയമം."

www.malankaralibrary.com

# 4

# പൗരസ്ത്യസഭകളുടെ കാനോനസംഹിതയിലെ ദിവ്യകാരുണ്യദർശനം



***ഒരേസമയം പരമപരിശുദ്ധമായ കൂദാശയും വിശുദ്ധീകരണത്തിന്റെ കൂദാശയുമായ പരിശുദ്ധ കുർബാനയിലൂടെ ദൈവാനുഭവത്തിലേക്ക് കടന്നുവരുന്നതിന് വിശ്വാസികൾക്ക് സാധിക്കുമെന്നതും അതിനായി തക്കതായ ഒരുക്കം ആവശ്യമാണെന്നും കാനോനസംഹിത അനുശാസിക്കുന്നു. ഇങ്ങനെ നിത്യജീവന്റെയും വിശുദ്ധിയുടെയും ഐക്യത്തിന്റെയും കൂദാശയായി പരിശുദ്ധ കുർബാനയെക്കാണുന്ന പൗരസ്ത്യ കാനോനസംഹിതയുടെ ആധ്യാത്മികതയുടെ ഉറവിടം ഇവിടെ കണ്ടെത്താം.***

*(2009 ഒക്ടോബർ 21 മുതൽ 25 വരെ റാഞ്ചിയിൽ നടന്ന അഖിലേന്ത്യാ കാനൻ ലോ കോൺഫറൻസിൽ അവതരിപ്പിച്ച പ്രബന്ധത്തിന്റെ മലയാളഭാഷാസംഗ്രഹം)*

സഭയെ സജീവ ക്രിസ്തുശരീരമാക്കുന്നത് കൂദാശകളുടെ കൂദാശയായ പരിശുദ്ധ കുർബാനയാണ്. സഭാചരിത്രത്തിന്റെ, സഹസ്രാബ്ദങ്ങളിലൂടെ ഉരുത്തിരിഞ്ഞുവന്ന ഒരു ദിവ്യകാരുണ്യദർശനമാണിത്. ത്രെന്തോസ് സൂനഹദോസ് (പതിനാറാം നൂറ്റാണ്ട്) പരിശുദ്ധ കുർബാനയുടെ കൂട്ടായ്മയിൽ നിലനിൽക്കാത്തവരെ ശപി

www.malankaralibrary.com



ച്ചിരുന്നു (കാനോന, 10). തുടർന്നുണ്ടായ ദൈവശാസ്ത്രവളർച്ച, സഭയുടെ ദിവ്യകാരുണ്യദർശനത്തിലും വിപുലമായ പുരോഗമനം സാദ്ധ്യമാക്കി. രണ്ടാം വത്തിക്കാൻ സൂനഹദോസ് ഇപ്രകാരം പഠിപ്പിക്കുന്നു. "വിശ്വാസികളുടെ നിയമാനുസൃതമായ പ്രാദേശിക സമൂഹങ്ങളിലെല്ലാം ക്രിസ്തുവിന്റെ സഭ യഥാർത്ഥത്തിൽ സ്ഥിതിചെയ്യുന്നു." അജപാലകരോട് ഐക്യപ്പെട്ടിരിക്കുന്ന വിശ്വാസികളുടെ സമൂഹങ്ങളാണ് പുതിയ നിയമത്തിൽ (അപ്പ 8:1; 14:22–23; 20:27) സഭകളെന്ന് വിളിക്കപ്പെട്ടിരിക്കുന്നത്. കാരണം അതാത് പ്രദേശത്ത് പരിശുദ്ധാത്മാവിലും സർവ്വസമ്പൂർണ്ണതയിലും ദൈവം വിളിച്ചിരിക്കുന്ന പുതിയ ദൈവജനമാണവർ (1 തെസ്സ 1:5). ഈ സഭകളിൽ സുവിശേഷപ്രഘോഷണത്താൽ വിശ്വാസികൾ സമ്മേളിക്കുകയും, കർത്താവിന്റെ ശരീരരക്തങ്ങൾവഴി സമസ്ത സഹോദരബന്ധങ്ങളും ദൃഢപ്പെടുത്തുന്നതിലേക്ക്, കർത്താവിന്റെ തിരുവത്താഴരഹസ്യം പരികർമ്മം ചെയ്യുകയും ചെയ്യുന്നു. മെത്രാന്റെ വിശുദ്ധശുശ്രൂഷയുടെ കീഴിൽ ബലിപീഠസവിധേ സമ്മേളിച്ചിരിക്കുന്ന ഏത് സമൂഹത്തിലും, നിത്യരക്ഷയ്ക്ക് അപരിത്യാജ്യമായ, ഭൗതിക ശരീരത്തിലെ സാഹോദര്യത്തിന്റെയും ഐക്യത്തിന്റെയും പ്രതീകം ദൃശ്യമാണ്. കാരണം ക്രിസ്തുവിന്റെ ശരീരരക്തങ്ങളുടെ സ്വീകരണം നാം ഭക്ഷിക്കുന്ന ദിവ്യവസ്തുവായി നമ്മെ രൂപാന്തരപ്പെടുത്തുകയാണ് ചെയ്യുന്നത് (LG, 26). "പ്രാർത്ഥനയിലും പൊതുവായ പരിശുദ്ധ കർമ്മങ്ങളിലും, പ്രത്യേകിച്ച് പരിശുദ്ധ കുർബാനയിലും പങ്കുകൊള്ളുവാൻ, ഐക്യപ്പെട്ടു നിൽക്കുന്ന ദൈവജനത്തിന്റെ അധ്യക്ഷനായി, മെത്രാൻ തന്റെ പുരോഹിതഗണത്തോടും ശുശ്രൂഷകരോടുംകൂടി സന്നിഹിതനാകുമ്പോഴാണ് സഭ ഏറ്റവും വ്യക്തമായി സ്വയം ആവിഷ്കൃതയായിരിക്കുന്നതെന്ന് അവർ അറിഞ്ഞിരിക്കട്ടെ" (SC, 41). ഇതിനാൽ ഉറച്ചവിശ്വാസത്തോടെ നമുക്ക് പറയുവാൻ സാധിക്കും, അൾത്താരയ്ക്കു ചുറ്റും പരിശുദ്ധ കുർബാനയ്ക്കായി ഒന്നുചേരുന്ന ദൈവജനക്കൂട്ടായ്മ ക്രിസ്തുവിന്റെ സഭയുടെ ഒരു യഥാർത്ഥ പ്രകാശനമാണെന്ന്. ഈ ബലിയർപ്പണത്തിലൂടെ ഓരോ പ്രാദേശിക ദൈവജനക്കൂട്ടായ്മയും ഏകവും വിശുദ്ധവും കാതോലികവും അപ്പസ്തോലികവുമായ സഭയായിത്തീരുന്നു. ഈ ചിന്തകളുടെ പശ്ചാത്തലത്തിൽ പൗരസ്ത്യസഭകളുടെ കാനോനസംഹിതയുടെ ദിവ്യകാരുണ്യദർശനത്തിലേക്ക് ഒരു അന്വേഷണം നടത്തുകയാണിവിടെ.

www.malankaralibrary.com



## കാനോനസംഹിതയ്ക്ക് ഒരു ആധ്യാത്മികതയോ?

നിയമം എന്ന് കേൾക്കുമ്പോൾ നിബന്ധനകളുടെ ഒരു സമാഹാരം എന്ന ചിന്തയിലേക്കാണ് നമ്മുടെ മനസ്സ് നയിക്കപ്പെടുന്നത്. വിശുദ്ധ തോമസ് അക്വിനാസ് നിയമത്തെ നിർവ്വചിച്ചിട്ടുള്ളതും ഏതാണ്ട് ഇത്തരത്തിലാണ്. നിയമം(law) എന്ന വാക്കുതന്നെ ബന്ധിക്കുക(ligare) എന്ന പദത്തിൽ നിന്നുമാണ് ഉരുത്തിരിഞ്ഞിട്ടുള്ളതെന്നാണ് അക്വിനാസ് ഭാഷ്യം. ഇത്തരം നിബന്ധനകളുടെ സമാഹാരത്തിൽ ഒരു ആധ്യാത്മികതയോ? പലരും നെറ്റിചുളിച്ചേക്കാം. എന്നാൽ സഭാനിയമങ്ങളെ സംബന്ധിച്ച് അവയ്ക്കൊരു ആധ്യാത്മികയുണ്ടായേ മതിയാകൂ. കാരണം, അവയ്ക്കു മാനവരാശിയെ മുഴുവൻ രക്ഷയെന്ന മഹാരഹസ്യത്തിലേക്ക് നയിക്കുന്ന ചൂണ്ടുപലകകളാകാതെ മറ്റ് നിർവ്വാഹമില്ല. രക്ഷയുടെ വഴികാട്ടികളായ സഭാനിയമങ്ങൾക്ക് തനതായ ഒരു ആധ്യാത്മികത അനിവാര്യമാണ്.

## പൗരസ്ത്യ കാനോനസംഹിതയുടെ ആധ്യാത്മികത പരിശുദ്ധ കുർബാനാകേന്ദ്രീകൃതം

മനുഷ്യനെ ദൈവത്തിലേക്ക് നയിക്കുന്നതിന് ആവശ്യമായ മാർഗരേഖകൾ നൽകുന്നതിൽ, സഭാനിയമങ്ങളുടെ ആധ്യാത്മികതയുടെ അന്തസ്സത്ത കണ്ടെത്താനാവും. ചില പണ്ഡിതന്മാരുടെ അഭിപ്രായത്തിൽ കാനോനസംഹിതയുടെ ആധ്യാത്മികത ആരാധനക്രമകേന്ദ്രീകൃതമാണ്. ഒരുപടികൂടി മുന്നോട്ടുപോയി ഞാൻ പറയും, പൗരസ്ത്യ കാനോനസംഹിതയുടെ ആധ്യാത്മികത പരിശുദ്ധ കുർബാനാകേന്ദ്രീകൃതമാണ്. ഈ കാനോനസംഹിത, തികച്ചും ദൈവശാസ്ത്രപരമായ കാനോനയിലൂടെ പരിശുദ്ധ കുർബാനയെ നിർവചിക്കുന്നുണ്ട്. "യേശുക്രിസ്തു അന്ത്യ അത്താഴവേളയിൽ ചെയ്തത്, വിശുദ്ധ കുർബാനയിൽ, സഭയുടെ കാഴ്ചവസ്തുവിൻമേൽ ക്രിസ്തുവിന്റെ നാമത്തിൽ ശുശ്രൂഷ ചെയ്യുന്ന വൈദികന്റെ ശുശ്രൂഷയിലൂടെ പരിശുദ്ധാത്മാവിനാൽ തുടർന്നുകൊണ്ടുപോകപ്പെടുന്നു. കുരിശിൽ നമുക്കായി അർപ്പിക്കപ്പെട്ട തന്റെ ശരീരവും ചൊരിയപ്പെട്ട തന്റെ രക്തവും ശിഷ്യന്മാർക്ക് കൊടുത്തുകൊണ്ട്, സത്യമായ ബലി സ്ഥാപിക്കുകയും ചെയ്തു. കുരിശിലെ രക്തബലി ഈ ബലിയിൽ കൃതജ്ഞതാസ്തോത്ര

www.malankaralibrary.com



ത്തോടെ അനുസ്മരിക്കപ്പെടുകയും അവിടുത്തെ ശരീരമായ സഭയുടെ നിർമ്മിതിക്കായുള്ള ദൈവജനത്തിന്റെ ഐക്യം സൂചിപ്പിക്കുന്നതിനും പൂർണ്ണമാക്കുന്നതിനുംവേണ്ടി, സമർപ്പണത്തിലൂടെയും കൂട്ടായ്മയിലൂടെയും സഭയാൽ യാഥാർത്ഥ്യവത്കരിക്കപ്പെടുകയും ചെയ്യുന്നു" (CCEO. 698). അന്ത്യഅത്താഴത്തിന്റെയും കുരിശിലെ സമർപ്പണത്തിന്റെയും പ്രതീകാത്മകമായ പുനരാവിഷ്കരണമാണ് പരിശുദ്ധ കുർബാനയെന്ന് ഈ കാനോനയിലൂടെ വിശദമാക്കപ്പെടുന്നു. ഒരുപോലെ, ബലിയും കാഴ്ചയും വിരുന്നുമായ പരിശുദ്ധ കുർബാന ക്രിസ്തുഗാത്രമായ സഭയെ വളർത്തുന്നതിൽ നിർണ്ണായക പങ്കുവഹിക്കുന്നുവെന്നും ഇവിടെ സ്ഥാപിക്കപ്പെടുന്നു. ഇങ്ങനെ സഭാജീവിതത്തിലെയും വിശ്വാസികളുടെ വ്യക്തിജീവിതത്തിലെയും ആധ്യാത്മികതയുടെ കേന്ദ്രബിന്ദുവാണ് പരിശുദ്ധ കുർബാനയെന്ന് പൗരസ്ത്യ കാനോനസംഹിത പഠിപ്പിക്കുന്നു (CCEO. 881 §1-4).

ഞായറാഴ്ചകളിലും മാറാനായ പെരുന്നാളുകളിലും പരിശുദ്ധ കുർബാനയിൽ പങ്കുകൊള്ളുവാൻ എല്ലാ ക്രൈസ്തവ വിശ്വാസികൾക്കും കടമയുണ്ടെന്ന് കാനോനസംഹിത അനുശാസിക്കുന്നു. വൈദികരെയും സെമിനാരിക്കാരെയും (CCEO. 538 §1-3) എല്ലാദിവസവും പരിശുദ്ധ കുർബാന അർപ്പിക്കുന്നതിനോ പങ്കുകൊള്ളുന്നതിനോ ഉദ്ബോധിപ്പിക്കുന്നു. പരിശുദ്ധ കുർബാനയുടെ സ്വീകരണം ക്രൈസ്തവ ആധ്യാത്മികതയ്ക്ക് ഏറ്റവും അഭികാമ്യമായിരിക്കുന്നതിനാൽ, ദൈനംദിനമുള്ള കുർബാനസ്വീകരണം, പ്രത്യേകിച്ച് മൃത്യു അപായ അവസരങ്ങളിൽ കാനോനസംഹിത പ്രത്യേകമായി ശുപാർശ ചെയ്യുന്നു (CCEO. 713 §1-2; 708). ചില പ്രത്യേക അവസരങ്ങളിൽ അകത്തോലിക്കാ ക്രൈസ്തവർക്കും പരിശുദ്ധ കുർബാന നൽകാമെന്ന് കാനോനസംഹിതയിലുണ്ട് (CCEO. 671 §1-5). ആത്മാക്കളുടെ രക്ഷ എന്ന ഉത്കൃഷ്ടലക്ഷ്യത്തിനുമുന്നിൽ, വിഭാഗീയതയുടെ മൺചുമരുകൾ ഇടിഞ്ഞുവീഴുന്നതാണ് ഇവിടെ നാം കാണുന്നത്.

## വൈദികരും പരിശുദ്ധ കുർബാനയും

വൈദികരുടെ ആധ്യാത്മികജീവിതത്തിൽ പരിശുദ്ധ കുർബാനയുടെ ദൈനംദിനമുള്ള അർപ്പണത്തിന് വലിയ പ്രാധാന്യമാണുള്ളതെന്ന് ഈ നിയമസംഹിത പ്രത്യേകം പഠിപ്പിക്കുന്നു. പ്രത്യേക

www.malankaralibrary.com



നിയമത്തിനനുസൃതമായി എല്ലാ വൈദികരും പതിവായി, വിശിഷ്യാ കടമുള്ള തിരുന്നാളുകളിലും ഞായറാഴ്ചകളിലും പരിശുദ്ധ കുർബാനയർപ്പിക്കേണ്ടതാണ്. അനുദിനമുള്ള അർപ്പണം തീർച്ചയായും താത്പര്യപൂർവ്വം പ്രോത്സാഹിപ്പിക്കുന്നു (CCEO. 378). നിയമസംഹിത മറ്റൊരിടത്ത് പറയുന്നു, താൻ അംഗമായിരിക്കുന്ന സ്വയാധികാരസഭയിലെ, പ്രത്യേക ആരാധനക്രമനിയമങ്ങളനുസരിച്ച് ഒഴിവാക്കപ്പെട്ടിട്ടുള്ള ദിവസങ്ങളൊഴികെ, ഏതൊരു ദിവസവും ഒരു വൈദികന് പരിശുദ്ധ കുർബാന സമുചിതമായി അർപ്പിക്കാവുന്നതാണ് (CCEO. 704). ഇതോടൊപ്പം പരിശുദ്ധ കുർബാനയുടെ അർപ്പണത്തിന് വൈദികനാവശ്യമായ ആത്മശുദ്ധിയെക്കുറിച്ചും നിയമസംഹിത അനുശാസിക്കുന്നു. ഗൗരവമായ പാപത്തെക്കുറിച്ച് ബോധവാനായ വ്യക്തി, ഗൗരവമുള്ള കാരണമുണ്ടായിരിക്കുകയും കുമ്പസാരിക്കുവാൻ അവസരം ഇല്ലാതിരിക്കുകയും ചെയ്യുമ്പോഴല്ലാതെ വിശുദ്ധ കുർബാനയർപ്പിക്കുകയോ ദിവ്യകാരുണ്യം സ്വീകരിക്കുകയോ ചെയ്യരുത്. എത്രയും പെട്ടെന്ന് കുമ്പസാരിച്ചുകൊള്ളാമെന്നുള്ള ഉദ്ദേശ്യത്തോടെ ഇങ്ങനെയുള്ള സാഹചര്യങ്ങളിൽ വൈദികൻ പൂർണ്ണമനസ്താപം നടത്തേണ്ടതാണ് (CCEO. 711). രക്ഷാകര രഹസ്യങ്ങൾ ഏറെ പ്രാധാന്യത്തോടെ ആഘോഷിക്കപ്പെടുന്ന, ഈ കൂദാശകളുടെ കൂദാശയിൽ വൈദികന്റെ ആധ്യാത്മികജീവിതം പരിപോഷിക്കപ്പെടുമെന്നതിനാൽ, ദൈനംദിനമുള്ള ബലിയർപ്പണം ഒരു നയാമിക കടമയല്ലെങ്കിൽ കൂടി പ്രോത്സാഹിപ്പിക്കപ്പെടേണ്ടതുണ്ട്. രണ്ടാം വത്തിക്കാൻ സൂനഹദോസ് പഠിപ്പിക്കുന്നു, “വിശുദ്ധ വസ്തുക്കളുടെ പരികർമ്മികളെന്ന നിലയിൽ വൈദികർ ക്രിസ്തുവിനെ പ്രത്യേകമാംവിധം പ്രതിനിധാനം ചെയ്യുന്നു; പ്രത്യേകിച്ച് പരിശുദ്ധ കുർബാനയെന്നബലിയിൽ മനുഷ്യരുടെ പവിത്രീകരണത്തിനായിട്ടാണല്ലോ ക്രിസ്തു സ്വയം ബലിയർപ്പിച്ചിട്ടുള്ളത്. തങ്ങൾ കൈകാര്യം ചെയ്യുന്ന ഈ യാഥാർത്ഥ്യങ്ങളെയെല്ലാം അനുകരിക്കേണ്ട ചുമതല വൈദികർക്കുണ്ട്. വിശുദ്ധ കുർബാനയുടെ അർപ്പണത്തിലൂടെയാണ് വൈദികർ തങ്ങളുടെ സുപ്രധാനകർമ്മം അനുസ്യൂതം നിർവ്വഹിക്കുന്നത്. ഇക്കാരണത്താൽ വൈദികരെല്ലാം എല്ലാ ദിവസവും പരിശുദ്ധ കുർബാനയർപ്പിക്കണമെന്ന് നിഷ്കർഷാപൂർവ്വം ഉപദേശിക്കുന്നു” (PO, 13).

www.malankaralibrary.com



## പരിശുദ്ധ കുർബാന ജീവന്റെ അപ്പം

തന്നിൽ വിശ്വസിക്കുന്ന എല്ലാവരും നിത്യജീവൻ പ്രാപിക്കുന്നതിനും ദൈവത്തിന്റെ മക്കളാകുന്നതിനുംവേണ്ടി, യേശുക്രിസ്തു ദിവ്യകാരുണ്യരഹസ്യത്തെ പിതാവായ ദൈവം നൽകുന്ന നിത്യജീവന്റെ അപ്പമായി സ്ഥാപിച്ചു (യോഹ 6:33. 35.54). പൗരസ്ത്യകാനോനസംഹിതയിൽ വിശുദ്ധ കുർബാനയുടെ ജീവദായകമായ അർത്ഥം കൂടുതൽ വ്യക്തമാകുന്നു (CCEO. 698). ഈ കാനോനയിൽ പരിശുദ്ധാത്മാവിനാൽ പവിത്രീകരിക്കപ്പെട്ട നിത്യജീവന്റെ അപ്പമായാണ് വിശുദ്ധ കുർബാനയെ അവതരിപ്പിക്കുന്നത്. അതോടൊപ്പം സഭയെ ക്രിസ്തുശരീരമായി ഒരുമിച്ചുചേർക്കുന്ന ദിവ്യഭോജനവുമാണത് (1 കോറി 10:17). സഭയിൽ സ്ഥിരത നിലനിർത്തുന്നതിന് പരിശുദ്ധ കുർബാന യോഗ്യതയോടെ സ്വീകരിക്കുന്നത് ഏറെ പ്രാധാന്യമർഹിക്കുന്നു എന്ന്, അപ്പോസ്തലന്മാരുടെ കാനോനകളിൽ പ്രത്യേകം നിഷ്കർഷിക്കുന്നു (കാനോന, 9). സഭയെ ഐക്യത്തിലും സ്നേഹത്തിലും വളർത്തുന്ന വലിയ ആന്തരിക ശക്തികേന്ദ്രമാണ് പരിശുദ്ധ കുർബാന എന്ന ദർശനമാണ് ഈ കാനോനികളിലൂടെ സംഹിത സംവേദനം ചെയ്യുന്നത്. ക്രിസ്തുവിന്റെ തിരുശരീരരക്തങ്ങൾ അനുദിനം സ്വീകരിക്കുന്ന വിശ്വാസികൾ കേവലം വ്യക്തികളായി മാത്രമല്ല നിലകൊള്ളുന്നത്. മറിച്ച് അവർ ക്രിസ്തുശരീരത്തിലെ സജീവ അവയവങ്ങളായി പരിവർത്തനം ചെയ്യപ്പെടുകയാണ്. ഹൃദയശുദ്ധിയോടെ പരിശുദ്ധ കുർബാന അനുഭവിക്കുന്ന ഒരു വിശ്വാസിയുടെ ജീവിതത്തിൽ, ദൈവിക ജീവന്റെ അനുരണനങ്ങൾ ക്രമേണ ദർശിക്കാനാകും. ഈ ദൈവികജീവൻ ഒരു വ്യക്തിയിൽ മാത്രം ഒതുങ്ങിനിൽക്കുകയില്ല. "എന്നിൽ വിശ്വസിക്കുന്നവന്റെ ഹൃദയത്തിൽനിന്നും ജീവജലത്തിന്റെ അരുവി ഒഴുകും" (യോഹ 7:38). പരിശുദ്ധ കുർബാനയുടെ സ്വീകരണം ഒരു വിശ്വാസിയെ ദൈവികജീവനിലേക്ക് പരിവർത്തനം ചെയ്യുന്നതോടൊപ്പം, ആ ദൈവികജീവന്റെ പ്രസരണം ആ വ്യക്തിയുമായി ബന്ധപ്പെടുന്നവരിലേക്കും വ്യാപിക്കുന്നു. സ്നേഹത്തിലും ഐക്യത്തിലും വളരുന്നതിൽ ദൈവജനകൂട്ടായ്മയെ സഹായിക്കുന്നത് ഈ ദൈവികജീവന്റെ പരസ്പരമുള്ള സംവേദനമാണെന്ന് കാനോനസംഹിത പഠിപ്പിക്കുന്നു.

www.malankaralibrary.com



## പരിശുദ്ധ കുർബാനയുടെ സൗഖ്യദായകസ്വഭാവം

രോഗികൾക്ക് പരിശുദ്ധ കുർബാന നൽകുന്നതിനെ സഭ യെന്നും പ്രോത്സാഹിപ്പിച്ചിരുന്നു. അന്ത്യോക്യായിലെ മാർ ഇഗ്നാത്തിയോസ് പരിശുദ്ധ കുർബാനയെ വിശേഷിപ്പിക്കുന്നത് "അമർത്യതയുടെ ദിവ്യ ഔഷധം" എന്നാണ്. മനുഷ്യനെ നിത്യജീവനിലേക്ക് നയിക്കുന്ന ദിവ്യ ഔഷധമാണ് പരിശുദ്ധ കുർബാനയെന്ന് ഇവിടെ അടിവരയിട്ട് സ്ഥാപിക്കുകയാണ് സഭാപിതാവായ മാർ ഇഗ്നാത്തിയോസ്. പൗരസ്ത്യ കാനോനസംഹിത ഇപ്രകാരം പ്രസ്താവിക്കുന്നു, "ന്യായമായ ഒരു കാരണം മറിച്ച് നിർദ്ദേശിക്കുന്നില്ലെങ്കിൽ, ദിവ്യകാരുണ്യം നൽകേണ്ടത് പരിശുദ്ധ കുർബാനയുടെ ആഘോഷത്തിനിടയിലാണ്" (CCEO. 713 §1). പരിശുദ്ധ കുർബാന മധ്യേ അല്ലാതെ രോഗികൾക്കും മറ്റും ദിവ്യകാരുണ്യം നൽകുന്നതിനെയാണ് ഇവിടെ ന്യായമായ കാരണം എന്നതുകൊണ്ട് സൂചിപ്പിച്ചിട്ടുള്ളത്. ചില മനശ്ശാസ്ത്രജ്ഞന്മാരുടെ സാക്ഷ്യമനുസരിച്ച് തങ്ങളെ സമീപിക്കുന്ന രോഗികളിൽ നല്ലൊരു ശതമാനത്തിനും പരിശുദ്ധ കുർബാനയിലെ സജീവഭാഗഭാഗിത്വം അവരെ രോഗശാന്തിയിലേക്ക് നയിക്കുന്ന നിർണ്ണായക ഘടകമായി വർത്തിച്ചിരിക്കുന്നു. മാക്മന്യൂസ് "കൂദാശകളുടെ സൗഖ്യദായകശക്തി" എന്ന ഗ്രന്ഥത്തിലാണ് ഇതെപറ്റി പ്രതിപാദിച്ചിരിക്കുന്നത്. കർദ്ദിനാൾ ടെലസ്ഫോർ ടോപ്പോ റോമിൽ നടന്ന മെത്രാന്മാരുടെ ഒരു സൂനഹദോസിൽ, ഉത്തരേന്ത്യയിലെ ആദിവാസി ക്രൈസ്തവർക്കിടയിൽ ദിവ്യകാരുണ്യസ്വീകരണം വരുത്തിയ വ്യതിയാനങ്ങൾ പങ്കുവയ്ക്കുകയുണ്ടായി. "ഞങ്ങളുടെ ക്രൈസ്തവ ആദിവാസികൾ ദൃഢമായി വിശ്വസിക്കുന്നു, ക്രിസ്തുവിന്റെ രക്ഷാകരമായ മരണവും ഉത്ഥാനവും, എല്ലാ പൈശാചികശക്തികളെയും തകർത്തു ഞങ്ങൾക്ക് സൗഖ്യവും രക്ഷയും നൽകിയിരിക്കുന്നു. പൈശാചിക ശക്തികളെ പ്രസാദിപ്പിച്ച് രോഗമുക്തി നേടുവാൻ രക്തബലി പോലും ഒരു കാലത്ത് നടത്തിയിരുന്ന അവരിൽ ഇന്ന് സംഭവിച്ച മാറ്റം വളരെ വലുതാണ്. ക്രിസ്തുവിന്റെ തിരുശരീരരക്തങ്ങളെയാണ് ഇന്നവർ രോഗശാന്തിക്കായി ശരണപ്പെടുന്നത്. ഈ കാഴ്ചപ്പാടിന്റെ വ്യതിയാനം അവരുടെ വ്യക്തിജീവിതത്തിലും സാമൂഹികജീവിതത്തിലും വരുത്തിയ മാറ്റങ്ങൾ വളരെ വലുതായിരുന്നു." തീർച്ചയായും പരിശുദ്ധ കുർബാനയുടെ അനുഭവം വ്യക്തികളെ മാനസ്സികമായും ശാരീരികമായും സുഖമാക്കുന്നു എന്നതിന് ഇന്ന് വേണ്ടുവോളം സാക്ഷ്യങ്ങൾ ലഭ്യമാണ്. പരിശുദ്ധ കുർബാനയുടെ സ്വീകരണത്തി

www.malankaralibrary.com



ലൂടെ മനുഷ്യന്റെ സുസ്ഥിതിയാണ് സഭ ലക്ഷ്യംവയ്ക്കുന്നതെന്ന് കാനോനസംഹിത ഇവിടെ സ്ഥാപിക്കുന്നു.

## വിശുദ്ധി: പരിശുദ്ധ കുർബാനയുടെ ആത്യന്തികലക്ഷ്യം

വിശുദ്ധിയുടെ സംവേദനമാണ് പരിശുദ്ധകുർബാനയുടെ ആത്യന്തികലക്ഷ്യം. വിശുദ്ധിയുടെ കൂദാശയായ പരിശുദ്ധ കുർബാന സ്വീകരിക്കുന്നതിന് അനുയോജ്യമായ ഒരുക്കത്തെക്കുറിച്ച് കാനോനസംഹിത ഇപ്രകാരം അനുശാസിക്കുന്നു. “പരിശുദ്ധ കുർബാനയിൽ പങ്കുചേരുന്നതിനായി ഉപവാസം, പ്രാർത്ഥനകൾ, മറ്റു പ്രവൃത്തികൾ എന്നിവയിലൂടെയുള്ള ഒരുക്കത്തെ സംബന്ധിച്ച്, ക്രൈസ്തവ വിശ്വാസികൾ തങ്ങൾ അംഗങ്ങളായിരിക്കുന്ന സ്വയാധികാരസഭയിലെ നിബന്ധനകൾ സഭാതിർത്തിക്കുള്ളിൽ മാത്രമല്ല സാധ്യമായിടത്തോളം എല്ലായിടത്തും വിശ്വസ്തതാപൂർവ്വം പാലിക്കേണ്ടതാണ്” (CCEO. 713 §2). ഭയഭക്തിയോടെയും വിശുദ്ധിയോടെയും പരിശുദ്ധ കുർബാനയെ സമീപിക്കുവാൻ വേണ്ട അനുശാസനങ്ങൾ ഓരോ വ്യക്തി സഭയിലും ഉണ്ടായിരിക്കണം എന്നാണ് ഈ കാനോനയിലൂടെ സംഹിത ഉദ്ദേശിക്കുന്നത്. വിശുദ്ധിയോടെ പരിശുദ്ധ കുർബാന സ്വീകരണത്തിന് തയ്യാറാകുന്നതോടൊപ്പം സ്വയം വിശുദ്ധീകരണവും സംഭവിക്കുന്നു. സിറോ-മലങ്കര ആരാധനക്രമത്തിൽ പരിശുദ്ധ കുർബാന നൽകുമ്പോൾ വൈദികൻ ഉച്ചരിക്കുന്ന വാക്കുകളിൽ ഇത് വളരെ വ്യക്തമാണ്. “നമ്മുടെ കർത്താവായ യേശുമിശിഹായുടെ തിരുശരീരവും തിരുരക്തവുമാകുന്ന തീക്കട്ട കടങ്ങളുടെ പരിഹാരത്തിനും പാപങ്ങളുടെ മോചനത്തിനുമായി സത്യവിശ്വാസികൾക്ക് നൽകപ്പെടുന്നു.” ഏശയ്യായുടെ വിശുദ്ധീകരണത്തിനായി ദൈവമായ കർത്താവ് ചെയ്ത പവിത്രീകരണ കർമ്മമാണ് ഇവിടെ വ്യംഗ്യമായി സൂചിപ്പിച്ചിട്ടുള്ളത്. “ഞാൻ പറഞ്ഞു, എനിക്ക് ദുരിതം! ഞാൻ നശിച്ചു. എന്തെന്നാൽ ഞാൻ അശുദ്ധമായ അധരങ്ങളുള്ളവനും അശുദ്ധമായ അധരങ്ങളുള്ളവരുടെ മധ്യേ വസിക്കുന്നവനുമാണ്. എന്തെന്നാൽ സൈന്യങ്ങളുടെ കർത്താവായ രാജാവിനെ, എന്റെ നയനങ്ങൾ ദർശിച്ചിരിക്കുന്നു. അപ്പോൾ സെറാഫുകളിലൊന്ന് ബലിപീഠത്തിൽനിന്ന് കൊടിൽ കൊണ്ട് എടുത്ത തീക്കനലുമായി എന്റെയടുത്തേക്ക് പറന്നുവന്നു. അവൻ എന്റെ അധരങ്ങളെ സ്പർശിച്ചിട്ട് പറഞ്ഞു. ഇത് നിന്റെ അധരങ്ങളെ സ്പർശിച്ചിരിക്കുന്നു. നിന്റെ മാലിന്യം നീക്കപ്പെട്ടു.

www.malankaralibrary.com



നിന്റെ പാപം ക്ഷമിക്കപ്പെട്ടിരിക്കുന്നു" (ഏശയ്യാ 6:5–7). വിശുദ്ധി യുടെ ഉറവിടമായ ദൈവത്തിലുള്ള ഭാഗഭാഗിത്തമാണ് പരിശുദ്ധ കുർബാന സ്വീകരണത്തിലൂടെ സംഭവിക്കുന്നത്. ഈ വിശുദ്ധിയിൽ പങ്കുപറ്റുന്നതിന്, വിശ്വാസിയുടെ ക്രിയാത്മകമായ സഹകരണം സഭ അനുശാസിക്കുന്നു. വിശുദ്ധി പ്രാപിക്കുവാനായി മനുഷ്യൻ എത്രമാത്രം തന്നെത്തന്നെ തയ്യാറാക്കുന്നുവോ അതിന്റെ പതിന്മ ടങ്ങ് വിശുദ്ധിയിലേക്ക് അവൻ പരിശുദ്ധ കുർബാനയുടെ സ്വീകര ണത്തിലൂടെ നയിക്കപ്പെടുന്നു. പരസ്പരപൂരകമായ ഒരു വിശുദ്ധീ കരണ കർമ്മമാണ് പരിശുദ്ധ കുർബാനയുടെ സ്വീകരണത്തിലൂടെ സംഭവിക്കുക. വിശുദ്ധിയാർജ്ജിക്കുകയും വിശുദ്ധി സ്വീകരിക്കു കയും ചെയ്യുന്നു. ഒരേസമയം വിശുദ്ധിയോടെ സമീപിക്കേണ്ട കൂദാ ശയും വിശുദ്ധീകരണ കൂദാശയുമാണ് പരിശുദ്ധ കുർബാന. ഇത് പൗരസ്ത്യ ദിവ്യകാരുണ്യദർശനമനുസരിച്ച് ഒരു വലിയ രഹസ്യ മാണ്.

## ഉപസംഹാരം

നിയമം അതിൽത്തന്നെ നിബന്ധനയാണെങ്കിലും സഭാനിയ മത്തിന് ഒരു രക്ഷാകരമായ അർത്ഥം കൂടിയുണ്ട്. രക്ഷയുടെ കൂദാ ശയായ പരിശുദ്ധ കുർബാനയെ സംബന്ധിക്കുന്ന സഭാനിയമങ്ങ ളിലൂടെ, കാനോനസംഹിതയുടെ ഈ രക്ഷാകര അർത്ഥവും ആധ്യാ ത്മികതയുമാണ് വെളിവാകുന്നത്. പൗരസ്ത്യ കാനോനസംഹിത യുടെ ആധ്യാത്മികത പരിശുദ്ധ കുർബാന കേന്ദ്രീകൃതമാണ്. മനു ഷ്യനിലേക്ക് നിത്യജീവൻ പകരുന്നതും ഈ ജീവന്റെ പങ്കുവയ്ക്ക ലിലൂടെ സഭയെ ഒരു കൂട്ടായ്മയായി വളർത്തുന്നതും പരിശുദ്ധ കുർബാനയിലെ സജീവഭാഗഭാഗിത്വമാണെന്ന് കാനോനസംഹിത പഠിപ്പിക്കുന്നു. ഒപ്പം പരിശുദ്ധ കുർബാനയുടെ സൗഖ്യദായക സ്വഭാ വത്തിലേക്കും കാനോനസംഹിത വിരൽചൂണ്ടുന്നു. ഒരേസമയം പരമപരിശുദ്ധമായ കൂദാശയും വിശുദ്ധീകരണത്തിന്റെ കൂദാശയു മായ പരിശുദ്ധ കുർബാനയിലൂടെ ദൈവാനുഭവത്തിലേക്ക് കടന്നു വരുന്നതിന് വിശ്വാസികൾക്ക് സാധിക്കുമെന്നും, അതിനായി തക്ക തായ ഒരുക്കം ആവശ്യമാണെന്നും കാനോനസംഹിത അനുശാ സിക്കുന്നു. ഇങ്ങനെ നിത്യജീവന്റെയും വിശുദ്ധിയുടെയും ഐക്യ ത്തിന്റെയും കൂദാശയായി പരിശുദ്ധ കുർബാനയെക്കാണുന്ന, പൗരസ്ത്യ കാനോനസംഹിതയുടെ ആധ്യാത്മികതയുടെ ഉറവിടം ഇവിടെ കണ്ടെത്താം.

www.malankaralibrary.com

# 5

# ഇടവക ഒരു കാനോനിക വീക്ഷണം

***സഭയുടെ ദൃശ്യരൂപമായ ഇടവക ഭദ്രാസനാധ്യക്ഷന്റെ അധികാരപരിധിക്കുള്ളിൽ, അദ്ദേഹത്തിന്റെ പ്രതിനിധിയായ ഇടവകവികാരിയുടെ നേതൃത്വത്തിൽ, പ്രാദേശികമായ ഒരു കൂട്ടായ്മാജീവിതം കെട്ടിപ്പടുക്കുമ്പോൾ സാർവത്രികസഭയ്ക്കൊരു പ്രാദേശികസാക്ഷ്യം കൈവരികയായി.***




**ക്രി**സ്തുവിന്റെ ഉത്ഥാനത്തിനുശേഷം അവിടുത്തെ അനുയായികൾ ഭവനങ്ങളിൽ ദൈവാരാധനയ്ക്കായി ഒത്തുചേർന്നു. ക്രമേണ വലിയ കൂട്ടായ്മകൾ ഒരു നേതൃത്വത്തിൻ കീഴിൽ സമൂഹമായി രൂപം പ്രാപിച്ചു. ഇന്നത്തെ ഇടവകകളുടെയും ഭദ്രാസനങ്ങളുടെയും പ്രാഗ്രൂപങ്ങളായി അവ പരിണമിക്കുകയായിരുന്നു. ക്രമേണ ചരിത്രത്തിന്റെ പുരോഗതിയിൽ, നിശ്ചിത നിയമങ്ങളുടെ അടിസ്ഥാനത്തിൽ നിയതസഭാഘടകങ്ങളായി അവ രൂപംപ്രാപിച്ചു.

രണ്ടാംവത്തിക്കാൻ സൂനഹദോസിന്റെ ദർശനമനുസരിച്ച് ഓരോ ഇടവകയും ഭദ്രാസനമെത്രാന്റെ അധികാരസീമയിൽപ്പെട്ട, ദൈവജനത്തിന്റെ ഒരു പ്രാദേശിക കൂട്ടായ്മയാണ്. “തന്റെ സഭയിൽ എല്ലായിടത്തും എല്ലായ്പ്പോഴും അജഗണങ്ങളുടെ സമൂഹത്തിൽ ആധ്യക്ഷ്യം വഹിക്കാൻ സാധ്യമല്ലാത്തതിനാൽ, മെത്രാൻ വിശ്വാസികളെ ചെറുഗണങ്ങളായി തിരിച്ച് തന്റെ പ്രതിനിധികളായ വികാരിമാരെ അവരുടെ ചുമതല ഏൽപിക്കുന്നു. ഇപ്രകാരം ക്രിസ്തുവിനാൽ സ്ഥാപിതമായ സഭയുടെ ദൃശ്യവും പ്രാദേശികവുമായ രൂപമാണ് ഇടവക” (SC. 42).

www.malankaralibrary.com



പൗരസ്ത്യസഭകളുടെ കാനോനസംഹിത(CCEO)യിൽ ഏഴാം ശീർഷകം, മൂന്നാം അധ്യായം ഇടവകയുടെ കാനോനിക അസ്തിത്വത്തെ കുറിച്ച് വ്യക്തമായി ചർച്ചചെയ്യുന്നു. 1983 ജനുവരി 25 ന് പരിഷ്കരിച്ച് പ്രസിദ്ധീകരിച്ച ലത്തീൻ കാനോനസംഹിത (CIC)യിലാകട്ടെ 515 മുതൽ 552 വരെയുള്ള കാനോനകളാണ് ഇടവകയുടെ നയ്യാമികസ്ഥിതിയെയും വികാരിമാരുടെ ചുമതലകളെയും കുറിച്ച് വിശദമായി പ്രതിപാദിക്കുക. ഈ ഇരു കാനോന സംഹിതകളുടെയും അടിസ്ഥാനത്തിൽ വെളിവാക്കപ്പെടുന്ന, ഇടവകയുടെ കാനോനികദർശനമാണ് ഈ പ്രബന്ധം ലക്ഷ്യംവയ്ക്കുക.

## കാനോനിക നിർവ്വചനം

ഒരു ഭദ്രാസനത്തിൽ സ്ഥായിയായി സ്ഥാപിതമായിട്ടുള്ളതും ഭദ്രാസനമെത്രാന്റെ അധികാരത്തിൻകീഴിൽ, ഒരു വികാരിയുടെ അജപാലന ശുശ്രൂഷയ്ക്കായി ഭരമേൽപിക്കപ്പെട്ടിട്ടുള്ളതുമായ ക്രൈസ്തവവിശ്വാസികളുടെ ഒരു നിശ്ചിതസമൂഹമാണ് ഇടവക (CCEO. 279; CIC. 515 § 1). ഈ കാനോനിക നിർവ്വചനത്തിന്റെ അടിസ്ഥാനത്തിൽ ഒരു പ്രാദേശിക ദൈവജന കൂട്ടായ്മയ്ക്ക് ഇടവക എന്ന ഔദ്യോഗികസ്ഥാനം കൈവരുന്നത്, അതൊരു ഭദ്രാസനത്തിൽ സ്ഥായീഭാവത്തോടെ സ്ഥാപിതമാകുമ്പോഴാണ്. അതോടൊപ്പം ഭദ്രാസനാധ്യക്ഷന്റെ പ്രതിനിധിയായി, അജപാലനചുമതല നിർവ്വഹിക്കുന്ന ഒരു വൈദികൻ ഇടവകവികാരിയായി ഭദ്രാസനാധ്യക്ഷനാൽ നിയമിക്കപ്പെടേണ്ടതും, ഇടവകയുടെ കാനോനിക അംഗീകാരത്തിന് അനിവാര്യമാണ്. കൂടാതെ വെറുമൊരു 'കൂട്ടം' എന്നതിനേക്കാളുപരി, സ്നേഹത്തിൽ അധിഷ്ഠിതമായി, ദൈവത്താൽ ഒരുമിച്ചു കൂട്ടപ്പെട്ട വിശ്വാസികളുടെ കൂട്ടായ്മയാണ്(Community) ഇടവക.

## ഇടവകസ്ഥാപനം

തന്റെ ഭദ്രാസനത്തിൽ ഒരു ഇടവക സ്ഥാപിക്കുന്നതിനോ, നിർത്തലാക്കുന്നതിനോ, മാറ്റിസ്ഥാപിക്കുന്നതിനോ ഉള്ള അധികാരം ഭദ്രാസനാധ്യക്ഷന് മാത്രമുള്ളതാകുന്നു (CCEO. 280 § 2; CIC. 515 § 2). ഇതിൽ ഭദ്രാസനാധ്യക്ഷൻ വൈദിക സമിതിയുടെ ആലോചന തേടേണ്ടതുണ്ട്. പൊതുവേ ഭൂമിശാസ്ത്രപരമായ മാനദണ്ഡങ്ങളാണ് ഇടവക സ്ഥാപിക്കുന്നതിൽ ഭദ്രാസനാധ്യക്ഷൻ പരിഗണിക്കേണ്ടത്. എന്നാൽ വിശ്വാസികളുടെ രാഷ്ട്രപൗരത്വം, ഭാഷ തുടങ്ങിയ വ്യക്തി

www.malankaralibrary.com



പരമായ ഘടകങ്ങൾ പരിഗണിച്ചുകൊണ്ട്, ഭൂമിശാസ്ത്രപരമായ മാനദണ്ഡത്തിനതീതമായി ഇടവകകൾ സ്ഥാപിക്കുവാൻ ഭദ്രാസനാധ്യക്ഷന് അധികാരമുണ്ട് (CCEO. 281 § 1; CIC. 518). നിയമാനുസൃതമായി സ്ഥാപിക്കപ്പെട്ട ഓരോ ഇടവകയും അതിന്റെ സ്ഥാപനത്താൽ ഒരു നയ്യാമിക വ്യക്തിയാണ് (CCEO. 280 § 3; CIC. 515 § 3). നയ്യാമിക വ്യക്തി (Juridic Person) എന്നാൽ, സഭയ്ക്കുവേണ്ടി, സഭയുടെ നാമത്തിൽ ഉചിതരായ സഭാധികാരികളാൽ അംഗീകരിക്കപ്പെട്ട ശാരീരിക വ്യക്തികളുടെയോ (Physical Persons) വസ്തുക്കളുടെയോ സമന്വയം എന്നാണർത്ഥം.

## ഇടവകവികാരി

തന്റെ അധികാരപരിധിയിൽപ്പെട്ട ഒരു നിശ്ചിത ഇടവകയിലെ അജഗണത്തിന്റെ ആത്മീയസംരക്ഷണത്തിന്, തന്നോട് സഹകരിച്ച് പ്രവർത്തിക്കുന്നതിനായി ഭദ്രാസനാധ്യക്ഷനാൽ നിയമിക്കപ്പെടുന്ന ഒരു വൈദികനാണ് ഇടവക വികാരി (CCEO. 281 § 1; CIC. 519). സന്യാസാശ്രമങ്ങൾ തുടങ്ങിയ നയ്യാമിക വ്യക്തികൾ(Juridic Persons)ക്ക് ഇടവക വികാരിയായിരിക്കുവാൻ നിയമപരമായി സാധ്യമല്ല. കാരണം ഇടവകവികാരി ഒരു നിശ്ചിത വൈദികനായിരിക്കണം എന്നു കാനോനസംഹിതകൾ പ്രത്യേകം അനുശാസിക്കുന്നുണ്ട്. എന്നാൽ സന്യാസാശ്രമാംഗമായ ഒരു നിശ്ചിത വൈദികനെ ഇടവകവികാരിയായി ചുമതലയേൽപിക്കുന്നതിന് ഭദ്രാസനാധ്യക്ഷന് അധികാരമുണ്ട് (CCEO. 281 § 2; 284 § 2; CIC. 520 §1-2). ഈ ഇടവകവികാരി ഒരു വൈദികനായിരിക്കണമെന്ന് നിയമം അനുശാസിക്കുമ്പോൾ (CCEO. 281 § 1; CIC.521 § 1) ഈ സ്ഥാനം ഒരു ഡീക്കനോ, അല്മായ പ്രതിനിധിക്കോ നിർവ്വഹിക്കുക സാധ്യമല്ലായെന്നു വ്യക്തമാക്കുന്നു.

നല്ല ധാർമ്മികബോധവും ശരിയായ വിശ്വാസവും മനുഷ്യരക്ഷയ്ക്കുവേണ്ടിയുള്ള തീക്ഷ്ണതയും വിവേകവും മറ്റു പുണ്യങ്ങളും സ്വന്തമാക്കിയിട്ടുള്ള വൈദികനായിരിക്കണം ഇടവകവികാരി (CCEO. 285 § 1; CIC. 521 § 2). ദൈവജനസമൂഹത്തെ പ്രബോധിപ്പിക്കുന്നതിലും വിശുദ്ധീകരിക്കുന്നതിലും നയിക്കുന്നതിലും ഇടവകവികാരിക്കുള്ള കടമയും ഉത്തരവാദിത്തവും ഇരു കാനോനസംഹിതകളും ഏറെ പ്രാധാന്യത്തോടെ പ്രതിപാദിക്കുന്നുണ്ട് (CCEO.

www.malankaralibrary.com



289; CIC. 528-529). ഇടവകസമൂഹത്തെ നയിക്കുമ്പോൾ, അല്മായരെയും ഇടവകസംഘടനകളെയും വേണ്ടവിധത്തിൽ പരിഗണിച്ച് ഉത്തമ ദൈവജനസമൂഹത്തെ രൂപവത്കരിക്കുന്നതിലും വളർത്തുന്നതിലും അവരുടെ കഴിവുകൾ ശരിയാംവിധം വിനിയോഗിക്കുന്നതിലും വികാരിമാർ ശ്രദ്ധിക്കണമെന്ന് കാനോനസംഹിതകൾ പ്രത്യേകം ഓർമ്മപ്പെടുത്തുന്നു (CCEO. 289 § 3; CIC. 529 § 2).

ഇടവകയെ സംബന്ധിക്കുന്ന എല്ലാ നയ്യാമിക കാര്യങ്ങളിലും ഇടവകയുടെ പ്രതിനിധി, വികാരിയായിരിക്കും (CCEO. 290 § 1; CIC. 532). ഇടവകയിൽ നടത്തപ്പെടുന്ന എല്ലാ പ്രധാനകൂദാശകളും കൂദാശാനുഷ്ഠാനങ്ങളും പരികർമ്മം ചെയ്യുന്നതിനുള്ള അധികാരം ഭദ്രാസനാധ്യക്ഷനും ഇടവകവികാരിക്കും മാത്രമുള്ളതായിരിക്കും (CCEO. 290 § 2; CIC. 530). അസിസ്റ്റന്റ് വികാരിമാരോ മറ്റ് വൈദികരോ ഈ കർമ്മങ്ങൾ പരികർമ്മം ചെയ്യുമ്പോൾ അവർ ഇടവക വികാരിയുടെ സമ്മതം മുൻകൂട്ടിവാങ്ങിയിരിക്കേണ്ടതാണ്.

ഇടവകപള്ളിയോടു ചേർന്നുള്ള വൈദിക മന്ദിരത്തിൽ സ്ഥിരമായി താമസിക്കുവാൻ ഇടവകവികാരിക്ക് പ്രത്യേകം കടമയും ഉത്തരവാദിത്തവുമുണ്ടെന്ന് ഇരുനിയമസംഹിതകളും പ്രത്യേകം അനുശാസിക്കുന്നു (CCEO. 292 § 1; CIC. 533 § 1). ഗൗരവതരങ്ങളായ തടസ്സങ്ങളില്ലാത്തപക്ഷം ഒരുമാസം വരെ നീണ്ടുനിൽക്കുന്ന വാർഷിക അവധി ഇടവക വികാരിക്ക് അനുവദനീയമാണ് (CCEO. 292 § 2; CIC. 533 § 2).

## ഇടവകാംഗത്വം

ഒരു വ്യക്തിസഭയിലെ ഇടവകയുടെ അതിർത്തിയിൽ സ്ഥിരതാമസമുള്ള പ്രസ്തുത സഭാംഗങ്ങളെല്ലാവരും ആ ഇടവകയിലെ അംഗങ്ങളായിരിക്കും. ഒരു വ്യക്തിക്ക് കത്തോലിക്കാ ഇടവകാംഗത്വം ലഭിക്കുന്നതിനുള്ള അടിസ്ഥാന സാധ്യതകൾ താഴെപ്പറയുന്നവയാണ്. മാമ്മോദീസാ, വിശ്വാസസ്വീകരണം, ഇടവകമാറ്റം.

ഒരേ വ്യക്തിസഭയിലെ അംഗങ്ങളായ മാതാപിതാക്കളുടെ കുട്ടികൾ ജ്ഞാനസ്നാനം സ്വീകരിക്കുമ്പോൾ, അതിനാൽ തന്നെ അവർ മാതാപിതാക്കളുടെ ഇടവകയിലെ അംഗങ്ങളായിത്തീരുന്നു. മാതാപിതാക്കൾ വ്യത്യസ്ത കത്തോലിക്കാ വ്യക്തിസഭാംഗങ്ങളായിരിക്കെ, പൗരസ്ത്യസഭാനിയമം (CCEO) അനുസരിച്ച്, അവരുടെ

www.malankaralibrary.com



കുട്ടികൾ പിതാവിന്റെ വ്യക്തിസഭയിലെ ഇടവകാംഗങ്ങളായിട്ടാവും മാറുക. എന്നാൽ മേൽപറഞ്ഞ സാഹചര്യത്തിൽ മാതാപിതാക്കൾ ഇരുവരും ഒരുമിച്ച് എത്തിച്ചേർന്ന തീരുമാനത്തിന്മേൽ അവരുടെ കുട്ടികൾക്ക് ജ്ഞാനസ്നാനംവഴി മാതാവിന്റെ വ്യക്തിസഭയിലെ ഇടവകയുടെ അംഗത്വം സ്വീകരിക്കാവുന്നതുമാണ് (CCEO. 29 § 1). ഇവിടെ ലത്തീൻ കാനോനസംഹിത അൽപം വ്യത്യസ്തമായ നില പാട് സ്വീകരിക്കുന്നത് ശ്രദ്ധേയമാണ്. മാതാപിതാക്കൾ വ്യത്യസ്ത കത്തോലിക്കാ വ്യക്തിസഭാംഗങ്ങളായിരിക്കെ, അവരുടെ കുട്ടികൾ ജ്ഞാനസ്നാനം വഴി പിതാവിന്റെ വ്യക്തിസഭയിലെ ഇടവകയുടെ അംഗങ്ങളായി മാറുന്നു എന്ന അനുശാസനം പ്രാഥമികമായി ലത്തീൻസഭ നൽകുന്നില്ല. മറിച്ച് മേൽപറഞ്ഞ സാഹചര്യത്തിൽ കുട്ടികൾക്ക് ഏതു വ്യക്തിസഭയിലെ അംഗത്വം നൽകണമെന്നതിനെ സംബന്ധിച്ച് മാതാപിതാക്കൾക്ക് ഒരുമിച്ച് തീരുമാനത്തിലെത്താൻ സാധിക്കാത്തപക്ഷം, കുട്ടികൾ ജ്ഞാനസ്നാനം വഴി പിതാവിന്റെ വ്യക്തിസഭയിലെ അംഗങ്ങളായിമാറുന്നു എന്നാണ് ലത്തീൻ കാനോനസംഹിത അനുശാസിക്കുന്നത് (CIC.111 §1). ഇതനുസ രിച്ച് ലത്തീൻ കാനോനസംഹിതപ്രകാരം, രണ്ടു വ്യത്യസ്ത വ്യക്തി സഭാംഗങ്ങളായ മാതാപിതാക്കളുടെ കുട്ടികൾക്ക് യഥോചിതം മാതാവിന്റെയോ പിതാവിന്റെയോ വ്യക്തിസഭയിലെ ഇടവകയുടെ അംഗത്വം ജ്ഞാനസ്നാനത്തിലൂടെ നൽകുന്നതിന് പ്രാഥമികമായി തടസ്സമില്ല (See, Salachas, *Istituzioni.* 77-79). എന്നാൽ പതിനാലുവ യസ്സ് പൂർത്തിയായ ഒരു സ്നാനാർത്ഥിക്കു സ്വാതന്ത്ര്യമായി ഏതു വ്യക്തിസഭയുടെ ഇടവകയിലും ജ്ഞാനസ്നാനം വഴി അംഗത്വം സമ്പാദിക്കാവുന്നതാണെന്ന് ഇരുസംഹിതകളും അനുശാസിക്കുന്നു (CCEO. 30; CIC.111 § 2).

അക്രൈസ്തവർക്ക് വിശ്വാസസ്വീകരണത്തിലൂടെയും ജ്ഞാന സ്നാനംവഴിയും ഇടവകകളിൽ അംഗത്വം ലഭിക്കുന്നു. വിശ്വാസം സ്വീകരിച്ചവരുടെ സ്ഥിരതാമസം ഏത് ഇടവകാതിർത്തിയിലാണോ ആ ഇടവകയിലേക്കായിരിക്കും അവർ സ്വീകരിക്കപ്പെടുക. ഒരേ സ്ഥലത്ത് വ്യത്യസ്ത വ്യക്തിസഭാ ഇടവകകളുള്ള പക്ഷം പ്രായ പൂർത്തിയായ അക്രൈസ്തവ സ്നാനാർത്ഥിയുടെ സ്വതന്ത്രമായ തീരുമാനമായിരിക്കും ഇടവകാംഗത്വത്തിന്റെ മാനദണ്ഡം.

www.malankaralibrary.com



ജ്ഞാനസ്നാനം സ്വീകരിച്ചിട്ടുള്ള അകത്തോലിക്കർ, കത്തോലിക്കാ വിശ്വാസം സ്വീകരിച്ച് പുനരൈക്യപ്പെടുമ്പോൾ തങ്ങൾ പിൻതുടർന്നുപോരുന്ന ആചാരാനുഷ്ഠാനങ്ങളും പൈതൃകങ്ങളും സംരക്ഷിക്കപ്പെടുന്ന വ്യക്തിസഭയാണ് തിരഞ്ഞെടുക്കേണ്ടത്. കേരള പശ്ചാത്തലത്തിൽ അന്ത്യോക്യൻ ആരാധനക്രമപൈതൃകങ്ങളുടെ പിന്തുടർച്ചക്കാരായ അകത്തോലിക്കാ സഭാവിഭാഗങ്ങളിൽനിന്നും കത്തോലിക്കാ വിശ്വാസത്തിലേക്കു കടന്നുവരുന്നവർക്കു സ്വീകരിക്കാവുന്ന ഏകമാർഗ്ഗം മലങ്കര-സുറിയാനി കത്തോലിക്കാസഭയാണ്. ഇങ്ങനെ പുനരൈക്യപ്പെടുന്നവർ നിശ്ചയമായും പ്രാദേശിക ഇടവകകളിലെ അംഗങ്ങളായി മാറുന്നു.

## ഇടവക സമിതികൾ

ഇടവകയുടെ അജപാലനപരവും സാമ്പത്തികവുമായ കാര്യങ്ങളിൽ ശരിയായ തീരുമാനങ്ങൾ കൈക്കൊണ്ട്, സഭയുടെ പൊതുനിയമങ്ങൾക്കും നിബന്ധനകൾക്കും അനുസൃതമായി ഇടവകയെ പരിപാലിക്കുന്നതിനാവശ്യമായ സമിതികൾ ഇടവകയിലുണ്ടായിരിക്കണം (CCEO. 295; CIC. 536-537). ഇവിടെ ഓരോ വ്യക്തിസഭയുടെയും 'പ്രത്യേക നിയമങ്ങൾ' ആണ് പരിഗണിക്കേണ്ടത്. തിരുവനന്തപുരം മേജർ അതിഭദ്രാസനത്തിൽ കൈക്കൊണ്ടിട്ടുള്ള നിബന്ധനകൾ ശ്രദ്ധേയമാണ്. അവ ചുവടെ ചേർക്കുന്നു: പൊതുയോഗം, ഇടവകക്കമ്മിറ്റി എന്നീ രണ്ടു സമിതികൾ ഇടവകയിൽ അവശ്യം ഉണ്ടായിരിക്കണം. ഔദ്യോഗികമായും പരസ്യമായും മുടക്കപ്പെട്ടിട്ടില്ലാത്തപക്ഷം, പതിനെട്ട് വയസ്സ് പൂർത്തിയായ എല്ലാ ഇടവകാംഗങ്ങളും ഇടവകപൊതുയോഗത്തിൽ അംഗങ്ങളായിരിക്കും. ഇടവകയെ സംബന്ധിക്കുന്ന സുപ്രധാന തീരുമാനങ്ങൾ പൊതുയോഗത്തിൽ ചർച്ചചെയ്യേണ്ടതുണ്ട്. പൊതുയോഗ തീയതി, യോഗം നടക്കുന്ന ഞായറാഴ്ച ഉൾപ്പെടെ രണ്ടുപ്രാവശ്യമെങ്കിലും മുൻകൂട്ടി അറിയിച്ചിരിക്കേണ്ടതാണ്.

പൊതുയോഗത്തിൽനിന്നും തിരഞ്ഞെടുക്കപ്പെടുന്ന പ്രതിനിധികളുടെ പ്രത്യേകസമിതിയാണ് ഇടവകക്കമ്മിറ്റി. കമ്മിറ്റിയംഗങ്ങളുടെ സംഖ്യ അതിൽ കുറയുകയോ പതിനഞ്ചിൽ കൂടുകയോ അരുത്. പിതൃസംഘം, മാതൃസംഘം, വേദപാഠാധ്യാപകർ, യുവജനസംഘടന എന്നിവയുടെ പ്രതിനിധികളെ ഉൾപ്പെടുത്തിയാണ് ഇട

www.malankaralibrary.com



വകക്കമ്മിറ്റി രൂപവത്കരിക്കേണ്ടത്. ഇടവകയുടെ സുസ്ഥിതിക്കും വളർച്ചയ്ക്കും ഇടവകവികാരിയോടു സഹകരിച്ചു പ്രവർത്തിക്കുന്നതിന് കടമയുള്ള ഇടവക കമ്മിറ്റിയുടെ കാലാവധി ഏപ്രിൽ മുതൽ മാർച്ചുവരെയുള്ള ഒരു വർഷക്കാലമായിരിക്കും.

കമ്മിറ്റിയംഗങ്ങളിൽനിന്നും തിരഞ്ഞെടുക്കപ്പെടുന്ന ഇടവക കൈക്കാരനും കാര്യദർശി(Secretary)യും ഇടവക വികാരിക്കു വിധേയരായി ഇടവക പരിപാലനയിൽ ശ്രദ്ധിക്കേണ്ടതാണ്. കൈക്കാരൻ ഇടവക സ്വത്തുക്കളുടെ സംരക്ഷണം, വികസനം, വരവുചെലവ് കണക്കുകൾ എന്നിവയ്ക്കു മേൽനോട്ടം വഹിക്കുന്നു. എന്നാൽ കാര്യദർശിയാകട്ടെ, ഇടവകയുടെ കണക്കുകളും യോഗറിപ്പോർട്ടുകളും നിശ്ചിതബുക്കുകളിൽ കൃത്യമായി രേഖപ്പെടുത്തിസൂക്ഷിക്കുന്നു.

## ഇടവകയും ഭക്തസംഘടനകളും

ഇടവകയുടെ പ്രവർത്തനത്തെ സജീവമാക്കുന്നതിൽ ഭക്തസംഘടനകൾ വഹിക്കുന്ന പങ്ക് അനിഷേധ്യമാണ്. തന്റെ അധികാരസീമയിൽപ്പെട്ട ഇടവകയിൽ ഒരു ഭക്തസംഘടന ആരംഭിക്കുന്നതിനും അംഗീകാരം നൽകുന്നതിനുമുള്ള അധികാരം ഭദ്രാസനാധ്യക്ഷന്റേതായിരിക്കും. ഭദ്രാസനത്തിനുപുറത്തു പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ഒരു സംഘടനയുടെ ശാഖ ഇടവകയിൽ ആരംഭിക്കുകയോ, പ്രചരിപ്പിക്കുകയോ ചെയ്യണമെങ്കിൽ ഭദ്രാസനാധ്യക്ഷന്റെ രേഖാമൂലമായ അനുവാദം ആവശ്യമാണ് (CCEO. 575 § 1; CIC. 312). സഭയുടെ പൊതുവായ പ്രബോധനങ്ങൾക്കും നിബന്ധനകൾക്കും അനുസൃതമായി, സഭയുടെ നന്മയ്ക്കും പുരോഗതിക്കുമായി ഭക്തസംഘടനകൾ പ്രവർത്തിക്കുന്നുവെന്ന് ഉറപ്പുവരുത്തുവാൻ ഭദ്രാസനാധ്യക്ഷനും ഇടവകവികാരിക്കും കടമയുണ്ടെന്നു കാനോനസംഹിതകൾ പ്രത്യേകം അനുശാസിക്കുന്നു.

## ഇടവക രേഖകൾ, സാക്ഷ്യപത്രങ്ങൾ

ഇടവകാംഗങ്ങളുടെ സഭാജീവിതത്തെയും ഇടവകയുടെ അസ്തിത്വത്തെയും സംബന്ധിക്കുന്ന നിർണായകരേഖകൾ ഇടവകയിൽ സൂക്ഷ്മമായി രേഖപ്പെടുത്തി സംരക്ഷിക്കേണ്ടതാണ്. അവയുടെ അടിസ്ഥാനത്തിൽ, ആവശ്യാനുസരണം സാക്ഷ്യപത്രങ്ങൾ യഥാവിധി നൽകേണ്ടതുണ്ട്. അതാത് വ്യക്തിസഭകളുടെ നിബ

www.malankaralibrary.com



ഡനകളനുസരിച്ചുള്ള, കൂദാശാപരവും നയ്യാമികവുമായ രേഖകൾ യഥാവിധി സംരക്ഷിക്കുന്നുവെന്ന് വികാരി ഉറപ്പുവരുത്തേണ്ടതാണ്. ഇടവകാംഗങ്ങളുടെ കാനോനികപദവിയെ സംബന്ധിക്കുന്ന എല്ലാ സാക്ഷ്യപത്രങ്ങളിലും വികാരിയോ അദ്ദേഹത്താൽ അധികാരപ്പെടുത്തപ്പെട്ട ആളോ ഒപ്പുവയ്ക്കുകയും ഇടവകയുടെ മുദ്രകുത്തുകയും വേണം (CCEO. 296; CIC. 535). ഇടവകപൊതുയോഗത്തിന്റെയും കമ്മിറ്റിയുടെയും റിപ്പോർട്ടുകൾ കാര്യദർശി യഥാവിധി റിപ്പോർട്ടുബുക്കുകളിൽ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. ഇടവകയുമായി ബന്ധപ്പെട്ട എല്ലാ രേഖകളും ഭദ്രാസനാധ്യക്ഷൻ പ്രസിദ്ധീകരിക്കുന്ന അജപാലനപരമായ കൽപനകളും ലേഖനങ്ങളും കൃത്യമായി ഫയൽ ചെയ്തു സൂക്ഷിക്കുന്നതിന് ഇടവകയിൽ ക്രമീകരണങ്ങൾ ഉണ്ടായിരിക്കേണ്ടത് ആവശ്യമാണ് (CCEO. 296 § 4; CIC.535 § 4).

## സെമിത്തേരിയും മൃതസംസ്കാരവും

ഒരു മനുഷ്യവ്യക്തിയോട് ക്രൈസ്തവ കൂട്ടായ്മയ്ക്കുള്ള ആദരവും സഹാനുഭൂതിയും സാഹോദര്യവുമാണ് മൃതസംസ്കാരാചാരാനുഷ്ഠാനത്തിലൂടെ സഭ വെളിവാക്കുന്നത്. ഈ ആചാരാനുഷ്ഠാനം പവിത്രമായ വിധത്തിൽ നടത്തപ്പെടുമ്പോൾ ഈ സാക്ഷ്യമാണ് ഓരോ ഇടവകയും നൽകുക. തന്മൂലം മൃതസംസ്കാരത്തിനായുള്ള പ്രത്യേക സ്ഥലങ്ങൾ പവിത്രമായി ഇടവകകളിൽ സംരക്ഷിക്കപ്പെടണമെന്ന് സഭാനിയമം അനുശാസിക്കുന്നു.

നിയമവിലക്കില്ലാത്ത എല്ലാ ക്രൈസ്തവവിശ്വാസികൾക്കും വിശ്വാസപരിശീലനത്തിൽ ഏർപ്പെട്ടുകൊണ്ടിരിക്കുന്നവർ (Catechumens)ക്കും സഭാപരമായ മൃതസംസ്കാരം നൽകേണ്ടതാണ്. വേർപെട്ടുപോയ ആത്മാവിനുവേണ്ടിയുള്ള പ്രാർത്ഥന, മൃതശരീരത്തോടുള്ള ആദരവ്, പരേതരുടെ ബന്ധുമിത്രാദികൾക്കു ലഭിക്കേണ്ട സമാശ്വാസം എന്നീ ഘടകങ്ങൾ ഒത്തുചേർന്ന ആരാധനക്രമശുശ്രൂഷയാണ് മൃതസംസ്കാര കർമ്മത്തിലൂടെ ഉദ്ദേശിക്കുക (CCEO. 875; CIC. 1176 § 2). കത്തോലിക്കാസഭയിൽ ജ്ഞാനസ്നാനം നൽകുന്നതിനു മാതാപിതാക്കൾക്ക് ആഗ്രഹമുണ്ടായിരിക്കെ, അവരുടെ കുഞ്ഞുങ്ങൾ ജ്ഞാനസ്നാനം സ്വീകരിക്കുന്നതിനുമുമ്പ് മരിക്കുന്നപക്ഷം ഭദ്രാസനാധ്യക്ഷന്റെ സന്ദർഭോചിതമായ തീരുമാനമനുസരിച്ച് ആ കുഞ്ഞുങ്ങൾക്കും സഭാപരമായ മൃതസംസ്കാരം നൽകാവുന്നതാണ് (CCEO. 876 § 2; CIC. 1183 § 2).

www.malankaralibrary.com



## പ്രാദേശിക സാക്ഷ്യം


സഭയുടെ ദൃശ്യരൂപമായ ഇടവക ഭദ്രാസനാധ്യക്ഷന്റെ അധികാരപരിധിക്കുള്ളിൽ, അദ്ദേഹത്തിന്റെ പ്രതിനിധിയായ ഇടവകവികാരിയുടെ നേതൃത്വത്തിൽ, പ്രാദേശികമായ ഒരു കൂട്ടായ്മാജീവിതം കെട്ടിപ്പടുക്കുമ്പോൾ സാർവത്രികസഭയ്ക്കൊരു പ്രാദേശിക സാക്ഷ്യം കൈവരികയായി. ഇങ്ങനെ കൂട്ടായ്മാജീവിതം നയിക്കുന്നതിനാവശ്യമായ മാർഗനിർദ്ദേശങ്ങളാണ് ഇടവകയെ സംബന്ധിക്കുന്ന സഭാനിയമങ്ങൾ. ഈ സാക്ഷ്യത്തിന്റെ അംശമാണ് സഭാനിയമങ്ങളുടെ അന്തസ്സത്തയായി ഉൾച്ചേർത്തിരിക്കുന്നതെന്ന വസ്തുത നമുക്ക് വിസ്മരിക്കാനാവില്ല.

www.malankaralibrary.com

# 6

# ശ്രേഷ്ഠാചാര്യ ശുശ്രൂഷ പൗരസ്ത്യ കാനോനസംഹിതയിൽ

*ശ്ലീഹന്മാരുടെ പിൻതുടർച്ചക്കാർ എന്നനിലയിൽ ദൈവജനത്തെ പഠിപ്പിക്കാനും പവിത്രീകരിക്കാനും മേയിക്കാനും പരിശുദ്ധാത്മാവിനാൽ നിയുക്തരായ ശ്രേഷ്ഠാചാര്യന്മാരാണ് മെത്രാന്മാർ. സഭയിൽ നേതൃത്വം നൽകുക എന്നതുപോലെതന്നെ ഇതൊരു ശുശ്രൂഷാദൗത്യം കൂടിയാണ്.*



**പ**രിശുദ്ധാത്മാവിനാൽ നിയുക്തരായ മെത്രാന്മാർ ആത്മാക്കളുടെ പാലകരെന്ന നിലയിൽ ശ്ലീഹന്മാരുടെ പിൻഗാമികളാണ്. എല്ലാ ജനപദങ്ങളെയും പഠിപ്പിക്കാനും സത്യത്തിൽ പവിത്രീകരിക്കാനും മേയിക്കാനും വേണ്ടി ക്രിസ്തു അവിടുത്തെ ശ്ലീഹന്മാർക്കും അവരുടെ പിൻഗാമികൾക്കും കൽപനയും അധികാരവും നൽകി. തന്മൂലം മെത്രാന്മാർ അവർക്കു നൽകപ്പെട്ട പരിശുദ്ധാത്മാവിൽ, വിശ്വാസത്തിന്റെ ആധികാരിക പ്രബോധകരും ശ്രേഷ്ഠാചാര്യന്മാരും അജപാലകരുമാണ്. അപ്രകാരം ശ്ലൈഹിക പിൻതുടർച്ചയിലേക്ക് വിളിക്കപ്പെട്ടിരിക്കുന്ന ശ്രേഷ്ഠാചാര്യശുശ്രൂഷയെ ഭദ്രാസനങ്ങളുമായി ബന്ധപ്പെടുത്തി, പൗരസ്ത്യ കാനോനസംഹിതയുടെയും രണ്ടാം വത്തിക്കാൻ സൂനഹദോസിന്റെയും പശ്ചാത്തലത്തിൽ വിശകലനം ചെയ്യുകയാണ് ഈ പ്രബന്ധോദ്ദേശ്യം. പൗസ്ത്യ കാനോനസംഹിതയിൽ ഏഴാം ശീർഷകം 177 മുതൽ 310 വരെയുള്ള കാനോനകളിലാണ്, ശ്രേഷ്ഠാചാര്യശുശ്രൂഷയെയും ഭദ്രാസനങ്ങളെയും കുറിച്ച് പ്രധാനമായും ചർച്ച ചെയ്യുക.

www.malankaralibrary.com



## ഭദ്രാസനങ്ങളിലെ ശ്രേഷ്ഠാചാര്യ ശുശ്രൂഷയും ഹൈറരാർക്കിക്കൽ കൂട്ടായ്മയും

ഭദ്രാസനത്തിന്റെ അജപാലനധർമ്മം സ്വയം നടത്തുന്നതിനായി ഭരമേൽപിക്കപ്പെട്ടിരിക്കുന്ന ഭദ്രാസനാധ്യക്ഷൻ ക്രിസ്തുവിന്റെ വികാരിയും സ്ഥാനപതിയുമെന്ന നിലയിൽ അതിനെ ഭരിക്കുന്നു. ക്രിസ്തുവിന്റെ നാമത്തിൽ അദ്ദേഹം വ്യക്തിപരമായി വിനിയോഗിക്കുന്ന അധികാരം സ്വകീയവും (Proper) ഉദ്യോഗസഹജവും (Ordinary) നേരിട്ടുള്ളതും (Immediate) ആണ്. ഈ അധികാരവിനിയോഗം ആത്യന്തികമായി സഭയുടെ പരമാധികാരത്താൽ നിയന്ത്രിക്കപ്പെട്ടതും സഭയുടെയോ ക്രൈസ്തവവിശ്വാസികളുടെയോ പൊതുനന്മയെ മുന്നിൽ കണ്ടുകൊണ്ട് ചില പരിമിതികൾക്ക് വിധേയമായിരിക്കുന്നതുമാണ് (CCEO. 178).

ഒരു ഭദ്രാസനാധ്യക്ഷൻ അജഗണത്തെ ഒരുമിച്ച് ചേർക്കുന്നത് ക്രിസ്തുവിന്റെ നാമത്തിലും സുവിശേഷത്തിന്റെയും പരിശുദ്ധ കുർബാനയുടെയും ഐക്യത്തിലുമാണ്. മെത്രാപ്പോലീത്തായ്ക്കു ചുറ്റും ഒരുമിച്ച് കൂട്ടപ്പെടുന്ന ഈ ദൈവജനകൂട്ടായ്മ, പരിശുദ്ധാത്മാവിനാൽ ഒരു സമൂഹമായിത്തീരുന്നു. ഇപ്രകാരമുള്ള ഭദ്രാസന സമൂഹത്തിന്റെ അധ്യക്ഷനായ മെത്രാപ്പോലീത്താ മാർപാപ്പയുമായും തന്റെ സ്വയാധികാരസഭയുടെ അധ്യക്ഷനുമായും ലോകമെമ്പാടുമുള്ള കത്തോലിക്കാമെത്രാൻ സംഘ(College of Bishops)വുമായും ഹയരാർക്കിക്കൽ കൂട്ടായ്മയിലായിരിക്കും. ഈ കൂട്ടായ്മയിലൂടെയാണ് ഓരോ ഭദ്രാസനസമൂഹവും അതിന്റെ കാതോലികതയും കത്തോലിക്കാസഭയുടെ മടിത്തട്ടിലെ വിശ്വാസജീവിതത്തിന്റെ തികവും സ്വായത്തമാക്കുന്നത്. കർത്താവിന്റെ നിശ്ചയ പ്രകാരം വിശുദ്ധ പത്രോസും മറ്റ് ശ്ലീഹന്മാരും ചേർന്ന് ഒരു അപ്പസ്തോലസംഘം രൂപവത്കരിച്ചു. അതുപോലെ പത്രോസിന്റെ പിൻഗാമികളായ വ്യക്തിസഭകളുടെ തലവന്മാരും മറ്റു മെത്രാന്മാരും പരസ്പരം ഒന്നുചേർന്നിരിക്കുന്നു. ലോകത്തിന്റെ നാനാഭാഗങ്ങളിൽ ശരിയായി നിയമിതരായ മെത്രാന്മാർ പരസ്പരവും അതാതു വ്യക്തി സഭകളുടെ തലവന്മാരുമായും മാർപാപ്പയുമായും ഐക്യം, സ്നേഹം, സമാധാനം എന്നിവയുടെ ബന്ധത്തിൽ ഏകോപിച്ചിരിക്കുന്നു (LG, 22).

## ഭദ്രാസനഭരണത്തിലെ കാതോലികത

പ്രാദേശിക സഭാഭരണത്തിനു നിയുക്തനായിരിക്കുന്ന ഓരോ മെത്രാപ്പോലീത്തായും മറ്റു സഭാസമൂഹങ്ങളിലോ, സാർവത്രിക

www.malankaralibrary.com



സഭയിലോ എന്നതിലുപരി തന്റെ സൂക്ഷത്തിലിരിക്കുന്ന ദൈവജനവിഭാഗത്തിൽ അജപാലനഭരണം നിർവ്വഹിക്കുന്നു. എന്നാൽ മെത്രാന്മാരുടെ സംഘത്തിലെ അംഗങ്ങളും ശ്ലീഹന്മാരുടെ നിയമാനുസൃത പിൻഗാമികളുമെന്ന നിലയിൽ, ഓരോ മെത്രാപ്പോലീത്തായും ക്രിസ്തുവിന്റെ കൽപനയനുസരിച്ച് സഭ മുഴുവന്റെയും കാര്യത്തിൽ തത്പരനായിരിക്കാൻ ബാധ്യസ്ഥനാണ്. ഈ സാർവത്രിക സഭാ താല്പര്യം ഭരണപരമായി കൈകാര്യം ചെയ്യപ്പെടുന്നില്ലെങ്കിലും സാർവത്രികസഭയുടെ ക്ഷേമത്തെ ഏറെ സഹായിക്കുമെന്ന് സഭ പഠിപ്പിക്കുന്നു. "തന്റെ സംരക്ഷണത്തിന് ഏൽപിക്കപ്പെട്ടിരിക്കുന്ന എല്ലാ ക്രൈസ്തവ വിശ്വാസികളുടെയും കാര്യത്തിൽ, അവർ തന്റെ അധികാരസീമയ്ക്കുള്ളിൽ സ്ഥിരമായി താമസിക്കുന്നവരാണെങ്കിലും—പ്രായം, ജീവിതാവസ്ഥ, ദേശീയത സ്വയാധികാരസഭ എന്നിവയ്ക്കുപരിയായി ഭദ്രാസന മെത്രാപ്പോലീത്ത തന്റെ അജപാലന ധർമ്മ നിർവ്വഹണത്തിൽ ശ്രദ്ധാലുവായിരിക്കണം" (CCEO. 192§1).

ഇതോടൊപ്പം സാർവത്രികസഭയുടെ പൊതുശിക്ഷണവും വിശ്വാസഐക്യവും പരിരക്ഷിക്കുകയും പരിപോഷിപ്പിക്കുകയും ചെയ്യുക, വ്യക്തിസഭയുടെ പ്രത്യേകശിക്ഷണക്രമം പരിപാലിക്കുക, ക്രിസ്തുവിന്റെ മൗതികശരീരത്തിലെ ദരിദ്രരും ക്ലേശിതരുമായ അംഗങ്ങളെയും നീതിയെപ്രതി മർദ്ദനമനുഭവിക്കുന്നവരെയും (മത്താ 5:10) സ്നേഹിക്കുവാൻ വിശ്വാസികളെ ഉപദേശിക്കുക, തിരുസ്സഭ മുഴുവന്റെയും ഗുണത്തിനായുള്ള ഏതൊരു പ്രവർത്തനവും പ്രത്യേകിച്ച് വിശ്വാസം പ്രചരിപ്പിക്കുവാനും പൂർണ്ണസത്യപ്രകാശം ദർശിക്കുവാനും വേണ്ടിയുള്ള യത്നങ്ങളെ പ്രോത്സാഹിപ്പിക്കുക എന്നിവ മെത്രാപ്പോലീത്തമാരുടെ കടമയാകുന്നു. തങ്ങളെ ഭരമേൽപിച്ചിരിക്കുന്ന ഭദ്രാസനങ്ങളെ സാർവത്രികസഭയുടെയും തങ്ങളുടെ വ്യക്തിസഭയുടെയും ഭാഗമായി കരുതി ഭംഗിയായി ഭരിച്ചുകൊണ്ട്, സഭകളുടെ കൂട്ടായ്മയായ മൗതികശരീരത്തിന്റെ മുഴുവൻ സുസ്ഥിരതയ്ക്കുവേണ്ടി കാര്യക്ഷമമായി പ്രവർത്തിക്കുക എന്നതും മെത്രാപ്പോലീത്തമാരുടെ പരിപാവനമായ ധർമ്മമാണ് (LG, 23).

## ഭദ്രാസന മെത്രാപ്പോലീത്തായുടെ അധികാരം

ഉപരിഅധികാരങ്ങൾക്കു വിധേയമായി നിയമപരമായ എല്ലാ കാര്യങ്ങളിലും ഭദ്രാസന മെത്രാപ്പോലീത്താ ഭദ്രാസനത്തെ പ്രതി

www.malankaralibrary.com



നിധീകരിക്കുന്നു (CCEO. 190). ഈ ഭദ്രാസനഭരണം തക്കതായ നിയമനിർമ്മാണ(legislative), ഭരണനിർവ്വഹണ(executive), നീതി ന്യായ(judicial) അധികാരങ്ങളോടു കൂടിയാണ് ഭദ്രാസന മെത്രാപ്പോലീത്താ നിർവ്വഹിക്കുന്നത് (CCEO. 191 §1). ഇതിൽ നിയമ നിർമ്മാണ അധികാരം ഭദ്രാസന മെത്രാപ്പോലീത്താ നേരിട്ടും (Personally) ഭരണനിർവ്വഹണ അധികാരം നേരിട്ടോ അല്ലെങ്കിൽ വികാരിജനറൽമാർ മുഖാന്തിരമോ, നീതിന്യായ അധികാരം നേരിട്ടോ അല്ലെങ്കിൽ ജുഡീഷ്യൽ വികാരിയും ജഡ്ജിമാരും വഴിയായോ നിർവ്വഹിക്കുന്നു (CCEO. 191 §2). ഭദ്രാസനത്തിലെ നിയമനിർമ്മാണ അധികാരം മെത്രാപ്പോലീത്തായിൽ മാത്രമാണ് നിക്ഷിപ്തമായിരിക്കുന്നത്. ഈ അധികാര നിർവ്വഹണത്തിന് വേറെ ആരെയെങ്കിലും ചുമതലപ്പെടുത്തുന്നതിനു സാധിക്കുകയുമില്ല.

സീറോ-മലങ്കര കത്തോലിക്കാസഭയുടെ പ്രത്യേക നിയമപാരമ്പര്യം, ഓരോ ഭദ്രാസനങ്ങളിലും പ്രാബല്യത്തിൽ വരുത്തുന്ന നിയമങ്ങൾ കാലാകാലങ്ങളിൽ സഭയുടെ തലവനും പിതാവുമായ കാതോലിക്കാബാവയെ അറിയിച്ചിരിക്കണമെന്ന് അനുശാസിക്കുന്നുണ്ട്. ഭദ്രാസന മെത്രാപ്പോലീത്തയ്ക്ക് തന്റെ ഭരണനിർവ്വഹണ അധികാരം, (Executive Power) അതാത് ഭദ്രാസനസ്ഥാനത്തുള്ള കൂരിയായുടെ സഹായത്തോടെ നിർവ്വഹിക്കാവുന്നതാണ് (CCEO. 243 §1). നീതിന്യായ നിർവ്വഹണത്തിൽ പ്രഥമ ന്യായാധിപൻ മെത്രാപ്പോലീത്ത ആയിരിക്കും. ഈ ദൗത്യനിർവഹണത്തിനായി ഭദ്രാസനകോടതിയും ജുഡീഷ്യൽ വികാരിയെയും ജഡ്ജിമാരെയും നിയമിക്കാവുന്നതാണ്. ഈ നീതിനിർവ്വഹണം പൗരസ്ത്യ കാനോനസംഹിതയിലെ 1055 മുതൽ 1400 വരെയുള്ള കാനോനകൾക്ക് അനുസൃതമായി നടത്തപ്പെടേണ്ടതാണ്.

## ഭദ്രാസന മെത്രാപ്പോലീത്തയുടെ ത്രിവിധ ധർമ്മങ്ങൾ

പഠിപ്പിക്കുക, വിശുദ്ധീകരിക്കുക, ഭരിക്കുക എന്നീ ത്രിവിധ ധർമ്മങ്ങൾ ഒരു ഭദ്രാസന മെത്രാപ്പോലീത്തയുടെ ശ്രേഷ്ഠാചാര്യ ശുശ്രൂഷാദൗത്യവുമായി അഭേദ്യമായി ബന്ധപ്പെട്ടിരിക്കുന്നു. ഓരോ ഭദ്രാസനത്തിന്റെയും ഭരണഭാരം ഏൽപിക്കപ്പെട്ടിരിക്കുന്ന മെത്രാപ്പോലീത്താമാർ, മാർപാപ്പയ്ക്കും തങ്ങളുടെ സ്വയാധികാരസഭയുടെ നേതൃത്വത്തിനും വിധേയമായി തങ്ങളുടെ കീഴിലുള്ള അജഗണത്തെ സ്വന്തവും സാധാരണവും ആയ അധികാരത്തിൽ മേയിക്കു

www.malankaralibrary.com



ന്നു. പഠിപ്പിക്കുക, വിശുദ്ധീകരിക്കുക, ഭരിക്കുക എന്നീ ചുമതലകൾ നിർവ്വഹിച്ചുകൊണ്ടാണ് ഇത് സാധിക്കേണ്ടത് (LG, 11). മെത്രാൻ സംഘത്തിലെ (College of Bishops) അംഗമെന്ന നിലയ്ക്ക് സഭയുടെ ഔദ്യോഗിക പ്രബോധനാധികാരത്തിൽ ഓരോ മെത്രാപ്പോലീത്തായും പങ്കുചേരുന്നു.

ഭദ്രാസനത്തിലെ വിശ്വാസികളുടെ തലവനായ മെത്രാപ്പോലീത്ത വിശ്വാസസത്യങ്ങളെ വിശദീകരിച്ചുകൊടുക്കുവാനും പഠിപ്പിക്കുവാനും പ്രത്യേകം ശ്രദ്ധിക്കാറുണ്ട്. അതിനായി ദൈവവചനം നേരിട്ടു മധ്യേയുള്ള വചനപ്രഘോഷണത്തിന്റെ കാര്യത്തിലും വിശ്വാസ പരിശീലനത്തിന്റെ കാര്യത്തിലും സാർവ്വത്രികസഭയുടെ നിർദ്ദേശങ്ങൾ തന്റെ ഭദ്രാസനത്തിൽ നടപ്പിലാക്കപ്പെടുന്നുവെന്ന് അദ്ദേഹം ഉറപ്പുവരുത്തണം. വിശ്വാസസത്യങ്ങളെ അതിന്റെ പൂർണ്ണതയിൽ കാത്തുസൂക്ഷിക്കുവാനും കൈമാറുവാനുമുള്ള ഉത്തരവാദിത്തം ഭദ്രാസനമെത്രാപ്പോലീത്തായ്ക്കുണ്ട് (കാനോന, 196§1-2).

"തങ്ങളുടെ പ്രബോധനധർമ്മ നിർവ്വഹണത്തിൽ മെത്രാപ്പോലീത്താമാർ ക്രിസ്തുവിന്റെ സുവിശേഷം മനുഷ്യരെ അറിയിക്കണം. അതാണവരുടെ മുഖ്യകർത്തവ്യവും ദൗത്യവും. മനുഷ്യരെ പരിശുദ്ധാത്മശക്തിയാൽ വിശ്വാസത്തിലേക്കു ആഹ്വാനം ചെയ്യുകയും സജീവവിശ്വാസത്തിൽ അവരെ അടിയുറപ്പിക്കുകയും വേണം" (CD,12). അതോടൊപ്പം എല്ലാ ഭൗതികവസ്തുക്കളും സ്രഷ്ടാവായ ദൈവത്തിന്റെ പദ്ധതിപ്രകാരമുള്ള മാനുഷിക സ്ഥാപനങ്ങളും മനുഷ്യരക്ഷയ്ക്കായിക്കൂടെ ഉദ്ദേശിക്കപ്പെട്ടവയാണെന്നും അതിനാൽ, ഈ പ്രേഷിതദൗത്യത്തിൽ അവയ്ക്ക് നല്ല പങ്കുവഹിക്കാൻ കഴിയുമെന്നും മെത്രാപ്പോലീത്താമാർ കാണിച്ചുകൊടുക്കേണ്ടതുണ്ട് (CD,12). ജനങ്ങളെ വല്ലാതെ അലട്ടുകയും കഷ്ടപ്പെടുത്തുകയും ചെയ്യുന്ന വിഷമ പ്രശ്നങ്ങൾക്കുള്ള പരിഹാരം എന്ന നിലയിൽ ക്രൈസ്തവ സിദ്ധാന്തങ്ങളെ കാലോചിതമായ ആവശ്യങ്ങൾക്ക് യോജിച്ചവിധത്തിൽ ഭദ്രാസന മെത്രാപ്പോലീത്തമാർ അവതരിപ്പിക്കണം (CD,13). "ക്രൈസ്തവ സിദ്ധാന്ത പ്രചരണത്തിന് ഇന്നു നിലവിലുള്ള മാധ്യമങ്ങളെ പരമാവധി പ്രയോജനപ്പെടുത്തുവാൻ അവർ അശ്രാന്തം പരിശ്രമം ചെയ്യേണ്ടതുണ്ട്" (CD,13).

സ്നേഹത്തിലും വിനയത്തിലും ജീവിതലാളിത്യത്തിലും വിശുദ്ധിയുടെ മാതൃക നൽകുവാൻ തനിക്കുള്ള കടമയിൽ ശ്രദ്ധിക്കുന്നതോടൊപ്പം, ഭദ്രാസന മെത്രാപ്പോലീത്താ ക്രൈസ്തവ വിശ്വാസി

www.malankaralibrary.com



കളുടെ വിശുദ്ധിയെ അവരുടെ ജീവിതാവസ്ഥക്കനുസരിച്ച് പരിപോഷിപ്പിക്കുവാൻ എല്ലാവിധത്തിലും പരിശ്രമിക്കണം. ദൈവിക രഹസ്യങ്ങളുടെ പരികർമ്മി എന്ന നിലയിൽ തന്റെ സംരക്ഷണത്തിനേൽപ്പിക്കപ്പെട്ടിരിക്കുന്ന ക്രൈസ്തവ വിശ്വാസികൾ കൂദാശകളുടെ സ്വീകരണത്തിലൂടെ, വിശിഷ്യ വിശുദ്ധ കുർബാനയിലുള്ള സജീവ ഭാഗഭാഗിത്വത്തിലൂടെ പ്രസാദവരത്തിൽ വളരുവാനും ക്രിസ്തുരഹസ്യം ആഴമായി അറിയുവാനും ജീവിക്കുവാനും അങ്ങനെ ക്രിസ്തുവിന്റെ സ്നേഹത്തിന്റെ ഐക്യത്തിൽ അവർ ഏകശരീരമായിത്തീരുവാനും അദ്ദേഹം ശ്രദ്ധിക്കേണ്ടതാണ് (CCEO. 197).

"പരിപൂർണ്ണതയിലേക്കുള്ള മാർഗദർശനം നൽകുന്നവരെന്ന നിലയിൽ മെത്രാപ്പോലീത്താമാർ വൈദികഗണത്തിന്റെയും സന്യാസികളുടെയും അല്മായരുടെയും വിശുദ്ധി, അവരവരുടെ പ്രത്യേക ദൈവവിളിക്കനുസൃതമായി പരിപോഷിപ്പിക്കുന്നതിൽ ജാഗ്രതയുള്ളവരായിരിക്കണം" (CD, 15).

"തനിക്ക് ഭരമേൽപിക്കപ്പെട്ടിരിക്കുന്ന ഭദ്രാസനത്തിലെ ആരാധനാജീവിതം മുഴുവന്റെയും നിയന്താവും പ്രോത്സാഹകനും (Promoter) സംരക്ഷകനും എന്ന നിലയിൽ, അതിനെ പരമാവധി പരിപോഷിപ്പിക്കുവാനും തന്റെ സ്വയാധികാരസഭയുടെ നിയമാനുസൃതമായ ആചാരങ്ങൾക്കും നിബന്ധനകൾക്കും അനുസരിച്ച് ക്രമീകരിക്കുവാനും ഭദ്രാസന മെത്രാപ്പോലീത്താ ശ്രദ്ധാലുവായിരിക്കണം" (CCEO. 199 §1). ഭദ്രാസനത്തിൽ എവിടെയും തിരുക്കർമ്മങ്ങൾ ആഘോഷിക്കുവാനും ഭദ്രാസന മെത്രാപ്പോലീത്തായ്ക്ക് അധികാരമുണ്ട്. ഭദ്രാസനത്തിലെ ദൈവജനത്തിനുവേണ്ടി ഭദ്രാസനമെത്രാപ്പോലീത്താമാർ കൂടെക്കൂടെ വിശുദ്ധ കുർബാനയർപ്പിക്കണം (CCEO. 198).

മെത്രാപ്പോലീത്താമാർ, പിതാവും അജപാലനും എന്ന നിലയിലുള്ള ചുമതലവഹിക്കുകയും സ്വജനങ്ങളുടെ മധ്യേ ശുശ്രൂഷ ചെയ്യുന്നവരെപോലെ വർത്തിക്കുകയും ചെയ്യേണ്ടതാണ്. നല്ലിടയൻ സ്വന്തം അജഗണത്തെ അറിയുന്നു. അതുപോലെ ഇടയന്മാരെ അജഗണവും. സ്നേഹചൈതന്യത്തിലും എല്ലാവരോടുമുള്ള താത്പര്യത്തിലും യഥാർത്ഥ പിതാക്കന്മാരായിരിക്കണമവർ (CD, 6). സകല മനുഷ്യരുടെയും മുമ്പാകെ ക്രിസ്തുവിനു സാക്ഷ്യം വഹിക്കുന്ന വിധത്തിലായിരിക്കണം മെത്രാപ്പോലീത്താമാർ തങ്ങളെത്തന്നെ ശ്ലൈഹികവൃത്തിക്കായി സമർപ്പിക്കേണ്ടത്. ഇടയന്മാരുടെ തലവ

www.malankaralibrary.com



നായ ക്രിസ്തുവിനെ അനുഗമിക്കുന്നവരുടെ കാര്യം മാത്രം ശ്രദ്ധിച്ചാൽ പോരാ, സത്യത്തിന്റെ മാർഗ്ഗത്തിൽനിന്ന് ഏതെങ്കിലും വിധത്തിൽ വഴുതിപ്പോയവരെയും ക്രിസ്തുവിന്റെ സുവിശേഷത്തെയും രക്ഷാകരകാരുണ്യത്തെയും പറ്റി അജ്ഞരായവരെയും സേവിക്കാൻ സമ്പൂർണ്ണഹൃദയത്തോടെ മെത്രാപ്പോലീത്തമാർ സ്വയം അർപ്പണം ചെയ്യേണ്ടതാണ് (CD, 11).

"സാർവത്രികസഭയുടെ ഐക്യം കാത്തുസൂക്ഷിക്കുവാൻ കടപ്പെട്ടവനായതുകൊണ്ട് ഭദ്രാസന മെത്രാപ്പോലീത്ത സഭയുടെ പൊതുവായ ശിക്ഷണക്രമത്തെ (descipline) പരിപോഷിപ്പിക്കുകയും എല്ലാ സഭാനിയമമാനുസൃത ആചാരങ്ങളുടെയും പാലനത്തിന് പ്രേരിപ്പിക്കുകയും ചെയ്യണം" (CCEO. 201 §1). മെത്രാൻസംഘത്തിലെ അംഗമെന്ന നിലയ്ക്ക് ഓരോ മെത്രാനും സാർവത്രിക സഭയിൽ ഐക്യവും അച്ചടക്കവും പാലിക്കപ്പെടുന്നുണ്ട് എന്ന് ഉറപ്പുവരുത്തേണ്ടതാണ്. അതിനാൽ സഭയിൽ ഐക്യം വളർത്താൻ ശ്രദ്ധിക്കുന്നതോടൊപ്പം തന്നെ, സഭയിലെ നിയമങ്ങൾ അഭംഗുരം പാലിക്കപ്പെടുന്നതിന് ശ്രദ്ധിക്കേണ്ടതുമുണ്ട്. സഭാനിയമങ്ങളെ ദുരുപയോഗപ്പെടുത്താതിരിക്കുന്നതിന് ശ്രദ്ധിക്കേണ്ടതുമുണ്ട്. സഭാനിയമങ്ങളെ ദുരുപയോഗപ്പെടുത്താതിരിക്കാനും പ്രത്യേകിച്ച് ദൈവവചന പ്രഘോഷണം, കൂദാശകളുടെയും കൂദാശാനുകരണങ്ങളുടെയും പരികർമ്മം, ദൈവാരാധന, വിശുദ്ധരുടെ വണക്കം, സത്കാര്യങ്ങൾക്കായി സമർപ്പിക്കപ്പെട്ട സ്വത്തുവകകളുടെ കൈകാര്യം എന്നിവയിലൊന്നും ദുരുപയോഗങ്ങൾ വരാതെ ശ്രദ്ധിക്കുന്നതിനുള്ള ഉത്തരവാദിത്തവും ഭദ്രാസന മെത്രാപ്പോലീത്തായ്ക്കുണ്ടെന്ന് പൗരസ്ത്യ കാനോനസംഹിത അനുശാസിക്കുന്നു.

## ഭദ്രാസനത്തിലെ അപ്പസ്തോലിക പ്രവർത്തനങ്ങൾ

ഭദ്രാസന മെത്രാപ്പോലീത്ത തന്റെ ഭദ്രാസനത്തിൽ വിവിധ തരത്തിലുള്ള അപ്പസ്തോലിക പ്രവർത്തനങ്ങളെ പ്രോത്സാഹിപ്പിക്കുകയും, ഭദ്രാസനം മുഴുവനിലോ ഏതെങ്കിലും പ്രത്യേക മേഖലകളിലോ ഉള്ള അപ്പസ്തോലിക പ്രവർത്തനങ്ങളും, ഓരോന്നിന്റെയും പ്രത്യേകതകൾ കാത്തുസൂക്ഷിച്ചുകൊണ്ട്, തന്റെ മേൽനോട്ടത്തിൽ ഏകോപിപ്പിക്കപ്പെടുന്നുവെന്ന് ഉറപ്പുവരുത്തുകയും ചെയ്യേണ്ടതാണ് (CCEO. 203 §1). സന്യാസസമൂഹങ്ങളുടെയും (CCEO. 573—575). അപ്പസ്തോലിക പ്രവർത്തനങ്ങൾ ഏകോപിപ്പിക്കപ്പെടുമ്പോൾ സഭയുടെ പൊതുനിയമങ്ങൾ നൽകുന്ന അനുശാസന

www.malankaralibrary.com



കൾ പാലിക്കപ്പെടേണ്ടതാണ്.

ഓരോ വർഷവും ഭദ്രാസനം മുഴുവനിലുമോ കുറേ ഭാഗമെങ്കിലുമോ കാനോനിക സന്ദർശനം നടത്തുവാൻ ഭദ്രാസന മെത്രാപ്പോലീത്തായ്ക്ക് കടമയുണ്ട് (CCEO. 205 §1). ഭദ്രാസനാതിർത്തിക്കുള്ളിലെ ഇടവകകളിൽ നടക്കുന്ന ഈ കാനോനിക സന്ദർശനത്തിലൂടെ, ദൈവജനത്തെ പ്രോത്സാഹിപ്പിക്കുകയും വളർത്തുകയും നയിക്കുകയും മാർഗനിർദ്ദേശങ്ങൾ നൽകുകയുമാണ് ചെയ്യേണ്ടത്.

സഭ അംഗീകരിച്ചിട്ടുള്ള തത്ത്വങ്ങൾക്കനുസൃതമായി ക്രൈസ്തവർക്കിടയിലുള്ള ഐക്യം പരിപോഷിപ്പിക്കുന്നതിന് ഭദ്രാസന മെത്രാപ്പോലീത്താ പ്രത്യേകം ശ്രദ്ധിക്കണമെന്നും കാനോനസംഹിത അനുശാസിക്കുന്നു (CCEO. 192 §2). തന്റെ ഭരണാതിർത്തിക്കുള്ളിൽ മാമ്മോദീസ സ്വീകരിക്കാത്തവരെ, കർത്താവിൽ തനിക്ക് ഏൽപിക്കപ്പെട്ടിരിക്കുന്നവരായി കണ്ട്, സഭാകൂട്ടായ്മയിൽ ജീവിക്കുന്ന ക്രൈസ്തവ വിശ്വാസികളുടെ സാക്ഷ്യം വഴിയായി ക്രിസ്തുവിന്റെ സ്നേഹം അവരിൽ പ്രകാശിപ്പിക്കപ്പെടുവാൻ ഭദ്രാസനമെത്രാപ്പോലീത്ത പ്രത്യേകം ശ്രദ്ധിക്കണമെന്ന് കാനോനസംഹിത ഓർമ്മിപ്പിക്കുന്നു (CCEO. 192 §3).

## ഭദ്രാസനമെത്രാപ്പോലീത്തായും വൈദികരും

ഒരു ഭദ്രാസനത്തിലെ പ്രേഷിതജീവിതത്തിൽ വൈദികർക്ക് നിർണ്ണായക പങ്കാണ് വഹിക്കാനുള്ളത്. ഭദ്രാസനമെത്രാപ്പോലീത്തായ്ക്ക് വൈദികരോട് സവിശേഷമായ താത്പര്യം ഉണ്ടായിരിക്കണം. തന്റെ സഹകാരികളും ഉപദേശകരും എന്ന നിലയിൽ അദ്ദേഹം അവരെ ശ്രവിക്കുകയും അവകാശങ്ങൾ സംരക്ഷിക്കുകയും അവർ തങ്ങളുടെ ജീവിതാന്തസ്സിനടുത്ത കടമകൾ നിർവ്വഹിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുകയും വേണം. അവരുടെ ആധ്യാത്മികവും ബൗദ്ധികവുമായ ജീവിതം പരിപോഷിപ്പിക്കുന്നതിന് ആവശ്യമായ ഉപാധികളും സംവിധാനങ്ങളും അവർക്ക് ലഭ്യമാക്കുവാൻ ഭദ്രാസന മെത്രാപ്പോലീത്താ പ്രത്യേകം ശ്രദ്ധിക്കേണ്ടതുണ്ടെന്നും കാനോനസംഹിത അനുസ്മരിപ്പിക്കുന്നു (CCEO. 192 §2).

മെത്രാപ്പോലീത്താമാർ സ്നേഹചൈതന്യത്താൽ നിറഞ്ഞ് സവിശേഷമായ കൂട്ടായ്മ വൈദികർക്കിടയിൽ വളർത്തേണ്ടതാണ്. കാരണം മെത്രാപ്പോലീത്തായുടെ ജോലികളും ദൗത്യവും ഒരു പങ്ക് ഏറ്റെടുത്തുകൊണ്ട്, പ്രതിദിന അജപാലന കർത്തവ്യങ്ങൾ നിർവ്വ

www.malankaralibrary.com



ഹിക്കുന്നവരാണ് വൈദികർ. മക്കളും സുഹൃത്തുക്കളുമെന്ന ഭാവേന വൈദികരോട് അവർ വർത്തിക്കണം. തന്മൂലം വൈദികരെ ശ്രദ്ധിക്കുവാൻ മെത്രാപ്പോലീത്താമാർ സന്നദ്ധത പ്രകടിപ്പിച്ചുകൊണ്ട് ഭദ്രാസനത്തിന്റെ മുഴുവൻ അജപാലനപരമായ പ്രവർത്തനങ്ങൾ ഏകോപിക്കുകയും വേണം (CD, 16).

വൈദികരുടെ ആധ്യാത്മികവും മാനസികവും ഭൗതികവുമായ സുസ്ഥിതിയിൽ മെത്രാപ്പോലീത്താമാർ തത്പരരായിരിക്കണം. തത്ഫലമായി വിശുദ്ധവും ഭക്തിനിർഭരവുമായ ജീവിതം നയിക്കുവാനും വൈദികശുശ്രൂഷ വിശ്വസ്തമായും സഫലമായും നിർവഹിക്കുവാനും വൈദികർ പ്രാപ്തരാകും. അതുകൊണ്ട് ഇടയ്ക്കിടയ്ക്ക് വൈദികരെല്ലാം ഒന്നുചേരുന്നതിനുള്ള പ്രത്യേക സമ്മേളനങ്ങൾ സംഘടിപ്പിക്കുന്നതിന് സ്ഥാപനങ്ങൾ ഉണ്ടാകുകയും വേണം. അവിടെവെച്ച് ജീവിത നവീകരണാർത്ഥം സുദീർഘമായ ആത്മീയാഭ്യാസങ്ങൾ നടത്താനും അതുപോലെതന്നെ സഭാസംബന്ധമായ വിഷയങ്ങൾ, പ്രത്യേകിച്ച് വിശുദ്ധലിഖിതങ്ങൾ, ദൈവശാസ്ത്ര പ്രാധാന്യമേറിയ സാമൂഹികപ്രശ്നങ്ങൾ, കാര്യക്ഷമമായ അജപാലനധർമ്മനിർവ്വഹണത്തിനുതകുന്ന നൂതനമാർഗ്ഗങ്ങൾ എന്നിവയിൽ അഗാധജ്ഞാനം സമ്പാദിക്കാനും വൈദികർക്ക് സൗകര്യം ലഭിക്കണം. ഏതെങ്കിലും വിധത്തിലുള്ള അപകടസ്ഥിതിയിൽ വ്യാപരിക്കുകയോ, വല്ല സംഗതികളിലും തെറ്റുപറ്റുകയോ ചെയ്യുന്ന വൈദികരോട്, സജീവമായ കാരുണ്യത്തോടെ മെത്രാപ്പോലീത്തമാർ വർത്തിക്കണമെന്ന് രണ്ടാംവത്തിക്കാൻ സൂനഹദോസ് പഠിപ്പിക്കുന്നു (CD, 16). "ഇനി ഞാൻ നിങ്ങളെ ദാസന്മാർ എന്ന് വിളിക്കുകയില്ല. കാരണം യജമാനൻ ചെയ്യുന്നതെന്തെന്ന് ദാസൻ അറിയുന്നില്ല. എന്നാൽ ഞാൻ നിങ്ങളെ സ്നേഹിതന്മാർ എന്നുവിളിച്ചു. എന്തെന്നാൽ എന്റെ പിതാവിൽ നിന്ന് കേട്ടതെല്ലാം നിങ്ങളെ ഞാൻ അറിയിച്ചു" (യോഹ 15:15). യേശുവിന് തന്റെ ശിഷ്യന്മാരോടുണ്ടായിരുന്നതുപോലുള്ള ആഴമായ സുഹൃദ്ബന്ധം മെത്രാപ്പോലീത്തായ്ക്കും വൈദികർക്കുമിടയിൽ ഉണ്ടാകണമെന്ന് സൂനഹദോസ് അനുശാസിക്കുന്നു. യേശു തന്റെ ശിഷ്യന്മാർക്കുവേണ്ടി ഇപ്രകാരം പ്രാർത്ഥിക്കുന്നുണ്ട്. "അവരെല്ലാവരും ഒന്നായിരിക്കാൻവേണ്ടി പിതാവേ അങ്ങെന്നിലും ഞാൻ അങ്ങയിലും ആയിരിക്കുന്നതുപോലെ അവരും നമ്മിൽ ആയിരിക്കുന്നതിനും അങ്ങനെ അവിടുന്ന് എന്നെ അയച്ചുവെന്ന് ലോകം അറിയുന്നതി

www.malankaralibrary.com



നുംവേണ്ടി ഞാൻ പ്രാർത്ഥിക്കുന്നു" (യോഹ 17:21). വൈദികർക്കിടയിലെ ഐക്യവും സ്നേഹവും ആധ്യാത്മികതയും സംഘാതമായ പ്രേഷിതപ്രവർത്തനത്തിന് ഒഴിച്ചുകൂടാനാവാത്ത ഘടകങ്ങളാണ്. ഇവയെ പ്രോജ്ജ്വലിപ്പിക്കുന്ന ഇന്ധനമായിരിക്കണം ഭദ്രാസന മെത്രാപ്പോലീത്തയുടെ പ്രാർത്ഥനയും ആധ്യാത്മിക ജീവിതവും.

വൈദികരുടെയും—വിവാഹിതരാണെങ്കിൽ അവരുടെ കുടുംബങ്ങളുടെയും—മാന്യമായ ജീവസന്ധാരണത്തിനും സുരക്ഷിതത്വത്തിനും ആരോഗ്യസംരക്ഷണത്തിനും നിയമാനുസൃതം ആവശ്യമായത് ചെയ്യുവാൻ ഭദ്രാസന മെത്രാപ്പോലീത്താ ശ്രദ്ധിക്കണമെന്ന് കാനോനസംഹിത അനുശാസിക്കുന്നു (CCEO. 192§5). ഒപ്പം ഭദ്രാസനമെത്രാപ്പോലീത്തായ്ക്ക് തന്റെ അധികാരത്തിൻ കീഴിലുള്ള വൈദികർക്ക്, അവരുടെ പ്രവർത്തനങ്ങളുടെ അംഗീകാരമായി സ്വയാധികാരസഭയുടെ പ്രത്യേകനിയമം അനുസരിച്ച് പ്രത്യേക ബഹുമതികൾ നൽകാവുന്നതാണ് (CCEO. 194). പൗരോഹിത്യത്തിലേക്കും ആശ്രമജീവിതത്തിലേക്കും മറ്റ് സമർപ്പിതജീവിതാന്തസ്സുകളിലേക്കുമുള്ള ദൈവവിളികൾ പ്രോത്സാഹിപ്പിക്കുന്നതിന് ഭദ്രാസനമെത്രാപ്പോലീത്താ അതീവശ്രദ്ധാലുവായിരിക്കണമെന്നും കാനോനസംഹിത ഓർമ്മിപ്പിക്കുന്നു (CCEO. 195).

## ഉപസംഹാരം

ശ്ലീഹന്മാരുടെ പിൻതുടർച്ചക്കാർ എന്ന നിലയിൽ ദൈവജനത്തെ പഠിപ്പിക്കാനും പവിത്രീകരിക്കാനും മേയിക്കാനും പരിശുദ്ധാത്മാവിനാൽ നിയുക്തരായ ശ്രേഷ്ഠാചാര്യന്മാരാണ് മെത്രാന്മാർ. സഭയിൽ നേതൃത്വം നൽകുക എന്നതുപോലെതന്നെ ഇതൊരു ശുശ്രൂഷാദൗത്യം കൂടിയാണ്. ദൈവജനത്തിന് ശുശ്രൂഷചെയ്യുന്നതിലൂടെ, ദൈവാരാധനയിലേക്കും കൃപാവരത്തിന്റെ തികവിലേക്കും അവരെ നയിക്കുകയാണ് ശ്രേഷ്ഠാചാര്യന്മാർ. സിറോ-മലങ്കര കത്തോലിക്കാസഭയിൽ ദൈവജനത്തിന്റെ ശ്രേഷ്ഠരായ പിതാക്കന്മാരാണവർ. കൈമുത്തി ദൈവാനുഗ്രഹം അവരിൽനിന്ന് സ്വീകരിക്കുന്ന പാരമ്പര്യമാണ് നമുക്കുള്ളത്. ദൈവാനുഗ്രഹത്തിന്റെ പ്രദായകരായ പിതാക്കന്മാരുടെ നേതൃത്വം വഴി സഭ വളർച്ചയുടെ പാതയിൽ നിരന്തരം മുന്നേറട്ടെ.

www.malankaralibrary.com

# 7

# പൗരോഹിത്യം പൗരസ്ത്യ കാനോനസംഹിതയിൽ

*മെത്രാനും വൈദികരും ശെമ്മാശന്മാരും അടങ്ങുന്ന ഈ കൂട്ടായ്മ ദൈവജനശുശ്രൂഷ എന്ന ലക്ഷ്യം മുന്നിൽ കണ്ടുകൊണ്ട് പ്രവർത്തനനിരതമാകുമ്പോൾ അത് സാർവത്രിക സഭയ്ക്ക് ഒരു പ്രാദേശിക സാക്ഷ്യമായി ഭവിക്കുന്നു*



**അ**പ്പസ്തോലിക കാലം മുതൽ സഭയിൽ വിവിധ ശുശ്രൂഷാസ്ഥാനങ്ങൾ നിലനിന്നിരുന്നു. കർത്താവായ യേശുക്രിസ്തു തന്നെ, ശ്ലീഹന്മാരെ തെരഞ്ഞെടുക്കുകയും അവർക്ക് പ്രത്യേക നിയോഗം നൽകി അയയ്ക്കുകയും ചെയ്തു (മത്താ 10:1–15). സഭയെ നയിക്കുന്നതിനും പഠിപ്പിക്കുന്നതിനും വിശുദ്ധീകരിക്കുന്നതിനും ഉള്ള അധികാരം ലഭിച്ച ശ്ലീഹന്മാർ, പിന്നീട് തങ്ങളുടെ ശുശ്രൂഷകളിൽ സഹായിക്കുന്നതിന് പലരെയും തെരഞ്ഞെടുക്കുകയും കൈവയ്പു നൽകി അധികാരപ്പെടുത്തുകയും ചെയ്തു. ഇങ്ങനെ സഭയിൽ വിവിധ പൗരോഹിത്യശുശ്രൂഷാക്രമങ്ങൾ നിലവിൽവന്നു. ഇപ്രകാരം തെരഞ്ഞെടുക്കപ്പെടുന്നവരെല്ലാവരും ക്രിസ്തുവിന്റെ ശുശ്രൂഷാപൗരോഹിത്യത്തിൽ, തങ്ങളുടേതായ നിലയിൽ പങ്കുപറ്റുന്നു. ശ്ലീഹന്മാരുടെ പിൻഗാമികളായ മെത്രാന്മാർ കൈവയ്പു വഴി അവരെ പൗരോഹിത്യത്തിൽ പങ്കുകാരാകുന്നു. ഇപ്രകാരം നിയോഗിക്കപ്പെടുന്ന പുരോഹിതശുശ്രൂഷകരുടെ ജീവിതത്തെക്കുറിച്ച് പ്രതിപാദിക്കാനാണ് പൗരസ്ത്യസഭകളുടെ കാനോനികസംഹിത (CCEO)

www.malankaralibrary.com



അതിന്റെ പത്താംശീർഷകം മുഴുവൻ നീക്കിവച്ചിരിക്കുന്നത് (CCEO. 323-398). ഈ കാനോനകളുടെ ആമുഖമായി കാനോനസംഹിതയിൽ ഉരുത്തിരിയുന്ന പൗരോഹിത്യദർശനത്തിലേക്ക് ഒരു അന്വേഷണം നടത്തുകയാണ് ഈ ലേഖനത്തിൽ.

## പൗരോഹിത്യം: ഒരു കാനോനിക നിർവ്വചനം

പൗരോഹിത്യ ശുശ്രൂഷികളെ സൂചിപ്പിക്കുവാനായി പൗരസ്ത്യ കാനോനസംഹിതയിൽ ഉപയോഗിച്ചിരിക്കുന്ന പദം 'ക്ലെരിക്' എന്നതാണ്. ഈ പദം ഗ്രീക്കുഭാഷയിലെ ക്ലേരോസ് എന്ന സംജ്ഞയിൽ നിന്നും ഉരുത്തിരിഞ്ഞുവന്നതാണ്. ഇതിന്റെ വാച്യാർത്ഥം നറുക്ക് എന്നാണ്. അതായത് 'ക്ലെരിക്' എന്നാൽ നറുക്കെടുപ്പിലൂടെ തെരഞ്ഞെടുക്കപ്പെടുന്നവൻ എന്നർത്ഥം (അപ്പ. പ്ര 1:26). പിൽക്കാലങ്ങളിൽ നറുക്കെടുപ്പ് കൂടാതെ പൗരോഹിത്യശുശ്രൂഷയ്ക്ക് തെരഞ്ഞെടുക്കപ്പെടുന്നവരും 'ക്ലെരിക്' എന്നറിയപ്പെടാൻ തുടങ്ങി. ഇവരെ വിശുദ്ധ ശുശ്രൂഷികൾ (Sacred Ministers) എന്നും കാനോനസംഹിത വിളിക്കുന്നു. ഇവിടെ വിശുദ്ധ എന്ന പദത്തിനർത്ഥം മതപരമായത് എന്നാണ്. ലൗകീകമായ സേവനങ്ങളിൽനിന്നും പൗരോഹിത്യശുശ്രൂഷയെ വ്യതിരിക്തമായി കാണുവാൻ ഇത് ഉപയോഗിച്ചിരിക്കുന്നു എന്ന് സൂചിതം.

പൗരസ്ത്യ കാനോനസംഹിതയിൽ പൗരോഹിത്യത്തിന് ഒരു നിർവ്വചനം തന്നെ കണ്ടെത്താനാവും. ഔദ്യോഗിക സഭാധികാരിയാൽ തെരഞ്ഞെടുക്കപ്പെട്ട, ഇടയനായ ക്രിസ്തുവിന്റെ ദൗത്യത്തിലും അധികാരത്തിലും പങ്കുചേരുന്ന സഭാശുശ്രൂഷകരായിത്തീരുന്നതിന്, പൗരോഹിത്യ സ്വീകരണത്തിലൂടെ ലഭിക്കുന്ന പരിശുദ്ധാത്മാവിന്റെ ദാനത്താൽ നിയുക്തരായ ക്രൈസ്തവവിശ്വാസികളാണ് വിശുദ്ധ ശുശ്രൂഷികൾ എന്നുകൂടി വിളിക്കപ്പെടുന്ന പുരോഹിതർ (CCEO. 323). ഈ കാനോനിക നിർവ്വചനത്തിൽ അഞ്ചുവ്യത്യസ്ത മാനങ്ങൾ ഉൾച്ചേർന്നിരിക്കുന്നു.

### 1. ക്രിസ്തു കേന്ദ്രീകൃതം(Christocentric)

ഇടയനായ ക്രിസ്തുവിന്റെ ദൗത്യത്തിലും അധികാരത്തിലും പങ്കുചേരുന്ന സഭാശുശ്രൂഷകരായി തീരുന്നതിനാണ് പുരോഹിതർ വിളിക്കപ്പെട്ടിരിക്കുന്നത്. ക്രിസ്തുവാണ് പരിശുദ്ധാത്മാവിൽ ഈ ശുശ്രൂഷകരെ വിളിക്കുന്നത് (CCEO. 328 § 1).

www.malankaralibrary.com



**2. പരിശുദ്ധാത്മപരം (Pneumatological)**

പരിശുദ്ധാത്മാവിന്റെ ദാനത്തിലാണ് ഒരുവൻ പുരോഹിതനാവുന്നത്. "പ്രവചനപ്രകാരവും സഭാശ്രേഷ്ഠന്മാരുടെ കൈവയ്പുവഴിയും നിനക്കു നൽകപ്പെട്ട കൃപാവരം നീ അവഗണിക്കരുത്" (1 തിമോ 4:14). "എന്റെ കൈവയ്പിലൂടെ നിനക്കു ലഭിച്ച ദൈവികവരം വീണ്ടും ഉജ്ജ്വലിപ്പിക്കണമെന്ന് ഞാൻ നിന്നെ അനുസ്മരിപ്പിക്കുന്നു" (2 തിമോ 1:6). "നിന്നെ ഏൽപ്പിച്ചിരിക്കുന്ന നല്ല നിക്ഷേപങ്ങൾ നമ്മിൽ വസിക്കുന്ന പരിശുദ്ധാത്മാവിന്റെ ശക്തിയാൽ കാത്തുസൂക്ഷിക്കുക" (2 തിമോ 1:14).

**3. സഭാത്മകം (Elcclesial)**

പുരോഹിത ശുശ്രൂഷികൾ സഭയിൽനിന്നും സഭാധികാരികളാൽ തെരഞ്ഞെടുക്കപ്പെടുന്നവരാണ്. അവർ സഭയുടെ ശുശ്രൂഷികളും സഭയെ പ്രതിനിധീകരിക്കുന്നവരുമാണ്.

**4. ആരാധനക്രമപരം (Liturgical)**

ആരാധനക്രമപരമായ പട്ടംകൊട ശുശ്രൂഷയിലൂടെയാണ് ഒരുവൻ പൗരോഹിത്യം സ്വീകരിക്കുന്നത്. ക്രിസ്തുവിനാൽ വിളിക്കപ്പെട്ട്, പരിശുദ്ധാത്മ ദാനത്തിലൂടെ സഭാശുശ്രൂഷകരായി നിയുക്തരാകുന്നത്, ഈ ആരാധനക്രമ ശുശ്രൂഷയിലൂടെയാണ്. അതോടൊപ്പം ആരാധനക്രമപരമായ ശുശ്രൂഷകൾ നിർവ്വഹിക്കുന്നതിനുവേണ്ടിയാണ് പുരോഹിതൻ അഭിഷിക്തനായിരിക്കുന്നത്.

**5. കാനോനികം അഥവാ നയ്യാമികം (Canonical)**

വൈദികപട്ടംവഴി അഭിഷിക്തരാകുന്ന പുരോഹിതർക്ക് ദൈവികശക്തിയാൽ തങ്ങളുടെ സ്ഥാനത്തിനുചേർന്ന വിശുദ്ധശുശ്രൂഷകൾ നിർവഹിക്കുന്നതിനുള്ള അധികാരവും ലഭിക്കുന്നു.

## പൗരോഹിത്യ ദൗത്യം: ദൈവികം

പുരോഹിതർ സഭയുടെ ശുശ്രൂഷകരാണെന്നതിനർത്ഥം അവർ സഭയിലെ ജീവനക്കാർ ആണെന്നല്ല. മറിച്ച് ക്രിസ്തുശരീരമായ സഭയിലെ ദൈവജനത്തിന്റെ ശുശ്രൂഷകരാകുവാൻ ദൈവത്താൽ പവിത്രീകരിക്കപ്പെട്ടവരാണവർ എന്നാണ് (consecrated by God). ദൈവജനശുശ്രൂഷയ്ക്കായി നിത്യപുരോഹിതനായ ക്രിസ്തുവിന്റെ കൂടുതൽ ഉത്തമങ്ങളായ ഉപകരണങ്ങളായിത്തീരുന്നതിനും അജ

www.malankaralibrary.com



ഗണത്തിന് ശ്രേഷ്ഠമായ മാതൃകകളായി ഇരിക്കുന്നതിനും വൈദികപട്ടാഭിഷേകത്തിലൂടെ അവർ നവമായ രീതിയിൽ ദൈവത്തിന് പ്രതിഷ്ഠിക്കപ്പെട്ടിരിക്കുന്നു (CCEO. 368).

സുറിയാനി സഭയിലെ പ്രഥമ സഭാപിതാവായ അഫ്രഹാത്തിന്റെ ചിന്തയനുസരിച്ച് ക്രിസ്തുവിന്റെ കീഴ്ഇടയന്മാർ(under shepherds) ആയിട്ടാണ് പുരോഹിതർ നിയുക്തരായിരിക്കുന്നത്. ക്രിസ്തുവിന്റെ അധികാരത്തിലാണ് അവർ നിയുക്തരായിരിക്കുന്നത്. ഈ ആത്മീയ അധികാരത്തെ വിശുദ്ധ പത്രോസ് വിവരിക്കുന്നതിപ്രകാരമാണ്. "നിങ്ങളെ ഏൽപ്പിച്ചിരിക്കുന്ന ദൈവത്തിന്റെ അജഗണത്തെ പരിപാലിക്കുവിൻ. അത് നിർബന്ധംമൂലം ആകരുത്. ദൈവത്തെപ്രതി സന്മനസ്സോടെ ആയിരിക്കണം. ലാഭേച്ഛയോടെ ആയിരിക്കരുത്" (1 പത്രോ 5:2-3). ക്രിസ്തുവിന്റെ ഈ വിശുദ്ധ അധികാരം (sacred power) മതേതര അധികാര(secular power) ത്തിൽനിന്നും തികച്ചും വ്യത്യസ്തമാണ്. "വിജാതീയരുടെ മേൽ അവരുടെ രാജാക്കന്മാർ ആധിപത്യം അടിച്ചേൽപിക്കുന്നു. തങ്ങളുടെമേൽ അധികാരമുള്ളവരെ അവർ ഉപകാരികളായി കണക്കാക്കുകയും ചെയ്യുന്നു. എന്നാൽ നിങ്ങൾ അങ്ങനെയായിരിക്കരുത്. നിങ്ങളിൽ ഏറ്റവും വലിയവൻ ഏറ്റവും ചെറിയവനെപ്പോലെയും അധികാരമുള്ളവൻ ശുശ്രൂഷകനെപോലെയും ആയിരിക്കണം" (ലൂക്കാ 22:24-26).

## പൗരോഹിത്യം: ഒരു സമ്പൂർണ്ണ സമർപ്പണം

ദൈവിക പട്ടാഭിഷേക ശുശ്രൂഷയിലൂടെയാണ്, ഒരുവൻ പുരോഹിതനാവുന്നത്. ഈ തിരുപ്പട്ട സ്വീകരണത്തിനുമുമ്പ് അർത്ഥി ഒരു വാഗ്ദാനം നടത്തേണ്ടതുണ്ട്. തിരുപ്പട്ടം സ്വീകരിക്കുവാൻ താൻ തയ്യാറാണെന്നും അതുമായി ബന്ധപ്പെട്ട ഉത്തരവാദിത്തങ്ങൾ സ്വയമായും സ്വന്തമായും സ്വീകരിക്കുന്നുവെന്നും സഭാശുശ്രൂഷയ്ക്കായി തന്നെ സ്ഥിരമായി അർപ്പിക്കുന്നു (devote) എന്നും സാക്ഷ്യപ്പെടുത്തിക്കൊണ്ടും, അതേസമയം തിരുപ്പട്ടം സ്വീകരിക്കുവാൻ തന്നെ അനുവദിക്കണമെന്ന് അപേക്ഷിച്ചുകൊണ്ടും തന്റെ കൈയ്യൊപ്പോടുകൂടിയ ഒരു പ്രഖ്യാപനം തന്റെ ഭദ്രാസന മെത്രാനോ മേജർ സുപ്പീരിയറിനോ അർത്ഥി സമർപ്പിക്കേണ്ടതാണ് (CCEO. 761). ഇവിടെ സഭാശുശ്രൂഷയ്ക്കായുള്ള സമ്പൂർണ്ണ സമർപ്പണമാണ്

www.malankaralibrary.com



കാനോനസംഹിത അർത്ഥിയിൽനിന്നും ആവശ്യപ്പെടുന്നത്. ഈ സമർപ്പണ(Devote)ത്തെ സൂചിപ്പിക്കുവാനായി കാനോനസംഹിതയിൽ ഉപയോഗിച്ചിരിക്കുന്ന ലത്തീൻപദം 'മാഞ്ചിപ്പാരെ' എന്നതാണ്. ഇതിന്റെ വ്യാചാർത്ഥം ഒരു അടിമ ചെയ്യുന്ന വേല ചെയ്യുവാനായി സ്വയം സമർപ്പിക്കുക എന്നതാണ്. അടിമ (mancipium) എന്നതുകൊണ്ട് ശുശ്രൂഷകൻ എന്ന അർത്ഥമാണ് ഇവിടെ നൽകപ്പെടുന്നത്. ശുശ്രൂഷകൻ ശുശ്രൂഷ ചെയ്യുവാനുള്ളവനാണ്. അയാൾ സഭയെയും തദ്വാര ദൈവജനത്തെയും ശുശ്രൂഷിക്കുന്നവനാണ്. മറിച്ച് ആരെയും അധീനപ്പെടുത്തുവാനുള്ള അധികാരമല്ല പൗരോഹിത്യത്തിലൂടെ ലഭിക്കുന്നതെന്ന് സുചിതം.

## ശുശ്രൂഷാപൗരോഹിത്യവും ക്രൈസ്തവവിശ്വാസികളുടെ പൊതു പൗരോഹിത്യവും

ക്രൈസ്തവ വിശ്വാസികളുടെ പൊതുവായ രാജകീയ പൗരോഹിത്യത്തെക്കുറിച്ച് കാനോനസംഹിത പറയുന്നതിങ്ങനെയാണ്. "മാമ്മോദീസായിലൂടെ, ക്രിസ്തുവിൽ ചേർക്കപ്പെട്ട ദൈവജനമായി സ്ഥാപിക്കപ്പെട്ടവരാണ് ക്രൈസ്തവ വിശ്വാസികൾ. ഇക്കാരണത്താൽ ക്രിസ്തുവിന്റെ പുരോഹിത, പ്രവാചക, രാജകീയ ധർമ്മങ്ങളിൽ തങ്ങളുടേതായ രീതിയിൽ ഭാഗഭാഗുക്കളായിക്കൊണ്ട്, ലോകത്തിൽ പൂർത്തിയാകുവാനായി ദൈവം സഭയെ ഭരമേൽപിച്ചിരിക്കുന്ന ദൗത്യം തങ്ങളുടെ ജീവിതാവസ്ഥകൾക്കനുസരിച്ച് നിർവ്വഹിക്കുവാൻ വിളിക്കപ്പെട്ടവരാണവർ" (CCEO. 7 § 1). ശുശ്രൂഷാപൗരോഹിത്യം എല്ലാ ക്രൈസ്തവവിശ്വാസികൾക്കുമുള്ള രാജകീയ പൗരോഹിത്യത്തിൽനിന്നും വിഭിന്നമാണെന്ന് കാനോനസംഹിത പഠിപ്പിക്കുന്നു. "തിരുപ്പട്ടത്തിന്റെ അടിസ്ഥാനത്തിൽ പുരോഹിത ശുശ്രൂഷികൾ, ഇതര ക്രൈസ്തവ വിശ്വാസികളിൽനിന്നും ദൈവനിശ്ചയത്താൽ വേർതിരിക്കപ്പെട്ടിരിക്കുന്നു" (CCEO. 323 § 2). ഈ വ്യത്യാസം നാലു തലങ്ങളിലാണെന്ന സൂചന സംഹിതയിൽനിന്നും ലഭിക്കുന്നു.

1 പ്രത്യേകമായ ദൈവവിളിയുടെ കാര്യത്തിൽ—ഇതിലൂടെ പ്രത്യേകമായ പരിശുദ്ധാത്മദാനങ്ങൾക്കായി അർത്ഥികൾ ക്ഷണിക്കപ്പെടുന്നു.

2. വൈദിക പട്ടാഭിഷേകത്തിലൂടെ—സഭാശുശ്രൂഷകരായി പുരോഹിതരെ പ്രത്യേകമായി സഭ ചുമതലപ്പെടുത്തുന്നു.

www.malankaralibrary.com



3. ക്രിസ്തുവിന്റെ അജപാലനപരമായ ദൗത്യത്തിലും അധികാരത്തിലും പുരോഹിതർ പങ്കുപറ്റുന്നതിലൂടെ.
4. ഇടയനായ ക്രിസ്തുവിന്റെ ദൗത്യം തുടരുവാൻ പ്രത്യേകമായി തെരഞ്ഞെടുക്കപ്പെടുന്നതിലൂടെ.

പുരോഹിതർ ശുശ്രൂഷക്കായി പ്രത്യേകമായി വിളിക്കപ്പെടുകയും അയയ്ക്കപ്പെടുകയും ചെയ്തിട്ടുള്ളവരാണെന്ന് കാനോനസംഹിത പഠിപ്പിക്കുന്നു. "അവർ കർത്താവിനു ശുശ്രൂഷ ചെയ്തും ഉപവസിച്ചും കഴിയവേ പരിശുദ്ധാത്മാവ് അവരോടു പറഞ്ഞു. ബർണബാസിനെയും സാവൂളിനെയും ഞാൻ വിളിച്ചിരിക്കുന്ന ജോലിക്കായി എനിക്കുവേണ്ടി മാറ്റിനിർത്തുക. ഉപവാസത്തിനും പ്രാർത്ഥനയ്ക്കുംശേഷം അവർ അവരുടെമേൽ കൈവയ്പു നടത്തി പറഞ്ഞയച്ചു" (അപ്പ 13:2-3). അതോടൊപ്പം ചിതറിക്കിടക്കുന്ന ആട്ടിൻകൂട്ടത്തെ ഒരുമിച്ചുചേർക്കാനുള്ള ഉത്തരവാദിത്തം (യോഹ 10:16) പുരോഹിതർക്കുണ്ടെന്ന പ്രബോധനവും കാനോനസംഹിതയിലുണ്ട്. ക്രിസ്തുവിൽ ആട്ടിൻകൂട്ടത്തെ മേയിക്കാനുള്ള ചുമതല(യോഹ 21:15-17)യും ഇവർക്ക് നൽകപ്പെടുന്നു. ഇടയനും ആട്ടിൻകൂട്ടവും തമ്മിൽ വ്യത്യാസമുണ്ടെന്നും, ഇത് ദൈവജനശുശ്രൂഷയുടെ നല്ല നടത്തിപ്പിനുവേണ്ടി ദൈവത്താൽ സ്ഥാപിതമാണെന്നും കാനോനസംഹിത പഠിപ്പിക്കുന്നു (കാനോന, 323 § 2). വിശ്വാസികളുടെ പൊതുവായ പൗരോഹിത്യവും ശുശ്രൂഷാ പൗരോഹിത്യവും അളവിൽ മാത്രമല്ല സത്തപരമായിത്തന്നെ വ്യത്യസ്തമെങ്കിലും അവയ്ക്ക് പരസ്പരബന്ധമുണ്ട് (CD, 10). പൗരോഹിത്യ സ്വീകരണത്തിലൂടെ ഒരു വ്യക്തിയിൽ സത്താപരമായ വ്യതിയാനം തന്നെ സംഭവിക്കുന്നു എന്നാണ് സൂനഹദോസ് മതം. അതിനാലാണ് പൗരോഹിത്യം ഒരിക്കൽ നൽകപ്പെട്ടാൽ അത് ആവർത്തിക്കാനാവില്ല എന്ന് സഭ പഠിപ്പിക്കുന്നത്. മാമ്മോദീസ, സ്ഥൈര്യലേപനം, തിരുപ്പട്ടം എന്നീ കൂദാശകൾ ആവർത്തിക്കപ്പെടാവുന്നവയല്ല. കാരണം ഈ കൂദാശയിലൂടെ മായാത്ത മുദ്രപതിക്കപ്പെടുന്നു. ഇപ്രകാരം സ്ഥായീഭാവത്തോടെ ദൈവത്താൽ വിളിക്കപ്പെട്ട് പരിശുദ്ധാത്മദാനത്താൽ ദൈവീകദൗത്യനിർവ്വഹണത്തിനായി പ്രത്യേകം വേർതിരിക്കപ്പെട്ടവരാണ് ക്രിസ്തീയ പുരോഹിതഗണം.

## ശുശ്രൂഷാ പൗരോഹിത്യത്തിലെ ഐക്യം

പുരോഹിതഗണത്തിലെ ഐക്യവും കൂട്ടായ്മയും പൗരസ്ത്യ കാനോനസംഹിത ചർച്ചചെയ്യുന്ന മറ്റൊരു വിഷയമാണ്. ഹൈരാർക്കിക്കൽ കൂട്ടായ്മ (Hierarchial communion) വഴി പര

www.malankaralibrary.com



സ്പരം ബന്ധപ്പെട്ടിരിക്കുകയും വിവിധതലങ്ങളിൽ ശുശ്രൂഷ ചെയ്യുകയും ചെയ്യുന്ന പുരോഹിതശുശ്രൂഷികൾ സഭയുടെ ദൈവസ്ഥാപിതമായ ഏക ശുശ്രൂഷയിൽ വിവിധതരത്തിൽ പങ്കുചേരുന്നു (CCEO. 324). സഭയിൽ വിവിധ ശുശ്രൂഷകൾ ചെയ്യുന്ന പുരോഹിതസമൂഹത്തിലെ ഐക്യത്തെയാണ് കാനോനസംഹിത ഇവിടെ ഊന്നിപ്പറയുന്നത്. മെത്രാന്മാരും വൈദികരും, ശെമ്മാശന്മാരും അടങ്ങുന്ന സഭയുടെ ഹൈരാർക്കിക്കൽ കൂട്ടായ്മയിലാണ് ഒരു പുരോഹിതന്റെ, പൗരോഹിത്യശുശ്രൂഷ സഫലമാകുന്നതെന്ന് കാനോനസംഹിത അനുശാസിക്കുന്നു. ഈ ഹൈരാർക്കിക്കൽ കൂട്ടായ്മയ്ക്കു പുറത്ത് ശുശ്രൂഷ ചെയ്യുന്ന പുരോഹിതർ, തികച്ചും സഭാഗാത്രത്തിൽനിന്നും വിഭിന്നമായ സേവനമാണ് ചെയ്യുന്നത് എന്ന് കാനോനസംഹിത വ്യംഗ്യമായി സൂചിപ്പിക്കുകയാണിവിടെ. തിരുപ്പട്ടത്തിന്റെ അടിസ്ഥാനത്തിൽ പുരോഹിതശുശ്രൂഷകളെ മെത്രാന്മാർ, വൈദികർ, ശെമ്മാശന്മാർ എന്നിങ്ങനെ വേർതിരിക്കുന്നു (CCEO. 325). ഈ ഹൈരാർക്കിക്കൽ കൂട്ടായ്മ അതിന്റെ എല്ലാ അർത്ഥത്തിലും പൂർണമാക്കപ്പെടുമ്പോഴാണ് സഭയിലെ പൗരോഹിത്യശുശ്രൂഷ അർത്ഥപൂർണവും സഫലവുമാകുന്നത്. ഈ പരസ്പരപൂരകമായ ഐക്യത്തിൽ ദൈവജനശുശ്രൂഷ നിവർത്തിക്കപ്പെടുമ്പോഴാണ് സഭയെന്ന യാഥാർത്ഥ്യം ഓരോ പ്രദേശത്തും സജീവമാകുന്നത്.

## ഉപസംഹാരം

പ്രത്യേക ദൈവവിളിയാലും പരിശുദ്ധാത്മദാനത്താലും തെരഞ്ഞെടുക്കപ്പെട്ട് വേർതിരിക്കപ്പെടുന്ന പുരോഹിതരുടെ ദൈവജനശുശ്രൂഷാദൗത്യം ദൈവികമാണ്. അത് പുരോഹിത ശുശ്രൂഷകരിൽനിന്നും സമ്പൂർണ്ണ സമർപ്പണം ആവശ്യപ്പെടുന്ന ഒരു ജീവിതാവസ്ഥയാണ്. ഈ സമർപ്പണം സംഭവിക്കേണ്ടത് സഭയിലെ ഹൈരാർക്കിക്കൽ കൂട്ടായ്മയിലൂടെയാണ്. മെത്രാനും വൈദികരും ശെമ്മാശന്മാരും അടങ്ങുന്ന ഈ കൂട്ടായ്മ, ദൈവജനശുശ്രൂഷ എന്ന ലക്ഷ്യം മുന്നിൽ കണ്ടുകൊണ്ട് പ്രവർത്തനനിരതമാകുമ്പോൾ, അത് സാർവത്രിക സഭയ്ക്ക് ഒരു പ്രാദേശിക സാക്ഷ്യമായി ഭവിക്കുന്നു എന്നും കാനോനസംഹിത പഠിപ്പിക്കുന്നു. പൗരസ്ത്യകാനോനസംഹിതയിൽ ഉരുത്തിരിയുന്ന ഈ പൗരോഹിത്യദർശനം നമ്മുടെ പ്രേഷിതമേഖലകളിൽ പുത്തനുണർവ് പകരട്ടെ...

www.malankaralibrary.com

# 8
# സന്ന്യാസം ഒരു കാനോനിക വീക്ഷണം

*സഭയിൽ, സമ്പൂർണ സമർപ്പണത്തിന്റെയും പരിത്യാഗത്തിന്റെയും കൂട്ടായ്മയുടെയും ഒരു വലിയ മാതൃകയായിരിക്കണം സന്ന്യാസജീവിതമെന്ന് ഇരു കാനോന സംഹിതകളും അനുശാസിക്കുന്നു. അതോടൊപ്പം സന്ന്യാസത്തെ സുസ്ഥിരമായ ഒരു അസ്തിത്വാത്മക ജീവിതാവസ്ഥയായി ചൂണ്ടിക്കാണിക്കുകയും ചെയ്യുന്നു.*



**ആ**ദിമ നൂറ്റാണ്ടുമുതൽ സഭയിൽ, പ്രത്യേകിച്ചും പൗരസ്ത്യസഭകളിൽ സന്ന്യാസം നിലനിന്നിരുന്നു. പൗരസ്ത്യസഭകളിൽ ആദിമകാലത്തുണ്ടായിരുന്ന ആശ്രമജീവിത(Monastic Life)ത്തെ പിൽക്കാലത്ത് സന്ന്യാസജീവിതത്തിന്റെ പ്രാഗ്‌രൂപമായി പരിഗണിച്ചു. ആശ്രമജീവിതം നയിച്ചിരുന്ന പുരുഷന്മാരും സ്ത്രീകളും, സന്ന്യാസികളും സന്ന്യാസിനികളുമായി പരിഗണിക്കപ്പെട്ടു. പൗരസ്ത്യ സന്ന്യാസജീവിതമെന്നാൽ ആശ്രമജീവിതം തന്നെയായിരുന്നു. ബ്രഹ്മചര്യം അനുഷ്ഠിച്ച്, ലോകത്തിന്റെ കെട്ടുപാടുകളിൽ നിന്നും അകന്ന് പ്രാർത്ഥനയിലും കഠിനാദ്ധ്വാനത്തിലും ഊന്നിനിന്നുകൊണ്ട്, ഏകാന്ത താപസജീവിതം നയിച്ചുപോന്ന ഇവരെ വിശ്വാസികൾ ഏറെ ബഹുമാനപുരസരമാണ് നോക്കിക്കണ്ടിരുന്നത്. ഈജിപ്തിലെ മരുഭൂമിയിൽ ആശ്രമജീവിതത്തിന് തുടക്കംകുറിച്ച വി. അന്തോണിയോസും വി. പക്കോമിയോസും തെബസ്സിലെ പൗലോസുമൊക്കെയാണ് ക്രൈസ്തവ സന്ന്യാസത്തിന്റെ പൂർവസൂരികൾ. പിന്നീട് പലയിടങ്ങളിലേക്കും വ്യാപിച്ച ക്രൈസ്തവ സന്ന്യാസത്തിന്

www.malankaralibrary.com



നിശ്ചിത രൂപഭാവങ്ങൾ നൽകിയത് കപ്പദോച്യയിലെ മാർ ബസേലിയോസിന്റെ സന്ന്യാസനിയമങ്ങളായിരുന്നു.

ഇന്ന് ക്രൈസ്തവ സന്ന്യാസത്തിന് വ്യക്തവും കൃത്യവുമായ നിയമാടിസ്ഥാനങ്ങൾ തന്നെയുണ്ട്. പൗരസ്ത്യസഭകളുടെ കാനോനസംഹിത (CCEO) 410 മുതൽ 572 വരെയുള്ള 162 കാനോനകളും, ലത്തീൻ കാനോന സംഹിത 573 മുതൽ 746 വരെയുള്ള 173 കാനോനകളുമാണ് കത്തോലിക്കാസഭയിലെ വിവിധ സന്ന്യാസ രൂപങ്ങളെക്കുറിച്ച് ചർച്ചചെയ്യുന്ന പൊതു സഭാനിയമങ്ങൾ. ഈ സഭാനിയമങ്ങളുടെ ആമുഖമായി ഉരുത്തിരിയുന്ന സന്ന്യാസദർശനം പരിശോധിക്കുകയാണ് ഈ ലേഖനത്തിൽ.

**കാനോനിക നിർവ്വചനം**

സന്ന്യാസജീവിതത്തെക്കുറിച്ചുള്ള പൊതുവായ നിർവ്വചനം രണ്ട് കാനോന സംഹിതകളിലും കണ്ടെത്താൻ കഴിയും (CCEO. 410; CIC. 573 § 1 , 2 ). സന്ന്യാസജീവിതത്തിന്റെ ആദ്ധ്യാത്മികവും ദൈവശാസ്ത്രപരവും സഭാത്മകവും നയ്യാമികവുമായ വിവിധ വശങ്ങളെ വളരെ സ്പഷ്ടമായി ഈ കാനോനകളിൽ ആവിഷ്കരിച്ചിരിക്കുന്നു. വ്രതസമർപ്പണത്തിലൂടെ പരിശുദ്ധാത്മാവിനാൽ നയിക്കപ്പെടുന്ന ക്രൈസ്തവ വിശ്വാസികൾ, തങ്ങൾക്ക് മാമ്മോദീസായിൽ ലഭിച്ചിട്ടുള്ള കൃപാവരങ്ങളെ വർദ്ധമാനമാക്കുന്നതിന്, സ്വതന്ത്രവും പൂർണ്ണവുമായ സ്വയം വിട്ടുകൊടുക്കലിലൂടെ ദൈവത്തെ ആഴത്തിൽ സ്നേഹിക്കുവാനായി ഏറ്റെടുക്കുന്ന സ്ഥിരമായ സമർപ്പണ ജീവിതമാണ് സന്ന്യാസം. ഈ ജീവിതത്തിന്റെ ഉദ്ദേശ്യം സ്വയം വിശുദ്ധീകരണവും സഭാസേവനവും ആണ്. അതോടൊപ്പം വരാനിരിക്കുന്ന സ്വർഗ്ഗീയ മഹത്വത്തിന്റെ മുന്നാസ്വാദനവുമാണ് സന്ന്യാസം. സന്ന്യാസജീവിതത്തിന്റെ ചില അടിസ്ഥാന സ്വഭാവങ്ങളിലേക്ക് ഈ നിർവ്വചനം വിരൽ ചൂണ്ടുന്നു. ഈ നിർവ്വചനത്തിന്റെ ചുവടുപിടിച്ച് സന്ന്യാസത്തിന്റെ അടിസ്ഥാനങ്ങളിലേക്ക് ഒരു അന്വേഷണം നടത്തുകയാണിവിടെ.

**സന്ന്യാസം ഒരു അസ്തിത്വാത്മക അവസ്ഥ**

സന്ന്യാസത്തെ കാനോന സംഹിതകൾ പരിഗണിക്കുന്നത് ഒരു അസ്തിത്വാത്മക അവസ്ഥ (Existential Status) എന്ന നിലയിലാണ്. അത് സാധാരണ ക്രൈസ്തവ ജീവിതത്തിൽ നിന്നും തികച്ചും വ്യത്യസ്തമാണ്. അതിന് തനതായ ഒരു വ്യക്തിത്വം (Identity)

www.malankaralibrary.com



ഉണ്ട്. സന്ന്യസ്തരുടെ ജീവിതം ക്രൈസ്തവ വിശ്വാസികളായ വൈദികരുടെയും അല്മായരുടെയും ജീവിതത്തിൽ നിന്നും തികച്ചും വിഭിന്നമാണ്. എന്നാൽ വിശാലമായ ക്രൈസ്തവ വിശ്വാസിസമൂഹത്തിന്റെ ഭാഗം തന്നെയാണ് സന്ന്യസ്തർ. 'മാമ്മോദീസായിലൂടെ ക്രിസ്തുവിൽ ചേർക്കപ്പെട്ട് ദൈവജനമായി സ്ഥാപിക്കപ്പെട്ടവരാണ് ക്രൈസ്തവ വിശ്വാസികൾ. ഇക്കാരണത്താൽ ക്രിസ്തുവിന്റെ പുരോഹിത, പ്രവാചക, രാജകീയ ധർമങ്ങളിൽ തങ്ങളുടേതായ നിലയിൽ പങ്കുചേർന്ന്, ലോകത്തിൽ പൂർത്തിയാക്കുവാനായി ദൈവം സഭയെ ഭരമേല്പിച്ചിരിക്കുന്ന ദൗത്യം തങ്ങളുടെ ജീവിതാവസ്ഥയ്ക്കനുസരിച്ച് നിർവ്വഹിക്കുവാൻ വിളിക്കപ്പെട്ടവരാണവർ' (CCEO. 7§1). ഈ നിർവ്വചനത്തിൽ പറയുന്ന വിശാല ക്രൈസ്തവ വിശ്വാസി സമൂഹത്തിന്റെ ഭാഗം തന്നെയാണ് സന്യസ്തരും. എന്നാൽ വിശാലമായ ക്രൈസ്തവ വിശ്വാസി സമൂഹത്തിനുള്ളിൽ നിന്നുകൊണ്ടുതന്നെ, അസ്തിത്വപരമായി വ്യതിരിക്തമായ സമർപ്പണ ജീവിതമാണ് സന്ന്യസ്തർ നയിക്കുക. അതായത് വ്യതിരിക്തമായ സന്ന്യാസ ജീവിതാന്തസ്സ് നിലനിർത്തിക്കൊണ്ടുതന്നെ, വിശാല ക്രൈസ്തവ വിശ്വാസി സമൂഹത്തിന്റെ ഭാഗമായിരിക്കുക. ഈ കാനോനിക നിർവ്വചനത്തിന്റെ അടിസ്ഥാനം രണ്ടാം വത്തിക്കാൻ സൂനഹദോസിന്റെയും മറ്റും സഭാ പ്രബോധനങ്ങൾ തന്നെയാണ് (LG. 43 -47; PC; CD. 33 -35; AG. 18, 40). മുഴുവൻ മാവിനെയും പുളിപ്പിക്കുന്ന പുളിമാവാണ് സന്ന്യാസം സഭയിൽ. ഇത് ഇതര ദൈവജന സമൂഹാംഗങ്ങളേക്കാൾ ശ്രേഷ്ഠത തങ്ങൾക്കുണ്ടെന്ന് ഭാവിക്കുന്നതിനുള്ള ചിന്തയിലേക്ക് സന്ന്യസ്തരെ നയിക്കരുതെന്നുമാത്രം. തങ്ങളുടെ അനന്യമായ ജീവിതാവസ്ഥയെ സഭയുടെ വിശുദ്ധീകരണത്തിനായി പൂർണ്ണമായി വിട്ടുകൊടുക്കുവാനുള്ള വിളിയാണവരുടേത്.

### സന്ന്യാസത്തിന്റെ സ്ഥിരസ്വഭാവം

സന്ന്യാസം സ്വീകരിക്കുന്ന ഒരാൾ തന്റെ ജീവിതത്തെ ആകമാനം ബാധിക്കുന്ന ഒരു തീരുമാനം ആണ് കൈക്കൊള്ളുന്നത്. അതിലൂടെ സന്ന്യാസാർത്ഥിയുടെ ജീവിതത്തിൽ അസ്തിത്വപരമായ ഒരു വ്യതിയാന(Existential Change)മാണ് സംഭവിക്കുന്നത്. ഈ മാറ്റം സ്ഥായീഭാവത്തോടുകൂടിയുള്ളതാണ്. ഇന്നലെ വരെ തികച്ചും വ്യത്യസ്തനായിരുന്ന ഒരു വ്യക്തി സന്ന്യാസവ്രത സ്വീകരണത്തിലൂടെ അസ്തിത്വപരമായി പുതിയ ഒരാളായിമാറുന്നു.

www.malankaralibrary.com



ഈ മാറ്റം താത്കാലികമായ ഒന്നല്ല. വ്രതം സ്വീകരിക്കുന്ന ഒരാളുടെ ജീവിതാന്ത്യം വരെ ഇത് തുടരുന്നു. പുണ്യപൂർണ്ണതയിൽ വളരുവാനുള്ള സന്ന്യാസ ആഗ്രഹവും താല്പര്യവും കുറച്ചുനാളത്തേക്ക് മാത്രമല്ല ഒരാൾ തെരഞ്ഞെടുക്കുന്നത്. അത് ആജീവനാന്തം നിലനിൽക്കുന്ന ഒരു തെരഞ്ഞെടുപ്പാണ്. മറ്റൊരു വിധത്തിൽ പറഞ്ഞാൽ, സന്ന്യാസ ജീവിതാവസ്ഥ എന്നത് സഭ അംഗീകരിച്ചിട്ടുള്ള ഒരു സന്ന്യാസഭവനത്തിൽ, ഒരു വ്യക്തി സ്ഥായീഭാവത്തോടുകൂടി സന്ന്യാസവ്രതങ്ങളെടുത്ത് സമൂഹജീവിതം നയിക്കുന്നതാണ്. ഈ ജീവിതത്തിന്, സ്ഥിരതയും തുടർച്ചയും ഉണ്ടാകണമെന്ന് കാനോന സംഹിതകൾ പ്രത്യേകം അനുശാസിക്കുന്നു. ഇത്തരം സന്ന്യാസസമൂഹങ്ങൾക്ക് സഭയുടെ ഔദ്യോഗിക അംഗീകാരം നിർബന്ധമായും ഉണ്ടായിരിക്കണമെന്ന് സഭാനിയമം ചൂണ്ടിക്കാട്ടുന്നു. ഓരോ സന്ന്യാസസമൂഹവും ഉത്തരവാദപ്പെട്ട സഭാധികാരികളാൽ കാനോനികമായി സ്ഥാപിക്കപ്പെട്ടതായിരിക്കണം.

സന്ന്യാസ സമൂഹങ്ങളും സഭയുടെ ഹയരാർക്കിയും തമ്മിലുള്ള ബന്ധത്തെ സംബന്ധിച്ച രണ്ടാം വത്തിക്കാൻ സൂനഹദോസിന്റെ പ്രബോധനങ്ങൾ ഇവിടെ ശ്രദ്ധേയമാണ്. 'ദൈവജനത്തെ മേയിക്കുന്നതിനും സമൃദ്ധമായ മേച്ചിൽപുറങ്ങളിലേക്ക് നയിക്കുന്നതിനുമുള്ള കടമ സഭയിലെ ഹയരാർക്കിയുടെതാണ്. ദൈവത്തോടും അയൽക്കാരനോടുമുള്ള സ്നേഹത്തിന്റെ സമ്പൂർണത പ്രത്യേകമാംവിധം പരിപോഷിപ്പിക്കുന്ന സുവിശേഷോപദേശങ്ങളുടെ പരിശീലനം, നിയമങ്ങൾ വഴി വിവേകപൂർവം നിയന്ത്രിക്കുന്നതിനുള്ള ബാധ്യതയും അവരുടേത് തന്നെ. പരിശുദ്ധാത്മാവിന്റെ പ്രചോദനം താല്പര്യത്തോടെ പിന്തുടർന്ന്, ശ്രേഷ്ഠരായ സ്ത്രീപുരുഷന്മാരാൽ തയ്യാറാക്കപ്പെട്ട നിയമങ്ങൾ സ്വീകരിച്ച് കൂടുതൽ ക്രമവത്കരിച്ച്, ആധികാരികമായി അംഗീകരിക്കുന്നതും ഹയരാർക്കി തന്നെ' (LG. 45). ഹയരാർക്കിയുടെ അംഗീകാരവും നയ്യാമികമായി ഉറച്ച അടിസ്ഥാനവും സന്ന്യാസസമൂഹത്തിന് സ്ഥിരമായ ഒരു ജീവിതശൈലി നൽകുന്നു. സന്ന്യാസസമൂഹങ്ങൾക്ക് ഇത്തരം സ്ഥായീഭാവം നൽകുന്നതിന് പൗരസ്ത്യസഭകളിൽ വി. ബസേലിയോസും (330, 379) പാശ്ചാത്യസഭയിൽ വി. ബെനെഡിക്റ്റും വഹിച്ച പങ്ക് ഏറെ നിർണായകമായിരുന്നു. ഇവർ തങ്ങളുടെ സന്ന്യാസ നിയമങ്ങളിലൂടെ കൃത്യമായ ഒരു സ്ഥിര ജീവിതശൈലി സന്ന്യാസ

www.malankaralibrary.com



ത്തിന് നൽകി. ഏകാന്തജീവിതം നയിക്കുന്ന സന്ന്യാസിയാണെ ങ്കിലും അയാൾ ഏതെങ്കിലും ഒരു സന്ന്യാസ ആശ്രമ(Monastery) വുമായി ബന്ധപ്പെട്ടാണ് തന്റെ ജീവിതം നയിക്കേണ്ടതെന്നും ഈ സന്ന്യാസ നിയമങ്ങൾ അനുശാസിച്ചിരുന്നു.

**പരിശുദ്ധാത്മപ്രേരിതമായ സന്ന്യാസ ദൈവവിളി**

സന്ന്യാസ ജീവിതത്തെ പരിശുദ്ധാത്മ പ്രേരിതമായ ഒരു ദൈവവി ളിയായാണ് സഭാനിയമങ്ങൾ കാണുന്നത് (CCEO. 410). പരിശുദ്ധാ ത്മാവിന്റെ പ്രത്യേക ആവാസത്താൽ, വ്രതത്രയങ്ങളിലൂടെ ദൈവ വേലയ്ക്കായി സന്ന്യാസി സമർപ്പിക്കപ്പെടുന്നു. പരിശുദ്ധാത്മാവിന്റെ പവിത്രീകരണത്തിലൂടെയാണ് ഒരു വ്യക്തി സന്ന്യാസിയായി പരി വർത്തനം ചെയ്യപ്പെടുന്നത്. ഇതിലൂടെ, ഒരാൾ സന്ന്യാസസമൂഹാം ഗമാകുന്നതിനുള്ള കാനോനികമായ നടപടിക്രമങ്ങളും നടക്കുന്നു. തദ്വാര ഒരു സന്ന്യാസി ലോകത്തിലെ ഇതര വ്യക്തികളിൽനിന്നും വ്യത്യസ്തനാകുന്നു. ദൈവരാജ്യത്തിനുവേണ്ടി പൂർണമായി സമർ പ്പിതരായിരിക്കുന്ന സന്ന്യാസികൾ ലോകത്തെയും അതിന്റെ വ്യാ പാരങ്ങളെയും പൂർണമായും ഉപേക്ഷിക്കുകയും ചെയ്യുന്നു. ഇതി ലൂടെ സന്ന്യാസത്തിന്റെ നിഷേധാത്മക(Negative)സ്വഭാവവും ഭാവാ ത്മക(Positive)സ്വഭാവവും വ്യക്തമാകുന്നു. ലോകത്തോട് നിഷേ ധാത്മക സമീപനവും ദൈവരാജ്യത്തിന്റെ പ്രേഷിതത്വത്തോട് ഭാവാ ത്മക സമീപനവും സന്ന്യാസി പുലർത്തേണ്ടതുണ്ട് എന്നാണ് സഭാ നിയമങ്ങൾ പഠിപ്പിക്കുന്നത്. ഇതിനുള്ള ദൈവകൃപ സന്ന്യാസി കൾക്ക് ലഭിക്കുന്നത് പരിശുദ്ധാത്മ ആവാസത്തിലൂടെയാണ്. ചുരു ക്കത്തിൽ സന്ന്യാസത്തെ പരിശുദ്ധാത്മ പ്രേരിതമായ (Charismatic) ഒരു സമർപ്പിത ജീവിതശൈലിയായിട്ടാണ് സഭാനിയമങ്ങൾ കാ ണുന്നത്.

**ലോകത്തിന്റെ രക്ഷയ്ക്കുവേണ്ടിയുള്ള സമർപ്പണം**

സന്ന്യാസജീവിതം ലോകത്തിന്റെ രക്ഷയ്ക്കുവേണ്ടിയുള്ള സമർപ്പണം കൂടെയാണെന്ന് കാനോന സംഹിതകൾ ചൂണ്ടിക്കാ ണിക്കുന്നു. തങ്ങളുടെ സ്വയം വിശുദ്ധീകരണത്തിലൂടെയാണ് സന്ന്യാ സികൾ ലോകത്തിന്റെ വിശുദ്ധീകരണവും രക്ഷയും ലക്ഷ്യം വയ് ക്കേണ്ടത്. ഈ വിശുദ്ധീകരണം സാധിക്കേണ്ടത് സഭയുടെ പ്രബോ ധനങ്ങൾക്കനുസൃതമായും തങ്ങളുടെ സന്ന്യാസസമൂഹത്തിന്റെ പ്രത്യേക 'കാരിസ'ത്തിനു ചേർന്നവിധവുമായിരിക്കണം. വിശാല

www.malankaralibrary.com



മനുഷ്യസമൂഹത്തിന്റെ പുരോഗതിക്ക് പാതയൊരുക്കുന്നതിനും ഇതു വഴിയായി സന്ന്യാസികൾക്ക് സാധിക്കുന്നു. 'മലമുകളിൽ പ്രാർത്ഥിക്കുകയും ജനക്കൂട്ടത്തോട് ദൈവരാജ്യം വിളംബരം ചെയ്യുകയും രോഗികളെയും വ്രണിതരെയും സുഖപ്പെടുത്തുകയും പാപികളെ മെച്ചപ്പെട്ട ധാർമികതയിലേക്ക് മാനസ്സാന്തരപ്പെടുത്തുകയും ശിശുക്കളെ ആശീർവദിക്കുകയും എല്ലാവർക്കും നന്മ ചെയ്യുകയും തന്നെ അയച്ച പിതാവിന്റെ ഇച്ഛയ്ക്ക് സദാ കീഴ്വഴങ്ങുകയും' ചെയ്ത യേശുവിനെയാണ് സന്ന്യാസികൾ പിൻചെല്ലേണ്ടത്. ആവൃതിക്കുള്ളിൽ മാത്രം കഴിയുന്ന സന്ന്യാസികളായാലും ശരി ലോകത്തിന്റെ രക്ഷയെന്ന ലക്ഷ്യം അവരുടെ സ്വയം വിശുദ്ധീകരണത്തിന്റെ ഭാഗമാണ്. ലോകത്തെ ഉപേക്ഷിക്കുന്നുണ്ടെങ്കിലും ലോകത്തിന്റെ രക്ഷയ്ക്കുവേണ്ടിയുള്ള പ്രയത്നം സന്ന്യാസ സമർപ്പണത്തിന്റെ അവിഭാജ്യഘടകമാണ്. സജീവ പ്രേഷിതപ്രവർത്തനങ്ങളിൽ വ്യാപരിക്കുന്ന സന്ന്യാസികൾ തങ്ങൾ പ്രവർത്തിക്കുന്ന കലാലയങ്ങളിലൂടെയോ ആതുരാലയങ്ങളിലൂടെയോ അനാഥമന്ദിരങ്ങളിലൂടെയോ ഒക്കെ ലക്ഷ്യം വയ്ക്കുന്നത് ലോകത്തിന്റെ ഈ രക്ഷയാണ്. എന്നാൽ ഈ ലക്ഷ്യം വിസ്മരിച്ചുകൊണ്ടുള്ള മേൽവിവരിച്ച പ്രവർത്തനങ്ങൾ യഥാർത്ഥ സന്ന്യാസ ശൈലിയിൽ നിന്നും ഏറെ അകലെയാണെന്ന സൂചനയും സഭാനിയമങ്ങൾ നൽകുന്നു.

**വ്രതങ്ങൾ: ഒരു കാനോനിക വിശകലനം**

'സാധ്യവും കൂടുതൽ ശ്രേഷ്ഠവുമായ ഒരു നന്മയെ സംബന്ധിച്ച് ദൈവത്തോട് ചെയ്യുന്ന ബോധപൂർവ്വകവും സ്വതന്ത്രവുമായ വാഗ്ദാനമാണ് വ്രതം' (CCEO. 889 §1). ഈ നിർവചനമനുസരിച്ച് ദൈവത്തിനുമുമ്പിൽ ഒരുവൻ ബോധപൂർവം ചെയ്യുന്ന അത്യന്തം ഗൗരവപൂർണമായ വാഗ്ദാനമാണ് വ്രതം. ഈ വാഗ്ദാനം നിറവേറ്റുവാൻ അത് ചെയ്യുന്ന ആൾക്ക് ഗൗരവമായ ഉത്തരവാദിത്തമുണ്ട്. വ്രതം എന്നത് കേവലം ആഗ്രഹമോ അഭിവാഞ്ഛയോ മാത്രമല്ല. താൻ വ്രതമായെടുത്തിരിക്കുന്ന വാഗ്ദാനം പൂർത്തീകരിക്കുന്നതിന്, പൂർണമായ മനസ്സോടും നിശ്ചയദാർഢ്യത്തോടും കൂടെ എടുക്കുന്ന തീരുമാനമാണത്. ശരിയായ വിചിന്തനത്തിനും പര്യാലോചനയ്ക്കും ബോധ്യപ്പെടലിനും ശേഷമായിരിക്കണം ഒരുവൻ വ്രതം ഏറ്റെടുക്കേണ്ടത്. ഒരാൾക്ക് മാനുഷികമായി അസാധ്യമായ ഒരു കാര്യം വ്രതമായി ഏറ്റെടുത്താൽ അത് അതിനാൽ തന്നെ അസാധുവാണ്.

www.malankaralibrary.com



വ്രതത്തിന്റെ ലക്ഷ്യം ഉപരി നന്മയായിരിക്കുകയും വേണം. ലക്ഷ്യം പൂർത്തിയാക്കുന്നതിനുള്ള ബുദ്ധിയും വിവേകവും (Use of Reason) വ്രതംചെയ്യുന്ന ആളിനുണ്ടായിരിക്കണം. അതുപോലെ തന്നെ തികച്ചും സ്വതന്ത്രമായി നൽകുന്ന വാഗ്ദാനവുമായിരിക്കണം വ്രതം. അതായത് ഗൗരവമായ ഭയത്തിന്റെയോ മറ്റെന്തെങ്കിലും തിന്മയുടെയോ ഭീഷണിയുടെയോ പശ്ചാത്തലത്തിൽ നിർവഹിക്കപ്പെടുന്ന വ്രതം അതിനാൽ തന്നെ അസാധുവായിരിക്കും. ഇവിടെ 'തിന്മ' എന്നതുകൊണ്ട്, വ്രതത്തിൽ ഉൾപ്പെടുന്ന ഗൗരവമായ ഒരു സത്യം വെളിപ്പെടുത്താതെ ഒരാളെക്കൊണ്ട് വ്രതം ചെയ്യിപ്പിക്കുന്ന അവസ്ഥയെയാണ് ഉദ്ദേശിക്കുക. വ്രതലക്ഷ്യത്തെക്കുറിച്ച് വേണ്ടത്ര ഗ്രാഹ്യമില്ലാതെ ഒരുവൻ ചെയ്യുന്ന വ്രതവും അസാധുവാണ്.

വ്രതങ്ങൾ രണ്ടുതരമുണ്ട്: പരസ്യമായവയും സ്വകാര്യമായവയും. സഭയുടെ അധികാരികൾക്കുമുമ്പിൽ ഒരുവൻ പരസ്യമായി നടത്തുന്ന വാഗ്ദാനങ്ങളാണ് പരസ്യവ്രതങ്ങൾ. മറ്റുള്ളവ ഒരാൾ സ്വകാര്യമായി ദൈവത്തോട് നടത്തുന്ന വാഗ്ദാനങ്ങളാണ്. സന്ന്യാസികൾ ചെയ്യുന്ന മൂന്ന് വ്രതങ്ങളും പരസ്യമായവയാണ്.

### വ്രതത്രയങ്ങളിലൂടെ സുസ്ഥിരമാക്കപ്പെടുന്ന സന്ന്യാസം

വ്രതത്രയങ്ങളുടെ ക്രമത്തിൽ ഇരു കാനോന സംഹിതകളും വ്യത്യസ്തത പുലർത്തുന്നത് ശ്രദ്ധേയമാണ്. പൗരസ്ത്യ കാനോന സംഹിതയുടെ ക്രമം ഇപ്രകാരമാണ്: അനുസരണം, ബ്രഹ്മചര്യം, ദാരിദ്ര്യം (CCEO. 410). എന്നാൽ ലത്തീൻ കാനോന സംഹിതയിലെ വ്രതക്രമം വ്യത്യസ്തമാണ്: ബ്രഹ്മചര്യം, ദാരിദ്ര്യം, അനുസരണം (CIC. 573§ 2). ഇരുസംഹിതകളും പുലർത്തുന്ന വ്യത്യസ്ത ക്രമങ്ങളെക്കുറിച്ച് പ്രത്യേക വ്യാഖ്യാനങ്ങളൊന്നും ലഭ്യമല്ല. രണ്ടാം വത്തിക്കാൻ സൂനഹദോസിന്റെ പ്രബോധനം ഇങ്ങനെ പോകുന്നു, 'ദൈവത്തിനു സമർപ്പിച്ച ബ്രഹ്മചര്യം, ദാരിദ്ര്യം, അനുസരണം എന്നീ സുവിശേഷോപദേശങ്ങൾ, കർത്താവിന്റെ വാക്കുകളിലും മാതൃകയിലും അധിഷ്ഠിതമായിരിക്കുന്നതുപോലെ തന്നെ, സഭാപിതാക്കന്മാരാലും മല്പാൻമാരാലും അജപാലകന്മാരാലും പ്രകീർത്തിക്കപ്പെട്ടിട്ടുള്ള ദൈവദാനമാണ്' (LG. 43). ഇവിടെ ഒരു കാര്യം പ്രത്യേകം ശ്രദ്ധിക്കേണ്ടതുണ്ട്. ലത്തീൻ കാനോന സംഹിത, സന്ന്യാസ വ്രതത്രയങ്ങൾ യേശുക്രിസ്തുവിന്റെ പ്രബോധനങ്ങളിൽ നിന്നും ഉരുത്തിരിയുന്നതാണെന്ന് (യോഹ 17,18-19) പഠിപ്പിക്കുന്നു (CIC. 575). ഇതിനു സമാനമായ കാനോന പൗരസ്ത്യ കാനോന സംഹി

www.malankaralibrary.com



തയിൽ ഇല്ല. എന്നാൽ വ്രതാധിഷ്ഠിതമായ സന്ന്യാസജീവിതം പരിശുദ്ധ ത്രിത്വത്തിന്റെ ദാനമായാണ് പൗരസ്ത്യ കാനോന സംഹിത കാണുന്നത്. സുവിശേഷോപദേശങ്ങളിൽ, വ്രതത്രയങ്ങൾ യേശുക്രിസ്തുവിന്റെ ജീവിതത്തിൽ ഏറെ സ്പഷ്ടമായി പ്രകാശിതമായതായി ലത്തീൻ കാനോന സംഹിത നിരീക്ഷിക്കുന്നു. ഈ വ്രതങ്ങൾ സുവിശേഷാദ്ധ്യാത്മികത ജീവിക്കുന്നതിനുള്ള തീവ്രമായ വഴികളാണ്. ഈ സമ്പൂർണ സമർപ്പണ ജീവിതത്തിലൂടെ സന്ന്യാസി, ക്രിസ്തീയ ജീവിതത്തിന്റെ ത്രിത്വാത്മകവും ക്രിസ്തുകേന്ദ്രീകൃതവുമായ സ്വഭാവത്തെ ഏറെ ശ്രേഷ്ഠമായി വെളിപ്പെടുത്തുന്നു. ഈ ദൈവദാനത്തെ കാത്തുസംരക്ഷിക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനും വേണ്ടതെല്ലാം ചെയ്യുന്നതിന് സഭ സദാസന്നദ്ധയാണ്.

അനുസരണവ്രതത്തിലൂടെ ദൈവത്തിന്റെ തിരുഹിതത്തിന് തന്നെത്തന്നെ പൂർണമായി സന്ന്യാസി സമർപ്പിക്കുന്നു. 'സന്ന്യാസിമാർ അനുസരണത്തിന്റെ വ്രതവാഗ്ദാനം വഴി, സ്വന്തം ഇച്ഛാശക്തിയെ തങ്ങളുടെ ബലിവസ്തുവെന്നപോലെ ദൈവത്തിനു സമർപ്പിക്കണം. ഇതുവഴി നിരന്തരമായും കൂടുതൽ ഉറപ്പായും രക്ഷാദായകമായ ദൈവേഷ്ടത്തോട് കൂടുതൽ ഐക്യപ്പെടുന്നു' (PC. 14). ഇതിന്, മരണം വരെ തന്റെ പിതാവിന്റെ തിരുഹിതത്തിന് സ്വയം സമർപ്പിച്ച യേശുമിശിഹായെയാണ് സന്ന്യാസികൾ മാതൃകയാക്കേണ്ടതെന്നും ഇതിനവർക്ക് പ്രചോദനം നൽകുന്നത് പരിശുദ്ധാത്മാവാണെന്നും ഇരു കാനോന സംഹിതകളും അനുശാസിക്കുന്നു.

ബ്രഹ്മചര്യത്തെക്കുറിച്ചുള്ള അനുശാസനങ്ങളിൽ ഇരുകാനോന സംഹിതകളും രണ്ടാം വത്തിക്കാൻ സൂനഹദോസിന്റെ പ്രബോധനങ്ങളാണ് പ്രതിഫലിപ്പിക്കുക. 'സന്ന്യാസികൾ സ്വർഗ്ഗരാജ്യത്തിനുവേണ്ടി ഏറ്റെടുക്കുന്ന ബ്രഹ്മചര്യവ്രതം കൃപാവരത്തിന്റെ ഒരു വിശിഷ്ട ദാനമായി വിലമതിക്കപ്പെടണം. അതുവഴി അവർ ദൈവത്തോടും മനുഷ്യകുലത്തോട് മുഴുവനുമുള്ള സ്നേഹത്താൽ ജ്വലിക്കുന്നു' (PC. 12). ബ്രഹ്മചര്യവ്രതത്തിന്, അഗാധമായ ദൈവസ്നേഹത്തിന്റെയും വിശാലമായ മാനവികതയുടെയും അർത്ഥതലങ്ങളാണുള്ളതെന്നാണ് ഇരു കാനോന സംഹിതകളും നൽകുന്ന സൂചന.

ദാരിദ്ര്യവ്രതത്തിലൂടെ സന്ന്യാസികൾ 'ധനികനായിരുന്നിട്ടും തന്റെ ദാരിദ്ര്യം വഴി നാം ധനികരാകേണ്ടതിന് നമുക്കുവേണ്ടി ദരി

www.malankaralibrary.com



ദ്രനായ' (PC. 13) മിശിഹായെ അനുകരിക്കുകയാണ് ചെയ്യുന്നതെന്ന് ഇരു കാനോന സംഹിതകളും പഠിപ്പിക്കുന്നു. 'സന്ന്യാസ ദാരിദ്ര്യത്തെ സംബന്ധിച്ചിടത്തോളം സമ്പത്തുകളുടെ ഉപയോഗത്തിൽ മേലധികാരിക്ക് കീഴ്‌വഴങ്ങുന്നതുകൊണ്ട് മാത്രമായില്ല, പ്രത്യുത അംഗങ്ങൾ വസ്തുതയിലും ചൈതന്യത്തിലും ദരിദ്രരാവുകയും അവരുടെ സമ്പത്ത് സ്വർഗത്തിൽ നിക്ഷേപിക്കുകയും ചെയ്യേണ്ടിയിരിക്കുന്നു' (PC. 13).

**സമൂഹജീവിതത്തിന്റെ അർത്ഥതലങ്ങൾ**

സന്ന്യാസഭവനത്തിൽ സമൂഹജീവിതം നയിക്കപ്പെടണമെന്ന് ഇരു കാനോന സംഹിതകളും അനുശാസിക്കുന്നു. സന്ന്യാസ സമൂഹജീവിതം മറ്റ് പൊതുജീവിതങ്ങളിൽ നിന്നും തികച്ചും വ്യത്യസ്തമാണ്. മാമ്മോദീസായിലൂടെ ലഭിച്ചിട്ടുള്ള കൃപാവരത്തിൽ അധിഷ്ഠിതമായ സമൂഹജീവിതമായിരിക്കണം സന്ന്യാസത്തിന്റേത്. സന്ന്യാസ സമൂഹത്തിലെ അംഗത്വം സ്വീകരിച്ച്, അതിന്റെ അരൂപിക്കനുസരണമായിരിക്കണം സന്ന്യാസി ജീവിക്കേണ്ടത്. ഒരേ ഭവനത്തിൽ ഒരേ അധികാരിക്ക് കീഴ്പ്പെട്ട് ജീവിതസൗകര്യങ്ങൾ പങ്കുവെച്ച് പൊതുവായ പ്രാർത്ഥനാജീവിതം നയിക്കുക എന്നതാണ് സന്ന്യാസത്തിലെ സമൂഹജീവിതംകൊണ്ട് അർത്ഥമാക്കുന്നത്. സന്ന്യാസികളെ ഒരുമിച്ച് ചേർക്കുന്നതും സമൂഹജീവിതത്തിന് പ്രചോദനം നൽകുന്നതും പരിശുദ്ധാത്മാവാണ്. അപ്രകാരം സന്ന്യാസികൾ ക്രിസ്തുവിൽ ഒരു ഭവനമായി രൂപപ്പെടുന്നു. പരിശുദ്ധ ത്രിത്വത്തിലെ കൂട്ടായ്മ, സന്ന്യാസ സമൂഹ കൂട്ടായ്മയ്ക്ക് മാതൃകയാണ്. അതോടൊപ്പം സന്ന്യാസ സമൂഹജീവിതം സഭയിലെ കൂട്ടായ്മാ ജീവിതത്തെ പ്രതിഫലിപ്പിക്കുകയും ചെയ്യുന്നു. പരസ്പരം സഹായിച്ചുകൊണ്ടുള്ള അംഗങ്ങളുടെ സമൂഹജീവിതത്തിലൂടെ, സന്ന്യാസികൾ തങ്ങളുടെ സമൂഹത്തിന്റെ പ്രത്യേക കാരിസത്തിന് സാക്ഷ്യം നൽകുന്നു. അതോടൊപ്പം ലോകത്തിലും മനുഷ്യഹൃദയങ്ങളിലും നിലകൊള്ളുന്ന അനൈക്യത്തിന്റെ ശക്തികൾക്കെതിരെ, സമ്പൂർണ അനുരഞ്ജനത്തിന്റെ പരിശുദ്ധാത്മ പ്രചോദനങ്ങൾക്ക് സന്ന്യാസികൾ സർവാത്മനാ സാക്ഷികളാകുന്നു.

**ഉപസംഹാരം**

സഭയിൽ, സമ്പൂർണ സമർപ്പണത്തിന്റെയും പരിത്യാഗത്തിന്റെയും കൂട്ടായ്മയുടെയും ഒരു വലിയ മാതൃകയായിരിക്കണം

www.malankaralibrary.com




സന്ന്യാസജീവിതമെന്ന് ഇരു കാനോന സംഹിതകളും അനുശാസിക്കുന്നു. അതോടൊപ്പം സന്ന്യാസത്തെ സുസ്ഥിരമായ ഒരു അസ്തിത്വാത്മക ജീവിതാവസ്ഥയായി ചൂണ്ടിക്കാണിക്കുകയും ചെയ്യുന്നു. സന്ന്യാസത്തിലേക്കുള്ള വിളി പരിശുദ്ധാത്മ പ്രേരിതമാണ്. ലോകത്തെ പരിത്യജിച്ചുകൊണ്ട്, അതേസമയം ലോകത്തിന്റെ രക്ഷയ്ക്കുവേണ്ടി ജീവിക്കാനുള്ള വിളിയാണ് സന്ന്യാസത്തിന്റേത്. ഇതിന് സന്ന്യാസിയെ സഹായിക്കുന്നത് വ്രതത്രയങ്ങളിൽ അധിഷ്ഠിതമായ സുസ്ഥിര സമൂഹജീവിതമാണ്. അനൈക്യത്തിന്റെ ഈ ലോകത്ത് അനുരഞ്ജനത്തിന്റെയും കൂട്ടായ്മയുടെയും ഒരു വലിയ സാക്ഷ്യം കൂടിയാണ് സന്ന്യാസികളുടെ സമൂഹജീവിതം.

www.malankaralibrary.com

# 9

# അല്മായ പങ്കാളിത്തം സഭയിൽ

***പ്രബുദ്ധരായ അല്മായർ സ്വാർത്ഥലക്ഷ്യങ്ങൾക്കതീതമായി സഭാപ്രവർത്തനങ്ങൾക്കായിറങ്ങുമ്പോൾ അത് സഭയുടെ വളർച്ചയോടൊപ്പം ഒരു നവസമൂഹത്തിന്റെ നിർമ്മിതിക്കും നിദാനമായി ഭവിക്കുന്നു.***



ജനകീയ സംരംഭങ്ങളുടെ വിജയം—അതായിരുന്നു ഇരുപതാം നൂറ്റാണ്ടിന്റെ ഏറ്റവും വലിയ നേട്ടം. ഇതിനു പ്രേരകമായി ഒരു ജീവിതദർശനവും ഇക്കാലയളവിൽ രൂപംകൊണ്ടു. സഭയുടെ കാഴ്ചപ്പാടുകളിലും ഈ ദർശനപരിണാമം വലിയ വ്യതിയാനങ്ങൾ സൃഷ്ടിച്ചു. 1946 ൽ പന്ത്രണ്ടാം പിയൂസ് മാർപാപ്പ പറഞ്ഞു: “അല്മായർ സഭാജീവിതത്തിന്റെ മുൻനിരയിലാണ്. അവരിലൂടെയാണ്, ജീവാത്മഘടകമായി സമൂഹം നിലനിൽക്കുന്നത്. ആയതിനാൽ അവർ സഭയിലായിരിക്കുന്നു എന്നല്ല, മറിച്ച് അവർ തന്നെയാണ് സഭ.” രണ്ടാം വത്തിക്കാൻ കൗൺസിലിൽ പങ്കെടുത്ത അല്മായ പ്രമുഖനായിരുന്ന പ്രൊഫ. റമോൺ സുഗ്രായൻസ് ഇങ്ങനെ അഭിപ്രായപ്പെടുന്നു: “രണ്ടാം വത്തിക്കാൻ കൗൺസിൽ സംഭവങ്ങളിൽ ഏറ്റവും പ്രധാനം ഇതാണ്—തിരുസഭയെ സംബന്ധിക്കുന്ന കോൺസ്റ്റിറ്റ്യൂഷനിൽ ദൈവജനത്തെക്കുറിച്ചുള്ള അധ്യായത്തിന് പ്രഥമസ്ഥാനം നൽകി.” സഭയുടെ അല്മായദർശനത്തിൽ നിർണ്ണായക പുരോഗമനത്തിന് വഴിതെളിച്ച മഹാസംഭവമായിരുന്നു രണ്ടാം വത്തി

www.malankaralibrary.com



ക്കാൻ കൗൺസിൽ. ആദിമസഭയുടെ ആത്മചൈതന്യത്തിന്റെ പുന രാവിഷ്ക്കരണമാണ് ഇവിടെ കാണുക. ഈ അല്മായദർശനത്തിന്റെ അടിസ്ഥാനവും ചരിത്രപുരോഗതിയും വിശകലനം ചെയ്യുകയാണ് ഈ ലേഖനത്തിൽ.

## ആരാണ് അല്മായൻ

യേശുക്രിസ്തുവാകുന്ന മൂലക്കല്ലിൽനിന്നും (1 കോറി 3:11) അപ്പോസ്തലന്മാരും പ്രവാചകരുമാകുന്ന അടിത്തറമേൽ (എഫേ 2:20) പണിതുയർത്തപ്പെട്ട സഭയിലെ സജീവശിലകളാണ് അല്മാ യർ (1 കോറി 3:16–17; എഫേ 2:21–22; 1 പത്രോ 2:5). വിളിച്ചുകൂട്ടപ്പെ ട്ടവരുടെ ഈ സമൂഹ(Ecclesia)ത്തിൽ എല്ലാ അംഗങ്ങൾക്കും, അവർ മെത്രാന്മാരോ, വൈദികരോ, സന്യാസികളോ, അല്മായരോ ആരു മായിക്കൊള്ളട്ടെ, അവർക്ക് സഭയുടെ സാകല്യത(Wholeness) സൃഷ്ടിക്കുന്നതിൽ സജീവമായ പങ്കുവഹിക്കുവാനുണ്ട്. ലോക ത്തിൽ ദൈവവേല നിവർത്തിക്കുന്നവരാണ് അല്മായർ (അല്മാ യർ എന്ന വാക്ക് ഉരുത്തിരിഞ്ഞ 'ഒൽമോ' എന്ന സുറിയാനി വാക്കിന്റെ അർത്ഥം ലോകം എന്നാണ്). ആദിമകാലം മുതൽക്കേ അല്മായർ സഭയുടെ സജീവഘടകങ്ങളായി പരിഗണിക്കപ്പെട്ടിരു ന്നു. പിന്നീട് സഭാചരിത്രത്തിന്റെ ഗതിവിഗതികൾക്കിടയിൽ ഈ പരമ്പരാഗത വീക്ഷണത്തിന് ചില പരിണാമങ്ങൾ സംഭവിച്ചു എന്നത് ഒരു അനിഷേധ്യ വസ്തുതയാണ്. എന്നാൽ ഇന്ന് ഈ ഉത്ക്കൃഷ്ടദർശനത്തിന്റെ പുനരാവിഷ്കരണത്തിനുള്ള സുധീരപരി ശ്രമങ്ങൾ സഭയിലാകമാനം നടന്നുകൊണ്ടിരിക്കുന്നു.

## അല്മായ പൗരോഹിത്യത്തിന്റെ അർത്ഥവ്യാപ്തി

സഭയുടെ അടിസ്ഥാനവും കെട്ടുപണിക്കാരുമാണ് മെത്രാന്മാരും വൈദികരുമടങ്ങുന്ന സമൂഹം. ഈ സമൂഹത്തിന്റെ ശുശ്രൂഷാ പൗരോഹിത്യം അടങ്ങിയിരിക്കുന്നത്, ദൈവജനമാകുന്ന സഭയ്ക്കു വേണ്ടി അവർ ശുശ്രൂഷ ചെയ്യുന്നതിലും സഭയെ സജീവമായി പണിതുയർത്തുന്നതിലുമാണ്. ശുശ്രൂഷാ പൗരോഹിത്യം ഇത്തര ത്തിൽ നിർവചിക്കപ്പെടുമ്പോൾ ദൈവജനത്തിന്റെ മുഖ്യപങ്കുവരുന്ന അല്മായസമൂഹം കേവലം ഭരണീയരായി മാത്രം കരുതപ്പെടുന്നില്ല.

ക്രിസ്തു തന്റെ പൗരോഹിത്യശ്രേഷ്ഠത സഭയിലാകമാനം സംവേദനം ചെയ്തിട്ടുണ്ട്. തന്മൂലം ദൈവജനമൊന്നാകെ ഈ

www.malankaralibrary.com



പൗരോഹിത്യത്തിൽ പങ്കുപറ്റുന്നു. പുരോഹിതൻ ശുശ്രൂഷയിലൂടെയുള്ള ദൈവജനസേവനത്തിനായി അഭിഷേകം വഴി നിയോഗിക്കപ്പെടുന്നു. എന്നാൽ അല്മായവിശ്വാസികളുടെ രാജകീയ പൗരോഹിത്യം തങ്ങളുടെ ജീവിതം നീതിപൂർവ്വകവും സ്നേഹാധിഷ്ഠിതവുമായി ദൈവത്തെ ലക്ഷ്യമാക്കി നയിക്കുന്നതിലാണ് അടങ്ങിയിരിക്കുന്നത്. അല്മായർ തങ്ങളുടെ വിശ്വാസജീവിതംവഴി ക്രിസ്തുവിന്റെ പൗരോഹിത്യത്തിൽ പങ്കുകാരാകുന്നു എന്നർത്ഥം. അവർ തങ്ങളുടെ ജീവിതാർപ്പണം വഴി യഥാർത്ഥ ബലിയർപ്പകരാകുകയാണ് (വത്തിക്കാൻ കൗൺസിൽ II, LG, 34). ജീവിതാർപ്പണം പുരോഹിതപ്രവൃത്തിയാണെന്ന ചിന്ത പുരാതനകാലം മുതൽക്കേ സഭയിൽ നിലനിന്നിരുന്നു. സഭാപിതാക്കന്മാരുടെ കൃതികളും പുരാതന ആരാധനക്രമങ്ങളും നൽകുന്ന സൂചനയനുസരിച്ച് രക്തസാക്ഷികളുടെ ജീവിതസമർപ്പണം ഒരു ബലിയർപ്പണമായിരുന്നു. ബലിവസ്തു അവരുടെ ജീവിതം തന്നെയായിരുന്നു. അല്മായ പൗരോഹിത്യത്തിന്റെ അർത്ഥവ്യാപ്തിയിലേക്കാണ് ഈ ചിന്ത വിരൽചൂണ്ടുന്നത്. ദൈനംദിനം യഥാർത്ഥ ക്രൈസ്തവജീവിതം വഴി ബലിയർപ്പിക്കുന്ന ദൈവജനത്തിന്റെ പൊതുപൈതൃകാവകാശമായി പൗരോഹിത്യം ഇവിടെ പരിണമിക്കുന്നു.

## ചരിത്രപരിണാമം

സുവിശേഷദർശനത്തിലും ആദിമസഭയിലും വൈദിക-അല്മായ വൈജാത്യം തുലോം തുച്ഛമായിരുന്നെന്നു മനസ്സിലാക്കാം. അപ്പസ്തോലന്മാർക്കൊപ്പം എഴുപത്തിരണ്ട് ദൈവജനപ്രതിനിധികളടങ്ങുന്ന ശിഷ്യഗണത്തെ യേശു തെരഞ്ഞെടുക്കുന്നുണ്ട് (ലൂക്കാ 10:1). ഇതര പുതിയ നിയമഗ്രന്ഥങ്ങളിലും ശുശ്രൂഷാപൗരോഹിത്യത്തിന്റെ പ്രത്യേക ശുശ്രൂഷാ അധികാരങ്ങളെക്കുറിച്ച് പ്രതിപാദിക്കുന്നതോടൊപ്പം ദൈവജനമൊന്നാകെ പങ്കുവയ്ക്കുന്ന ആത്മീയതയെയും സഭാജീവിതത്തെയും പറ്റി വിവരിക്കുന്നുമുണ്ട് (1 കോറി 3:9-17; എഫേ 2:19-22; റോമാ 12:3-8; ഹെബ്രാ 13:7; 15:17; 1 പത്രോ 2:4-10; 5:1-5). ആദിമസഭയിൽ ദൈവജനം ഏകസമൂഹമായാണ് പരിഗണിക്കപ്പെട്ടുപോന്നിരുന്നത്. ശുശ്രൂഷകളിൽമാത്രം നിലനിന്നിരുന്ന വ്യത്യാസം അവസ്ഥാന്തരമായിരുന്നില്ല.

എ.ഡി നാലാം നൂറ്റാണ്ടുവരെ സഭയിൽ ഈ കാഴ്ചപ്പാട് നിലനിന്നിരുന്നു. പിന്നീട് രൂപംകൊണ്ട അധികാരസങ്കൽപത്തെ

www.malankaralibrary.com



വളർത്തിയത് ദൈവശാസ്ത്രത്തേക്കാളുപരി ചരിത്രമായിരുന്നു. മതേതര ചരിത്രത്തിൽ ഫ്യൂഡലിസവും സാമ്രാജ്യത്വവും വളർന്ന തോടെ തദനുസൃതമായ മാറ്റം സഭയിലും സംഭവിക്കുകയായിരുന്നു.

എ.ഡി 312-ൽ കോൺസ്റ്റന്റൈൻ ചക്രവർത്തി കുരിശ് ധരിച്ചു കൊണ്ട് മിൽവിയൻ പാലത്തിനടുത്ത് യുദ്ധത്തിനിറങ്ങി. ആ യുദ്ധ ത്തിൽ അദ്ദേഹം മാക്സ്യൻസിനെതിരെ വൻവിജയം നേടി റോമാ ചക്രവർത്തിയായി. ഈ നേട്ടത്തിനു പിന്നിൽ ക്രിസ്തുവിന്റെ ശക്തി യാണെന്നു കോൺസ്റ്റന്റൈൻ വിശ്വസിച്ചു. ഇത് സഭാചരിത്രത്തിൽ ഒരു നൂതന അധ്യായത്തിന് തുടക്കം കുറിച്ച സംഭവമായിരുന്നു. എ.ഡി 313-ൽ കോൺസ്റ്റന്റൈൻ ചക്രവർത്തി നടത്തിയ 'മിലാൻ വിളംബരം' വഴി ക്രൈസ്തവസഭ റോമാസാമ്രാജ്യത്തിന്റെ ഔദ്യോ ഗികമതമായി അംഗീകരിക്കപ്പെട്ടു. തുടർന്ന് സഭാജീവിതം ഘടനാ പരമായ ഒരു ശൈലി കൈക്കൊള്ളുകയായിരുന്നു. "മെത്രാന്മാർക്കും വൈദികർക്കും പ്രഭുതുല്യമായ അധികാരാവകാശങ്ങൾ നൽക പ്പെട്ടു." എ.ഡി 325-നുശേഷം നടന്ന ഏഴു പൊതുസൂനഹദോസു കളിൽ രൂപപ്പെട്ട നിയമങ്ങളിൽ അല്മായർക്ക് സഭാജീവിതത്തിൽ പല വിലക്കുകളും കൽപിക്കപ്പെട്ടു. അൾത്താരയിൽ പ്രവേശിക്കാൻ പാടില്ല, മേലധ്യക്ഷന്മാരുടെ തിരഞ്ഞെടുപ്പിൽ പങ്കാളിത്തമില്ല, സഭ യിൽ ഔദ്യോഗികമായി പഠിപ്പിക്കാൻ പാടില്ല മുതലായവ ഉദാഹ രണങ്ങൾ മാത്രം. വിവാഹം കഴിച്ച് കുടുംബജീവിതം നയിക്കുന്നതു ലോകവ്യാപാരങ്ങളോടുള്ള അമിത തല്പരതയായി പരിഗണി ക്കപ്പെട്ടു.

മധ്യനൂറ്റാണ്ടുകളിലുണ്ടായ ബാർബേറിയൻ ആക്രമണം വഴി വിദ്യാഭ്യാസവും സാംസ്കാരികസമ്പന്നതയും സാധാരണ ജന ങ്ങൾക്ക് അന്യമായിത്തീർന്നു. സാംസ്കാരിക വികസനം കൊവേ ന്തകളിലും വൈദിക പരിശീലനക്കളരികളിലും മാത്രമായി ഒതു ങ്ങിയതോടെ, സഭാതീരുമാനങ്ങൾ കൈക്കൊള്ളുന്നതിൽനിന്നും പൊതുചർച്ചകളിൽനിന്നും അല്മായസമൂഹം ഒഴിവാക്കപ്പെട്ടു. പതി നാറാം നൂറ്റാണ്ടിൽ പ്രൊട്ടസ്റ്റന്റ് നവീകരണപ്രസ്ഥാനം വൈദിക നേതൃത്വത്തിനെതിരെ തൊടുത്തുവിട്ട വിമർശനശരങ്ങൾമൂലം സഭാശുശ്രൂഷയിൽ അത്മായർക്കുണ്ടായിരുന്ന പങ്കാളിത്തം തന്നെ നിഷേധ്യമായി.

www.malankaralibrary.com



എന്നാൽ പത്തൊമ്പതാംനൂറ്റാണ്ടുമുതലുള്ള കാലയളവിൽ ദൈവജനത്തെ ഒന്നാകെ വിലമതിക്കുന്ന ഒരു ദൈവശാസ്ത്രം സഭയുടെ ചിന്താമണ്ഡലത്തിൽ രൂപപ്പെടുകയായിരുന്നു. അതോടൊപ്പം ഫ്രെഡറിക് ഓസ്സാനാം തുടങ്ങിയ അല്മായ പ്രവർത്തകർ സഭാപ്രവർത്തനങ്ങൾ തങ്ങളുടെ ദൈവവിളിയായിക്കണ്ട് മുന്നോട്ടുവന്നത് പുതിയ ഉത്തേജനം പകർന്നു.

## രണ്ടാം വത്തിക്കാൻ കൗൺസിൽ

ഇരുപതാം നൂറ്റാണ്ട് കത്തോലിക്കാസഭയിൽ അല്മായ പ്രബുദ്ധതയുടെ കാലയളവായിരുന്നു. ഈ പ്രബുദ്ധത കത്തോലിക്കാസഭ ഔദ്യോഗികമായി അംഗീകരിച്ചതിന്റെ ബഹിർസ്ഫുരണങ്ങൾ രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ (1962-65) പ്രമാണരേഖകളിൽ ഉടനീളം നിഴലിക്കുന്നുണ്ട്. തിരുസഭ എന്ന പ്രമാണരേഖയിലെ രണ്ടാം അധ്യായം, സഭയിൽ ഒരു പുതിയ അല്മായദർശനം രൂപപ്പെടുന്നതിന്റെ ആദ്യപടിയായിരുന്നു. ദൈവത്താൽ വിളിച്ചുകൂട്ടപ്പെട്ട ദൈവജനസമൂഹത്തിലെ അവിഭാജ്യഘടകമാണ് രാജകീയ പുരോഹിതഗണമായ അല്മായരെന്ന് ഇവിടെ പ്രഖ്യാപിക്കപ്പെട്ടു. ഈ അധ്യായം അല്മായപ്രേഷിതത്വത്തിനു ചില പ്രായോഗിക നിർദ്ദേശങ്ങൾ മുന്നോട്ടുവയ്ക്കുന്നു. സഭ ആധുനികലോകത്തിൽ എന്ന ഡിക്രിയിലാകട്ടെ, "ഭൗതിക വ്യവസ്ഥിതി സുവിശേഷചൈതന്യത്താൽ പരിപൂരിതമാക്കാൻ അല്മായർക്കുള്ള ദൗത്യത്തെ പ്രത്യേകമാംവിധം പ്രതിപാദിച്ചിരിക്കുന്നു."

ഇതുകൂടാതെ 'അല്മായ പ്രേഷിതത്വത്തെ സംബന്ധിച്ച ഡിക്രി' ആറ് അധ്യായങ്ങളിലായി അല്മായപ്രേഷിതത്വത്തിന്റെ സ്വഭാവവും വൈശിഷ്ട്യവും അടിസ്ഥാനതത്ത്വങ്ങളും വിശദമാക്കുന്നു. മാമ്മോദിസായിലൂടെ ഓരോ ക്രൈസ്തവനും പ്രേഷിതവൃത്തിയിലേക്കുള്ള ദൈവവിളിയാണ് സ്വീകരിക്കുന്നതെന്ന അവബോധം ഡിക്രി സംവേദനം ചെയ്യുന്നു. തങ്ങളുടെ വ്യത്യസ്തജീവിതപന്ഥാവുകളിൽ സുവിശേഷസന്ദേശം പ്രസരിപ്പിക്കുന്നതുവഴി അല്മായർ യഥാർത്ഥ ക്രൈസ്തവപ്രേഷിതരായി മാറുകയാണ്. കൃഷിയിടങ്ങളും കാര്യാലയങ്ങളും വിദ്യാലയങ്ങളും സാമുദായിക, സാംസ്കാരിക വ്യവസായ രംഗങ്ങളുമൊക്കെ അല്മായർക്കുള്ള പ്രേഷിതരംഗങ്ങളായി പരിണമിക്കുകയാണിവിടെ. സഭയുടെ ഘട

www.malankaralibrary.com



നാപരതയ്ക്ക് കടന്നുചെല്ലാനാവാത്ത മേഖലകൾ ആദർശങ്ങളില ധിഷ്ഠിതമായ അല്മായജീവിതത്തിനുമുന്നിലുള്ള പ്രേഷിത മേഖ ലകളാണെന്ന് കൗൺസിൽ പഠിപ്പിക്കുന്നു.

## കൊംഗാറിന്റെ അല്മായദർശനം

കത്തോലിക്കാസഭയുടെ ചിന്താമണ്ഡലത്തിൽ വ്യക്തമായ ഒരു അല്മായ ദൈവശാസ്ത്രത്തിന് രൂപം നൽകിയത് ഇരുപതാം നൂറ്റാ ണ്ടിലെ വിശ്രുത ദൈവശാസ്ത്രജ്ഞനായിരുന്ന കർദ്ദിനാൾ ഇവ്സ് കൊംഗാറിന്റെ കൃതികളായിരുന്നു. 1904 ഏപ്രിൽ 8 ന് സെഡാനിൽ ജനിച്ച കൊംഗാറിന് ഒന്നാം ലോകമഹായുദ്ധത്തിന്റെ കെടുതി കളുടെ ഓർമ്മപേറുന്ന ബാല്യകാലചരിത്രമാണുണ്ടായിരുന്നത്. 1930 ൽ ഡൊമിനിക്കൻ സന്യാസസഭയിലെ അംഗമായി പൗരോഹിത്യം സ്വീകരിച്ച അദ്ദേഹം തന്റെ രചനാജീവിതം ആരംഭിച്ചത് 1935 മുതൽക്കാണ്. അന്നു തുടങ്ങിയ ആ ചിന്താസപര്യ 1995 ൽ ആ ജീവിതത്തിന്റെ അന്ത്യനിമിഷംവരെ തുടരുകതന്നെ ചെയ്തു.

കൊംഗാറിന്റെ അല്മായ ദൈവശാസ്ത്രം ഉരുത്തിരിയുന്നത് അദ്ദേഹത്തിന്റെ പ്രഖ്യാതകൃതിയായ 'ലേ പീപ്പിൾ ഇൻ ദി ചർച്ച്' ൽ (1957) ആണ്. ഈ ഗ്രന്ഥത്തിൽ കൊംഗാർ അല്മായ ദൈവശാ സ്ത്രത്തെ നിർവ്വചിക്കുന്നതിങ്ങനെയാണ്, "ശരിയായതും മതിയാ യതുമായ അല്മായ ദൈവശാസ്ത്രമൊന്നേയുള്ളൂ. അത് സമ്പൂർണ്ണ സഭാശാസ്ത്രം (Total Ecclesiology) തന്നെയാണ്." സഭാദർശന ത്തിന്റെ സമ്പൂർണ്ണതയ്ക്ക് അല്മായ ദൈവശാസ്ത്രം അനിവാര്യ മാണെന്ന് കൊംഗാർ ഈ പ്രസ്താവനയിലൂടെ സമർത്ഥിക്കുന്നു. അൾത്താരയ്ക്കു മുന്നിൽ മുട്ടുകുത്തുവാനും പിരിവ് നൽകുന്നതിന് പേഴ്സ് തുറക്കുവാനും മാത്രമുള്ളവരല്ല സഭയിലെ അല്മായരെന്ന് സ്ഥാപിക്കുകയായിരുന്നു കൊംഗാർ. ബഹുമുഖമായ സഭാപ്രവർത്ത നങ്ങളിൽ സജീവമായി പങ്കുചേർന്നുകൊണ്ട് അല്മായർ തങ്ങളുടെ ദൈവജനാസ്തിത്വത്തെ സാർത്ഥകമാക്കണമെന്ന ആഹ്വാനവും 'ലേ പീപ്പിൾ ഇൻ ദി ചർച്ച്'ൽ മുഴങ്ങുന്നുണ്ട്.

എല്ലാ പ്രപഞ്ചശക്തികളെയും സുവിശേഷവത്കരിക്കാനുള്ള ദൗത്യമാണ് സഭയ്ക്കുള്ളത്. ഈ ദൗത്യം ഏറെ കാര്യക്ഷമമായി നിർവ്വഹിക്കാവുന്നത് അല്മായർക്കാണെന്നു കൊംഗാർ വാദിച്ചു. കാരണം, അവർ ഒരുപോലെ ലോകത്തോടും സഭയോടും ബന്ധ പ്പെട്ടിരിക്കുന്നവരാണ്.

www.malankaralibrary.com



വിശുദ്ധ കുർബാനയുടെ സമർപ്പണം തന്നെ സഭയിലെ വൈദിക—അല്മായ പങ്കാളിത്തത്തിന്റെ ഉത്തമ നിദർശനമാണെന്ന് കൊംഗാർ കണ്ടെത്തി. വൈദികൻ അർപ്പിക്കുന്ന പ്രാർത്ഥനയ്ക്ക് ദൈവജനം ആമ്മേൻ പറയുമ്പോഴും അദ്ദേഹം ആശീർവദിക്കുന്ന തിരുശരീരരക്തങ്ങൾ അവർ സ്വീകരിക്കുമ്പോഴും സഭയിലെ ദൈവജന ഐക്യത്തിന്റെ താളാത്മകമായ പ്രതിധ്വനികളാണ് അവിടെ സംഭവിക്കുന്നത്—കർദ്ദിനാൾ കൊംഗാർ ചൂണ്ടിക്കാട്ടി.

## പൗരസ്ത്യസഭകളുടെ കാനോനസംഹിത

1991 ൽ പ്രാബല്യത്തിൽ വന്ന പൗരസ്ത്യസഭകളുടെ കാനോനസംഹിതയിൽ സഭയിൽ അല്മായർക്കുള്ള ദൗത്യം ശരിയാംവിധം വിശദമാക്കുന്നുണ്ട്. ഈ സംഹിതയിലെ പതിനൊന്നാം ശീർഷകം അല്മായർക്കായി മാത്രം നീക്കിവയ്ക്കപ്പെട്ടിട്ടുള്ളതാണ്. ഇവിടെ അല്മായർ നിർവ്വചിക്കപ്പെടുന്നതിങ്ങനെ—"ദൈവികപദ്ധതിക്കനുസൃതമായി ഭൗതിക കാര്യങ്ങൾ ഏറ്റെടുക്കുവാനും ക്രമീകരിക്കുവാനും ഉള്ള ദൈവവിളിയാണ് പ്രാഥമികമായും അല്മായരുടേത്." അവർ ദൈവരാജ്യാന്വേഷണാർത്ഥം, യഥാർത്ഥ ക്രിസ്തുസാക്ഷികളായി തങ്ങളുടെ സ്വകാര്യ, കുടുംബ, രാഷ്ട്രീയ, സാമൂഹികവേദികളിൽ ജീവിക്കുകയും വേണം. വിശ്വാസ-സ്നേഹ-പ്രത്യാശാ പുണ്യത്രയങ്ങളിൽ തിളങ്ങിനിന്നുകൊണ്ട് ക്രിസ്തുവിനെ മറ്റുള്ളവർക്കു മുന്നിൽ പ്രകാശിതമാക്കുവാനും അവർക്കു സാധിക്കണം. ലോകത്തിന്റെ വിശുദ്ധീകരണത്തിനുള്ള പുളിമാവുപോലെ നിലനിന്നുകൊണ്ട് സമൂഹത്തിൽ നീതിപൂർവ്വമായ നിയമങ്ങൾ സംസ്ഥാപിക്കുവാൻ അവർക്ക് കടമയുണ്ട് (CCEO. 401).

ഇപ്രകാരം ഭൗതികമണ്ഡലത്തിന്റെ വിശുദ്ധീകരണത്തിനായി പ്രത്യേക ദൈവവിളി ലഭിച്ചിട്ടുള്ള അത്മായർക്ക് സഭാശുശ്രൂഷയുടെ വിവിധ മണ്ഡലങ്ങളിലും അർഹമായ പ്രാതിനിധ്യം കാനോനസംഹിത കൽപിക്കുന്നുണ്ട്. ഓരോ വ്യക്തിഗതസഭയുടെയും ശുശ്രൂഷ ശരിയാംവിധം നിർവ്വഹിക്കുന്നുണ്ട്. ഓരോ വ്യക്തിഗതസഭയുടെയും ശുശ്രൂഷ നിർവ്വഹിക്കുന്നതിന്, സഭാതലവനെയും മെത്രാൻസംഘത്തെയും സഹായിക്കുന്നതിനായി രൂപവത്കരിക്കുന്ന പ്രതിനിധി സമിതിയിൽ അല്മായരുടെ പ്രാതിനിധ്യം ഈ നിയമസംഹിത പ്രത്യേകമാംവിധം നിഷ്കർഷിക്കുന്നുണ്ട് (CCEO. 140, 143). ഭദ്രാസനതലത്തിൽ മെത്രാനെ സഹായിക്കുന്ന ഉപദേശകസമിതിയിലും

www.malankaralibrary.com



അല്മായ പ്രാതിനിധ്യം ഉണ്ടായിരിക്കണം. ഈ പ്രതിനിധികളെ അജപാലനസമിതിയിൽ (Pastoral Council) നിന്നുമാണ് തിരഞ്ഞെടുക്കേണ്ടത് (CCEO. 235, 238). ഇവ കൂടാതെ ഓരോ ഭദ്രാസനത്തിലെയും അജപാലനപ്രവർത്തനം ഏകോപിപ്പിക്കുന്നതിലേക്ക്, ഭദ്രാസനതലത്തിലും വൈദിക ജില്ലാ-ഇടവകതലങ്ങളിലും ഉള്ള അജപാലനസമിതികൾ (Pastoral Council) അല്മായർക്ക് അർഹമായ പ്രാതിനിധ്യം നൽകിക്കൊണ്ട് രൂപംനൽകണമെന്ന അനുശാസനവും ഈ നിയമസംഹിതയിൽ കണ്ടെത്താനാകും(CCEO. 272, 295). ഈ സമിതികളുടെ ഘടനയെയും പ്രവർത്തനശൈലിയെയും സംബന്ധിച്ച വ്യക്തമായ മാർഗ്ഗനിർദ്ദേശങ്ങൾ നിയമസംഹിത നൽകുന്നുണ്ട്.

ഈ സമിതികൾ ഉപദേശകസമിതികൾ മാത്രമാണെങ്കിലും ഭൂരിപക്ഷാടിസ്ഥാനത്തിൽ ഇവിടെ ഉരുത്തിരിയുന്ന നിർദ്ദേശങ്ങൾക്ക് അർഹമായ അംഗീകാരം നൽകേണ്ടതാണെന്ന് 934-ാം കാനോനയുടെ വെളിച്ചത്തിൽ നിയമവിദഗ്ധർ ചൂണ്ടിക്കാട്ടുന്നു (See Mammen Chakkalapadikkal, *The Laity and their Co-operation in the Church Governance according to the Provisions of CCEO and the Tradition of the Malankara Catholic Church* ). ഈ കണ്ടെത്തൽ സഭാശുശ്രൂഷയിൽ അല്മായർക്കുണ്ടായിരിക്കേണ്ട പ്രാതിനിധ്യത്തെ വെളിവാക്കുന്ന ഒന്നാണ്. ഈ സമിതികളിൽ ചർച്ചചെയ്യുന്ന വിഷയങ്ങൾ സമിതിയംഗങ്ങളെ, അവയുടെ വിവിധ വശങ്ങൾ വിശദമാക്കി മുൻകൂട്ടി അറിയിക്കേണ്ടതാണ്. സമിതിയോഗങ്ങളിൽ എല്ലാ അംഗങ്ങൾക്കും അഭിപ്രായ സ്വാതന്ത്ര്യം ഉണ്ടായിരിക്കണമെന്നും കാനോനസംഹിത പ്രത്യേകം നിർദ്ദേശിക്കുന്നു.

സഭയുടെ നീതിനിർവ്വഹണമേഖലയിലും യോഗ്യരായ അല്മായർക്ക് ഔദ്യോഗിക സ്ഥാനങ്ങൾ വഹിക്കാവുന്നതാണെന്ന നിർദ്ദേശവും കാനോനസംഹിതയിലുണ്ട്. മെത്രാൻസ്ഥാനത്തേക്ക് നിയോഗിക്കപ്പെടുന്നതിനായി വൈദികരെ നാമനിർദ്ദേശം ചെയ്യുന്നതിനുമുമ്പ് അല്മായ പ്രമുഖരുടെ അഭിപ്രായങ്ങളും രഹസ്യമായും വ്യക്തിപരമായും ആരായുന്നതിന് അതത് ഭദ്രാസനങ്ങളിലെ മെത്രാന്മാർക്കു സാധിക്കും എന്നും പൗരസ്ത്യകാനൻനിയമം ചൂണ്ടിക്കാട്ടുന്നു (CCEO. 182 § 1).

www.malankaralibrary.com



## സഭയിലെ സാക്ഷാത്കാരം

സഭയിലെ അല്മായ പങ്കാളിത്തം വെറും ആദർശങ്ങളായി പ്രമാണരേഖകളുടെയും നിയമാവലികളുടെയും അക്ഷരക്കൂട്ടങ്ങളിൽമാത്രം ഒതുങ്ങി നിന്നാൽ മതിയാവില്ല. ഇവയുടെ സാക്ഷാത്കാരം സഭയിൽ സംഭവിക്കുക തന്നെ വേണം. മലങ്കര സുറിയാനി കത്തോലിക്കാസഭയിൽ അടുത്തയിടെയുണ്ടായ ചില ഭരണപരമായ പുരോഗമനങ്ങൾ സഭയിലെ അല്മായ പ്രവർത്തനത്തെ വളർത്തുന്നതായിരുന്നു. മലങ്കര കത്തോലിക്കാസഭയിലെ അല്മായ പ്രവർത്തനത്തെ വളർത്തുന്നതായിരുന്നു. മലങ്കര കത്തോലിക്കാ സഭയിലെ അല്മായ സരണിയെ ശക്തമാക്കി സഭാപ്രവർത്തനത്തിന്റെ മുഖ്യധാരയിലേക്ക് കൊണ്ടുവരിക എന്ന ലക്ഷ്യത്തോടെ രൂപംകൊടുത്ത മലങ്കര കാത്തലിക് അസ്സോസിയേഷൻ സുശക്തമായൊരു അല്മായ സംഘടനയായി വളർന്നുകൊണ്ടിരിക്കുന്നു. ആതുരസേവനരംഗത്തും മറ്റു പൊതുരംഗങ്ങളിലും സഭയുടെ വക്താക്കളായി ഈ സംഘടനാപ്രവർത്തകർ മുന്നിട്ടിറങ്ങിയിട്ടുണ്ട്.

ഇടവകകളുടെയും ഭദ്രാസനങ്ങളുടെയും ശുശ്രൂഷയിൽ അല്മായ പങ്കാളിത്തം ഉറപ്പുവരുത്തുന്ന വകുപ്പുകൾ 'ഇടവകപൊതുഭരണ നിബന്ധനകളി'ലും (1996) 'അജപാലനസമിതിയുടെ ഭരണഘടന'യിലും (1996) ഉൾപ്പെടുത്തിയിട്ടുണ്ട് എന്നുള്ളത് പ്രത്യേകം പ്രസ്താവ്യമാണ്. ഈ പ്രചോദനങ്ങളാൽ പ്രേരിതരായി സുശക്തമായ ഒരു അല്മായനിര സഭയിൽ വളരുന്നു എന്ന വസ്തുത അനിഷേധ്യമാണ്. ഈ അല്മായ ശക്തിയെ പ്രബുദ്ധമാക്കുക എന്ന ലക്ഷ്യത്തോടെ, മലങ്കര മേജർ സെമിനാരിയുടെ ആഭിമുഖ്യത്തിൽ നടപ്പിലാക്കിവരുന്ന തിയോളജി കോഴ്സ് സഭാശുശ്രൂഷയിൽ ഒരു മികച്ച കാൽവയ്പ് തന്നെയാണ്. വ്യാപകമായ സാമൂഹിക ചുറ്റുപാടുകളിൽ, സഭയുടെ വക്താക്കളായി പ്രബുദ്ധരായ അല്മായഗണം മുന്നിട്ടിറങ്ങേണ്ടത് ഭാരതത്തിന്റെ ഇന്നത്തെ ചുറ്റുപാടുകളിൽ അനിവാര്യമാണെന്നതും ആർക്കും വിസ്മരിക്കാനാവില്ല.

പ്രബുദ്ധരായ അല്മായർ സ്വാർത്ഥലക്ഷ്യങ്ങൾക്കതീതമായി സഭാപ്രവർത്തനങ്ങൾക്കായിറങ്ങുമ്പോൾ അത് സഭയുടെ വളർച്ചയോടൊപ്പം ഒരു നവസമൂഹത്തിന്റെ നിർമ്മിതിക്കും നിദാനമായി ഭവിക്കുന്നു.

www.malankaralibrary.com

# 10

# വിശ്വാസികളും വിവാഹ വിളിച്ചുചൊല്ലുകളും




***കുടുംബത്തിന്റെ ക്ഷേമവും കുട്ടികളുടെ ആരോഗ്യപൂർണ്ണമായ വളർച്ചയും ലക്ഷ്യംവച്ച് എഴുതിച്ചേർക്കപ്പെട്ടിരിക്കുന്ന ഈ നിയമങ്ങളുടെ ശരിയായ അർത്ഥം ഉൾക്കൊണ്ട് അവ പാലിക്കുവാൻ ഓരോ കത്തോലിക്കാവിശ്വാസിക്കും കടമയും ഉത്തരവാദിത്തവുമുണ്ട്. ദമ്പതികളുടെയും കുടുംബങ്ങളുടെയും നന്മയും സുരക്ഷിതത്വവുമാണ് ഈ നിയമങ്ങളുടെ അന്തരാത്മാവ്—ഈ വസ്തുത നമുക്ക് വിസ്മരിക്കാതിരിക്കാം.***

“**ഈ** വിവാഹം നടത്തുന്നതിന് എന്തെങ്കിലും കാനോനിക തടസ്സം ഉണ്ടെന്ന് അറിയുന്നപക്ഷം പ്രസ്തുത വിവരം മുൻകൂട്ടി വികാരിയെ അറിയിക്കേണ്ടതാണ്. വിളിച്ചുചൊല്ല് ഒന്ന്... രണ്ട്... മൂന്ന്.” ഇടവകപള്ളികളിൽ വിശുദ്ധ കുർബാനയ്ക്കുശേഷം പലപ്പോഴും മുഴങ്ങി കേൾക്കാറുള്ള വിളിച്ചുചൊല്ലുകളുടെ പ്രസക്തഭാഗമാണ് ഉദ്ധൃതവാക്യം. സഭാനിയമമനുസരിച്ച്, വിവാഹം ആശീർവദിക്കുന്നതിനാവശ്യമായ ഘടകങ്ങളെയും വ്യവസ്ഥകളെയും കുറിച്ച് സഭാവിശ്വാസികളെല്ലാവരും ഉദ്ബുദ്ധരാണ് എന്ന മുൻധാരണയാണ് ഈ വിളിച്ചറിയിപ്പിന് പിന്നിലുള്ളത്. ഈ പശ്ചാത്തലത്തിൽ വിവാഹകൂദാശയെ സംബന്ധിക്കുന്ന കാനോനിക വീക്ഷണത്തിലേക്ക് ഒരു അന്വേഷണം നടത്തുകയാണിവിടെ. മുഖ്യമായും ‘കാനോനിക തടസ്സങ്ങൾ’ എന്നതിനാൽ സഭ ഉദ്ദേശിക്കുന്ന വസ്തുതകളാണ് ഇവിടെ വിവക്ഷിക്കപ്പെടുക.

www.malankaralibrary.com



## വിളിച്ചുചൊല്ലുകൾ സഭാനിയമങ്ങളിൽ

1991 ൽ പ്രാബല്യത്തിൽ വന്ന പൗരസ്ത്യസഭകളുടെ കാനോനസംഹിത (CCEO), വിവാഹപൂർവ്വ അന്വേഷണങ്ങളെക്കുറിച്ച് പ്രതിപാദിക്കുന്നതിങ്ങനെ: "വിവാഹപൂർവ്വ അന്വേഷണങ്ങൾക്കുള്ള മറ്റ് ഉപാധികൾ ഓരോ സ്വയാധികാരസഭയുടെയും പ്രത്യേകനിയമ (Particular Laws)ത്തിൽ വ്യവസ്ഥ ചെയ്തിരിക്കണം. ഇക്കാര്യത്തിൽ തീരുമാനങ്ങൾ കൈക്കൊള്ളുന്നത്, സഭാതിർത്തിയിൽ അധികാരം വിനിയോഗിക്കുന്ന മറ്റു സ്വയാധികാരസഭകളിലെ മെത്രാന്മാരുമായി ചർച്ചചെയ്തതിനുശേഷമായിരിക്കണം" (CCEO. 784). "ഇവിടെ പരസ്യമായ വിളിച്ചുചൊല്ലുകൾ" എന്ന പ്രയോഗത്തിനുപകരം "വിവാഹപൂർവ്വ അന്വേഷണത്തിനുള്ള മറ്റ് ഉപാധികൾ" എന്നു ചേർത്തിരിക്കുന്നതു ശ്രദ്ധേയമാണ്. എങ്കിലും ഒരു വിവാഹം നടത്തുന്നതിന് എന്തെങ്കിലും കാനോനികതടസ്സമുണ്ടെന്ന് അറിവുള്ള വിശ്വാസികൾക്ക്, അക്കാര്യം വികാരിയെയോ ഭദ്രാസനമെത്രാനെയോ യഥോചിതം അറിയിക്കുവാൻ കടമയുണ്ടെന്നു പൗരസ്ത്യസഭകളുടെ കാനോനസംഹിത അനുശാസിക്കുന്നു(CCEO. 786). ഇതനുസരിച്ച് ഒരിടവക സമൂഹത്തിൽ നടക്കുന്ന വിവാഹത്തെ സംബന്ധിച്ച് അറിയുവാൻ ആ ഇടവകയിലെ മുഴുവൻ വിശ്വാസികൾക്കും കടമയുണ്ടെന്ന സൂചനയാണ് പൗരസ്ത്യനിയമസംഹിത നൽകുന്നത്.

1917 ൽ പ്രസിദ്ധീകൃതമായ ലത്തീൻ കാനോനസംഹിതയിൽ വിവാഹവിളിച്ചുചൊല്ലുകളെക്കുറിച്ചു വിശദമായി പ്രതിപാദിച്ചിരുന്നു (Can. 1023-1030). എന്നാൽ 1983 ജനുവരി 25 ന് പുനഃപ്രസിദ്ധീകരിച്ച ലത്തീൻ കാനോനസംഹിത(CIC)യിൽ വിവാഹപൂർവ്വ അന്വേഷണ(Prenuptial enquiry)വും വിളിച്ചു ചൊല്ലു(Publication of Banns)കളും സംബന്ധിച്ച തീരുമാനങ്ങൾ കൈക്കൊള്ളുന്നതിന് പ്രാദേശിക മെത്രാൻസമിതികളെ ചുമതലപ്പെടുത്തിയിരിക്കുകയാണ് (CIC . 1067).

ഭാരതത്തിലെ കത്തോലിക്കാ വ്യക്തിസഭകൾ, പരസ്യമായ വിളിച്ചുചൊല്ലുകളിലൂടെ വിവാഹപൂർവ്വ അന്വേഷണം നടത്തണം എന്ന തീരുമാനമാണ് കൈക്കൊണ്ടിട്ടുള്ളത്. മലങ്കര കത്തോലിക്കാസഭയിൽ ഇന്നു നിലവിലിരിക്കുന്ന നടപടിക്രമമനുസരിച്ചു വിവാഹത്തിനു മുമ്പ് മൂന്നു വിളിച്ചുചൊല്ലുകൾ നടത്തി വധൂവരന്മാരുടെ

www.malankaralibrary.com



ആത്മീയജീവിതത്തെയും സ്വതന്ത്രസ്ഥിതി(കാനോനിക തടസ്സരഹിതമായ അവസ്ഥ)യെയും സംബന്ധിച്ച് ആരായേണ്ടതുണ്ട് (CPCSMCC- 522-523). സീറോ മലബാർസഭയുടെ പ്രത്യേക നിയമങ്ങളും (Particular laws on marriage, can. 14, 15) ഇന്ത്യയിലെ ലത്തീൻ മെത്രാൻസമിതി(CCBI)യുടെ ഡിക്രിയും വിവാഹപൂർവ്വ അന്വേഷണത്തിന്റെ ഭാഗമായി വിളിച്ചുചൊല്ലുകൾ നടത്തണമെന്നു പ്രത്യേകം അനുശാസിക്കുന്നു. വിളിച്ചുചൊല്ലുകൾ വഴി ലഭിക്കുന്ന ഉറപ്പനുസരിച്ച് വധൂവരന്മാരുടെ ക്രൈസ്തവജീവിതത്തെയും സ്വതന്ത്രസ്ഥിതിയെയും സംബന്ധിക്കുന്ന രേഖ, ബന്ധപ്പെട്ട വികാരിമാർ വിവാഹാശീർവാദത്തിനുമുമ്പ് കൂദാശ പരികർമ്മം ചെയ്യുന്ന വൈദികന് നൽകണമെന്ന അനുശാസനവും ഈ നിയമസംഹിതകളിലുണ്ട്.

## വിവാഹബന്ധത്തിനുള്ള കാനോനിക തടസ്സങ്ങൾ

സാധുവായ വിവാഹബന്ധത്തിൽ ഏർപ്പെടുന്നതിന്, ഒരു വ്യക്തിക്കുള്ള യോഗ്യത നിയമപരമായി ഇല്ലാതാകുന്ന ഘടകത്തെയാണ് കാനോനിക തടസ്സം എന്നതുകൊണ്ട് വിവക്ഷിക്കുക ("An impediment is that which takes away a person's legal capacity to enter into a vaild marriage"). മറ്റുവാക്കുകളിൽ, സാധുവായ വിവാഹബന്ധത്തിൽ ഏർപ്പെടുന്നതിൽനിന്നും വ്യക്തിയെ നിയമപരമായി തടയുന്ന ഘടകമാണ് കാനോനികതടസ്സം.

മനുഷ്യവംശത്തിന്റെ പിൻതുടർച്ചയ്ക്കും മാനവസമൂഹത്തിന്റെ ക്ഷേമത്തിനുമായി ദൈവം സ്ഥാപിച്ചിരിക്കുന്ന പരിപാവന കൂദാശയാണ് വിവാഹം. ഇതാണ് പുരാതനകാലം മുതൽ വിവാഹത്തെ സംബന്ധിച്ച് സഭയുടെ വീക്ഷണം. ക്രിസ്തുവിന്റെ രക്ഷാകര പദ്ധതിയുടെ ഭാഗമായാണ് ഈ കൂദാശയെ പരിഗണിച്ചിരുന്നത്. എന്നാൽ പിൽക്കാലത്ത് വിവാഹജീവിതത്തിന്റെ പവിത്രത സംരക്ഷിക്കുന്നതിൽ ചില പാളിച്ചകൾ കണ്ടുതുടങ്ങി. ഇത്തരം അവസരങ്ങളിൽ വിവാഹബന്ധത്തിൽ കടന്നുകൂടുവാൻ സാധ്യതയുള്ള ചില തെറ്റായ പ്രവണതകളിൽനിന്നും ആ ബന്ധത്തെ സംരക്ഷിക്കുവാനായി, വ്യക്തമായ നിയമസംവിധാനങ്ങൾ സഭയിലേർപ്പെടുത്തി. കാനോനിക തടസ്സങ്ങൾ സംബന്ധിക്കുന്ന നിയമങ്ങൾ സഭയുടെ കാനോനസംഹിതകളിൽ ഉൾപ്പെടുത്തിയത് ഈ പശ്ചാത്തലത്തിലാണ്. ഈ സംഹിതകളി(CCEO, CIC)ൽ പ്രതിപാദിക്കുന്ന വിവിധ കാനോനിക തടസ്സങ്ങൾ ചുവടെചേർക്കുന്നു.

www.malankaralibrary.com



**1. പ്രായപരിധി**

കത്തോലിക്കാസഭയുടെ ഇരു കാനോനസംഹിതകളുമനുസരിച്ച് (CCEO. 800, CIC. 1083) പതിനാറുവയസ്സു പൂർത്തിയാകാത്ത പുരുഷനും പതിനാലു വയസ്സു പൂർത്തിയാകാത്ത പെൺകുട്ടിയും തമ്മിലുള്ള വിവാഹം അസാധുവാണ്. എന്നാൽ പ്രാദേശിക പ്രത്യേകതകൾ കണക്കിലെടുത്ത്, അതാത് സ്ഥലത്തെ മെത്രാൻസമിതികൾക്കും വ്യക്തിസഭകളുടെ പ്രത്യേക നിയമങ്ങൾക്കും വിവാഹത്തിന്റെ നിയമസാധ്യത(liceity)യ്ക്കായി ഉയർന്ന പ്രായപരിധി നിശ്ചയിക്കാവുന്നതാണ്. ഇപ്രകാരം ഭാരതഭരണഘടനയുടെ അടിസ്ഥാനത്തിൽ ഭാരതമെത്രാൻസമിതി വിവാഹത്തിന്റെ നിയമസാധ്യതയ്ക്കായി നിശ്ചയിച്ചിരിക്കുന്ന കുറഞ്ഞ പ്രായപരിധി പുരുഷന് 21 ഉം സ്ത്രീക്ക് 18ഉം ആണ്.

**2. ലൈംഗികശേഷിക്കുറവ്**

സ്ത്രീപുരുഷന്മാർക്ക് ലൈംഗികബന്ധത്തിൽ ഏർപ്പെടുന്നതിനുള്ള ശേഷിയില്ലായ്മ(impotence) ഒരു വ്യക്തിയെ സാധുവായ വിവാഹത്തിൽ ഏർപ്പെടുന്നതിൽ നിന്നും തടസ്സപ്പെടുത്തുന്നു (CCEO.801; CIC. 1084). വിവാഹത്തിനു മുമ്പുണ്ടായിരുന്നതും വിവാഹത്തിനുശേഷം തുടരുന്നതും ശാശ്വതവുമായ ലൈംഗികശേഷിക്കുറവാണ് ഇവിടെ പ്രതിപാദ്യവിഷയമാകുന്നത്. ഈ കാനോനിക തടസ്സത്തെ സംബന്ധിക്കുന്ന, സംശയം മാത്രമേയുള്ളൂ എങ്കിൽ, ഈ സംശയത്തിന് കാരണമായ വസ്തുത സ്ഥിരീകരിക്കപ്പെടുന്നതുവരെ, വിവാഹത്തെ തടസ്സപ്പെടുത്തുകയോ നടന്ന വിവാഹം അസാധുവായി പ്രഖ്യാപിക്കുകയോ ചെയ്യേണ്ടതില്ല (CCEO. 801§2; CIC. 1084§2).

ലൈംഗികശേഷിക്കുറവും വന്ധ്യത(Sterility)യും തമ്മിലുള്ള വ്യത്യാസം മനസ്സിലാക്കിക്കൊണ്ട്, കാനോനികസംഹിതകൾ വന്ധ്യതയെ കാനോനിക തടസ്സമായി പരിഗണിക്കുന്നില്ല. സന്താനോത്പാദനത്തിന് സാധിക്കാത്ത അവസ്ഥ എന്നതാണ്. ഇവിടെ വന്ധ്യത എന്നതുകൊണ്ട് ഉദ്ദേശിക്കുക. ഈ അസാധ്യത ഒരു വ്യക്തിയെ, ജീവിതപങ്കാളിയെ കണ്ടെത്തുന്നതിൽനിന്നും ലൈംഗികബന്ധത്തിൽ ഏർപ്പെടുന്നതിൽനിന്നും തടസ്സപ്പെടുത്തുന്നില്ല. എന്നാൽ, വിവാഹത്തിന് മുമ്പ് അറിവുണ്ടായിരുന്ന വന്ധ്യത മനഃപൂർവ്വം മറച്ചുവെച്ചും പങ്കാളിയെ വഞ്ചിച്ചുമാണ് വിവാഹത്തിന് സമ്മതം നൽകുന്നത് എങ്കിൽ വന്ധ്യത ഇവിടെ വിവാഹത്തെ അസാധുവാ

www.malankaralibrary.com



ക്കുന്ന ഒരു കാനോനിക തടസ്സമായി പരിണമിക്കുന്നു (CCEO. 821; CIC. 1098).

### 3. പൂർവ്വ വിവാഹബന്ധം

സ്ത്രീ-പുരുഷന്മാരുടെ സമ്പൂർണ്ണമായ ഐക്യത്തെ, വിവാഹബന്ധത്തിന്റെ അടിസ്ഥാനഘടകമായാണ് സഭയെന്നും പരിഗണിച്ചിരുന്നത്. അതായത് ഭാര്യയ്ക്ക് ഏക ഭർത്താവും ഭർത്താവിന് ഏക ഭാര്യയും മാത്രമേ പാടുള്ളൂ എന്നു സാരം. തന്മൂലം സാധുവായി നിലനിൽക്കുന്ന ഒരു പൂർവ്വ വിവാഹബന്ധം, അതിലുൾപ്പെട്ടിട്ടുള്ള സ്ത്രീപുരുഷന്മാരെ രണ്ടാമതൊരു വിവാഹത്തിൽ ഏർപ്പെടുന്നതിൽനിന്നും തടസ്സപ്പെടുത്തുന്നു (CCEO. 802, §2; CIC. 1085). പൂർവ്വ വിവാഹബന്ധത്തിന്റെ സാധുതയ്ക്കായി, ഈ ബന്ധത്തിലെ സ്ത്രീ-പുരുഷന്മാരുൾപ്പെടുന്ന സമൂഹത്തിലെ വിവാഹനിയമങ്ങളാണ് പരിഗണിക്കേണ്ടത്.

സാധുവായ വിവാഹബന്ധത്തിലെ ഒരു ജീവിതപങ്കാളിയുടെ മരണത്തെക്കുറിച്ചുള്ള ചില അനുമാനങ്ങൾ കണക്കിലെടുത്തുകൊണ്ട്, ആ വിവാഹബന്ധത്തിലെ ഇതര പങ്കാളിയുടെ അപേക്ഷ അനുസരിച്ച് മറ്റൊരു വിവാഹത്തിലേർപ്പെടുന്നതിന് അനുവാദം നൽകുവാൻ, ഇത്തരം അനുവാദം നൽകുന്നതിനാവശ്യമായ ധാർമ്മികമായ ഉറപ്പ് ലഭിക്കത്തക്കവിധത്തിൽ, വേണ്ട തെളിവുകൾ ബന്ധപ്പെട്ട കക്ഷികൾ ഭദ്രാസനമെത്രാന് നൽകിയിരിക്കണം. മരിച്ചുവെന്ന് കരുതപ്പെടുന്ന വ്യക്തിയെക്കുറിച്ച് സാമൂഹികസമ്പർക്ക മാധ്യമങ്ങൾവഴി നടത്തുന്ന അന്വേഷണം ഇവിടെ ഉപയോഗിക്കാവുന്നതാണ്. പ്രഥമജീവിതപങ്കാളിയുടെ മരണത്തെ സംബന്ധിച്ചുള്ള അനുമാനത്തിന്റെ അടിസ്ഥാനത്തിൽ, ഒരു ദ്വിതീയവിവാഹത്തിന് നൽകുന്ന അനുവാദം ഉപാധികമായിരിക്കും. മരിച്ചുവെന്നു കരുതിയിരുന്ന വ്യക്തി ജീവിച്ചിരിക്കുന്നുവെന്നു പിന്നീട് വ്യക്തമായ അറിവ് ലഭിക്കുന്നപക്ഷം, അതിനാൽതന്നെ ദ്വിതീയവിവാഹം അസാധുവാകുന്നതായിരിക്കും (CCEO. 1383 CIC. 1707).

### 4. മതവിശ്വാസത്തിന്റെ സമാനതയില്ലായ്മ

ഒരു കത്തോലിക്കാവിശ്വാസിയും ഒരു അവിശ്വാസിയും (ജ്ഞാനസ്നാനം സ്വീകരിച്ചിട്ടില്ലാത്തവർ) തമ്മിൽ വിവാഹത്തിന് ശ്രമിക്കുമ്പോൾ ഇവർക്കിടയിലുള്ള 'മതവിശ്വാസത്തിന്റെ സമാനതയില്ലായ്മ' (Desparity of Cult) സാധുവായ കത്തോലിക്കാ വിവാ

www.malankaralibrary.com



ഹത്തിന് തടസ്സമാവുന്നു (CCEO. 803; CIC. 1086). എന്നാൽ മിശ്രവിവാഹത്തിന്റെ നടപടിക്രമമനുസരിച്ച് (CCEO. 813-816; CIC. 1124-1129), അതായത് ഭദ്രാസനമെത്രാന്മാർക്ക് തങ്ങളുടെ അജപാലനപരിധിയിൽ വരുന്ന വിശ്വാസികളെ ഈ നിയമത്തിൽനിന്നും ഒഴിവുചെയ്യാവുന്ന(dispense)താണ്. ഈ മിശ്രവിവാഹബന്ധം കൗദാശികമായിരിക്കുകയില്ല.

**5. പട്ടത്വം**

വൈദിക-ശെമ്മാശപട്ടങ്ങൾ സ്വീകരിച്ചിട്ടുള്ളവർക്ക് സാധുവായ വിവാഹബന്ധത്തിൽ ഏർപ്പെടുന്നതിന് അവരുടെ പട്ടത്വം തടസ്സമാകുന്നു (CCEO. 804; CIC. 1087). ഈ കാനോനിക തടസ്സത്തിൽനിന്നും വിടുതൽ നൽകുന്നതിനുള്ള അധികാരം, റോമാമാർപാപ്പയ്ക്ക് മാത്രമായി സംവരണം ചെയ്യപ്പെട്ടിരിക്കുന്നു.

**6. നിത്യബ്രഹ്മചര്യവ്രതം**

കത്തോലിക്കാസഭയിൽ അംഗീകരിക്കപ്പെട്ടിട്ടുള്ള ഒരു സന്യാസസമൂഹത്തിൽ നിത്യബ്രഹ്മചര്യവ്രതവാഗ്ദാനം പരസ്യമായി ചെയ്തിട്ടുള്ള ഒരു സന്യാസിക്കോ സന്യാസിനിക്കോ സാധുവായ വിവാഹബന്ധത്തിൽ ഏർപ്പെടുന്നതിന് ഈ വ്രതവാഗ്ദാനം ഒരു കാനോനിക തടസ്സമാണ്(CCEO. 805; CIC. 1088).

**7. തട്ടിക്കൊണ്ടുപോകൽ**

വിവാഹം ചെയ്യുക എന്ന ലക്ഷ്യത്തോടെ ഒരു വ്യക്തിയെ തട്ടിക്കൊണ്ടുവരികയോ, തടങ്കലിൽ പാർപ്പിക്കുകയോ ചെയ്യുന്ന പക്ഷം, ഈ കുറ്റകൃത്യത്തിന് ഉത്തരവാദിയായ വ്യക്തിയും തട്ടിക്കൊണ്ടുപോകപ്പെട്ട വ്യക്തിയും തമ്മിലുള്ള വിവാഹത്തിന് ഈ കുറ്റകൃത്യം തടസ്സമായിരിക്കും. തട്ടിക്കൊണ്ട് പോകപ്പെട്ട വ്യക്തി, പിന്നീട് മറ്റൊരു സ്ഥലത്തുവെച്ച് സ്വതന്ത്രമായ സാഹചര്യങ്ങളിൽ വിവാഹത്തിന് സമ്മതിക്കുകയാണെങ്കിൽ ഈ തടസ്സം ഇല്ലാതാകും (CCEO. 806; CIC. 1089). ലത്തീൻ കാനോനസംഹിതയനുസരിച്ച് പുരുഷൻ സ്ത്രീയെ തട്ടിക്കൊണ്ടുവന്നാൽ മാത്രമേ ഇപ്രകാരമൊരു കാനോനിക തടസ്സം സംജാതമാകുന്നുള്ളൂ. എന്നാൽ പൗരസ്ത്യസഭകളുടെ കാനോനസംഹിതയിൻപ്രകാരം തട്ടിക്കൊണ്ടുപോകപ്പെടുന്ന വ്യക്തി, സ്ത്രീയോ, പുരുഷനോ ആയാലും ഈ കുറ്റകൃത്യം കാനോനിക തടസ്സമായി നിലനിൽക്കുന്നു(See, Salachas, *Il Sacramento. 119*).

www.malankaralibrary.com



**8. വിവാഹപങ്കാളിയുടെ വധം**

മറ്റൊരു വിവാഹത്തിലേർപ്പെടുക എന്ന ലക്ഷ്യത്തോടെ ഒരു വ്യക്തി സ്വന്തം വിവാഹപങ്കാളിയെയോ, താൻ വിവാഹം ചെയ്യാൻ ഇഷ്ടപ്പെടുന്ന വ്യക്തിയുടെ വിവാഹപങ്കാളിയെയോ, വധിക്കുകയോ, അയാളുടെ മരണത്തിന് കാരണമാവുകയോ ചെയ്യുകയാണെങ്കിൽ ഈ കുറ്റകൃത്യം ദ്വിതീയവിവാഹത്തിന് കാനോനിക തടസ്സമാകുന്നു (CCEO. 807, CIC. 1090). ശാരീരികമോ മാനസ്സികമോ ആയ സഹകരണത്തിലൂടെ തങ്ങളിലാരുടെയെങ്കിലും വിവാഹപങ്കാളിയുടെ വധത്തിന് കാരണമായവർ തമ്മിൽ, പിന്നീട് രണ്ടാമതൊരു വിവാഹത്തിന് ശ്രമിക്കുന്നപക്ഷം ആ വിവാഹം അസാധുവായിരിക്കും.

ഈ കാനോനിക തടസ്സം രണ്ടുതലങ്ങളിൽ സഭാനിയമത്തിൽ ചേർത്തിരിക്കുന്നു:

1. ദ്വിതീയ വിവാഹലക്ഷ്യംവെച്ചുകൊണ്ട് വിവാഹപങ്കാളിയെ വധിക്കുന്ന വ്യക്തിക്ക് ഈ കുറ്റകൃത്യം ദ്വിതീയവിവാഹത്തിന് എപ്പോഴും കാനോനിക തടസ്സമായിരിക്കും.
2. രണ്ടാമതൊരു വിവാഹം ലക്ഷ്യംവയ്ക്കാതെ, തന്റെ വിവാഹപങ്കാളിയുടെ മരണത്തിന് കാരണമായൊരു വ്യക്തി, ഈ കുറ്റകൃത്യത്തിൽ ശാരീരികമോ ധാർമ്മികമോ ആയി സഹകരിച്ചിട്ടുള്ള വ്യക്തിയുമായി വിവാഹത്തിലേർപ്പെടുമ്പോൾ ആ വിവാഹം അസാധുവായിരിക്കും(See, Salachas, Il *Sacramento.* p. 122).

**9. രക്തബന്ധം**

തായ്പരമ്പരയിൽ രക്തബന്ധ(Consangunity)മുള്ളവർ തമ്മിൽ (മാതാപിതാക്കൾ-മക്കൾ-കൊച്ചുമക്കൾ) നേരെ മുൻനിരയിൽ മുൻഗാമികളും പിൻഗാമികളുമായിവരുമ്പോൾ ഈ രക്തബന്ധം ഇവർ തമ്മിലുള്ള വിവാഹബന്ധത്തിന് എപ്പോഴും കാനോനിക തടസ്സമാവുന്നു. ഇത്തരം രക്തബന്ധത്തിൽ വരുന്ന വ്യക്തികൾ തമ്മിൽ എത്രയേറെ തലമുറകളുടെ അന്തരമുണ്ടായാലും ഈ തടസ്സത്തിന് അൽപംപോലും കുറവ് സംഭവിക്കുന്നില്ല. ഇത് ദൈവികനിയമം (Divine Law) ആയതിനാൽ ഇതിൽനിന്നും ഒഴിവ് ലഭിക്കുന്നില്ല.

ശാഖാപരമ്പരയിലെ രക്തബന്ധത്തിൽ(സഹോദരങ്ങൾ-അവ

www.malankaralibrary.com



രുടെ മക്കൾ) നാലാം കരിന്തല(Degree)യിലുൾപ്പെട്ടവർവരെ, പരസ്പരം വിവാഹത്തിന് ശ്രമിക്കുമ്പോൾ ഈ രക്തബന്ധം കാനോനിക തടസ്സമാവുന്നു (CCEO. 808, CIC. 1091) മനുഷ്യ ബന്ധക്രമത്തിൽ ബന്ധത്തിന്റെ അളവ് നിശ്ചയിക്കാൻ ഉപയോഗിക്കുന്ന മാനദണ്ഡമാണ് കരിന്തല(Degree). ഒരു ബന്ധശൃംഖലയിൽ പൊതുവായ മുൻഗാമിയൊഴികെ ആ ബന്ധത്തിലുൾപ്പെടുന്ന പ്രസക്ത വ്യക്തികളുടെ സംഖ്യയ്ക്ക് തുല്യമായിരിക്കും പ്രസ്തുത ബന്ധത്തിന്റെ കരിന്തല.

**10. ചാർച്ചാബന്ധം**

ദമ്പതിമാരിൽ ഒരാളും വിവാഹപങ്കാളിയുടെ രക്തബന്ധുക്കളും തമ്മിൽ വിവാഹം വഴി ഉളവാകുന്ന ബന്ധമാണ് ചാർച്ചാബന്ധം (affinity). ചാർച്ചാബന്ധത്തിന്റെ തായ്പരമ്പരയിൽ ഉൾപ്പെടുന്ന എല്ലാവരും തമ്മിലുള്ള വിവാഹത്തിന് ഈ ബന്ധം കാനോനിക തടസ്സമാവുന്നു (CCEO. 809, CIC. 1092). പൗരസ്ത്യസഭകളുടെ കാനോനികസംഹിത അനുസരിച്ച് ചാർച്ചാബന്ധത്തിൽ ശാഖാപരമ്പരയുടെ രണ്ടാം കരിന്തലയിലുള്ളവർ തമ്മിൽ വിവാഹത്തിന് ശ്രമിക്കുമ്പോൾ ആ ബന്ധം കാനോനികമായി അസാധുവായിരിക്കും. ഉദാ: ഒരു പുരുഷന് തന്റെ ഭാര്യാസഹോദരിയെ വിവാഹം ചെയ്യുന്നതിന് ചാർച്ചാബന്ധം കാനോനിക തടസ്സമാവുന്നു.

എന്നാൽ ലത്തീൻ കാനോനസംഹിത അനുസരിച്ച് ശാഖാപരമ്പരയിലുള്ള ചാർച്ചാബന്ധം വിവാഹത്തിന് കാനോനിക തടസ്സമല്ല.

**11. പൊതുമാന്യതയ്ക്ക് നിരക്കാത്തബന്ധം**

അസാധുവായ വിവാഹം വഴിയോ, പരസ്യമായ സഹവാസം (Concubiage) വഴിയോ ഉണ്ടാകുന്ന ചാർച്ചാബന്ധവും വിവാഹത്തിന് കാനോനിക തടസ്സമാവുന്നു. ഇപ്രകാരം ഒരുമിച്ച് ജീവിച്ചിട്ടുള്ള സ്ത്രീപുരുഷന്മാർക്ക് അവരുടെ പങ്കാളിയുടെ തായ്പരമ്പരയിൽ ഒന്നാം കരിന്തലയിൽ വരുന്നവരുമായി മാത്രമേ വിവാഹത്തിലേർപ്പെടുന്നതിന് ആ ബന്ധം കാനോനിക തടസ്സമാകുന്നുള്ളൂ(CCEO. 810, CIC. 1093).

ഉദാ: ഒരു പുരുഷന് തന്നോടൊപ്പം പരസ്യസഹവാസത്തിലേർപ്പെട്ടിരിക്കുന്ന സ്ത്രീയുടെ മാതാവിനെയോ, മകളെയോ വിവാഹം കഴിക്കുന്നതിന് കാനോനിക തടസ്സമുണ്ട്.

www.malankaralibrary.com



**12. ആത്മീയബന്ധം**

മാമ്മോദീസ സ്വീകരിക്കുന്നവരും തലതൊടുന്നവരും തമ്മിലും തലതൊടുന്നവരും മാമ്മോദീസാ സ്വീകരിക്കുന്നവരുടെ മാതാപിതാക്കളും തമ്മിലും മാമ്മോദീസാവഴി ഉണ്ടാകുന്ന ബന്ധമാണ് ഇവിടെ ആത്മീയബന്ധം എന്നതുകൊണ്ട് അർത്ഥമാക്കുക. മേൽപ്പറഞ്ഞ ആത്മീയബന്ധം ഇവർ തമ്മിലുള്ള വിവാഹത്തിന് കാനോനിക തടസ്സമാകുന്നു(CCEO. 811 § 1). ഈ കാനോനിക തടസ്സം ലത്തീൻ നിയമസംഹിതയിൽ നിർദ്ദേശിക്കപ്പെടുന്നില്ല എന്നത് ശ്രദ്ധേയമാണ്.

**13. നയ്യാമിക ബന്ധം**

ഒരു കുട്ടിയെ ദത്തെടുക്കുന്നതുവഴി ആ കുട്ടിയും ദത്തെടുക്കുന്ന കുടുംബവും തമ്മിൽ ഉണ്ടാകുന്ന ബന്ധമാണിവിടെ വിവക്ഷിക്കപ്പെടുക. നയ്യാമികബന്ധത്തിൽ തായ്പരമ്പരയിൽ വരുന്ന എല്ലാവരും തമ്മിലുള്ള വിവാഹം കാനോനിക തടസ്സമാവുന്നു. ഈ ബന്ധത്തിന്റെ ശാഖാപരമ്പരയിൽ രണ്ടാം കരിന്തലയിലുള്ളവർ വരെ തമ്മിൽ വിവാഹത്തിന് ശ്രമിക്കുമ്പോൾ നയ്യാമിക ബന്ധം കാനോനിക തടസ്സമാകുന്നു(CCEO. 812, CIC. 1094). ദത്ത് ബന്ധത്തിന്റെ നിയമസാധ്യതയുടെ അടിസ്ഥാനം ഇതു സംബന്ധിച്ച് ഓരോ സ്ഥലത്തും നിലവിലിരിക്കുന്ന നിയമങ്ങളായിരിക്കും.

## നന്മയും സുരക്ഷിതത്വവും

വിവാഹത്തിന്റെ പവിത്രത സംരക്ഷിക്കപ്പെടുന്നതിനും ദമ്പതികളുടെ ക്ഷേമം ഉറപ്പാക്കുന്നതിനുംവേണ്ടിയാണ് വിവാഹബന്ധത്തെ കാർക്കശ്യസ്വഭാവത്തോടെ സഭാനിയമം നോക്കിക്കാണുന്നത്. ദൈവിക നിയമങ്ങൾക്ക് വിരുദ്ധമായ കാനോനിക തടസ്സങ്ങളിൽ നിന്നൊഴികെ, ശേഷിക്കുന്ന എല്ലാ തടസ്സങ്ങളിൽനിന്നും വിടുതൽ നൽകുന്നതിന് യോഗ്യരായ സഭാധികാരികൾക്ക് അധികാരമുണ്ട്. കുടുംബത്തിന്റെ ക്ഷേമവും കുട്ടികളുടെ ആരോഗ്യപൂർണ്ണമായ വളർച്ചയും ലക്ഷ്യംവെച്ച് എഴുതിച്ചേർക്കപ്പെട്ടിരിക്കുന്ന ഈ നിയമങ്ങളുടെ ശരിയായ അർത്ഥം ഉൾക്കൊണ്ട്; അവ പാലിക്കുവാൻ ഓരോ കത്തോലിക്കാവിശ്വാസിക്കും കടമയും ഉത്തരവാദിത്തവുമുണ്ട്. ദമ്പതികളുടെയും കുടുംബങ്ങളുടെയും നന്മയും സുരക്ഷിതത്വവുമാണ് ഈ നിയമങ്ങളുടെ അന്തരാത്മാവ്—ഈ വസ്തുത നമുക്ക് വിസ്മരിക്കാതിരിക്കാം.

www.malankaralibrary.com

# 11

# മലങ്കര സുറിയാനി കത്തോലിക്കാസഭയുടെ അനന്യവ്യക്തിത്വം

***വ്യക്തിത്വം നിലനിർത്തുന്നതോടൊപ്പം പതിനായിരങ്ങൾക്ക് സുവിശേഷവെളിച്ചം എത്തിച്ചുകൊടുക്കുന്ന മിഷനറി സഭയാകുവാനും ഈ സഭയ്ക്കായി. മിഷൻവേല ചെയ്ത് അവിടുത്തെ ദൈവജനത്തെ വളർത്തി സ്വയം പര്യാപ്തതയിലേക്കുയർത്തുകയും ചെയ്ത ഭാരതത്തിലെ ആദ്യത്തെ പൗരസ്ത്യ സ്വയാധികാരസഭ എന്ന പെരുമയും ഇന്ന് സിറോ-മലങ്കര കത്തോലിക്കാസഭയ്ക്ക് സ്വന്തമാണ്.***

**വി**ളിച്ചുകൂട്ടപ്പെട്ടവരുടെ സമൂഹം (Ecclesia) എന്ന നിലയ്ക്ക് ഓരോ സഭാസമൂഹവും ഏകസത്യവിശ്വാസം സ്വീകരിക്കുകയും ജീവിക്കുകയും ചെയ്യുന്നത്, അതതിന്റെ പ്രത്യേക ചരിത്ര-സാംസ്കാരിക-ജീവിത പശ്ചാത്തലങ്ങളിൽ നിന്നാണ്. ഈ തനതായ ജീവിത പശ്ചാത്തലത്തെ ഏകസത്യവിശ്വാസവുമായി ഇഴചേർക്കുമ്പോൾ ഒരു സഭാസമൂഹത്തിന്റെ വ്യക്തിത്വം രൂപപ്പെടുകയായി. ഈ സാഹചര്യത്തിൽ സിറോ-മലങ്കര കത്തോലിക്കാസഭയുടെ വ്യക്തിത്വത്തെയും ചരിത്രപശ്ചാത്തലത്തെയും പഠനവിധേയമാക്കുകയാണ് ഈ പ്രബന്ധത്തിൽ.

## അപ്പസ്തോലിക സഭ

യേശുവിന്റെ ഈലോകജീവിതത്തിൽ നിന്നുള്ള അനുഭവം സമ്പത്താക്കിയ ക്രിസ്തുശിഷ്യനായ മാർത്തോമ്മാ ശ്ലീഹാ(മത്താ

www.malankaralibrary.com



10:3; മർക്കോ 3:18; അപ്പ 1:13)യിൽനിന്നു തന്നെ, ക്രിസ്തുവർഷം 52ൽ ക്രൈസ്തവവിശ്വാസം സ്വീകരിക്കുവാൻ ഭാഗ്യം സിദ്ധിച്ച വിശ്വാസസമൂഹമാണ് ഭാരതത്തിലേത്. ഇതിന് ഭാരതത്തിലും ഏഷ്യയിലും നിലനിന്നിരുന്ന ക്രൈസ്തവ പാരമ്പര്യങ്ങളിലും ആരാധനക്രമങ്ങളിലും വേണ്ടുവോളം സാക്ഷ്യങ്ങളുണ്ട്. മാർത്തോമാശ്ലീഹായിൽനിന്നും സ്വീകരിച്ച ഈ വിശ്വാസം, ആർഷഭാരതത്തിന്റെ സാംസ്കാരിക തനിമയുമായി സമന്വയിപ്പിച്ച് തങ്ങളുടെ ജീവിതത്തിന്റെ ഭാഗമാക്കുവാനാണ് ഇവിടുത്തെ വിശ്വാസികൾ എന്നും പരിശ്രമിച്ചിട്ടുള്ളത്. അതോടൊപ്പം തുടർന്നുവന്ന നൂറ്റാണ്ടുകളിൽ, പേർഷ്യൻ (പൗരസ്ത്യ സുറിയാനി) സഭാ പാരമ്പര്യവുമായി വളരെയടുത്ത ബന്ധവും പുലർത്തിവന്നു. ഇതിനു കാരണമായി ചരിത്രകാരന്മാർ ചൂണ്ടിക്കാണിക്കുന്നത്, പേർഷ്യൻ സഭയും ഭാരതസഭയും തങ്ങളുടെ പൊതു സഭാപിതാവായി മാർത്തോമാശ്ലീഹായെ കരുതുന്നു എന്ന വസ്തുതയാണ്. എന്നാൽ ഏഴാം നൂറ്റാണ്ടുവരെയുള്ള കാലഘട്ടങ്ങളിൽ പേർഷ്യൻ സഭയുടെ അധികാരത്തിൻ കീഴിലായിരുന്നു മലങ്കരയിലെ സഭ എന്നതിന് യാതൊരു തെളിവുകളും ലഭ്യമല്ല. ഈ കാലഘട്ടത്തിൽ ഇവിടുത്തെ പ്രാദേശിക സഭാധികാരികളായിരുന്നിരിക്കണം ഭാരതസഭയെ നയിച്ചിരുന്നത്.

## മലങ്കരയിലെ സഭയും നസ്രാണികളും

ഭാരതത്തിലെ സഭ പുരാതനകാലം മുതൽ മലങ്കരസഭ എന്നറിയപ്പെട്ടിരുന്നു. എ.ഡി. 522 ൽ ഇവിടം സന്ദർശിച്ച കോസ്മോസ് എന്ന സഞ്ചാരി 'സാർവത്രിക ക്രൈസ്തവ ചരിത്രം' എന്ന ഗ്രന്ഥത്തിൽ ഇപ്രകാരം രേഖപ്പെടുത്തിയിരിക്കുന്നു. "കുരുമുളക് വളരുന്ന 'മാലെ' എന്ന രാജ്യത്ത് ഒരു സഭയുണ്ട്. അവിടെ പേർഷ്യയിൽനിന്നും നിയമിതനായ ഒരു മെത്രാനുണ്ട്." ഇവിടെ സൂചിപ്പിക്കുന്ന 'മാലെ' മലങ്കരയുടെ ചുരുക്കരൂപമാണെന്ന് ചരിത്രകാരന്മാർ നിരീക്ഷിക്കുന്നു. പുരാതനകാലത്ത് കുരുമുളക് ഉൽപാദിപ്പിച്ചിരുന്ന ഏക പ്രദേശം കേരളം മാത്രമായിരുന്നു. മാർത്തോമാശ്ലീഹാ കേരളത്തിൽ ആദ്യമായെത്തിയ കൊടുങ്ങല്ലൂർ 'മാല്യങ്കര' എന്നറിയപ്പെട്ടിരുന്നതിനാൽ ഇവിടുത്തെ സഭ മലങ്കരസഭയെന്ന് വിളിക്കപ്പെടുവാനിടയായതായി എന്നും ചില ഗ്രന്ഥകാരന്മാർ സ്ഥാപിക്കുന്നുണ്ട്. കുന്നുകളും താഴ്വരകളും ഇടകലർന്ന് സ്ഥിതിചെയ്യുന്ന ഭൂപ്രദേശമായതിനാൽ ഇവിടെ 'മലങ്കര' എന്നറിയപ്പെട്ടു എന്ന വാദവും

www.malankaralibrary.com



നിലവിലുണ്ട്. ഭാരതത്തിലെ സഭ മലങ്കരസഭ എന്നും ഇവിടുത്തെ ക്രിസ്ത്യാനികളെ മലങ്കരക്കാർ എന്നും വിളിച്ചിരുന്നതിന് ചരിത്ര രേഖകൾ സാക്ഷ്യം വഹിക്കുന്നു. “മിശിഹാ പിറന്നിട്ട് 1776-ാം കാലം കുംഭമാസം 15 ന് ആലങ്ങാട്ട് മർത്തമറിയം ഉമ്മാടെ പള്ളിയിൽ ബഹുമാനപ്പെട്ട മാർസലേസിയോസ് ജെമിനീസ്യാ എന്ന നമ്മുടെ മെത്രാന്റെ മുമ്പാകെവെച്ച് മലങ്കര ഇടവകക്കാർക്കൂടി എഴുതിവച്ച പടിയോല.” പതിനെട്ടാംനൂറ്റാണ്ടിൽ ഇവിടുത്തെ നസ്രാണികൾ എഴുതി സമർപ്പിച്ച പടിയോലയിൽ സ്വയം വിശേഷിപ്പിച്ചിരിക്കുന്നത് മലങ്കരക്കാർ എന്നാണെന്നുള്ളത് പ്രത്യേകം ശ്രദ്ധേയമാണ്.

മലങ്കര നസ്രാണികൾ ഉന്നതമായ സാമൂഹികനിലവാരം ഉള്ള വരായിരുന്നു. നസ്രാണികളുടെ ജീവിതാവസ്ഥയിലേക്ക് വിരൽ ചൂണ്ടുന്ന പുരാതനരേഖകളായ ചെമ്പുതകിടുകൾ അഥവാ ചെപ്പേ ടുകൾ ഭാരതസഭയെ സംബന്ധിച്ചിടത്തോളം അമൂല്യചരിത്രരേഖ കൾ തന്നെയാണ്. തരിസ്സാപ്പള്ളി ചെപ്പേട് (849), വീരരാഘവപ ട്ടയം (13-14 നൂറ്റാണ്ടുകൾ) തുടങ്ങിയ ചെമ്പുതകിടുകൾ ഈ ഗണ ത്തിൽപ്പെടുന്നു. ഈ രേഖകളിലൂടെ ഇവിടുത്തെ നസ്രാണികൾക്ക് പ്രത്യേക അവകാശങ്ങളും ആനുകൂല്യങ്ങളും ഭരണാധികാരികൾ കൽപിച്ചുനൽകിയിരുന്നു. നസ്രാണികളുടെ ശ്രേഷ്ഠമായ ജീവിതാ വസ്ഥയെ പരിഗണിച്ചായിരുന്നിരിക്കണം ഈ അവകാശങ്ങളും ആനുകൂല്യങ്ങളും നൽകപ്പെട്ടിരുന്നത്.

കേരളത്തിൽ ഉദയംപേരൂർ ആസ്ഥാനമാക്കി വില്ലാർവട്ടം എന്ന പേരിലറിയപ്പെട്ടിരുന്ന ഒരു ക്രൈസ്തവരാജവംശം നിലനിന്നിരു ന്നതായി ചരിത്രരേഖകൾ സാക്ഷ്യപ്പെടുത്തുന്നു. ജോൺ ഇരുപ ത്തിരണ്ടാം മാർപാപ്പ (1316-1334) അവിഞ്ഞോണിൽ നിന്നും കേര ളത്തിലെ ക്രൈസ്തവരാജാവിന് കത്തുകളയച്ചിരുന്നതായി വത്തി ക്കാൻ രേഖാശേഖരത്തിൽനിന്നും സൂചനകൾ ലഭിക്കുന്നു. ഇത് സൂചിപ്പിക്കുന്നത് മലങ്കരക്കാർ ആദിമനൂറ്റാണ്ടുകളിൽതന്നെ മതപ രമായും രാഷ്ട്രീയമായും അംഗീകരിക്കപ്പെടത്തക്കവിധം ഉന്നത ജീവിതനിലവാരം പുലർത്തിയിരുന്നു എന്നാണ്.

## കൂനൻകുരിശ് സത്യം: സഭാ വ്യക്തിത്വം നിലനിർത്തുന്നതിനുവേണ്ടിയുള്ള പ്രക്ഷോഭം

“സാമ്പലൂർ പാതിരിമാരുടെ കീഴിൽ ഞങ്ങളോ ഞങ്ങളുടെ പിൻതലമുറകളോ നിലനിൽക്കുകയില്ല” എന്നതായിരുന്നു കൂനൻ

www.malankaralibrary.com



കുരിശ് സത്യത്തിലെ പ്രതിജ്ഞ (ജനുവരി 3, 1653). തങ്ങളുടെ സഭയുടെ തനതായ വ്യക്തിത്വത്തെയും ആരാധനക്രമത്തെയും തീയിലിട്ട് ചുട്ടുകരിച്ച പോർച്ചുഗീസ് നേതൃത്വത്തിനുനേരെ ഉയർത്തിയ, ശക്തമായ പ്രതിഷേധവും താക്കീതും മാത്രമായിരുന്നു അത്. മറിച്ച് വിശ്വാസത്തിലും സഭാകൂട്ടായ്മയിലും നിന്നുള്ള വ്യതിചലനം ഒരു തരത്തിലും ലക്ഷ്യംവച്ചിരുന്നില്ല.

പിന്നീട് ഒന്നാം മാർത്തോമ്മാ എന്ന പേരിൽ 1653 മെയ് 22 ന് പന്ത്രണ്ടു വൈദികരുടെ "കൈവയ്പിലൂടെ" മെത്രാനെ വാഴിക്കുന്നതുവരെ കൊണ്ടുചെന്നെത്തിച്ച സംഭവവികാസങ്ങളെ നിർഭാഗ്യകരമെന്നു മാത്രമേ പറയാനാവൂ. എങ്കിലും തങ്ങളുടെ വ്യക്തിത്വങ്ങളെയും സാമൂഹിക അന്തസ്സിനെയും സ്വാശ്രയ സഭാസ്തിത്വത്തെയും ആരുടെ മുന്നിലും അടിയറവ് വയ്ക്കാതിരിക്കാനുള്ള മലങ്കര ക്രിസ്ത്യാനികളുടെ ചങ്കൂറ്റവും ആത്മാഭിമാനവും ഇതിന്റെയെല്ലാം പിന്നിൽ വെളിവാകുന്നുണ്ടെന്ന കാര്യം അനിഷേധ്യമാണ്. എന്നാൽ സഭാസ്വാതന്ത്ര്യത്തിനുവേണ്ടിയുള്ള അന്വേഷണം പിന്നീട് അവരെ കൊണ്ടുചെന്നെത്തിച്ചത്, ചില വ്യത്യസ്ത ചേരികളിലേക്കായിരുന്നു എന്നതും ചരിത്രയാഥാർത്ഥ്യമാണ്. എന്നിരുന്നാലും തങ്ങളുടെ സഭാവ്യക്തിത്വം നിലനിർത്തിക്കൊണ്ട്, ക്രിസ്തുവിന്റെ ഏകസഭയുടെ ഭാഗമാകുവാൻ മലങ്കരക്കാർ എന്നും അഭിലഷിച്ചിരുന്നു. ഈ ലക്ഷ്യം സാധിക്കുന്നതിനുവേണ്ടി പിന്നീട് അവർ നടത്തിയ കത്തിടപാടുകൾ വിവിധ വത്തിക്കാൻ കാര്യാലയങ്ങളുടെ രേഖാലയങ്ങളിൽ കുടുങ്ങിപ്പോയില്ലായിരുന്നുവെങ്കിൽ കേരളസഭയുടെ ചരിത്രം ഇന്ന് മറ്റൊന്നാകുമായിരുന്നു.

## യാക്കോബായ സഭയുമായുള്ള ബന്ധം

വൈദികരിൽനിന്നും ലഭിച്ച കൈവയ്പിന്റെ സാധുതയെക്കുറിച്ചുള്ള സംശയം ഒന്നാം മാർത്തോമ്മായുടെ കാലം മുതൽക്കേ ഉണ്ടായിരുന്നു. ആറാം മാർത്തോമ്മായുടെ കാലമായപ്പോഴേക്കും യഥാർത്ഥ കൈവയ്പ് ലഭിക്കുന്നതിനുവേണ്ടിയുള്ള അഭിവാഞ്ഛ കൊണ്ടുചെന്നെത്തിച്ചത് യാക്കോബായ സഭയുമായുള്ള ബന്ധത്തിലേക്കായിരുന്നു. അങ്ങനെ ആറാം മാർത്തോമ്മാ, മാർ ദിവന്യാസ്യോസ് എന്ന പേരിൽ 1770 ൽ യാക്കോബായ മെത്രാനായ മാർഗ്രിഗോറിയോസിൽ നിന്നും കൈവയ്പ് സ്വീകരിക്കുന്നതിലൂടെ മലങ്കരയിലെ ഏക സഭയുടെ വിഭജനം പൂർണ്ണമാവുകയായിരുന്നു. ഈ അവസരം ഉപയോഗിച്ച് അന്ത്യോക്യായിലെ യാക്കോബായ സഭ,

www.malankaralibrary.com



തങ്ങളുടെ അധികാരം മലങ്കരയിൽ പൂർണ്ണമായി വിനിയോഗിക്കാനും തുടങ്ങി. മലങ്കരയിലെ സഭയുടെ ഭൗതികസ്വത്തിൻമേലും ക്രമേണ അന്ത്യോക്യൻ സഭ അധികാരം ഉപയോഗിക്കുവാൻ തുടങ്ങി. അപ്പോൾ മലങ്കര മെത്രാപ്പോലീത്താ അതിനെതിരെ പ്രതിഷേധമുയർത്തി. 1909 ൽ കേരളത്തിലെത്തിയ മാർ അബ്ദുല്ലാ പാത്രിയർക്കീസ് മലങ്കരസഭയുടെ ആത്മീയവും ഭൗതികവുമായ അധികാരം തനിക്കുണ്ടെന്ന അവകാശവാദമുന്നയിച്ചു. ഇതിനെതിരുനിന്ന മലങ്കര മെത്രാപ്പോലീത്തായെ 1911 ൽ പാത്രിയർക്കീസ് മുടക്കിയതോടെ മെത്രാൻകക്ഷിയും ബാവാകക്ഷിയും എന്ന വിഭജനം മലങ്കരയിൽ സംഭവിച്ചു.

## കാതോലിക്കേറ്റ് സ്ഥാപനം

ഈ ദുസ്ഥിതിയിൽനിന്നും മലങ്കരസഭയെ കരകയറ്റുന്നതിനായി ഫാദർ പി.റ്റി. ഗീവർഗ്ഗീസ് (മാർ ഈവാനിയോസ്)നേതൃത്വമെടുത്ത് മാർ അബ്ദുല്ലാ പാത്രിയർക്കീസിനാൽ നിഷ്കാസിതനായിരുന്ന യഥാർത്ഥ പാത്രിയർക്കീസായ മാർ അബ്ദേദ് മ്ശിഹാ പാത്രിയർക്കീസിന്റെ 1912 ലെ ഉത്തരവ് വഴി മലങ്കരയിൽ കാതോലിക്കാ സിംഹാസനം സാധിതമാക്കി. ഇതിനെക്കുറിച്ച് മാർ ഈവാനിയോസ് തന്റെ ആത്മകഥയിൽ രേഖപ്പെടുത്തിയിരിക്കുന്നതിപ്രകാരമാണ്. “മുടക്കുണ്ടായ ഉടനെ നാം ആ വിവരം കാണിച്ച് അബ്ദേദ് മ്ശിഹാ പാത്രിയർക്കീസു ബാവാ തിരുമനസ്സിലെ പേർക്ക് കമ്പിയടിച്ചു. താമസിയാതെ ആശ്വാസകരമായ മറുപടി കൽപന വന്നു.” ഇതേക്കുറിച്ച് 1912 ജൂൺ 1 ലെ മലയാള മനോരമയിൽ വന്ന വാർത്ത ഇപ്രകാരമായിരുന്നു. “നി.വ.ദി.മ ശ്രീ മോറാൻ മാർ ഇഗ്നാത്യോസ് അബ്ദേദ് മ്ശിഹാ സീനിയർ പാത്രിയർക്കീസ് ബാവാ അവർകൾ മലങ്കരയ്ക്കു വരുന്നവഴി ബസ്രയിൽനിന്ന് കപ്പൽ കേറി ഇന്നലെ (വെള്ളിയാഴ്ച) ഇന്ത്യയുടെ വടക്കുപടിഞ്ഞാററത്തുള്ള കറാച്ചി എന്ന തുറമുഖത്ത് എത്തിയിട്ടുള്ളതായി മാർ ദിവന്യാസ്യോസ് സെമിനാരി പ്രിൻസിപ്പൽ ഫാദർ പി. റ്റി. ഗീവർഗ്ഗീസ് എം.എ അവർകൾക്ക് കമ്പി വന്നിരിക്കുന്നതായി അറിയുന്നു.” 1912 സെപ്തംബർ 16ന് മലയാള മനോരമ ദിനപ്പത്രം കാതോലിക്കാ വാഴ്ചയെക്കുറിച്ച് താഴെക്കാണുന്ന വിവരണം നൽകുന്നു. “ഇതിനെ തുടർന്ന് ദിവന്യാസ്യോസ് സെമിനാരി പ്രിൻസിപ്പൽ റവ. പി.റ്റി. ഗീവർഗ്ഗീസ് എം.എ. അവർകൾ കാതോലിക്കാ സ്ഥാനത്തെയും സ്ഥാനവലിപ്പത്തെയും മറ്റുംപറ്റി ചരിത്രസാക്ഷ്യങ്ങളോടുകൂടി വേറൊരു പ്രസംഗം ചെയ്യു

www.malankaralibrary.com



കയും ചെയ്തു.” ഈ കാതോലിക്കാ സിംഹാസന സ്ഥാപനത്തിനു പിന്നിലും മലങ്കരയുടെ വിശിഷ്ട പൈതൃകവും വ്യക്തിത്വവും കാത്തുസൂക്ഷിക്കുക എന്ന അദമ്യമായ അഭിവാഞ്ഛയാണുണ്ടായിരുന്നത്.

മലങ്കരയുടെ നാനാവിധമായ പുരോഗതി ലക്ഷ്യംവെച്ചുകൊണ്ടുള്ള തുടർ സത്യാന്വേഷണം, ഫാദർ പി.റ്റി ഗീവർഗ്ഗീസിനെ ബഥനിയെന്ന സന്യാസപ്രസ്ഥാനത്തിലേക്ക് നയിച്ചു. ക്രിസ്തുവിന്റെ സഭ ഏകമാണെന്നും വിശുദ്ധമാണെന്നും ശ്ലൈഹികമാണെന്നും കാതോലികമാണെന്നുമുള്ള ബോധ്യത്തിലേക്ക് കടന്നുവരുവാൻ, ബഥനിയുടെ മെത്രാനായിത്തീർന്ന മാർ ഇവാനിയോസിന് സാധിച്ചതും ഈ സത്യാന്വേഷണത്തിലൂടെയായിരുന്നു. ഇത് കത്തോലിക്കാസഭയുമായുള്ള കൂട്ടായ്മയിലേക്ക് മാർ ഇവാനിയോസിനെ നയിച്ചു. ഇതുമായി ബന്ധപ്പെട്ടുള്ള കത്തിടപാടുകൾ നടത്തുവാൻ 1926ൽ പരുമലയിൽ കൂടിയ മലങ്കരസഭാ സൂനഹദോസ് മാർ ഇവാനിയോസിനെ ചുമതലപ്പെടുത്തിയെങ്കിലും, അപ്രതീക്ഷിതമായി ലഭിച്ച അനുകൂല കോടതിവിധി ഈ ഉദ്യമത്തിൽനിന്നും മാർ ഇവാനിയോസും മാർ തെയോഫിലോസും ഒഴികെയുള്ള മെത്രാന്മാരെയെല്ലാം പിൻതിരിപ്പിക്കുകയായിരുന്നു. പിന്താങ്ങിയിരുന്നവരെല്ലാം പിൻതിരിഞ്ഞെങ്കിലും വെറുംകയ്യോടെ ദൃഢനിശ്ചയവും ദൈവകൃപയും മാത്രം കൈമുതലാക്കി ബഥനി മെത്രാൻ തന്റെ സത്യാന്വേഷണം തുടരുക തന്നെ ചെയ്തു. പെട്ടെന്നുണ്ടായ വികാരാവേശത്താൽ കൂനൻകുരിശിന്റെ ആലാത്തിൽ കയറിപ്പിടിച്ച് സത്യം ചെയ്ത പൂർവ്വികരുടെ മാർഗ്ഗഭ്രംശത്തെ തിരുത്തുവാനുള്ള അവസരമായി അദ്ദേഹം ഇതിനെ കണ്ടു.

## സഭാകൂട്ടായ്മ പ്രസ്ഥാനവും സഭാ വ്യക്തിത്വവും

1930 സെപ്തംബർ 20 ന് കത്തോലിക്കാ കൂട്ടായ്മയിലേക്ക് വീണ്ടും കടന്നുവരുമ്പോൾ, 1653 ലെ കൂനൻകുരിശ് പ്രക്ഷോഭം തനതായ വ്യക്തിത്വം നിലനിർത്തുന്നതിനു വേണ്ടിയുള്ളതായിരുന്നുവെങ്കിലും അതിലൂടെ കാതോലിക്കാ മാനം കൈമോശം വന്നു എന്ന തെറ്റ് തിരുത്തപ്പെടേണ്ടതു തന്നെയാണ് എന്ന ബോധ്യമായിരുന്നു മാർ ഇവാനിയോസിനെ കത്തോലിക്കാ കൂട്ടായ്മയിലേക്ക് നയിച്ചത്. അന്നാരംഭിച്ച കൂട്ടായ്മപ്രസ്ഥാനം (Communion Move-

www.malankaralibrary.com



ment), മലങ്കരയിലെ വിഭജിത സമൂഹങ്ങളുടെ മുഴുവൻ ഐക്യം ലക്ഷ്യംവച്ചുകൊണ്ട് ഏറെ ത്യാഗങ്ങൾ ഏറ്റെടുക്കാൻ എന്നും സന്നദ്ധമായിരുന്നു. അന്നാരംഭിച്ച സഭാകൂട്ടായ്മപ്രസ്ഥാനം മലങ്കരയിലെ വിഭജിത സമൂഹങ്ങളുടെ മുഴുവൻ ഐക്യം ലക്ഷ്യംവച്ചുകൊണ്ട് ഏറെ ത്യാഗങ്ങൾ ഏറ്റെടുക്കുവാൻ എന്നും സന്നദ്ധമായിരുന്നു. അന്നത്തെ കാതോലിക്കാബാവ പിന്നീട് കത്തോലിക്കാ കൂട്ടായ്മയിലേക്ക് കടന്നുവരുമെന്ന പ്രതീക്ഷയിൽ ഈ സ്ഥാനം ഒഴിച്ചിടുകയായിരുന്നു. മലങ്കര പാരമ്പര്യത്തിൽ കാതോലിക്കാ ബാവയുടെയും സൂനഹദോസിന്റെയും അധികാരത്തെക്കുറിച്ച് തികഞ്ഞ ബോധ്യമുണ്ടായിരുന്ന മാർ ഇവാനിയോസാണ്, സഭയുടെ ഒന്നാകലിനും പുരോഗതിക്കുംവേണ്ടി ഈ സ്ഥാനങ്ങളും അധികാരങ്ങളും നീക്കിവയ്ക്കാൻ തയ്യാറായതെന്നോർക്കണം. 1926 ൽ അദ്ദേഹം റോമിലേക്കയച്ച നിവേദനത്തിൽ ഇപ്രകാരം എഴുതിയിരിക്കുന്നു: "കാതോലിക്കാ സിംഹാസനത്തിന്റെ കീഴിലുള്ള സൂനഹദോസ്, അതിന്റെ പരിധിക്കുള്ളിലുള്ള അതിഭദ്രാസന-ഭദ്രാസനങ്ങളിൽ മെത്രാപ്പോലീത്താമാരെയും മെത്രാന്മാരെയും വാഴിക്കുകയും അധികാരം നടത്തുകയും ചെയ്യുന്ന പാരമ്പര്യമാണ് മലങ്കരസഭയ്ക്കുള്ളത്." കാതോലിക്കാസ്ഥാനം മലങ്കരയുടെ പൈതൃകാവകാശമാണെന്ന തികഞ്ഞ ബോധ്യം മാർ ഇവാനിയോസിനുണ്ടായിരുന്നു.

## സിറോ മലങ്കര കത്തോലിക്കാസഭയിലെ കാതോലിക്കാബാവാസ്ഥാനം

2005 ഫെബ്രുവരി 10 ന് 'ആബ് ഇപ്സോ സാങ്തോ തോമാ' എന്ന പ്രമാണരേഖയിലൂടെ പരി. ജോൺപോൾ രണ്ടാമൻ മാർപാപ്പ സിറോ-മലങ്കര കത്തോലിക്കാ സഭയെ മേജർ ആർക്കി എപ്പിസ്കോപ്പൽ സഭയായി ഉയർത്തുകയുണ്ടായി. ഈ വേളയിൽ അദ്ദേഹം മലങ്കരസഭയെ ഇപ്രകാരം പ്രകീർത്തിച്ചിരുന്നു, "1930 ൽ കത്തോലിക്കാ കൂട്ടായ്മയിലേക്ക് പുനഃപ്രവേശനം നടത്തിയ സിറോ-മലങ്കര സമൂഹം അംഗസംഖ്യയിൽ വിപുലമായ വർദ്ധനവ് സാധിക്കുകയും പുരാതനമായ സഭാപൈതൃകവും വിശ്വാസവും സ്തുത്യർഹമാംവിധം സംരക്ഷിക്കുകയും ചെയ്തു. സിറോ-മലങ്കര കത്തോലിക്കാസഭയുടെ ഈ ഉജ്ജ്വലമായ സ്ഥാനം നാം വിലമതിക്കുകയും അംഗീകരിക്കുകയും ചെയ്യുന്നു." പൗരസ്ത്യസഭകളുടെ കാനോനസംഹിതയുടെ ഉറവിടങ്ങളിലൊന്നായ 'ക്ലേരി സാങ്തിതാത്തി'

www.malankaralibrary.com



335-ാം കാനോനയിൽ ഇപ്രകാരം വായിക്കുന്നു. "മേജർ ആർച്ചു ബിഷപ്പിന്റെ സ്ഥാനം കാതോലിക്കാസ്ഥാനത്തിന് തുല്യമാണ്." ഇതനുസരിച്ച് മലങ്കര പാരമ്പര്യപ്രകാരം സിറോ-മലങ്കര കത്തോലിക്കാസഭയുടെ അധ്യക്ഷൻ-കാതോലിക്കാ ബാവയായി സ്ഥാനമേൽക്കുകയായിരുന്നു. സിറിൽ ബസേലിയോസ് കാതോലിക്കാ ബാവയുടെ വാക്കുകൾ ശ്രദ്ധേയമാണ്. "മാർതോമ്മാ ശ്ലീഹായുടെ കാലം മുതൽ ഇവിടെയൊരു ക്രൈസ്തവ സമൂഹം വളർന്നുവന്നു. ഈ സമൂഹത്തിന്റെ ഏറ്റവും വലിയ അവകാശവും അഭിലാഷവും ആഗ്രഹവും ഈ സഭ അതിന്റെ ജീവിതം സ്വതന്ത്രമായി നയിക്കണം എന്നതായിരുന്നു. നമ്മുടെ മലങ്കരസഭ മറ്റൊരു സഭയുടെയും അധീനതയിൽപ്പെട്ടതല്ല. അതിനാൽ തനതായ ഒരു സഭാത്മകജീവിതം കെട്ടിപ്പടുത്തുകൊണ്ട് ഈ ദൗത്യനിർവ്വഹണം സാധിക്കുവാനുള്ള ആഗ്രഹം സിറോ-മലങ്കര കത്തോലിക്കാസഭയ്ക്കുണ്ടായിരുന്നു. അങ്ങനെ നമ്മുടെ സഭയുടെ ആന്തരിക സ്വാതന്ത്ര്യവും വ്യക്തിത്വവും ഈ കത്തോലിക്കാ ബന്ധത്തിൽ നിലനിർത്തപ്പെടുന്നു."

എന്നും തങ്ങളുടെ തനതായ വ്യക്തിത്വത്തെ ഉയർത്തിപ്പിടിച്ച ക്രൈസ്തവ കൂട്ടായ്മയായിരുന്നു പുത്തൻകൂറ്റുകാർ എന്ന സഭാസമൂഹം. ഏക സഭയെന്ന ക്രിസ്തുവിന്റെ പ്രേഷിതലക്ഷ്യത്തിൽ നിന്നും വഴിമാറിച്ചരിച്ചെങ്കിലും പിന്നീട് തിരികെവന്ന്, ഇന്ന് പാത്രിയർക്കീസിനടുത്ത സ്വയാധികാരത്തോടെ തലയുയർത്തി നിൽക്കുമ്പോൾ, ക്രിസ്തുവിന്റെ തിരുമനസ്സുതന്നെയാണ് നിറവേറ്റപ്പെടുന്നത്. ഈ സഭയ്ക്ക് കൈവന്നിരിക്കുന്ന സ്വയാധികാരം ഏക സഭയെന്ന ക്രിസ്തുലക്ഷ്യം സാക്ഷാത്കരിക്കുന്നതിനുള്ള തുറന്ന വാതിലുതന്നെയാണ്.

മലങ്കരസഭകൾ ഒന്നാവുക എന്ന സ്വപ്നം മുന്നിൽ കണ്ടുകൊണ്ട് സിറോ-മലങ്കര കത്തോലിക്കാസഭയുടെ കാതോലിക്കാ ബാവ മോറാൻ മോർ ബസേലിയോസ് ക്ലീമിസ് തിരുമേനി നടത്തിയ പ്രസ്താവന ഏറെ ശ്ലാഘനീയമാണ്. അദ്ദേഹം പറഞ്ഞു: "ഈ സ്വപ്നസാക്ഷാത്കാരത്തിന് ഏതെല്ലാം വിട്ടുവീഴ്ചകൾ സിറോ-മലങ്കര കത്തോലിക്കാസഭയുടെ ഭാഗത്തുനിന്ന് ആവശ്യമാണോ അതെല്ലാം ചെയ്യുവാൻ നാം സന്നദ്ധരാണ്. സിറോ-മലങ്കര കത്തോലിക്കാസഭയുടെ ഇപ്പോഴത്തെ അധ്യക്ഷനെന്ന നില

www.malankaralibrary.com



യിൽ, എനിക്ക് ഈ സഭകൾ പൊതുവായി മുന്നോട്ടുവയ്ക്കുന്ന മേലധ്യക്ഷന്റെ കീഴിൽ സഭാശുശ്രൂഷ ചെയ്യുവാൻ പരിപൂർണ്ണ സന്തോഷമേയുള്ളൂ. അദ്ദേഹത്തിന്റെ കീഴിൽ മലങ്കരസഭയെന്ന അപ്പസ്തോലിക സഭ മുമ്പോട്ടുകൊണ്ടുപോകുവാൻ ഞാൻ പ്രതിജ്ഞാബദ്ധനാണ്. മലങ്കരസഭകൾ സാർവ്വത്രിക കൂട്ടായ്മയിൽ വരുന്നതിന് ഏത് ത്യാഗവും ഏറ്റെടുക്കുവാൻ ഞാൻ തയ്യാറാണ്. അതെന്റെ സഭാശുശ്രൂഷയിലെ അവിഭാജ്യസമർപ്പണമായി ഞാൻ മനസ്സിലാക്കുന്നു."

ഇന്ന് സിറോ-മലങ്കര കത്തോലിക്കാസഭയ്ക്ക് സംലഭ്യമായിരിക്കുന്ന സ്വയാധികാരമനുസരിച്ച് മലങ്കരമേജർ ആർക്കി എപ്പിസ്കോപ്പൽ സഭയുടെ മുഴുവൻ തലവനും പിതാവുമായിരുന്നുകൊണ്ട്, ഒരു നിശ്ചിത സിംഹാസനത്തിന്റെ ഭരണച്ചുമതല നിർവ്വഹിക്കുകയും പാത്രിയാർക്കൽ സ്ഥാനമൊഴികെയുള്ള എല്ലാ പാത്രിയാർക്കൽ അധികാരങ്ങളും കയ്യാളുകയും ചെയ്യുന്ന സ്വയാധികാര സഭാധ്യക്ഷനാണ് മേജർ ആർച്ചുബിഷപ്പ്-കാതോലിക്കാബാവ (CCEO. 151). മേജർ ആർച്ചുബിഷപ്പ് കാതോലിക്കാ ബാവയുടെ അധികാരം സ്വകീയവും ഔദ്യോഗികവും വ്യക്തിഗതവുമായിരിക്കും (CCEO. 78 § 1). സ്വന്തം അധികാരത്താൽ തന്നെ, സഭാഭരണം നടത്തുവാനുള്ള ചുമതലയാണ് മേജർ ആർച്ചുബിഷപ്പ് കാതോലിക്കാ ബാവയ്ക്കുള്ളതെന്ന് നിയമഭാഷ്യം (See, Salachas, *Commento CCEO,* Roma, 88-89). സ്വന്തം പ്രവിശ്യയിൽ മെത്രാപ്പോലീത്തായുടെ അധികാരം ഉപയോഗിക്കുന്നതോടൊപ്പം, പ്രത്യേക പ്രവിശ്യകളായി നിശ്ചയിച്ചിട്ടില്ലാത്ത സ്ഥലങ്ങളിലും മെത്രാപ്പോലീത്തായുടെ അധികാരം ഉപയോഗിച്ച് പ്രവിശ്യാഭരണം നിർവ്വഹിക്കുവാൻ മേജർ ആർച്ചുബിഷപ്പ് കാതോലിക്കാബാവയ്ക്ക് അധികാരമുണ്ട്(CCEO. 80 § 1). മേജർ ആർക്കി എപ്പിസ്കോപ്പൽ സഭയുടെ പൊതുവായ എല്ലാ നയ്യാമിക കാര്യങ്ങളിലും സഭയെ പ്രതിനിധീകരിക്കുന്നത് മേജർ ആർച്ചുബിഷപ്പ് കാതോലിക്കാബാവയായിരിക്കും(CCEO. 79). ഒരു മെത്രാപ്പോലീത്തായുടെ നേതൃത്വത്തിൽ വിവിധ ഭദ്രാസനങ്ങളോടുകൂടിയ ഒരു പുതിയ പ്രവിശ്യ പരിശുദ്ധ സൂനഹദോസിന്റെ സമ്മതത്തോടുകൂടി ആരംഭിക്കുന്നതിനുള്ള അധികാരം മേജർ ആർച്ചുബിഷപ്പ് കാതോലിക്കാ ബാവയ്ക്കുണ്ട് (CCEO. 85 § 1). ഗൗരവമായ കാരണങ്ങൾ പരിഗണിച്ച് പരിശുദ്ധ സൂനഹദോസിന്റെ സമ്മതത്തോടുകൂടി മെത്രാപ്പോലീത്തമാർക്കുവരെ സ്ഥലംമാറ്റം നൽകു

www.malankaralibrary.com



ന്നതിന് മേജർ ആർച്ചുബിഷപ്പ് കാതോലിക്കാ ബാവയ്ക്കധികാര മുണ്ട്(CCEO. 85 § 2).

## അനന്യ വ്യക്തിത്വം

തലമുറകളിലൂടെ പകർന്നുകിട്ടിയ സ്വന്തം സഭാ പൈതൃക ങ്ങളോട് അൽപംപോലും വിട്ടുവീഴ്ച ചെയ്യാതെ ആത്മാഭിമാന ത്തോടെ പാത്രിയാർക്കീസിനടുത്ത സ്വയാധികാരം കയ്യാളുന്ന ഒരു വ്യക്തിസഭയായി സീറോ-മലങ്കര കത്തോലിക്കാസഭ വളർന്നിരി ക്കുന്നു. വ്യക്തിത്വം നിലനിർത്തുന്നതോടൊപ്പം പതിനായിര ങ്ങൾക്ക് സുവിശേഷവെളിച്ചം എത്തിച്ചുകൊടുക്കുന്ന മിഷനറി സഭ യാകുവാനും ഈ സഭയ്ക്കായി. മിഷൻവേലചെയ്ത് അവിടുത്തെ ദൈവജനത്തെ വളർത്തി സ്വയം പര്യാപ്തതയിലേക്കുയർത്തി ഭാര തത്തിലെ ആദ്യത്തെ പൗരസ്ത്യ സ്വയാധികാരസഭ എന്ന പെരു മയും ഇന്ന് സിറോ-മലങ്കര കത്തോലിക്കാസഭയ്ക്ക് സ്വന്തമാണ്.

## ഉപസംഹാരം

സിറോ-മലങ്കര കത്തോലിക്കാസഭ അതിന്റെ വ്യക്തിത്വം അന ന്യമായി കാത്തുപരിപാലിച്ചുകൊണ്ട്, പൂർണ്ണമായ സ്വയാധികാര ത്തിലേക്ക് വളരുന്നതിന്റെ ചരിത്രത്തിനാണ് ഇരുപത്തിയൊന്നാം നൂറ്റാണ്ടിന്റെ ആരംഭം സാക്ഷ്യംവഹിച്ചത്. ഈ വ്യക്തിത്വ വളർച്ച യിലേക്ക് സഭയെ നയിച്ചത് ഈ സഭയുടെ പുണ്യപിതാക്കന്മാരുടെ ത്യാഗനിർഭരമായ നേതൃത്വവും തീക്ഷ്ണമതികളായ മിഷനറിമാ രുടെ അശ്രാന്തപരിശ്രമവും ദൈവജനത്തിന്റെ കൂട്ടായ്മാജീവിത വുമായിരുന്നു. ഈ സഭാസമൂഹത്തിനുമുന്നിൽ ഇനിയും വെല്ലുവി ളികളുണ്ട്. ധാർമ്മികതയിലടിയുറച്ച സമർപ്പിതജീവിതസാക്ഷ്യം കേര ളത്തിലനിവാര്യമായിരിക്കുന്ന ഒരു കാലയളവിലാണ് നാം ജീവി ക്കുന്നത്. 'അതിശീഘ്രം വളർന്നുകൊണ്ടിരിക്കുന്ന സഭ' എന്ന പ്രശംസ പരിശുദ്ധ ജോൺപോൾ രണ്ടാമൻ മാർപാപ്പയിൽനിന്നും ഏറ്റുവാങ്ങിയ സിറോ-മലങ്കര കത്തോലിക്കാസഭയ്ക്ക്, പൈതൃക മായി ലഭിച്ചിട്ടുള്ള ആത്മാഭിമാനവും വ്യക്തിത്വവും മൂല്യങ്ങളും കാത്തുപരിപാലിച്ച് സംരക്ഷിക്കുന്നതിൽ വിമുഖത കാട്ടാതെ, അവയെ അമൂല്യസമ്പാദ്യങ്ങളാക്കി കരുതി തലമുറകളിലേക്ക് കൈമാറുവാൻ നമുക്ക് കഴിയട്ടെ.

www.malankaralibrary.com

# 12
# എക്യുമെനിസം:
# സിറോ–മലങ്കര കത്തോലിക്കാ വീക്ഷണം



***ഇന്ന് സിറോ-മലങ്കര കത്തോലിക്കാ സഭ, സഭാതലവനെ തെരഞ്ഞെടുക്കാനും സ്വന്തം നിയമങ്ങൾ നിർമ്മിക്കാനും അധികാരമുള്ള ഒരു സ്വയാധികാര സഭയായി മലങ്കരയിൽ വിരാജിക്കുമ്പോൾ അത് ഇവിടെ സഭൈക്യത്തിന് ഒരു പുത്തനവസരമാണ്. ഈ തുറന്നിട്ട വാതിലിലൂടെ കടന്നുവരുന്നവർക്ക് മുന്നിൽ സഭൈക്യത്തിന്റെ സജീവസാക്ഷികളാകാൻ നമുക്കു സാധിക്കട്ടെ.***

സഭൈക്യത്തിനുവേണ്ടി വിവിധ ക്രൈസ്തവ സഭകൾക്കിടയിലുള്ള പ്രസ്ഥാനമാണല്ലോ എക്യുമെനിസം. സഭകൾ തമ്മിലുള്ള ഐക്യം ലക്ഷ്യംവെച്ചുകൊണ്ടുള്ള പ്രവർത്തനങ്ങളും മുന്നേറ്റങ്ങളും ചിന്താപദ്ധതികളും ഈ പ്രവർത്തനത്തിന്റെ ഭാഗമാണ്. "എല്ലാ ക്രൈസ്തവസഭകളും തമ്മിലുള്ള ഐക്യം പുനഃസ്ഥാപിക്കുകയെന്നത്" രണ്ടാം വത്തിക്കാൻ സൂനഹദോസിന്റെ പ്രധാന ലക്ഷ്യങ്ങളിലൊന്നാണ് (UR. 1). 'സഭൈക്യ പ്രസ്ഥാനമെന്നതുകൊണ്ടുദ്ദേശിക്കുന്നത്, സഭയുടെ വിവിധ ആവശ്യങ്ങളും കാലാനുസൃതമായ അവസരങ്ങളും മുൻനിർത്തി ക്രൈസ്തവൈക്യം വളർത്താനും കൂട്ടായ്മയിലെത്തിക്കാനും അവലംബിക്കുന്ന എല്ലാ പ്രവർത്തനങ്ങളും പരിശ്രമങ്ങളുമാണ്' (UR. 4). അതോടൊപ്പം ഉത്തമമായ വിശ്വാസ

www.malankaralibrary.com



ത്തോടെ വ്യക്തികൾ കത്തോലിക്കാ കൂട്ടായ്മയിലേക്കു കടന്നുവരുന്നത് പ്രോത്സാഹിപ്പിക്കപ്പെടേണ്ടതാണെന്നും കൗൺസിൽ ഉദ്ബോധിപ്പിക്കുന്നു. "കത്തോലിക്കാസഭയിൽ പൂർണ്ണഐക്യത്തിൽ ചേരാൻ ആഗ്രഹിക്കുന്ന വ്യക്തികളുടെ ഒരുക്കവും കത്തോലിക്കാ കൂട്ടായ്മയിലേക്കുള്ള കടന്നുവരവും സംബന്ധിച്ച പ്രയത്നങ്ങളിൽ നിന്നും എക്യുമെനിക്കൽ പ്രസ്ഥാനം സ്വഭാവത്താലെ തന്നെ വ്യത്യസ്തമാണ്. എന്നാൽ അവ അന്യോന്യം പൊരുത്തപ്പെടാത്തവയല്ല. കാരണം രണ്ടും ദൈവത്തിന്റെ അത്ഭുതാവഹമായ പരിപാലനയിൽ നിന്നുമാണ് പുറപ്പെടുന്നത്" (UR. 4). ഈ പശ്ചാത്തലത്തിൽ കത്തോലിക്കാ കൂട്ടായ്മയിലെ ഒരു മേജർ ആർക്കി എപ്പിസ്കോപ്പൽ സഭയായ സിറോ-മലങ്കര കത്തോലിക്കാസഭയുടെ എക്യുമെനിക്കൽ ദൗത്യത്തെക്കുറിച്ച് ഒരു പഠനം നടത്തുകയാണിവിടെ.

ഇന്ന് സാമൂഹിക, സാംസ്കാരിക, വിദ്യാഭ്യാസ രംഗങ്ങളിൽ സിറോ-മലങ്കര കത്തോലിക്കാസഭ നിർവ്വഹിച്ചുകൊണ്ടിരിക്കുന്ന ശുശ്രൂഷകളേക്കാൾ ഏറെ പ്രാധാന്യമർഹിക്കുന്നതാണ് ഈ സഭയുടെ സഭൈക്യ പ്രേഷിതദൗത്യം. സിറോ-മലങ്കര കത്തോലിക്കാ സഭയുടെ അസ്തിത്വത്തിന്റെ അന്തസ്സത്ത ഈ സഭാ കൂട്ടായ്മാ ദൗത്യവുമായി അനിഷേധ്യമായി ബന്ധപ്പെട്ടിരിക്കുന്നു. മലങ്കരയിലെ എല്ലാ വിഭജിത ക്രൈസ്തവസമൂഹങ്ങളെയും സഭകളുടെ കൂട്ടായ്മയായ ഏകസഭയിൽ ഒരുമിപ്പിക്കുക എന്നത് സിറോ-മലങ്കര കത്തോലിക്കാ സഭയുടെ ദൈവദത്ത ദൗത്യമാണ്. മലങ്കരയിൽ ഈ ദൗത്യം നിർവ്വഹിക്കാനുള്ള ഉത്തരവാദിത്തം, മറ്റേതു സഭയേക്കാളുമുപരി സിറോ-മലങ്കര കത്തോലിക്കാസഭയിൽ പ്രത്യേകമാംവിധം നിക്ഷിപ്തമായിരിക്കുന്നു. ഈ ദൗത്യം ആധികാരികമായും ആത്മാർത്ഥമായും നിർവ്വഹിക്കുന്നതിന് ഈ സഭയ്ക്കാണ് കഴിയുക എന്നത് ഗൗരവത്തോടെയും അഭിമാനത്തോടെയും നാം ഓർക്കേണ്ടതാണെന്ന് സഭയുടെ അദ്ധ്യക്ഷനായ മോറാൻ മോർ ബസേലിയോസ് കർദ്ദിനാൾ ക്ലീമിസ് കാതോലിക്കാബാവാ ഉദ്ബോധിപ്പിക്കുന്നു.

**കത്തോലിക്കാ സഭയുടെ സഭൈക്യദർശനവും സഭാനിയമങ്ങളും**

കത്തോലിക്കാ സഭ മിഷനറി പ്രവർത്തനങ്ങൾക്കൊപ്പം, ഏറെ പ്രാധാന്യത്തോടെയാണ് സഭൈക്യപ്രസ്ഥാന(Ecumenism)ത്തെയും നോക്കിക്കാണുന്നത്. സഭയുടെ എക്യുമെനിക്കൽ പ്രവർത്തനങ്ങൾക്ക് ആക്കം കൂട്ടുവാൻ 1960 ജൂൺ 5ന് വി. ജോൺ XXIII -ാമൻ

www.malankaralibrary.com



മാർപാപ്പ, 'സെക്രട്ടേറിയേറ്റ് ഫോർ പ്രോമോട്ടിങ് ക്രിസ്ത്യൻ യൂണിറ്റി' (SPCU) എന്ന പേരിൽ ഒരു പ്രത്യേക വത്തിക്കാൻ കാര്യാലയം തന്നെ സ്ഥാപിച്ചു. ഇന്ന് ഇത് 'പൊന്തിഫിക്കൽ കൌൺസിൽ ഫോർ പ്രോമോട്ടിങ് ക്രിസ്ത്യൻ യൂണിറ്റി' (PCPCU) എന്നാണ് അറിയപ്പെടുക. കത്തോലിക്കാ സഭയുടെ സഭൈക്യപ്രവർത്തനങ്ങളുടെ നയരേഖയായ 'എക്യുമെനിക്കൽ ഡിറക്ടറി'യുടെ ഒന്നാം ഭാഗം പോൾ VI-ാമൻ മാർപാപ്പ 1967ലും രണ്ടാം ഭാഗം 1970ലും പ്രസിദ്ധീകരിച്ചു. ഇതിന്റെ പരിഷ്കരിച്ച രൂപം 1993 മാർച്ച് 25ന് വി. ജോൺ പോൾ II-ാമൻ മാർപാപ്പയും പ്രസിദ്ധീകരിച്ചു. ഈ ഡിറക്ടറി കത്തോലിക്കാസഭയ്ക്ക് ഇതര ക്രൈസ്തവ സമൂഹങ്ങളോടുള്ള ആഴമാർന്ന ബന്ധങ്ങളെക്കുറിച്ച് ഊന്നിപ്പറയുന്നു. ക്രൈസ്തവ സഭാഗാത്രത്തിൽ ഉണ്ടായിട്ടുള്ള അനൈക്യത്തിന്റെ മിറിവുകൾ ഉണക്കുന്നതിനും പരിഹരിക്കുന്നതിനും ഓരോ ക്രൈസ്തവനുമുള്ള ഉത്തരവാദിത്തം ഡിറക്ടറി പ്രത്യേകം ചൂണ്ടിക്കാണിക്കുന്നുമുണ്ട്.

'പൗരസ്ത്യ സഭകളുടെ കാനോന സംഹിത'(CCEO)യിൽ 18-ാം ശീർഷകം മുഴുവൻ സഭൈക്യപ്രവർത്തനങ്ങൾക്കുള്ള മാർഗ്ഗനിർദ്ദേശങ്ങളാണ്. ലത്തീൻ കാനോന സംഹിത(CIC)യിൽ 755-ാം കാനോന ഈ വിഷയം ചർച്ച ചെയ്യുന്നു. ഈ നിയമങ്ങൾ, സഭയിലെ അജപാലകരുടെ ദൗത്യങ്ങളിലെ ഏറ്റവും പ്രധാനപ്പെട്ട ഒന്നായി സഭൈക്യപ്രവർത്തനങ്ങളെ നോക്കിക്കാണുന്നു (CCEO 902; CIC. 755). ഈ ദൗത്യം ഭരമേല്പിക്കപ്പെട്ടിരിക്കുന്നത് അജപാലകർക്കു മാത്രമല്ല ദൈവജനത്തിനു മുഴുവൻ ഇതിൽ പങ്കാളിത്തമുണ്ട്. സഭൈക്യപ്രസ്ഥാനം പൂർണ വിജയത്തിലെത്തിക്കാൻ പൗരസ്ത്യ കത്തോലിക്കാസഭകൾക്ക് സവിശേഷമായ ദൗത്യമാണുള്ളതെന്ന് കാനോന സംഹിത അനുശാസിക്കുന്നു (CCEO. 903). ഓരോ സ്വയാധികാര സഭയുടെയും പ്രത്യേക നിയമങ്ങളിൽ ഇതിനുള്ള നിബന്ധനകൾ ഉണ്ടാകണമെന്നും സഭൈക്യപ്രവർത്തനങ്ങൾക്കായി ഒരു പ്രത്യേക കമ്മീഷൻ തന്നെ ഓരോ സ്വയാധികാര സഭയിലും ഭദ്രാസനങ്ങളിലും ഉണ്ടാകണമെന്നും സഭാനിയമം അനുശാസിക്കുന്നു (CCEO. 904).

അകത്തോലിക്കരുമായി, തുറവിയിലൂടെയും ആത്മാർത്ഥതയുള്ള സംവാദത്തിലൂടെയും പൊതുസംരംഭങ്ങളിലൂടെയും സഭൈക്യപ്രവർത്തനങ്ങളിലേർപ്പെടുമ്പോൾ തെറ്റായ ഒത്തുതീർപ്പ് മനോഭാവം, നിസ്സംഗത, അമിത തീക്ഷ്ണത തുടങ്ങിയ അപകടങ്ങൾ ഒഴിവാക്കാൻ വേണ്ടത്ര വിവേകം പാലിക്കേണ്ടതാണ് (CCEO. 905). പര

www.malankaralibrary.com



സ്പരസഹകരണവും തുറന്ന ചർച്ചകളും ഐക്യത്തിന് വഴിയൊരുക്കുന്ന ഘടകങ്ങളാണ്. എന്നാൽ ഇവ മാർഗ്ഗങ്ങൾ മാത്രമാണ്. ഇവയിലൂടെ ഐക്യം പൂർണമാകുന്നു എന്ന തെറ്റിദ്ധാരണ വേണ്ട. ഭിന്നതകൾക്ക് നൂറ്റാണ്ടുകളുടെ ചരിത്രമാണുള്ളത്. തന്മൂലം സുദീർഘമായ പഠനങ്ങളും ചർച്ചകളും സഭൈക്യത്തിനുമുമ്പ് ആവശ്യമാണ്. ഈ രംഗത്ത് നടത്തപ്പെടുന്ന ചർച്ചകളുടെയും പഠനങ്ങളുടെയും അനന്തരഫലങ്ങൾ വിശ്വാസികളിലേക്കെത്തിക്കുവാൻ സാമൂഹിക സമ്പർക്കമാധ്യമങ്ങളും വിദ്യാഭ്യാസ സ്ഥാപനങ്ങളും മുൻകൈ എടുക്കേണ്ടതാണ് (CCEO. 906). കത്തോലിക്കാ സ്ഥാപനങ്ങളിൽ പ്രവർത്തിക്കുന്നവരും അവിടേക്ക് കടന്നുവരുന്നവരുമായ ഇതര സഭാസമൂഹങ്ങളിൽ പെട്ട ക്രൈസ്തവർക്ക്, അവരുടെ ആത്മീയ ആവശ്യങ്ങൾ നിറവേറ്റാനുള്ള സംവിധാനങ്ങൾ അതാത് സ്ഥാപനങ്ങളുടെ ഉത്തരവാദിത്തപ്പെട്ടവർ ചെയ്തുകൊടുക്കാൻ ബാധ്യസ്ഥരാണ് (CCEO. 907). കൂദാശകളിലുള്ള പങ്കാളിത്ത(Commucatio in Sacris)ത്തെ സംബന്ധിച്ച നിബന്ധനകൾ അഭംഗുരം പാലിച്ചുകൊണ്ട്, ഇതര ക്രൈസ്തവ വിശ്വാസികളുമായി സഹകരിച്ചുപ്രവർത്തിക്കുവാനുള്ള മേഖലകളിൽ സഹകരണം ഉറപ്പുവരുത്തണം. ജീവകാരുണ്യം, സാമൂഹിക നീതി, മാനവികത, മൗലിക അവകാശങ്ങൾ, ലോകസമാധാനം, ദേശീയത തുടങ്ങിയ മേഖലകളിൽ ഈ സഹകരണം അഭികാമ്യമാണെന്നും കാനോനസംഹിത ചൂണ്ടിക്കാട്ടുന്നു (CCEO. 908).

സിറോ-മലങ്കര കത്തോലിക്കാ സഭയുടെ പ്രത്യേക കാനോന സംഹിത(Code of Particular Canons of the Syro-Malankara Catholic Church- CPCSMCC)യിലും എക്യുമെനിസത്തെ കുറിച്ച് ചർച്ച ചെയ്യുന്നതിനായി ഒരു ശീർഷകം (Title XI; Canons: 433 - 442) തന്നെ നീക്കിവെച്ചിരിക്കുന്നു. സഭൈക്യപ്രസ്ഥാനത്തിലൂടെ ദൈവദാസൻ ആർച്ച്ബിഷപ് മാർ ഇവാനിയോസ് വിഭാവനം ചെയ്തത് മാർത്തോമ്മാ ശ്ലീഹായുടെ പൈതൃകം പിന്തുടരുന്ന സഭാസമൂഹങ്ങളുടെയെല്ലാം ഐക്യമായിരുന്നു എന്ന് ഈ കാനോന സംഹിത അടിവരയിടുന്നു (CPCSMCC. 433). ആയതിനാൽ സഭൈക്യ ദൗത്യം സിറോ-മലങ്കര കത്തോലിക്കാ സഭയുടെ അടിസ്ഥാനപരമായ പ്രേഷിത ദൗത്യമാണ്. ഇതിനായി സഭാതലത്തിൽ ഒരു സിനഡൽ കമ്മീഷനും ഭദ്രാസനതലത്തിൽ പ്രത്യേക സമിതിയും ഉണ്ടായിരിക്കണമെന്ന് ഈ നിയമ സംഹിത അനുശാസിക്കുന്നു (CPCSMCC. 435). വിവിധ സഭകളിലെ വൈദികരെയും അല്മായരെയും ഉൾപ്പെടുത്തി

www.malankaralibrary.com



പഠനശിബിരങ്ങൾക്കും ചർച്ചകളും സംഘടിപ്പിക്കുവാൻ ഈ കമ്മീഷനുകൾക്കാവണം (CPCSMCC. 437). സഭൈക്യ ദൈവശാസ്ത്രം പഠിക്കുന്നതിനും ചർച്ചചെയ്യുന്നതിനുമായി പഠനകേന്ദ്രങ്ങൾ ഉണ്ടാകേണ്ടതും അനിവാര്യമാണ് (CPCSMCC. 441).

ചുരുക്കത്തിൽ സഭൈക്യപ്രവർത്തനങ്ങളെ ഒരു അടിയന്തിര പ്രേഷിതപ്രവർത്തനമായാണ് കത്തോലിക്കാസഭയുടെ ദൈവശാസ്ത്രവും നിയമങ്ങളും നോക്കിക്കാണുന്നത്.

### മാർ ഇവാനിയോസിന്റെ സഭൈക്യ ദർശനം

ഇരുപതാം നൂറ്റാണ്ടിലെ സഭാകൂട്ടായ്മ പ്രസ്ഥാനത്തിന്റെ അഗ്രഗണ്യനായ പിതാവായിരുന്നു ദൈവദാസനായ ആർച്ചുബിഷപ്പ് മാർ ഇവാനിയോസ്. ക്രിസ്തുശിഷ്യനായ മാർ തോമാശ്ലീഹായാൽ സ്ഥാപിതമായ മലങ്കര സഭ ഏകവും വിശുദ്ധവും അപ്പസ്തോലികവുമാണെന്ന് മാർ ഇവാനിയോസ് വിശ്വസിച്ചിരുന്നു. ഈ സഭയുടെ സ്വയാധികാരം മാർ ഇവാനിയോസ് എന്നും ഉയർത്തിപ്പിടിച്ചിരുന്നു. ഈ അപ്പസ്തോലിക സഭയുടെ അവകാശങ്ങളും ഉത്തരവാദിത്തങ്ങളും അഭംഗുരം പരിരക്ഷിക്കപ്പെടുന്നതിനുവേണ്ട പരിശ്രമങ്ങൾ ഈ ഐക്യത്തിന്റെ പ്രവാചകൻ, എന്നും നടത്തിയിരുന്നു. സഭകളുടെ കൂട്ടായ്മയാണ് സഭ എന്ന ദർശനം രണ്ടാം വത്തിക്കാൻ സൂനഹദോസ് പ്രഖ്യാപിക്കുന്നതിന് മുൻപു തന്നെ, മലങ്കരസഭയുടെ വ്യക്തിത്വവും സ്വയാധികാരവും നിലനിർത്തിക്കൊണ്ട്, സഭകളുടെ കൂട്ടായ്മയായ ക്രിസ്തുവിന്റെ ഏകസഭയിൽ ഒന്നാകുന്നതിനെക്കുറിച്ച് മാർ ഇവാനിയോസ് സ്വപ്നം കണ്ടിരുന്നു. 1930 മെയ് 24-ാം തീയതി ബാംഗ്ലൂരിലെ അപ്പസ്തോലിക് ഡെലഗേറ്റിനയച്ച കത്തിൽ ഇപ്രകാരം എഴുതി: '1930 ഫെബ്രുവരി 7-ാം തീയതി അങ്ങു സദയം അയച്ചുതന്ന 1735/30-ാം നമ്പർ എഴുത്തിൽ, ഞാൻ അയച്ചിരുന്ന അപേക്ഷയിൽ ആവശ്യപ്പെട്ടിരുന്ന സംഗതികൾ പൗരസ്ത്യ തിരുസംഘത്തിന്റെ പര്യാലോചനയിൽ ഇരിക്കയാണെന്നും, തിരുസംഘത്തിന്റെ മറുപടി ലഭിച്ചാലുടൻ വിവരം എന്നെ അറിയിക്കാമെന്നും തിരുമേനി ദയാപുരസ്സരം സമ്മതിച്ചിട്ടുണ്ടല്ലോ. കാതോലിക്കേറ്റിന്റെ അംഗീകാരത്തെ സംബന്ധിച്ച് വേണ്ട അറിവുകൾ സമ്പാദിക്കുന്നതിനുള്ള പ്രായോഗിക വൈഷമ്യങ്ങൾകൊണ്ടായിരിക്കും കാലവിളംബം നേരിടുന്നതെന്ന് ഞാൻ ബലമായി സംശയിക്കുന്നു. കാതോലിക്കേറ്റിന്റെ അംഗീകാരത്തെ സംബന്ധിച്ച് 1929 സെപ്റ്റംബർ 17-ാം തീയതി ഞാൻ അയച്ച എഴുത്തിൽ നിർദ്ദേശിച്ചിരുന്ന

www.malankaralibrary.com



കാര്യങ്ങൾക്ക് ഏറെക്കുറെ അനുയോജ്യമായുള്ള ഒരു മറുപടി എനിക്ക് പരിശുദ്ധ സിംഹാസനത്തിൽനിന്ന് ലഭിക്കുന്ന പക്ഷം, പരി. കാതോലിക്കാ ബാവായോട് ധൈര്യപൂർവ്വം പുറത്തുവന്ന് നേതൃത്വം ഏറ്റെടുത്ത് സഭാകൂട്ടായ്മാ പ്രസ്ഥാനത്തെ നയിക്കുന്നതിന് അപേക്ഷിക്കാൻ ഒരിക്കൽകൂടി അവസരം ലഭിക്കും.' മലങ്കര സഭയുടെ സ്വയാധികാരസ്ഥാനമായ കാതോലിക്കാ സിംഹാസനത്തെ അംഗീകരിച്ചുകൊണ്ട്, സഭകളുടെ കൂട്ടായ്മയായ ഏകസഭയിൽ ക്രിസ്തുവിന് സാക്ഷ്യം വഹിക്കുക എന്നതായിരുന്നു മാർ ഇവാനിയോസിന്റെ ലക്ഷ്യം. ഈ ലക്ഷ്യസാക്ഷാത്കാരത്തിന് എന്ത് ത്യാഗവും ഏറ്റെടുക്കുന്നതിന് അദ്ദേഹം സന്നദ്ധനായിരുന്നു. തന്റെ സമൂഹാംഗങ്ങളായ വെണ്ണിക്കുളത്തുള്ള ബഥനി വൈദികർക്ക് മാർ ഇവാനിയോസ് എഴുതി, 'ക്രിസ്തുവിന്റെ ശരീരമായ സഭയിലെ ഒരു മുറിവുണക്കുന്നതിനായി ഞാൻ ഒരായിരം കഷണങ്ങളായി മുറിക്കപ്പെടേണ്ടി വന്നാലും അത് നടക്കണം എന്നാണ് എന്റെ പ്രാർത്ഥന.' 1925 മെയ് 1-ാം തീയതി ബഥനിയുടെ മെത്രാപ്പോലീത്തയായി അഭിഷിക്തനായ മാർ ഇവാനിയോസ് മെത്രാഭിഷേകാനന്തരം ചെയ്ത പ്രസംഗത്തിൽ ഇപ്രകാരം സൂചിപ്പിച്ചു, 'കേരളത്തിലെ സുറിയാനി ക്രിസ്ത്യാനികളെല്ലാവരും പഴയകാലത്ത് ഒരു സഭയായിരുന്ന പ്രകാരം യഥാർത്ഥമായ ഏകസഭാകൂട്ടായ്മ സാധിച്ച്, ഒരു സഭയും ഒരു ഇടയനും എന്ന വിശുദ്ധ വേദോക്തിയെ യാഥാർത്ഥ്യമാക്കാൻ കാതോലിക്കാ ബാവാതിരുമേനി ശ്രദ്ധിക്കേണ്ടതാണ്. ഈ വിഷയത്തിൽ മഹാജനങ്ങളെ നിങ്ങൾക്കും ഗൗരവതരമായ ചുമതലയുണ്ട്. സാമൂഹിക ആചാരങ്ങൾ രാഷ്ട്രീയ ചുമതലകൾ, പൂർവ്വചരിത്രം, സംസാരഭാഷ, വൈദികഭാഷ മുതലായ വിഷയങ്ങളിൽ കേരളീയ സുറിയാനിക്കാർ എല്ലാവരും തമ്മിൽ ഐക്യമുണ്ട്. അവർ ഒരു സമുദായമാണ്. സഭാപരമായ വിഷയങ്ങളിൽ മാത്രം ഭിന്നതയും വിഭാഗീയതയും സംഭവിച്ചിരിക്കുന്നു. സഭാപരമായ വിഷയങ്ങളിൽ കൂടെയും എല്ലാ സുറിയാനി ക്രിസ്ത്യാനികളും തമ്മിൽ യോജിപ്പുണ്ടാകുവാൻ തക്കവണ്ണം വന്ദ്യതിരുമേനിമാരും അവരോടു ചേർന്ന് നിങ്ങളും ആത്മാർത്ഥമായി പരിശ്രമിക്കേണ്ടിയിരിക്കുന്നു." ക്രിസ്തുവിന്റെ ഏകസഭയ്ക്കുവേണ്ടിയുള്ള അഭിവാഞ്ഛ മാർ ഇവാനിയോസ് തിരുമേനിയിൽ എത്ര അഗാധമായിരുന്നു എന്ന് ഈ വാക്കുകൾ സൂചിപ്പിക്കുന്നു.

www.malankaralibrary.com



## സിറോ മലങ്കര കത്തോലിക്കാ സഭയുടെ സഭൈക്യദൈവശാസ്ത്രം

വ്യക്തിസഭകളുടെ കൂട്ടായ്മയായ ഏകസഭയിൽ, ഓരോ വ്യക്തിസഭയ്ക്കും അതിന്റെ തനതായ അസ്തിത്വവും പാരമ്പര്യങ്ങളും ആരാധനക്രമവും സഭാതലവനെ തെരഞ്ഞെടുക്കാനുള്ള അധികാരവും നിയമനിർമ്മാണ അധികാരവും അഭംഗുരം നിലനിർത്താൻ സാധിക്കും എന്നതിന്റെ ഉദാത്തമായ ഉദാഹരണമാണ് സിറോ-മലങ്കര കത്തോലിക്കാ സഭ. സിറോ-മലങ്കര കത്തോലിക്കാ സഭയുടെ ഈ സഭാത്മക അസ്തിത്വം മലങ്കരയിലെ സഭൈക്യരംഗത്ത് ഒരു മാതൃകയാവുകയാണ്. ഈ സഭ പ്രഘോഷിക്കുന്ന സഭൈക്യം, സഭകളുടെ കൂട്ടായ്മയുടെ ദൈവശാസ്ത്രത്തിന്റേതാണ്.

ഉദ്ഭവത്തിൽ അത് ഏകമായിരുന്നു എന്ന വസ്തുത അനിഷേധ്യമാണ്. അതുപോലെ സ്വർഗ്ഗീയ ജറുസലെം എന്ന സഭയുടെ ലക്ഷ്യവും ഏകമാണ്. ഈ ഉദ്ഭവത്തിനും ലക്ഷ്യത്തിനുമിടയ്ക്ക് തീർത്ഥാടനസഭയ്ക്ക് ഒന്നായി നില്ക്കുവാനുള്ള ഉത്തരവാദിത്തം വളരെ വലുതാണ്. പക്ഷെ ഒന്ന് എന്നതിനെ ഓരോരുത്തരും മനസ്സിലാക്കുന്നത് വ്യത്യസ്ത തലങ്ങളിൽ നിന്നുകൊണ്ടാണ് എന്നതാണ് വാസ്തവം. ഓരോ സഭയുടെയും ചരിത്രപരവും ആരാധനക്രമപരവുമായ പശ്ചാത്തലത്തിൽ നിന്നുമാണ് സഭയുടെ ഏകത്വത്തെക്കുറിച്ചുള്ള അവബോധം സ്വന്തമാക്കാൻ ശ്രമിക്കുന്നത്. തന്മൂലം 'ഏക സഭ' എന്ന സംജ്ഞയെ ഓരോ സഭാസമൂഹവും മനസ്സിലാക്കുന്നതിനെക്കുറിച്ച് പഠിക്കുന്നതിന്, ഓരോ സഭയുടെയും ചരിത്രപശ്ചാത്തലപഠനം ആവശ്യമാണ്. എന്നിരുന്നാലും പരസ്പര കൂട്ടായ്മയില്ലാതെ വിവിധ സമൂഹങ്ങളായി സഭകൾ നിലനിൽക്കുന്നു എന്ന യാഥാർത്ഥ്യം, സഭാസ്തിത്വത്തിന് ഒരു നിഷേധാത്മക സാക്ഷ്യമാണ് നൽകുക. ഈ പശ്ചാത്തലത്തിൽ വ്യക്തിത്വവും സ്വയാധികാരവും നിലനിർത്തിക്കൊണ്ട്, ഏകസഭാ കൂട്ടായ്മയായി എങ്ങനെ നിലനില്ക്കാമെന്നതിന് ഇന്നത്തെ സിറോ-മലങ്കര കത്തോലിക്കാസഭ സജീവസാക്ഷ്യം നൽകുന്നു. ഇന്ന് കത്തോലിക്കാ കൂട്ടായ്മയിൽ റോമൻ, അലക്സാൻഡ്രിയൻ, അന്ത്യോക്യൻ, അർമേനിയൻ, ബൈസന്റൈൻ, കാൽഡിയൻ എന്നീ വ്യത്യസ്ത പാരമ്പര്യങ്ങളിൽ 23 സ്വയാധികാര സഭകൾ നിലനില്ക്കുന്നു. ഈ സഭകളൊന്നും തന്നെ തങ്ങളുടെ സഭാസ്വഭാവമോ വ്യക്തിത്വമോ പണയംവെച്ചുകൊണ്ടല്ല ഈ കൂട്ടായ്മയിലുൾപ്പെട്ടിരിക്കുന്നത്. ഐക്യം

www.malankaralibrary.com



എന്നത് ഐക്യരൂപ്യം അല്ലെന്ന മനോഹരസത്യം വിളിച്ചോതുകയാണ് കത്തോലിക്കാ കൂട്ടായ്മയിലെ ഈ സഭകളുടെ സ്വതന്ത്രമായ അസ്തിത്വം. ഒപ്പം ക്രിസ്തുവിന്റെ ഏകസഭയെന്ന മനോഹരമായ സാക്ഷ്യം നല്കുവാനും ഈ സഭാകൂട്ടായ്മയ്ക്ക് കഴിയുന്നു. ഇത് രണ്ടാം വത്തിക്കാൻ സൂനഹദോസിന്റെ പ്രബോധനത്തിൽ വളരെ വ്യക്തമാണ്: "വൈവിദ്ധ്യം സഭയുടെ ഐക്യത്തെ തകർക്കുകയല്ല പ്രത്യുത പ്രത്യക്ഷമാക്കുകയാണ് ചെയ്യുന്നത്. വിവിധങ്ങളായ സ്ഥലകാല മാർഗ്ഗങ്ങൾക്കനുസരണമായി ജീവിതത്തെ ക്രമവത്കരിച്ചുകൊണ്ട് ഓരോ പ്രാദേശിക സഭയുടെയും പാരമ്പര്യങ്ങളെ അഭംഗുരമായും പൂർണ്ണമായും സംരക്ഷിക്കുക എന്നതാണ് തിരുസ്സഭയുടെ ലക്ഷ്യം."

ദൈവികപരിപാലനയുടെ വിശാലമായ അർത്ഥത്തിൽ ചിന്തിക്കുമ്പോൾ സഭകളുടെ ഐക്യം മനുഷ്യപരിശ്രമമെന്നതിനെക്കാൾ ഉപരി മഹത്തായ ഒരു ദൈവികദാനമാണെന്ന്, മോറാൻ മോർ ബസ്സേലിയോസ് കർദ്ദിനാൾ ക്ലീമിസ് കാതോലിക്കാ ബാവാ പഠിപ്പിക്കുന്നു. സഭയുടെ മക്കളെയെല്ലാവരെയും വിളിച്ചുചേർത്തിരിക്കുന്ന ദൈവം ഏകനായതുകൊണ്ട്, ആ വിളികേട്ട് അനുഗമിക്കുന്ന സഭാതനയരേവരുടെയും ഒന്നായിരിക്കുവാനുള്ള ഉത്തരവാദിത്തം അസ്തിത്വപരമായ ആവശ്യമാണ്. ഒരേ ആത്മാവിലാണ് അവരെല്ലാവരും ജ്ഞാനസ്നാനം സ്വീകരിച്ചിട്ടുള്ളത്. ഓരോ സഭാ സന്താനത്തിലും അന്തർലീനമായിരിക്കുന്ന ഈ ആത്മാവാണ് സഭൈക്യത്തിന്റെ ഏറ്റവും വലിയ പ്രചോദന കേന്ദ്രം. പരമപിതാവായ ദൈവം തന്റെ ഏകജാതനിലൂടെ അയച്ച ഈ പരിശുദ്ധാത്മാവ് സഭാ മക്കളെ ഏവരേയും ഐക്യത്തിലേക്ക് നിരന്തരം പ്രേരിപ്പിച്ചുകൊണ്ടിരിക്കുകയാണ്. "അവരെല്ലാവരും ഒന്നായിരിക്കുന്നതിനു പിതാവേ, അങ്ങ് എന്നിലും ഞാൻ അങ്ങിലും ആയിരിക്കുന്നതുപോലെ അവരും നമ്മിൽ ആയിരിക്കുന്നതിനും അങ്ങനെ അവിടെന്നെന്നെ അയച്ചുവെന്ന് ലോകം അറിയുന്നതിനുംവേണ്ടി ഞാൻ പ്രാർത്ഥിക്കുന്നു. നാം ഒന്നായിരിക്കുന്നതുപോലെ അവരും ഒന്നായിരിക്കുന്നതിന് അങ്ങ് എനിക്കു തന്ന മഹത്വം അവർക്ക് ഞാൻ നല്കിയിരിക്കുന്നു. അവർ പൂർണ്ണമായും ഒന്നാകേണ്ടതിന് ഞാൻ അവരിലും അവിടുന്ന് എന്നിലും ആയിരിക്കുന്നു" (യോഹ 17, 21-23). തന്മൂലം ക്രൈസ്തവൈക്യം ഒരു ദൈവികദാനവും ദൈവിക കൃപാവരത്തിന്റെ അനന്തരഫലവുമാണ്. ക്രൈസ്തവർക്കിടയിൽ ഭിന്നതകളും വ്യവഹാരങ്ങ

www.malankaralibrary.com



ളും നടമാടുമ്പോൾ ഈ ദൈവിക കൃപാവരത്തിന്റെ ശോഷണമാണ് സംഭവിക്കുക.

വിശുദ്ധ കുർബാനയുടെ കൂട്ടായ്മയിൽ ദൈവജനമൊന്നാകെയുള്ള ദൃശ്യമായ ഐക്യം സാധിക്കുക എന്നത് ദൈവത്തിന്റെ രക്ഷാകര പദ്ധതിയുടെ അനിഷേധ്യലക്ഷ്യം തന്നെയായിരുന്നു. ദൈവവചനത്തിന്റെ പ്രബോധനത്തിലും വിശുദ്ധ കൂദാശകളുടെ പരികർമ്മത്തിലും പൗരോഹിത്യ ശുശ്രൂഷയിലും ഈ ഐക്യം ദൃശ്യമാകണമെന്നുതന്നെയാണ് ദൈവത്തിന്റെ രക്ഷണീയ പദ്ധതി. ഈ ഐക്യം സഭാജീവിതത്തിന്റെ എല്ലാ തലങ്ങളിലേക്കും കടന്നുവരികയും ക്രിസ്തുവിനെ ഏറ്റുപറയുന്നവരെല്ലാവരും ഒരേ കൂട്ടായ്മയിൽ അണിചേരുകയും ചെയ്യുമ്പോഴാണ് ഏക ദൈവത്താൽ വിളിച്ചുകൂട്ടപ്പെട്ട ദൈവജനസമൂഹമായ സഭയ്ക്ക് ദൈവിക കൃപാവരത്തിന്റെ ഫലങ്ങൾ പൂർണ്ണമായി പ്രയോജനപ്പടുത്താൻ കഴിയുക.

ഇതിന് സഭാമക്കളോരോരുത്തരിലും സംഭവിക്കേണ്ട ആന്തരിക പരിവർത്തനം അനിവാര്യമാണ്. രണ്ടാം വത്തിക്കാൻ സൂനഹദോസ് പഠിപ്പിക്കുന്നു. “ആന്തരിക പരിവർത്തനം കൂടാതെയുള്ള ‘എക്യുമെനിസം’ സഭൈക്യമെന്ന പേരിനേ അർഹമല്ല. ഐക്യത്തിനുവേണ്ടിയുള്ള ദാഹം നാമെടുക്കുകയും പക്വത പ്രാപിക്കുകയും ചെയ്യുന്നത് ഹൃദയത്തിന്റെ നവീകരണത്തിൽ നിന്നും സ്വയം പരിത്യാഗത്തിൽനിന്നും സ്നേഹത്തിന്റെ ഉദാരമായ അർപ്പണത്തിൽനിന്നുമാണ്. തന്മൂലം മറ്റുള്ളവർക്ക് സേവനം ചെയ്യാൻവേണ്ടി, ആത്മാർത്ഥമായ സ്വയം ത്യാഗത്തിന്റെയും എളിമയുടെയും സൗമ്യശീലത്തിന്റെയും വരം ദൈവത്തിന്റെ പരിശുദ്ധാത്മാവിൽ നിന്ന് യാചിക്കണം... വി. യോഹന്നാൻ ശ്ലീഹാ പറയുന്നു. ‘നാം പാപം ചെയ്തിട്ടില്ലായെന്ന് പറയുന്നപക്ഷം നാം ദൈവത്തെ നുണയനാക്കും. തന്റെ വചനം നമ്മിലുണ്ടായിരിക്കുകയുമില്ല’ (1 യോഹ 1, 10). ഇത് ഐക്യത്തിനെതിരായ പാപത്തെ സംബന്ധിച്ചു ശരിയാണ്. അതിനാൽ ദൈവത്തോടും അകന്നുനില്ക്കുന്ന സഹോദരങ്ങളോടും ഞങ്ങൾ മാപ്പിരക്കുന്നു. അതോടൊപ്പം നമ്മോടുചെയ്തിട്ടുള്ള എല്ലാ തെറ്റുകളും നാം ക്ഷമിക്കുകയും ചെയ്യുന്നു” (UR, 7).

**സിറോ-മലങ്കര കത്തോലിക്കാ സഭയുടെ സഭൈക്യദൗത്യം**

എക്യുമെനിക്കൽ പ്രവർത്തനങ്ങളിൽ സിറോ-മലങ്കര കത്തോലിക്കാസഭയ്ക്കുള്ള ദൗത്യം ദൈവദത്തമായ അവകാശമാണെന്ന് സിറിൽ ബസേലിയോസ് കാതോലിക്കാബാവാ പഠിപ്പിച്ചിരുന്നു.

www.malankaralibrary.com



പൗരസ്ത്യ കത്തോലിക്കാസഭകളെ പരിശുദ്ധ പോൾ ആറാമൻ മാർ പാപ്പ ഇപ്രകാരം ഉദ്ബോധിപ്പിച്ചിട്ടുണ്ട് 'നിങ്ങൾക്ക് മഹത്തരവും ശ്രേഷ്ഠവുമായ ഒരു ദൗത്യം നിർവഹിക്കുവാനുണ്ട്. ഓർത്തഡോക്സ് സഭകൾക്കും കത്തോലിക്കാ സഭയ്ക്കുമിടയിൽ പാലമായി വർത്തിക്കുക എന്നതാണത്. പരസ്പരം ബന്ധിപ്പിക്കുന്ന കണ്ണിയായി, ഒരു സാക്ഷ്യമായി നിൽക്കാൻ നിങ്ങൾക്ക് കഴിയട്ടെ. പൗരസ്ത്യ കത്തോലിക്കാസഭകൾക്ക് സഭൈക്യപ്രവർത്തനങ്ങളിൽ, പ്രത്യേകിച്ച് പങ്കൊന്നുമില്ലെന്ന് ചിലരെങ്കിലും ധരിച്ചുവച്ചിട്ടുണ്ട്. അത് തികച്ചും അവാസ്തവമാണ്. ....മഹത്തായ സഭൈക്യദൗത്യം മറ്റാരേക്കാളുമുപരി നിങ്ങൾക്കാണ് നിർവഹിക്കാൻ കഴിയുക. 'സഭകളുടെ ഐക്യം സാധിക്കുന്നതിൽ പൗരസ്ത്യ കത്തോലിക്കാ സഭകൾക്കുള്ള സവിശേഷമായ ദൗത്യത്തെ കുറിച്ച് വി. ജോൺ പോൾ രണ്ടാമൻ മാർപാപ്പ 1992-ൽ ഇപ്രകാരം വ്യക്തമാക്കി, 'സഭൈക്യം പ്രോത്സാഹിപ്പിക്കുന്നതിൽ ഈ സഭകൾക്കുള്ള പ്രത്യേക ദൗത്യത്തെക്കുറിച്ച് രണ്ടാം വത്തിക്കാൻ സൂനഹദോസ് ഊന്നിപ്പറയുണ്ട്. ഈ സഭകൾ സഭൈക്യപാതയിലെ പാലങ്ങളാണ്. അതിനാൽ തന്നെ അവ ഒരിക്കലും സഭൈക്യത്തിന് തടസമല്ല. 'ഈ പ്രസ്താവനയെക്കുറിച്ച് സിറോ-മലങ്കര കത്തോലിക്കാസഭയുടെ പ്രത്യേക പശ്ചാത്തലത്തിൽ നിന്നുകൊണ്ട്, മോറാൻ മോർ ബസേലിയോസ് കർദ്ദിനാൾ ക്ലീമിസ് കാതോലിക്കാബാവാ വിശദീകരിക്കുന്നതിങ്ങനെയാണ്. "എല്ലാ സഭകൾക്കും സഭൈക്യശുശ്രൂഷയിൽ പങ്കുചേരുവാൻ കടമയുണ്ടെങ്കിലും, പൗരസ്ത്യ കത്തോലിക്കാസഭകൾക്ക് ഈ മേഖലയിൽ സവിശേഷമായ ഒരു ദൗത്യമുണ്ട്. കത്തോലിക്കാ കൂട്ടായ്മയിൽ ഓർത്തഡോക്സിനെ പ്രതിനിധാനം ചെയ്തും, ഓർത്തഡോക്സ് സഭകൾക്കിടയിൽ കാതോലികതയെ പ്രതിനിധാനം ചെയ്തും സർവത്രികതയുടെയും പ്രാദേശികതയുടെയും വക്താക്കളായി നിലകൊള്ളേണ്ടവരാണ് പൗരസ്ത്യ കത്തോലിക്കാസഭകൾ. ഈ പശ്ചാത്തലത്തിൽ സിറോ-മലങ്കര കത്തോലിക്കാസഭയുടെ പ്രത്യേകമായ ദൗത്യത്തെക്കുറിച്ച് കാതോലിക്കാ ബാവാ തുടരുന്നു. "ഒന്നായിരുന്ന മലങ്കരസഭ 1653ലെ കൂനൻ കുരിശ് പ്രഖ്യാപനത്തോടെ വ്യത്യസ്ത സഭാവിഭാഗങ്ങളായി തിരിഞ്ഞിരിക്കുകയാണ്. 1665 മുതൽ മലങ്കര സഭ വ്യത്യസ്ത മലങ്കര സഭകളായി വ്യത്യസ്ത ചേരികളിൽ നിലയുറപ്പിച്ചിരിക്കുകയാണ്. മലങ്കര സഭ, എന്ന് സാർവ്വത്രിക കൂട്ടായ്മയിൽ നിന്നകന്നുപോയോ അന്നുമു

www.malankaralibrary.com



തൽ സഭാ കൂട്ടായ്മ വീണ്ടെടുക്കുന്നതിനുള്ള പരിശ്രമങ്ങളും ആരംഭിച്ചിരുന്നു. റീശ് പാത്രിയർക്കീസായ റോമാ മാർപാപ്പയെ സഭയുടെ പൊതു അധ്യക്ഷനായി സ്വീകരിച്ചുകൊണ്ടും മലങ്കര സഭയുടെ സ്വയംഭരണാവകാശവും പൗരാണിക പാരമ്പര്യങ്ങളും നഷ്ടമാക്കാതെ സൂക്ഷിച്ചുകൊണ്ടുമുള്ള സഭാശ്ലേഷണത്തിനാണ് മലങ്കര സഭ എക്കാലവും ആഗ്രഹിച്ചിരുന്നത്; ഇന്നും ആഗ്രഹിക്കുന്നതും. ഇതേ ആഗ്രഹത്താൽ പ്രചോദിതരായി മലങ്കര സഭാ ആചാര്യന്മാർ, കത്തോലിക്കാ സംസർഗ്ഗം വീണ്ടെടുക്കുന്നതിനായി പല പ്രാവശ്യം പരിശ്രമിച്ചിട്ടുണ്ട്. ഈ പരിശ്രമങ്ങളുടെ ഭാഗമായി മലങ്കര സഭാധ്യക്ഷന്മാർ റോമുമായി നടത്തിയിട്ടുള്ള കത്തിടപാടുകൾ റോമിലെ വിവിധ കാര്യാലയങ്ങളുടെ പൗരാണിക രേഖാശേഖരങ്ങളിൽ സൂക്ഷിക്കപ്പെട്ടിട്ടുണ്ട്. ഇതിന്റെ പിന്തുടർച്ചയെന്നോണം മലങ്കര സഭയുടെ തന്നെ വീരപുത്രനായിരുന്ന ബഥനിയുടെ മാർ ഇവാനിയോസ് മെത്രാപ്പോലീത്താ, മലങ്കര സഭയ്ക്കുവേണ്ടി മലങ്കര സഭയാൽ നിയോഗിതനായി തുടങ്ങിവച്ച സഭൈക്യ ചർച്ചകളുടെ അനന്തര ഫലമാണ് 1930ലെ സഭൈക്യ പ്രസ്ഥാനം.

സഭയുടെ വ്യക്തിത്വവും സ്വയാധികാരവും നിലനിർത്തുവാൻ 1653-ൽ മലങ്കര ആരംഭിച്ച പ്രക്ഷോഭം, അതിന്റെ ലക്ഷ്യം കാണുന്നതാണ് ഇന്നത്തെ സിറോ-മലങ്കര കത്തോലിക്കാ സഭയിലൂടെ ദൃശ്യമാകുന്നത്. ഈ സഭയുടെ ചരിത്രം പരിശോധിക്കുമ്പോൾ സ്വന്തം ആരാധനക്രമ പാരമ്പര്യങ്ങളുടെയും സ്വയാധികാരത്തിന്റെയും സംരക്ഷണത്തിനുവേണ്ടി ഏറെ ത്യാഗങ്ങൾ സഹിച്ച ഒരു സഭയാണിതെന്ന് കണ്ടെത്താൻ കഴിയും. കാൽച്ചുവട്ടിലെ മണ്ണ് ഒഴുകിപ്പോകുന്നത് സഹിക്കാനാവാതെ, പെട്ടെന്നുണ്ടായ ആവേശത്താൽ കൂനൻ കുരിശിലെ ആലാത്തിൽ കയറിപ്പിടിച്ച ചരിത്രം ആർക്കും വിസ്മരിക്കാനാവില്ല. പക്ഷേ ഈ ചരിത്രമുറിവിൽ “കാതോലികത' എന്ന ക്രിസ്തുവിന്റെ ഏകസഭയുടെ സാർവ്വത്രിക മാനം കൈമോശം വന്നത് ഏറെ വേദനയോടെയാണ് ഈ സഭ നോക്കിക്കണ്ടത്. ഇന്ന് സ്വയാധികാരം നിലനിർത്തിക്കൊണ്ടും പാരമ്പര്യങ്ങളും തനതായ നിയമസംവിധാനങ്ങളും അഭംഗുരം സംരക്ഷിച്ചുകൊണ്ടും കാതോലികത കാത്തുസൂക്ഷിക്കുന്നു എന്നത് സിറോ-മലങ്കര സഭയുടെ ഒരു സ്വകാര്യ അഭിമാനമാണ്. അതോടൊപ്പം നഷ്ടമായ കാതോലികത വീണ്ടും സ്വീകരിക്കുമ്പോൾ വ്യക്തിസഭയുടെ സ്വയാധികാരം അതിന്റെ പൂർണ്ണ അർത്ഥത്തിൽ നിലനിർത്താൻ സാധിക്കും എന്ന

www.malankaralibrary.com



തിന്റെ ഉദാത്തമായ ഉദാഹരണമാണ് സീറോ മലങ്കര കത്തോലിക്കാസഭയിലെ മേജർ ആർച്ചുബിഷപ്പ് കാതോലിക്കാ ബാവാ സ്ഥാനം.

സിറോ-മലങ്കര കത്തോലിക്കാസഭയുടെ ആവിർഭാവത്തോടെ, സഭൈക്യ സംഭാഷണത്തിനും സഭാപൈതൃകങ്ങളുടെ പങ്കുവയ്ക്കലിനും മലങ്കരയിൽ ഒരു പൊതുവേദി ഒരുങ്ങുകയായിരുന്നു. മലങ്കരയുടെ പൊതുവായ ആരാധനക്രമ പാരമ്പര്യങ്ങളിൽ അടിയുറച്ച് നിന്നുകൊണ്ട്, സാർവത്രിക കൂട്ടായ്മയിൽ ഈ പാരമ്പര്യത്തിന് സജീവസാക്ഷ്യം വഹിക്കുകയാണ് സിറോ-മലങ്കര സഭ. ഇത് ക്രിസ്തുവിന്റെ സഭയിൽ ഈ പാരമ്പര്യത്തിനു ലഭിക്കുന്ന അംഗീകാരമായി വേണം കരുതുവാൻ. ഒപ്പം ഏക സഭയുടെ വിശ്വാസസത്യങ്ങൾ മലങ്കരയിലെ ഇതര സഭാവിഭാഗങ്ങൾക്ക് പരിചയപ്പെടുത്തുന്നതിനുള്ള വേദിയായും സിറോ-മലങ്കര സഭ ഇന്ന് മാറിയിരിക്കുന്നു. അതുപോലെ തന്നെ കത്തോലിക്കാ കൂട്ടായ്മയിലെ മറ്റ് സ്വയാധികാര സഭകൾക്ക് മലങ്കരയുടെ പൈതൃക-പാരമ്പര്യങ്ങൾ മനസ്സിലാക്കുന്നതിനുള്ള അവസരവും ലഭിക്കുന്നു. ഇങ്ങനെ തെറ്റിദ്ധാരണകളും മുൻവിധികളും മാറ്റിനിർത്തി ക്രിസ്തുവിന്റെ ഏക സഭയെന്ന സ്വപ്നം മലങ്കരയിൽ സാക്ഷാത്കരിക്കുന്നതിന് ഈ സഭ ഒരു അവസരമായി മാറുന്നു. സഭൈക്യസംവാദത്തിനും പരസ്പരം മനസ്സിലാക്കുന്നതിനും അംഗീകരിക്കുന്നതിനും ഈ വേദി ഉപകരിക്കപ്പെടട്ടെ.

**മലങ്കര സഭാചരിത്രത്തിലെ മുറിവുകൾ ഉണക്കപ്പെടണം**

സഭയുടെ ചരിത്രത്തിലുണ്ടായ മുറിവുകൾ ഉണക്കപ്പെടുക എന്നത് സഭൈക്യപ്രസ്ഥാനത്തിന്റെ പ്രധാന ലക്ഷ്യമാണ്. സഭകളുടെ ലോക കൗൺസിൽ 1961ലെ റിപ്പോർട്ടിൽ ഇപ്രകാരം ചൂണ്ടിക്കാട്ടുന്നു: “ക്രിസ്തുവിനെ ഏറ്റുപറയുന്നവരുടെയെല്ലാം ദൃശ്യമായ കൂട്ടായ്മയും ഐക്യവും, ദൈവത്തിന്റെ രക്ഷാകരപദ്ധതിയുടെ ഭാഗവും ദൈവികദാനവുമാണ്.” 1975-ൽ സഭകളുടെ ലോക കൗൺസിൽ ഒരു പടികൂടി മുമ്പോട്ട് പോയി ഇങ്ങനെ പറയുന്നു. “നാമെല്ലാവരും ഐക്യത്തെ ലക്ഷ്യം വയ്ക്കുന്നവരാണെന്ന് നാം വിശ്വസിക്കുന്നു.” പരസ്പരപ്രോത്സാഹനവും ക്രൈസ്തവ ജീവിതത്തിന്റെ തുടർച്ചയായ നവീകരണവും ഇതിന് അനിവാര്യമാണ്. ക്രൈസ്തവ സ്നേഹത്തിലധിഷ്ഠിതമായി, പരസ്പരം ബഹുമാനിക്കുന്നതിന് എല്ലാവരും തയ്യാറാകുമ്പോഴാണ് ‘ഏക സഭ’ എന്ന ക്രിസ്

www.malankaralibrary.com



തുവിന്റെ പ്രാർത്ഥനയ്ക്ക് സജീവസാക്ഷികളാകുവാൻ നമുക്ക് കഴിയുക. 'ഏക സഭ' എന്ന ദൈവശാസ്ത്ര സത്യത്തിന്റെ അർത്ഥവ്യാപ്തി എല്ലാ സഭാസമൂഹങ്ങളും ഒരുമിച്ചിരുന്ന് പഠിക്കാൻ തയ്യാറാകണം. അതോടൊപ്പം ഈ പഠനത്തിലൂടെ ബോധ്യപ്പെടുന്ന യാഥാർത്ഥ്യങ്ങളെ, സമൂഹത്തിന്റെ ദൈനംദിന ജീവിതത്തിൽ പകർത്താനുമാവണം. ഇങ്ങനെയുള്ള ഒരു സഭാജീവിതം ഓരോ സഭാസമൂഹത്തിലും യാഥാർത്ഥ്യമാകുമ്പോൾ 'ഏക' എന്ന യേശുക്രിസ്തുവിന്റെ പ്രാർത്ഥന ക്രമേണ യഥാർത്ഥ്യമാകും. ഇത് ഓരോ സഭയുടെയും അധ്യക്ഷന്മാരുടെ നിർദ്ദേശമനുസരിച്ച് വിശ്വാസികൾ പിന്തുടരേണ്ട ഒരു പ്രക്രിയയാണ്.

മലങ്കരയുടെ ചരിത്രപശ്ചാത്തലത്തിൽ, 1653-ലെ വിഭജനത്തോടെ വിവിധ സമൂഹങ്ങളായി ഭിന്നിച്ചുനില്ക്കുന്നു. അങ്ങനെ ഓരോ സമൂഹവും ഒരേ പൈതൃകവും ചരിത്രവുമുള്ള കൂട്ടായ്മയിൽ നിന്നും അന്യവത്ക്കരിക്കപ്പെട്ടു. വിഭജനത്തിലൂടെ മലങ്കര സഭയുടെ പൊതു പൈതൃകത്തിന് കാര്യമായ ശോഷണം സംഭവിച്ചു. ഇന്ന് ചില സമൂഹങ്ങളിൽ ഇത്, നൂറ്റാണ്ടുകളോളം പഴക്കമുള്ള വ്യവഹാരങ്ങളുടെയും വഴിയോര സത്യാഗ്രഹങ്ങളുടെയും രൂപത്തിൽ വലിയ വ്രണങ്ങളായി വളർന്നിട്ടുണ്ട്. മറ്റു ചിലയിടങ്ങളിൽ വിരലിലെണ്ണാവുന്ന അംഗസംഖ്യയുള്ള ആയിരക്കണക്കിന് ചെറുഗ്രൂപ്പുകളുടെ ധാരാളിത്തമായും ഇത് പ്രത്യക്ഷപ്പെടുന്നുണ്ട്. ഈ മുറിവുകളാണ് സഭൈക്യത്തിലൂടെ ഉണക്കപ്പെടേണ്ടത്.

മാർത്തോമ്മാ ശ്ലീഹായിൽ നിന്നും ആരംഭിച്ച അപ്പസ്തോലിക പാരമ്പര്യം, അതിന്റെ അവകാശങ്ങളും ആനുകൂല്യങ്ങളും നിലനിർത്തിയിരുന്നു. 1653ലെ പ്രക്ഷോഭത്തിലൂടെ സ്വയാധികാരം നിലനിർത്തുകയും കാതോലികത കൈമോശം വരാതിരിക്കുകയും ചെയ്തിരുന്നെങ്കിൽ അതൊരു വലിയ നേട്ടമായിരുന്നേനെ മലങ്കരയുടെ ചരിത്രത്തിലുണ്ടായ ഈ മുറിവാണ് ഇന്നത്തെ സിറോ-മലങ്കര കത്തോലിക്കാസഭയുടെ അസ്തിത്വത്തിലൂടെ ഉണക്കപ്പെട്ടിരിക്കുന്നത്.

ഈ പശ്ചാത്തലത്തിൽ വേണം സിറോ-മലങ്കര കത്തോലിക്കാ സഭയുടെ അധ്യക്ഷനായ മോറാൻ മോർ ബസേലിയോസ് കർദ്ദിനാൾ ക്ലീമിസ് കാതോലിക്കാ ബാവയുടെ വാക്കുകൾ മനസ്സിലാക്കപ്പെടേണ്ടത്. അദ്ദേഹം പറയുന്നു. "മലങ്കര കത്തോലിക്കാസഭ ഇപ്പോൾ ഒരു മേജർ ആർക്കി എപ്പിസ്കോപ്പൽ സഭയാണ്. മലങ്കര

www.malankaralibrary.com



യുടെ പേടിയാർ സഭയെന്ന സ്വപ്നം ഒരു കൂട്ടായ സ്വപ്നമായിരിക്കണം. ഈ സ്വപ്നസാക്ഷാത്കാരത്തിന് ഏതെല്ലാം വിട്ടുവീഴ്ചകൾ സീറോ-മലങ്കര കത്തോലിക്കാസഭയുടെ ഭാഗത്തുനിന്നും ആവശ്യമാണോ അതുചെയ്യുവാൻ നാം സന്നദ്ധമാണ്. മലങ്കര കത്തോലിക്കാസഭയുടെ ഇപ്പോഴത്തെ അധ്യക്ഷനെന്ന നിലയിൽ എനിക്ക് ഈ സഭകൾ പൊതുവായി മുന്നോട്ടുവയ്ക്കുന്ന മേലധ്യക്ഷന്റെ കീഴിൽ സഭാശുശ്രൂഷ ചെയ്യുവാൻ സന്തോഷമേയുള്ളൂ. അദ്ദേഹത്തിന്റെ കീഴിൽ മലങ്കര സഭയെന്ന അപ്പസ്തോലിക സഭ മുന്നോട്ടുകൊണ്ടുപോകുവാൻ ഞാൻ പ്രതിജ്ഞാബദ്ധനാണ്. മലങ്കരയുടെ പൊതുവായ ഐക്യത്തിന് എന്റെ ഇപ്പോഴത്തെ സ്ഥാനം ഒരു തടസമായി നിൽക്കുന്നുവെങ്കിൽ ആ സ്ഥാനം ഒഴിയാൻ എനിക്ക് പരിപൂർണ്ണ സമ്മതമാണ്.

**ഐക്യത്തിന്റെ സാക്ഷികളാകാൻ**

ഇന്ന് സിറോ-മലങ്കര കത്തോലിക്കാ സഭാതലവനെ തെരഞ്ഞെടുക്കാനും സ്വന്തം നിയമങ്ങൾ നിർമ്മിക്കാനും അധികാരമുള്ള ഒരു സ്വയാധികാര സഭയായി മലങ്കരയിൽ വിരാജിക്കുമ്പോൾ അത് ഇവിടെ സഭൈക്യത്തിന് ഒരു പുത്തനവസരമാണ്. ഈ തുറന്നിട്ട വാതിലിലൂടെ കടന്നുവരുന്നവർക്ക് മുന്നിൽ സഭൈക്യത്തിന്റെ സജീവ സാക്ഷികളാകാൻ നമുക്കു സാധിക്കട്ടെ. കാതോലികത കൈവെടിയാതെ സ്വയാധികാരത്തിന്റെ സ്വാതന്ത്ര്യം അനുഭവിക്കുന്നു എന്നത് ദൈവത്തിന്റെ ഒരു വലിയ ദാനമായി മറ്റുള്ളവരിലേക്ക് പകരാം.

www.malankaralibrary.com

# Index of Canons Referred in the Book

## CCEO


| Canon | Page |
|---|---|
| **7** § 1 | 76 |
| 14 | 35 |
| 24 § 2 | 35 |
| 29 § 1-2 | 52 |
| 78 § 1 | 110 |
| 79 | 110 |
| 80 § 1 | 110 |
| 85 § 1 | 110 |
| 85 § 2 | 111 |
| 140 | 90 |
| 143 | 90 |
| 151 | 110 |
| 178 | 58 |
| 182 § 1 | 91 |
| 192 § 1-3 | 59,64,66 |
| 194 | 66 |
| 195 | 66 |
| 197 | 62 |
| 198 | 62 |
| 199 § 1 | 62 |
| 201 § 1 | 63 |
| 203 § 1 | 63 |
| 205 § 1 | 64 |
| 235 | 91 |
| 238 | 91 |
| 272 | 91 |
| 279 | 49 |
| 280 § 2 | 49 |
| 280 § 3 | 50 |
| 281 § 1 | 50 |
| 281 § 2 | 50 |
| 284 § 2 | 50 |
| 285 § 1 | 50 |
| 289 | 51 |
| 290 § 1 | 51 |
| 290 § 2 | 51 |
| 292 § 1 | 51 |
| 295 | 53,91 |
| 296 | 55 |
| 323 | 68,71 |
| 324 | 73 |
| 325 | 73 |
| 328 § 1 | 68 |
| 368 | 70 |
| 378 | 43 |
| 401 | 90 |
| 410 | 75,80 |
| 538 § 1-3 | 42 |
| 573 | 64 |
| 575 § 1 | 54,64 |
| 616 § 1 | 35 |
| 671 § 1-5 | 42 |
| 698 | 42,44 |
| 704 | 43 |
| 708 | 42 |
| 711 | 43 |
| 713 § 1-2 | 42, 45, 46 |
| 761 | 70 |
| 784 | 94 |
| 786 | 94 |
| 800 | 96 |
| 801 | 96 |

www.malankaralibrary.com




| | |
|---|---|
| 803 | 98 |
| 804 | 98 |
| 805 | 98 |
| 806 | 98 |
| 807 | 99 |
| 808 | 100 |
| 809 | 100 |
| 810 | 100 |
| 811 §1 | 101 |
| 812 | 101 |
| 813-816 | 98 |
| 821 | 97 |
| 875 | 55 |
| 876 | 55 |
| 881 § 1-4 | 42 |
| 902 | 114 |
| 903 | 114 |
| 904 | 114 |
| 905 | 114 |
| 906 | 115 |
| 907 | 115 |
| 908 | 115 |
| 1383 | 97 |
| 1401 | 36 |
| 1426 § 1 | 36 |
| 1519 § 1 | 35 |


**CIC**


| Canon | Page |
|---|---|
| 111 § 1-2 | 52 |
| 312 | 54 |
| 515 § 1 -2 | 49 |
| 515 § 3 | 50 |
| 518 | 50 |
| 519 | 50 |
| 520 § 1-2 | 50 |
| 521 § 1-2 | 50 |
| 528-529 | 51 |
| 530 | 51 |
| 532 | 51 |
| 533 § 1-2 | 51 |
| 535 | 55 |
| 536-537 | 53 |
| 573 § 1-2 | 75,89 |
| 755 | 114 |
| 1067 | 94 |
| 1083 | 96 |
| 1084 | 96 |
| 1085 | 97 |
| 1086 | 98 |
| 1087 | 98 |
| 1088 | 98 |
| 1089 | 98 |
| 1090 | 99 |
| 1091 | 100 |
| 1092 | 100 |
| 1093 | 100 |
| 1094 | 101 |
| 1098 | 97 |
| 1124-1129 | 98 |
| 1176 § 2 | 55 |
| 1183 § 2 | 55 |
| 1707 | 97 |


**CPCSMCC**


| Canon | Page |
|---|---|
| General | 22 |
| 433 | 115 |
| 435 | 115 |
| 437 | 116 |
| 441 | 116 |
| 522-523 | 95 |

# കാനോനിക പഠനങ്ങൾ


## റവ. ഡോ. തോമസ് കുഴിനാപ്പുറത്തിന്റെ പ്രബന്ധ സമാഹാരം



ഈ ഗ്രന്ഥത്തിലൂടെ സഭാനിയമങ്ങളെക്കുറിച്ച് ഒരു ദവർശനം ഉരുത്തിരിയുന്നു എന്ന് പറയുന്നതിൽ സന്തോഷമുണ്ട്.സാധാരണഗതിയിൽ നിയമത്തെ ഒരു നിബന്ധനയായി കാണുന്നിടത്ത് സഭാനിയമത്തിന് ഒരു രക്ഷാകരമായ അർത്ഥം കൂടിയുണ്ടെന്ന് സ്ഥാപിക്കുകയാണ് ബഹു. തോമസ് കുഴിനാപ്പുറത്തച്ചൻ.

**-മോറാൻ മോർ ബസേലിയോസ്**
**കർദ്ദിനാൾ ക്ളീമിസ് കാതോലിക്കാബാവ**


---



ചിന്തോദ്ദീപകവും കൃത്യതയുള്ള വിശകലനത്തോടു കൂടിയുള്ളതുമായ ലേഖനങ്ങളുടെ സമാഹാരമാണീ ഗ്രന്ഥം. സാധാരണക്കാരുടെ ആവശ്യങ്ങൾ, സംശയങ്ങൾ എന്നിവ മനസ്സിലാക്കി അവയ്ക്കുള്ള ഉത്തരം എന്ന നിലയിലാണ് ഈ പുസ്തകം തയ്യാറാക്കിയിരിക്കുന്നത്.

**- തോമസ് മാർ കൂറിലോസ് മെത്രാപ്പോലീത്താ**

---



ബഹു. തോമസ് കുഴിനാപ്പുറത്തച്ചൻ എഴുതിയ 'കാനോനിക പഠനങ്ങൾ' വായിക്കാൻ സംഗതിയായത് ഒരു മഹാ ഭാഗ്യമായി കരുതുന്നു. യഥാർത്ഥത്തിൽ നിയമം എന്താണെന്നും നിയമം എന്തിനാണെന്നും സഭയിൽ നിയമങ്ങളുടെ പ്രസക്തി എന്താണെന്നും മനസ്സിലാക്കണമെങ്കിൽ ഈ ഗ്രന്ഥം വായിക്കുക തന്നെ വേണം.

**- സെബാസ്റ്റ്യൻ തൈശ്ശേരി**

₹ 180.00
CARMEL INTERNATIONAL PUBLISHING HOUSE
TRIVANDRUM, KERALA, INDIA - 695 014
www.carmelpublication.com
ISBN 978-93-90096-81-7